ശ്രീചിത്തിരതിരുനാൾ

പാഠാവലി

അഞ്ചാംപാഠം

പകർപ്പവകാശം

ഫഫരന്ന്

MS. 709.

തിരുവിതാംകൂർ വിദ്യാഭ്യാസവകുപ്പ്

ശ്രീചിത്തിരതിരുനാൾ

പാഠാവലി

അഞ്ചാംപാഠപുസ്തകം

6
Kottayam P.S.
2-3-124
Govt. Press
TRAINING SCHOOL
KOTTAYAM
LOWER GRADE

ഗവൺമെൻറിൽനിന്ന പ്രസിദ്ധപ്പെടുത്തുന്നത്

പകൎപ്പവകാശം ഗവൎമ്മെൻറിന്.

൧൧൨൩

തിരുവനന്തപുരം ശ്രീവിലാസ് പ്രസ്സിൽ
അച്ചടിച്ചതു്.

M.S. 709.

TRAINING SCHOOL KOTTAYAM LOWER GRADE

വിഷയവിവരം

	പാഠം.		പുറം.
൧.	ശ്രീമൂലംതിരുനാൾ	....	൧
൨.	പുത്രവാത്സല്യം	....	൮
൩.	വായു	....	൧൦
൪.	കുചേലസത്കാരം	....	൧൭
൫.	കുന്തിയുടെ ത്യാഗബുദ്ധി	....	൨൦
൬.	കൃത്യാകൃത്യവിവേചനം	....	൨൯
൭.	പദാർത്ഥങ്ങളുടെ അവസ്ഥാത്രയം	....	൩൨
൮.	കാളീയമർദ്ദനം	....	൪൦
൯.	അററ്‌ലാൻറിക്കിലെ അത്യാഹിതം	....	൪൫
൧൦.	ശതമുഖരാവണവധം	....	൫൨
൧൧.	നഗരങ്ങളുടെ സ്ഥാനം	....	൫൬
൧൨.	ഒരു മലങ്കാട്ടിലെ മഴക്കാലം	....	൬൪
൧൩.	പക്ഷികൾ	....	൬൬
൧൪.	രാവണമദം	....	൭൫
൧൫.	രാവണമദമർദ്ദനം	....	൭൬
൧൬.	നളനും ദമയന്തിയും	....	൭൮
൧൭.	സന്മാർഗ്ഗോപദേശം	....	൮൭
൧൮.	രക്തചംക്രമണം	....	൯൫
൧൯.	ശ്രീയേശുജനനം	....	൧൦൦
൨൦.	പ്രകൃതിനിയന്ത്രണം (ഒന്നാംഭാഗം)	....	൧൦൩
൨൧.	പ്രകൃതിനിയന്ത്രണം (രണ്ടാംഭാഗം)	....	൧൦൮
൨൨.	ഇന്ദ്രദർപ്പശമനം	....	൧൧൩
൨൩.	നാണയങ്ങൾ	....	൧൧൬
൨൪.	എഴുത്തച്ഛൻ	....	൧൨൫
൨൫.	പ്രകൃതിസൗന്ദര്യം	....	൧൩൫

പാഠം		പുറം
൧൬.	ക്രിസ്റ്റഫർ കൊളംബസ് (ഒന്നാം ഭാഗം)	൧൩൨
൧൭.	ക്രിസ്റ്റഫർ കൊളംബസ് (രണ്ടാം ഭാഗം)	൧൩൯
൧൮.	ദുർവാസാവിന്റെ ശാപം	൧൪൮
൧൯.	സഹകരണസംഘങ്ങൾ	൧൫൧
൨൦.	അഹങ്കാരത്തിന്റെ ഫലം	൧൬൦
൨൧.	കൊല്ലം	൧൬൪
൨൨.	കൃതജ്ഞത	൧൭൨
൨൩.	രാജാ കേശവദാസൻ (ഒന്നാം ഭാഗം)	൧൭൭
൨൪.	രാജാ കേശവദാസൻ (രണ്ടാം ഭാഗം)	൧൮൧
൨൫.	രാജാ കേശവദാസൻ (മൂന്നാം ഭാഗം)	൧൮൪
൨൬.	രാവണന്റെ യുദ്ധയാത്ര	൧൮൯
൨൭.	ചീനരാജ്യം	൧൯൨
൨൮.	അഭിജ്ഞാനശാകുന്തളം	൨൦൧

അഞ്ചാം പാഠപുസ്തകം.

പാഠം ൧.

ശ്രീമൂലം തിരുനാൾ.

ശ്രേയസ്കരമായ വിധത്തിൽ മുപ്പത്തൊൻപതു വർഷം നമ്മുടെ രാജ്യം ഭരിച്ചു കൊല്ലം ൧൦൯൯-ാമാണ്ടു നാടുനീങ്ങിയ ശ്രീമൂലം തിരുനാൾ രാമവർമ്മമഹാരാജാവു തിരുമനസ്സിലെ നാം എന്നും കൃതജ്ഞതയോടും ഭക്തിയോടുംകൂടി സ്മരിക്കുന്നതാണു്. ഇൻഡ്യയിലെ രാജാക്കന്മാരിൽ സർവഥാ അഗ്രഗണ്യനെന്നു് ആ മഹാരാജാവിനെ എല്ലാവരും ആദരിച്ചിരുന്നു.

തിരുമനസ്സുകൊണ്ടു ൧൦൩൨-ാമാണ്ടു കന്നിമാസത്തിൽ മൂലം നക്ഷത്രത്തിൽ ജാതനായി. ആയില്യം തിരുനാൾ മഹാരാജാവിന്റെയും വിശാഖം തിരുനാൾ മഹാരാജാവിന്റെയും ഏകസഹോദരിയായ ലക്ഷ്മീഭായിത്തമ്പുരാട്ടിയായിരുന്നു തിരുമനസ്സിലെ മാതാവു്. പിതാവു വിദ്യാസമ്പന്നനായ ചങ്ങനാശ്ശേരി രാജരാജവർമ്മകോയിത്തമ്പുരാൻ ആയിരുന്നു. അവിടുന്നു ജനിച്ചു് ഏതാനും ദിവസങ്ങൾ കഴിഞ്ഞപ്പോൾ മാതാവു് നാടുനീങ്ങി. അതിനുശേഷം തിരുമനസ്സിലെ വലുത്തിയമ്മ കോയിത്തമ്പുരാൻതന്നെ ആയിരുന്നു. എന്നാൽ ഭരണ-

വർഷം കഴിഞ്ഞപ്പോൾ കൊച്ചിത്തമ്പുരാനും കാലധൎമ്മം പ്രാപിച്ചു. അനന്തരം മാതുലന്മാരുടെ നേരിട്ടുള്ള മേൽനോട്ടത്തിലാണു് അവിടുന്നു വളർന്നതു്.

യഥാകാലം തിരുമനസ്സുകൊണ്ടു വിദ്യാഭ്യാസം ആരംഭിച്ചു. പഠിത്തത്തിൽ അവിടുത്തേക്കു സ്ഥിരമായ നിഷ്ഠയും ഉത്സാഹവും ഉണ്ടായിരുന്നു. അന്നന്നു പഠിക്കാനുള്ളതു നാളത്തേക്കു മാററിവയ്ക്കുക ഒരിക്കലും അവിടുന്നു ചെയ്തിരുന്നില്ല. കാലക്രമത്തിൽ തിരുമനസ്സിലേയ്ക്കു് ഇംഗ്ലീഷിലും സംസ്കൃതത്തിലും ശ്ലാഘ്യമായ പാണ്ഡിത്യം സിദ്ധിച്ചു. ഇംഗ്ലീഷ് എഴുതുന്നതിനും സംസാരിക്കുന്നതിനും അവിടുത്തേക്കു ദൃഢമായ നൈപുണ്യം ഉണ്ടായിരുന്നുവെന്നു പല മഹാന്മാരും പ്രശംസിച്ചിട്ടുണ്ടു്.

വിശാഖംതിരുനാൾ മഹാരാജാവു തിരുമനസ്സുകൊണ്ടു് ൧൦൬൦-മാണ്ടു കർക്കടകത്തിൽ നാടുനീങ്ങി. ൧൦൬൦ ചിങ്ങമാസം ൧-ാംതീയതി തിരുമനസ്സുകൊണ്ടു രാജ്യഭരണം ആരംഭിച്ചു. രാജ്യതന്ത്രകുശലന്മാരായ ഒൻപതു ദിവാൻജിമാർ തിരുമനസ്സിലെ സേവിച്ചിട്ടുണ്ടു്. അവരുടെ ആലോചനയോടുകൂടി മുമ്പു് ഉണ്ടായിരുന്ന ഭരണവകുപ്പുകളിലെല്ലാം കാലാനുകൂലങ്ങളായ പല പരിഷ്കാരങ്ങൾ ഏർപ്പെടുത്തി. കൃഷി, വ്യവസായം, നാട്ടുവൈദ്യം മുതലായ പല പുതിയ ഡിപ്പാർട്ടുമെൻറുകൾ ഈ മഹാരാജാവിൻെറ വാഴ്ചക്കാലത്താണു് ആവിർഭവിച്ചതു്.

ജനങ്ങൾക്കു സങ്കടകരമായിരുന്ന പല പഴയ ഏർപ്പാടുകളും തിരുമനസ്സുകൊണ്ടു നിറുത്തൽ ചെയ്തു. നെൽകൃഷി ചെയ്യുന്ന നിലങ്ങൾക്കുള്ള കരത്തിൽ ഏതാനും

ശ്രീമൂലംതിരുനാൾ

TRAINING SCHOOL KOTTAYAM

ത്തം നെല്ലായിത്തന്നെ കൊടുക്കണമെന്നായിരുന്നു ്ഷേ

യ കിട്ടും. സക്കാർ ക്ഷേത്രങ്ങളിലെ ആവശ്യങ്ങൾക്കു

ററവുമായി ആ നെല്ലു് ഉപയോഗിച്ചുവന്നു. എന്നാൽ നെല്ലു ചുമന്നു പകുതിക്കച്ചേരികളിൽ എത്തിക്കുന്നതിനും അളന്നേല്പിച്ചു രസീതു വാങ്ങിക്കുന്നതിനും ജനങ്ങൾക്കു് അനല്പമായ ബുദ്ധിമുട്ടും ദ്രവ്യവ്യയവും ഉണ്ടായിരുന്നു. ശ്രീമൂലംതിരുനാൾ മഹാരാജാവു തിരുമനസ്സുകൊണ്ടു് ആ ഏർപ്പാടു തിരുത്തൽ ചെയ്തു്, നികുതി പണമായിട്ടു് അടച്ചാൽ മതിയെന്നു തീരുമാനിച്ചു.

സഞ്ചാരസൌകര്യത്തിനും വാണിജ്യാഭിവൃദ്ധിക്കുമായി രാജ്യത്തിന്റെ നാനാഭാഗങ്ങളിൽ റോഡുകൾ വെട്ടിക്കുകയും പാലങ്ങൾ പണിയിക്കുകയും ചെയ്തു. തിരുവിതാംകൂറിൽ ആദ്യമായി തീവണ്ടി നടപ്പാക്കിയതു തിരുമനസ്സിലെ ഭരണകാലത്തു് ആയിരുന്നു. ഇങ്ങനെയുള്ള പുതിയ ഏർപ്പാടുകളുടെ ഫലമായി ജനങ്ങളുടെ ഐശ്വര്യവും സുഖസൌകര്യങ്ങളും ഉപര്യുപരി വർദ്ധിച്ചു.

ഈ മഹാരാജാവിന്റെ ഭരണകാലത്തു് മദ്രാസ് ഗവർണ്ണർമാരും വിദേശീയരായ മററു പല മഹാന്മാരും തിരുവനന്തപുരത്തുവന്നു് അവിടത്തെ സന്ദർശിച്ചിട്ടുണ്ടു്. ഇൻഡ്യയിലെ വൈസ്രായി ആദ്യമായി തിരുവിതാംകൂർ സന്ദർശിച്ചതും ഇക്കാലത്തായിരുന്നു. ഇവർ എല്ലാവരും തിരുമനസ്സിലെ ഗുണോൽകർഷത്തെയും ഭരണനൈപുണ്യത്തെയും പററി അത്യന്തം പ്രശംസിച്ചിട്ടുണ്ടു്. ചക്രവർത്തിതിരുമനസ്സിൽനിന്നു ഭാരതീയരാജാക്കന്മാർക്കു് ലഭിക്കാവുന്ന മഹോന്നതങ്ങളായ പല ബഹുമതികളും തിരുമനസ്സിലേയ്ക്കു ലഭിച്ചു.

ഭരണകാൎയ്യത്തിൽ പ്രജകളുടെ സഹകരണംകൂടി സിദ്ധിക്കത്തക്കവണ്ണം ചില പുതിയ വ്യവസ്ഥകൾ ഏൎപ്പെടുത്തിയതും തിരുമനസ്സിലെ കാലത്താണ്. ൧൦൬൩-ൽ തിരുവിതാംകൂർ നിയമസഭ സ്ഥാപിച്ചു. അതുവരെ മഹാരാജാവും ദിവാൻജിയും തമ്മിൽ ആലോചിച്ച് രാജ്യഭരണത്തിനു വേണ്ട നിയമങ്ങൾ നടപ്പാക്കി വന്നു. മേലാൽ ജനങ്ങളുടെ അഭിപ്രായംകൂടി അറിയണമെന്ന് ഉദ്ദേശിച്ച് ആദ്യമായി എട്ട് അംഗങ്ങളുള്ള ഒരു സഭ ഏൎപ്പെടുത്തി. രാജ്യത്തിൽ പ്രചാരിപ്പിക്കേണ്ട നിയമങ്ങളെക്കുറിച്ച് ആലോചിക്കാൻ മാത്രമേ ആ സഭയ്ക്ക് അധികാരം ഉണ്ടായിരുന്നുള്ളു. തിരുമനസ്സുകൊണ്ടു ക്രമേണ സഭാംഗങ്ങളുടെ സംഖ്യ വൎദ്ധിപ്പിക്കുകയും സഭയ്ക്കു കൂടുതലായി പല അധികാരങ്ങൾ നൽകുകയും ചെയ്തു. നിയമങ്ങളെപ്പററി ആലോചിക്കുന്നതു കൂടാതെ രാജ്യകാൎയ്യങ്ങളെപ്പററി ഗവൺമെന്റിനോടു ചോദ്യംചെയ്യുന്നതിനും, രാജ്യത്തിലെ ചെലവിനെ നിയന്ത്രിക്കുന്നതിനും സഭയ്ക്ക് അധികാരം കല്പിച്ചനുവദിച്ചു.

൧൦൮൦-ൽ ശ്രീമൂലം പ്രജാസഭ എന്നു മറെറാരു സ്ഥാപനംകൂടി തിരുമേനി ഏൎപ്പെടുത്തി. ഇതും ജനപ്രതിനിധികളുടെ സഭയാണ്. ഇതുമൂലം ഓരോ താലൂക്കുകളിലെയും ജനങ്ങൾക്ക് അവരുടെ ആവശ്യങ്ങളേയും, രാജ്യകാൎയ്യങ്ങളെപ്പററി അവൎക്കുള്ള അഭിപ്രായങ്ങളെയും ഗവൺമെൻറിനെ ധരിപ്പിക്കുന്നതിനു വേണ്ട അവസരം സിദ്ധിച്ചു.

ഇന്നു നാടു വാഴുന്ന നമ്മുടെ പൊന്നുതമ്പുരാൻ ശ്രീചിത്തിരതിരുനാൾ മഹാരാജാവുതിരുമനസ്സുകൊണ്ടു് ഈ രണ്ടു സഭകളെയും പരിഷ്കരിച്ചു് ശ്രീചിത്രാ സ്റ്റേറ്റ് കൗൺസിൽ എന്നും, ശ്രീമൂലം അസംബ്ലി എന്നും രണ്ടു സ്ഥാപനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടു്. കൗൺസിലും അസംബ്ലിയും സമ്മേളിച്ചു നിയമങ്ങൾ ഉണ്ടാക്കുകയെന്നതാണു് അവയുടെ സംഘടന. രാജ്യത്തിലെ ചെലവു നിയന്ത്രിക്കുന്നതിനും ഭരണകാര്യങ്ങളെപ്പറ്റി വിമർശിക്കുന്നതിനും ഇതിലെ അംഗങ്ങളായ ജനപ്രതിനിധികൾക്കു് അധികാരം കല്പിച്ചു് അനുവദിച്ചിട്ടുണ്ടു്. ഓരോ സമുദായക്കാർക്കും തക്കതായ പ്രാതിനിധ്യം ഉണ്ടായിരിക്കുന്നതിനും ജനപ്രതിനിധികൾക്കു് ഉദ്യോഗസ്ഥാംഗങ്ങളെ അപേക്ഷിച്ചു കൂടുതൽ പ്രാബല്യം ഉണ്ടായിരിക്കുന്നതിനും പ്രത്യേകം നിഷ്കർഷകൾ ചെയ്തിരിക്കുന്നു.

ജനങ്ങളെ കൂട്ടിച്ചേർത്തു ഭരണകാര്യങ്ങൾ നിർവഹിക്കുന്ന നഗരസഭകളും ആദ്യമായി നമ്മുടെ നാട്ടിൽ ഉണ്ടായതു ശ്രീമൂലംതിരുനാൾ തിരുമനസ്സിലെ കാലത്താണു്. നഗരങ്ങളിലെ ശുചീകരണം, ആരോഗ്യരക്ഷ മുതലായ ആവശ്യങ്ങൾ നിർവഹിക്കുന്നതു് ഈ സഭകളാണു്. പ്രാദേശികങ്ങളായ ഈമാതിരി കാര്യങ്ങളിൽ ശ്രദ്ധ പതിപ്പിക്കുവാൻ അതതു സ്ഥലത്തുള്ള ജനങ്ങൾക്കു കൂടുതൽ സൗകര്യമുണ്ടു്. ആ ചുമതല അവരെ ധരിപ്പിക്കുന്നതിനും, അതു വഹിക്കുവാൻ അവരെ പരിശീലിപ്പിക്കുന്നതിനുമാണു് ഈ സ്ഥാപനങ്ങൾ ഏർപ്പെടുത്തിയിട്ടുള്ളതു്. നീതിപരിപാലനങ്ങളിലും അന്ന

ദ്യോഗസ്ഥന്മാർ പ്രവേശനമുണ്ടായിരിക്കത്തക്കവണ്ണം ൧൦൮൫-ൽ പഞ്ചായത്തുകോടതികളും നടപ്പാക്കി.

രാജ്യകാര്യങ്ങളിൽ ഇപ്രകാരം പ്രജകളുടെ സഹകരണം ആദ്യമായി സ്വീകരിക്കുകയും, ക്രമേണ അതിനെ വർദ്ധിപ്പിക്കുകയും ചെയ്തതിനാൽ ശ്രീമൂലംതിരുനാൾ മഹാരാജാവു തിരുമനസ്സുകൊണ്ടു ജനങ്ങളുടെ അപാരമായ കൃതജ്ഞതയെ സമാർജ്ജിച്ചു. പ്രജാക്ഷേമത്തിന് ഉപകരിക്കുന്ന പുതിയ പരിഷ്കാരങ്ങളെ അംഗീകരിക്കുവാൻ അവിടുന്നു സർവദാ സന്നദ്ധനായിരുന്നു. എങ്കിലും ഗുണകരങ്ങളായ പൂർവാചാരങ്ങളെ പരിപാലിക്കുന്നതിൽ അവിടുത്തേയ്ക്കു നിഷ്കർഷ ഉണ്ടായിരുന്നുതാനും.

തിരുമനസ്സിലേക്ക് ആഡംബരം അശേഷം ഉണ്ടായിരുന്നില്ല. ഭോജനം, വസ്ത്രം, വാഹനം മുതലായവ ശുചിത്വമായും രമ്യമായും ഇരിക്കണമെന്നല്ലാതെ അവ കാഴ്ചക്കാരെ ഭ്രമിപ്പിക്കത്തക്കതായിരിക്കണമെന്ന് അവിടുന്ന് ആഗ്രഹിച്ചില്ല. ഇതരരാജാക്കന്മാരെ സന്ദർശിച്ചിട്ടുള്ള പലരും മഹാരാജാവിന്റെ ഈ ജീവിതചര്യകണ്ട് ആശ്ചര്യപ്പെട്ടു പ്രശംസിച്ചിട്ടുണ്ട്.

ഈശ്വരകാര്യത്തിൽ ഉറച്ച വിശ്വാസവും കൃത്യനിഷ്ഠയും തിരുമനസ്സിലെ പ്രധാന ഗുണങ്ങളായിരുന്നു. സുഖവും സൗകര്യവും അശേഷം ഗണിക്കാതെ ചെയ്യേണ്ട സകല പ്രവൃത്തികളും കൢപ്തസമയത്തിൽ ചെയ്തുതീർക്കുകയെന്ന ദൃഢവ്രതം വാർദ്ധക്യദശയിൽപോലും അവിടുന്നു പാലിച്ചുപോന്നു. ഇപ്രകാരം മുപ്പത്തൊൻപതുവർഷം അനുഗ്രഹകരമായ രീതിയിൽ രാജ്യഭരണം നടത്തി അവ

പത്തൊഴാമത്തെ തിരുവയസ്സിൽ അവിടന്നു പരലോകം പ്രാപിച്ചു. അവിടത്തെപ്പററിയുള്ള സ്മരണ ശാശ്വതമായി പരിലസിക്കും.

പാഠം ൨.

പുത്രവാത്സല്യം.

കോപിച്ചു പണ്ടു താൻ കോലുമായ് ചെല്ലുമ്പോൾ
വേപിച്ചു മേവുന്ന മേനിതന്നെ
ചാലേ പിടിച്ചങ്ങു പൂണ്ടുനിന്നീടിനാൾ
ബാലനായുള്ളനാളെന്നപോലെ. ൧

പാരിച്ചു നിന്നുള്ള പാഴായ്മ ചെയ്കയാൽ
പാശത്തെക്കൊണ്ടു പിടിച്ചുകെട്ടി
തിണ്ണം വലിച്ചു മുറുക്കി ഞാൻ നിർദ്ദയം-
ചുണ്ണിച്ചു മേനിയിൽ പുണ്ണില്ലല്ലീ? ൨

എന്നങ്ങു ചൊല്ലിത്തലോടിത്തുടങ്ങിനാൾ
നന്ദജൻതന്നുടെ മേനിതന്നെ
എന്മടിതന്നിൽ ഞാൻ നന്നായിവച്ചുകൊ-
ണ്ടെന്മകൻ വാഴ്കെന്നു ചൊല്ലുന്നേരം. ൩

എൻമുഖം നോക്കീട്ടു പുഞ്ചിരിതൂകുന്ന
നിൻമുഖം കാണട്ടെയെന്നു ചൊല്ലി

അമ്മുഖം തന്നെ മുകൎന്നുതുടങ്ങിനാ-
ളമ്മയായുള്ള യശോദയപ്പോൾ. ൧൯

നന്മധു ളൂകിവന്നെന്നമട്ടിതന്നിലായ്
നൻമുലയുണ്ടു ചിരിക്കുന്നേരം
തിണ്ണമെന്മാറിലടിച്ചുനിന്നീടുന്നൊ-
രുണ്ണിക്കൈയ് കാണട്ടെയെന്നു ചൊല്ലി. ൨൦

മെല്ലെന്നെടുത്തു പുണൎന്നിന്നീടിനാൾ
പല്ലവം വെല്ലുന്ന പാണിതന്നെ
എന്നുടെ ചേലയിൽച്ചേൎത്തച്ചീടിനോ-
രുണ്ണിക്കാൽ കാണട്ടെയെന്നു ചൊല്ലി. ൨൧

സമ്മോദം പൂണ്ടു മുകൎന്നുനിന്നീടിനാൾ
തന്മകൻ തന്നുടെ പാദങ്ങളെ
ഇങ്ങനെയോരോരോ വേലകൾ കാട്ടിനാൾ
പൊങ്ങിനിന്നീടിന മോദത്താലെ. ൨൨

എന്നതു കണ്ടോരു നന്ദനനന്നേരം
ചെന്നങ്ങുപൂണ്ടുനിന്നാനവണ്ണം
ചിത്തം തെളിഞ്ഞു പറഞ്ഞുനിന്നീടിനാൻ
പുത്രനെക്കണ്ടുള്ള സന്തോഷത്താൽ. ൨൩

നിത്യവും കണ്ട കിനാവുകളല്ലാതെ
സത്യമെന്നിങ്ങനെ ചൊല്ലാമിപ്പോൾ
മുന്നമെപ്പോലെ വന്നിന്നു ഞാനെന്നുടെ
പൊന്നോമപ്പൈതലെപ്പുല്കുന്നേനല്ലോ. ൨൪

എൻമുത്തുകേറിനിന്നാനകളിപ്പതി-
ന്നിന്നിനിയാമോ ചൊല്ലുണ്ണിക്കണ്ണാ!
തിങ്കളെച്ചെന്നുപിടിപ്പതിനായിട്ടി-
ന്നെൻകഴുത്തേറുക വേണ്ടായോ ചൊൽ. ൪൦

ഓടിവന്നിട്ടമ്മെന്മടിതന്നിലായ്
താടിപിടിച്ചുവലിക്കേണ്ടായോ?
പ്രേമംപൊഴിഞ്ഞുനിന്നിങ്ങനെയോരോരോ
ഓമനവാർത്തകളോതിയോതി. ൪൧

പിന്നെയും പിന്നെയും പുണ്ടുനിന്നീടിനാൻ
നന്ദനൻ തന്നെയും നന്ദനപ്പോൾ.

(കൃഷ്ണഗാഥ)

പാഠം ൩.

വായു.

ഘനം, ദ്രവം, വാതകം ഇങ്ങനെ മൂന്ന് അവസ്ഥകളാണു പദാൎത്ഥങ്ങൾക്ക് ഉണ്ടാകുന്നതു്. വായു ഒരു വാതകമാണ്. നാം വസിക്കുന്ന ഈ ഭൂഗോളത്തെ ആവരണം ചെയ്തുകൊണ്ട് ഭൂപൃഷ്ഠത്തിൽനിന്ന് ഏകദേശം നൂറുമൈലോളം ഉയരത്തിൽ എത്തുന്ന ഒരു വായുമണ്ഡലം ഉണ്ട്. മനുഷ്യരും മററു ജന്തുക്കളും ഈ വായുവാണ് ശ്വാസിക്കുന്നതു്. ഭക്ഷണം കൂടാതെ

ഒരാൾക്കു കുറെ ദിവസം കഴിച്ചുകൂട്ടാൻ സാധിക്കും. എന്നാൽ ശ്വാസിക്കാതെ അല്പനേരംപോലും കഴിച്ചുകൂട്ടാൻ വളരെ പ്രയാസമാണു്. ശ്വസിക്കാൻ കഴിയാത്തവണ്ണം മൂക്കും വായും മൂടിപ്പിടിച്ചാൽ ഉണ്ടാകുന്ന ശ്വാസംമുട്ടലും പ്രാണസങ്കടവും നമുക്കുതന്നെ കുറേനേരത്തെയ്ക്കു് അറിയാവുന്നതാണു്.

ജീവധാരണത്തിനു് അപരിത്യാജ്യമായ ഈ വായു ഒരു സമ്മിശ്രപദാർത്ഥമാകുന്നു. പ്രധാനമായി അമ്ലജനകം (Oxygen), പാക്യജനകം (Nitrogen) ഇങ്ങനെ രണ്ടു വാതകങ്ങൾ കലർന്നുള്ളതാണു വായു. എന്നാൽ അതിൽ അമ്ലജനകം പാക്യജനകത്തെക്കാൾ വളരെ കുറവാണു്. വായുവിന്റെ ഏകദേശം അഞ്ചിലൊരു ഭാഗം അമ്ലജനകവും ശേഷം നാലു ഭാഗം പാക്യജനകവും ആകുന്നു.

വായുവിന്റെ ഘടകങ്ങളായ ഈ വാതകങ്ങളിൽ ഓരോന്നിനും പ്രത്യേകം പ്രയോജനമുണ്ടു്. തീ ഉണ്ടാകുന്നതിനു് അമ്ലജനകം ആവശ്യമായ ഒരു വാതകമാകുന്നു. അമ്ലജനകം നിറച്ചിട്ടുള്ള ഒരു കുപ്പിക്കു് അകത്തു കെടിയ ഒരു കനൽക്കൊള്ളി കാണിച്ചാൽ അതു വളരെ പ്രകാശത്തോടെ കത്തിയെരിയുന്നതു കാണാം. ജ്വലനം എവിടെയെല്ലാം ഉണ്ടാകുന്നുവോ അവിടെയെല്ലാം അമ്ലജനകത്തിന്റെ പ്രവൃത്തി ഉണ്ടു്. മെഴുകുതിരി എരിയുമ്പോഴും ഗൃഹങ്ങൾക്കു് അഗ്നിബാധയുണ്ടാകുമ്പോഴും എരിയുന്ന പദാർത്ഥങ്ങൾ അമ്ലജനകത്തോടു യോജിക്കയാണു ചെയ്യു

ന്നു്. ഒരു തിരി കത്തിച്ചു് അതിനെ ഒരു പാത്രം കൊണ്ടു മൂടിവച്ചാൽ അല്പസമയത്തിനുള്ളിൽ ദീപം അണഞ്ഞു പോകുന്നു. പാത്രത്തിനുള്ളിൽപ്പെട്ട വായുവിൽ അമ്ലജനകത്തിന്റെ അളവു ക്ലിപ്തമാണു്. തിരിയിലെ പദാർത്ഥങ്ങൾ ഈ അമ്ലജനകത്തോടു യോജിക്കുമ്പോൾ ആ വാതകം ക്രമേണ കാർത്തു് ഒടുവിൽ തിരി കത്തുന്നതിനു് മതിയാകാതെ വരുന്നു.

ഇതെല്ലാം അമ്ലജനകത്തിന്റെ പ്രത്യക്ഷമായ ക്രിയയാണു്. എന്നാൽ പ്രത്യക്ഷമല്ലാത്ത വിധത്തിലും ഈ വാതകത്തിന്റെ പ്രവൃത്തി എല്ലായ്പോഴും നടന്നുകൊണ്ടിരിക്കുന്നു. നാം ശ്വസിക്കുന്ന വായുവിലുള്ള അമ്ലജനകം രക്തത്തിൽ കലൎന്നു് അതുവഴിയായി ശരീരത്തിൽ സൎവത്ര വ്യാപിക്കുകയും, അങ്ങനെ ശരീരത്തിൽ ദഹനക്രിയ നടന്നുകൊണ്ടിരിക്കയും ചെയ്യുന്നു. ഈ ദഹനത്തിന്റെ ഫലമായിട്ടാണു ശരീരത്തിൽ ചൂടു് ഉണ്ടാകുന്നതു്. ഇങ്ങനെ ശരീരത്തിൽ മാംസകലകൾ ദഹിച്ചുകൊണ്ടിരിക്കുന്നതിനാലുള്ള ക്ഷീണത്തെ പരിഹരിക്കാനാണു് ആഹാരം ആവശ്യമായിത്തീരുന്നതു്. വായുസ്പർശം ഏററു മിക്ക പദാർത്ഥങ്ങൾക്കും അമ്ലജനകത്തിന്റെ പ്രവൃത്തികൊണ്ടു് അല്പാല്പമായി മാററം സംഭവിക്കുന്നു. കഠിനമായ ഇരുമ്പുപോലും വായുവിന്റെ സമ്പൎക്കത്താൽ തുരുമ്പുപിടിച്ചു് പൊടിഞ്ഞുപോകുന്നതു കാണാറുണ്ടല്ലോ.

വായുവിന്റെ അഞ്ചിൽ നാലു ഭാഗവും പാക്യജനകമെന്ന വാതകമാണെന്നു പറഞ്ഞുവല്ലൊ. ഈ വാതകത്തിന്റെ ഉപയോഗം എന്താണെന്നു നോക്കാം. പാക്യജനകം ദഹനത്തെ സഹായിക്കുന്നില്ലെന്നു മാത്രമല്ല, തടുക്കുകയും ചെയ്യുന്നു. അമ്ലജനകം നിറച്ചിട്ടുള്ള ഒരു കുപ്പിയിൽ മങ്ങിയ ഒരു കനൽക്കൊള്ളി കാണിച്ചാൽ കനൽക്കൊള്ളി എരിഞ്ഞുകത്തുമെന്നു മുമ്പു പറഞ്ഞുവല്ലൊ. നേരെ മറിച്ചു കത്തിയെരിയുന്ന ഒരു കൊള്ളിയൊ പാക്യജനകം നിറച്ചിട്ടുള്ള ഒരു കുപ്പിയിൽ താഴ്ത്തിയാൽ അതു വേഗത്തിൽ കെട്ടുപോകയും ചെയ്യും.

വായുമണ്ഡലം മുഴുവൻ അമ്ലജനകം തന്നെ ആയിരുന്നെങ്കിൽ അതിന്റെ ഉന്നിദ്രമായ ദഹനശക്തി വളരെ നാശങ്ങളെ ചെയ്യുമായിരുന്നു. നമ്മുടെ ദേഹത്തിലും വസ്ത്രത്തിലും കൂടി അത്യന്തം ദുസ്സഹമായിരുന്നേനേ. എവിടെയെങ്കിലും ഉണ്ടാകുന്ന അല്പമായ അഗ്നിബാധ ക്ഷണത്തിൽ എല്ലായിടവും പടർന്നുപിടിച്ചു സർവ്വവും ഭസ്മമായിത്തീരുമായിരുന്നു. അമ്ലജനകത്തിന്റെ ഉഗ്രമായുള്ള കഠിനശക്തി കുറയ്ക്കുന്നതിന്നു വായുമണ്ഡലത്തിലുള്ള പാക്യജനകം ഉപയോഗപ്പെടുന്നു. തീക്ഷ്ണങ്ങളായ ഔഷധങ്ങളിൽ വെള്ളം ചേർത്തു വീര്യം കുറച്ചു വൈദ്യന്മാർ രോഗികൾക്കു കൊടുക്കുന്നതുപോലെ അമ്ലജനകത്തിൽ പാക്യജനകത്തെ കലർത്തി സ്രഷ്ടാവു ലോകത്തെ അനുഗ്രഹമാക്കി നൽകിയിരിക്കുന്നു.

അമ്ലജനകവും പാക്യജനകവുംതന്നെ വായുവിന്റെ പ്രധാന ഘടകങ്ങളെങ്കിലും, മററു ചില വാതകങ്ങളും കൂടി വായുവിൽ കലൎന്നിരിക്കുന്നു. ഇവയിൽ പ്രധാനമായതു് ഇംഗാലാമ്ലം എന്ന വാതകമാകുന്നു. ഈ വാതകം ഇംഗാലത്തിന്റെയും അമ്ലജനകത്തിന്റെയും സംയോഗത്താൽ ഉണ്ടാകുന്നതാണു്. ജന്തുക്കളുടെ ശരീരത്തിലും ഉത്ഭിജ്ജങ്ങളിലും പ്രധാനമായ അംശമാണു് ഇംഗാലം. കരിയിൽ ഭൂരിഭാഗവും ഇംഗാലമാണു്.

വിറകും മററും എരിയുമ്പോൾ അവയിലുള്ള ഇംഗാലാംശത്തിൽ ഏതാനും ഭാഗം അമ്ലജനകത്തോടു യോജിച്ചു് ഇംഗാലാമ്ലമായി വായുവിൽ ചേരുന്നു. മനുഷ്യരും ഇതരജന്തുക്കളും ശ്വസിക്കുന്ന വായുവിലുള്ള അമ്ലജനകം ശരീരത്തിലുള്ള ഇംഗാലത്തോടു ചേർന്നു് അവിടെയും ഇംഗാലാമ്ലം ഉണ്ടാകുന്നു. ഇങ്ങനെ ഉണ്ടാകുന്ന ഇംഗാലാമ്ലം ഉച്ഛ്വാസവായുവിൽകൂടി വെളിക്കു വന്നു വായുവിൽ കലരുന്നു. ശുദ്ധവായു ശ്വസിച്ചാലും ഉച്ഛ്വാസവായു ഇംഗാലാമ്ലം കലൎന്നു മലിനമായിരിക്കയേ ഉള്ളൂ. ഒരു പാത്രത്തിൽ തെളിഞ്ഞ ചുണ്ണാമ്പുവെള്ളം ഒഴിച്ചു് ഒരു കുഴലെടുത്തു് അതിന്റെ ഒരറ്റം ചുണ്ണാമ്പുവെള്ളത്തിൽ മുക്കിപ്പിടിച്ചുകൊണ്ടു് മറേറ അററത്തുകൂടെ ഊതിയാൽ ചുണ്ണാമ്പുവെള്ളം വെളുക്കുകയും കലങ്ങുകയും ചെയ്യുന്നതു കാണാം. ഇംഗാലാമ്ലത്തിന്റെ സംയോഗത്താൽ മാത്രമേ ചുണ്ണാമ്പുവെള്ളത്തിനു് ഈ ഭേദം ഉണ്ടാവുകയുള്ളൂ. അതിനാൽ നമ്മുടെ ഉള്ളിൽനിന്നു

വരുന്ന വായുവിൽ ഇംഗാലാമ്ലം ഉണ്ടെന്നുള്ളതിനു ഇതു ഒരു തെളിവാകുന്നു.

ഇങ്ങനെ പദാൎത്ഥങ്ങൾ ദഹിച്ചും ജന്തുക്കൾ ഉച്ഛ്വാസിച്ചും വളരെയധികം ഇംഗാലാമ്ലം നിമിഷംതോറും വായുവിൽ ലയിക്കുന്നു. ഇതുകൂടാതെ പട്ടുപോകുന്ന ഉൽഭിജ്ജങ്ങളിൽ നിന്നും, ചീയുന്ന ശവശരീരങ്ങളിൽ നിന്നും ധാരാളം ഇംഗാലാമ്ലം വായുവിൽ കലരുന്നുണ്ടു.

ഇംഗാലാമ്ലം ആരോഗ്യത്തിനു ഹാനികരമായ ഒരു വാതകമാണു്. ഇംഗാലാമ്ലം നിറച്ചിട്ടുള്ള പാത്രത്തിൽ കത്തുന്ന ഒരു തിരി കടത്തിയാൽ ആ തിരി തൽക്ഷണം കെട്ടുപോകുന്നു. ഒരു എലിയെയോ മററോ ആ പാത്രത്തിൽ അടച്ചാൽ അല്പസമയംകൊണ്ടു അതിന്റെ ശരീരചേഷ്ടകൾ ക്ഷീണിക്കുകയും അതു ചത്തുപോകയും ചെയ്യുന്നു. അന്തരീക്ഷത്തിൽ ചില സ്ഥലത്തു ഇംഗാലാമ്ലം നിറഞ്ഞ ചോലകൾ ഉണ്ടു്. ആ സ്ഥലത്തു യാതൊരു പ്രാണികളും ജീവിക്കുന്നില്ലെന്നുമാത്രമല്ല യദൃച്ഛയാ അവിടെ അകപ്പെടുന്ന ജീവികൾ തൽക്ഷണം മരിച്ചുപോകയും ചെയ്യുന്നുണ്ടെന്നു പറയുന്നു. അധികമായ ഇംഗാലാമ്ലം കലൎന്നിട്ടുള്ള വായു ശ്വസിച്ചാൽ ക്ഷീണവും തലവേദന മുതലായ രോഗങ്ങളും ഉണ്ടാകും.

ഇംഗാലാമ്ലം ധാരാളമായി അന്തരീക്ഷത്തിൽ നിമിഷംപ്രതി കലൎന്നുകൊണ്ടിരിക്കുന്നു. ഈ വാതകം ഇതു

ആപത്കരമാണെങ്കിൽ എങ്ങനെയാണു് ഇവിടെ ജീവിക്കുന്നതു് എന്നു ചോദിച്ചേക്കാം. ഉദ്ഭിത്തുകളാണു് ഈ ആപത്തു പരിഹരിക്കുന്നതു്. ഇംഗാലവും അമ്ലജനകവും ചേൎന്നു് ഉണ്ടാകുന്നതാണല്ലോ ഇംഗാലാമ്ലം. സൂൎയ്യപ്രകാശമുള്ളപ്പോൾ ഈ വാതകത്തെ ഏറെക്കുറെ വിഘടിപ്പിക്കുന്നതിനുള്ള ശക്തി ഉദ്ഭിത്തുകളുടെ ഇലകൾക്കു് ഉണ്ടു്. ഇംഗാലാമ്ലത്തിലുള്ള ഇംഗാലത്തെ മററു പദാൎത്ഥങ്ങളുമായി യോജിപ്പിച്ചു് ഉദ്ഭിജ്ജങ്ങൾ അവയ്ക്കു ഹിതമായ ആഹാരം ഉണ്ടാക്കുന്നു. അമ്ലജനകം ശേഷിച്ചു വായുവിൽ ചേരുകയും ചെയ്യുന്നു. ദുഷ്ടവായു ഇപ്രകാരം ശുദ്ധമായും പ്രാണികൾക്കു ശ്വസിക്കുവാൻ യോഗ്യമായും തീരുന്നു. ഉദ്ഭിത്തുകളുടെ വളൎച്ചയ്ക്കു സൂൎയ്യപ്രകാശം ആവശ്യമാണെന്നും അതില്ലായ്കയാലാണു ചോലയിൽനടുന്ന ചെടികൾക്കു വേണ്ട വളൎച്ച ഇല്ലാതെ പോകുന്നതെന്നും ഇതിൽനിന്നും മനസ്സിലാക്കാം. ഇപ്രകാരമുള്ള പരസഹായ്യംകൊണ്ടു ജന്തുക്കളും സസ്യങ്ങളും അന്യോന്യം ഉപകരിച്ചു ജീവിക്കുന്നു.

ഇംഗാലാമ്ലംപോലെ വായുവിൽ സൎവ്വത്ര വ്യാപിച്ചു കാണുന്ന മറെറാരു പദാൎത്ഥം നീരാവിയാണു്. സൂൎയ്യന്റെയും അഗ്നിയുടെയും ചൂടു് ഏറുന്ന നിമിഷംപ്രതി എത്രയോ ജലം ആവിയായി വായുവിൽ ലയിക്കുന്നു. ശീതദേശങ്ങളിലേക്കാൾ ഉഷ്ണദേശങ്ങളിലെ വായുവിൽ നീരാവിയുടെ കൂടുതലായിരിക്കും. ആവി വായുവിനെ പോലെ

ത്വം ജനിപ്പിക്കുകയും, കാലാവസ്ഥ ഹിതമാക്കിത്തീർക്കുകയും ചെയ്യുന്നു. വായുവിൽ നീരാവി ഇല്ലായിരുന്നുവെങ്കിൽ നമ്മുടെ ശരീരം വരളുകയും, വേനൽക്കാലം ഇപ്പോഴത്തേക്കാളും ദുസ്സഹമായി തോന്നുകയും ചെയ്യുമായിരുന്നു.

പാഠം ൪

കുചേലസത്കാരം

ആഴിമകളുമൊത്തൊരുമിച്ചോരു കട്ടിന്മേലന്നേരം—
മേഴാംമാളികമുകളിലിരുന്നരുളും
ഏഴരണ്ടുലകുവാഴിയായ തമ്പുരാനെത്രയും
താഴത്തന്റെ വയസ്യനെ ദൂരത്തു കണ്ടു. ൪

കണ്ടാലത്ര കഷ്ടമെത്രയും മുഷിഞ്ഞ ജീർണ്ണവസ്ത്രം
കൊണ്ടു തററുടുത്തിട്ടുത്തരീയവുമിട്ടു്
മുണ്ടിൽപ്പൊതിഞ്ഞ പൊതിയും മുഖ്യമായ പുസ്തകവും
രണ്ടുംകൂടെ കക്ഷത്തിങ്കലിടുക്കിക്കൊണ്ടു് ൫

ഭദ്രമായ ഭസ്മവും ധരിച്ചു നമസ്കാരകിണ
മുദ്രയും മുഖരമായ പൊളിക്കുടയും
രുദ്രാക്ഷമാലയുമേന്തി നാമകീർത്തനവുംചെയ്തു
ചിദ്രൂപത്തിങ്കലുറച്ചു ചെഞ്ചമ്മേ ചെല്ലും ൬

അന്തണനെക്കണ്ടിട്ടു സന്തോഷംകൊണ്ടോ തസ്യ ദൈന്യം
ചിന്തിച്ചിട്ടുള്ളിലുണ്ടായ സന്താപംകൊണ്ടോ

എന്തുകൊണ്ടോ ശൗരി കണ്ണുനീരണിഞ്ഞു; ധീരനായ
ചെന്താമരക്കണ്ണനന്നേരം കരഞ്ഞിട്ടുള്ളു? ൫൯

പള്ളിമഞ്ചത്തിന്നു വേഗമുത്ഥാനംചെയ്തിതപ്പോൾ-
മുള്ള പരിജനത്തോടുംകൂടി മുകുന്ദൻ
ഉള്ളഴിഞ്ഞു താഴത്തെഴുന്നള്ളി പൗരവരന്മാരും
വെള്ളംപോലെ ചുററും വന്നു വന്ദിച്ചുനിന്നു. ൬൦

പാരാവാരകല്പപരിവാരത്തോടുകൂടിബ്ഭക്ത-
പാരായണനായ നാരായണനാശ്ചര്യം
പാരാതെ ചെന്നതിലേററു കുചേലനെ ദീനദയാ-
പാരവശ്യമേവം മറെറാരീശ്വരനുണ്ടോ? ൬൧

മാററത്തെ വിയർപ്പുവെള്ളംകൊണ്ടുനാരും സതീർത്ഥ്യനെ
മാറത്തുണ്മയോടുചേർത്തു ഗാഢം പുണർന്നു.
കൂറുമൂലം തൃക്കൈയ്യോണ്ടു കൈക്കു പിടിച്ചുകൊണ്ടുപരി-
കേറിക്കൊണ്ടു ലക്ഷ്മീതല്പത്തിന്മേലിരുത്തി. ൬൨

പള്ളിപ്പാണികളെക്കൊണ്ടു പാദം കഴുകിച്ചു പരൻ
ഉള്ളഴിഞ്ഞു ഭഗവതി വെള്ളമൊഴിച്ചു.
തുളസിയും പാഴിൽപ്പോകാതെ പാത്രങ്ങളിലേററ തീർത്ഥ-
മുള്ളതുകൊണ്ടു തനിക്കുമാക്കും തളിച്ചു. ൬൩

നന്ദനും വസുദേവനും യശോദയ്ക്കും ദേവകിക്കും
നന്ദനനാം മുകുന്ദൻ തൻ ഭക്തനെത്താനേ
ചന്ദനവും പൂശിപ്പിച്ചു പൂജിച്ചുപോലിതരം ഹരി-
ചന്ദനകുസുമമധുപപ്പാലികളാൽ. ൬൪

ഭർത്തൃഭാവമറിഞ്ഞിട്ടു ലക്ഷ്മീഭഗവതിതാനും
ഭദ്രമായ താലവൃന്തമെടുത്തു ചാമര

ഭക്തനാമതിഥിക്കധ്വശ്രമം കളയുവാൻ വസു-
ധേന്ദ്രനോട്ടുകളിന്നു വീശിത്തുടങ്ങി. ൪൦

[കുചേലവൃത്തം വഞ്ചിപ്പാട്ട്]

പാഠം ൭

കുന്തിയുടെ ത്യാഗബുദ്ധി

മഹാഭാരതം കഥ സഹോദരന്മാരായ പാണ്ഡുവിന്റെയും ധൃതരാഷ്ട്രരുടെയും പുത്രന്മാർ തമ്മിലുള്ള മത്സരത്തിന്റെ ചരിത്രമാണ്. പാണ്ഡുവിന്റെ പുത്രന്മാർ യുധിഷ്ഠിരൻ തുടങ്ങി അഞ്ചുപേരും ധൃതരാഷ്ട്രന്റെ മക്കൾ സുയോധനൻ തുടങ്ങി നൂറുപേരും ആയിരുന്നു. ഇവരെ സാധാരണ പാണ്ഡവന്മാരെന്നും കൗരവന്മാരെന്നും പറഞ്ഞുപോരുന്നു. പാണ്ഡവന്മാരും കൗരവന്മാരും ഒരുമിച്ചു ബാല്യകാലത്തു ഹസ്തിനപുരത്തിൽ വസിച്ചിരുന്നു. ശൈശവത്തിൽ തന്നെ പാണ്ഡവന്മാരുടെ പിതാവായ പാണ്ഡു മരിച്ചുപോകയാൽ കൗരവന്മാരുടെ അച്ഛനായ ധൃതരാഷ്ട്രരാണ് ഇരുകൂട്ടരെയും സംരക്ഷിച്ചുപോന്നതു്. എന്നാൽ ജാത്യന്ധനായ ധൃതരാഷ്ട്രർ പുത്രനായ ദുര്യോധനന്റെ ഉന്മാദങ്ങൾക്കു സദാ വശംവദനായിരുന്നതു കൊണ്ടു പാണ്ഡവന്മാൎക്കു ജീവിതം സുഖമായിരുന്നില്ല.

കൗരവന്മാർ പാണ്ഡവരെ ദ്രോഹിക്കുവാൻ പല വിധത്തിൽ ശ്രമിച്ചുവന്നു. ധൃതരാഷ്ട്രരുടെ അനുവാദത്തോടുകൂടി ഹസ്തിനപുരത്തിനു സമീപം വാരണാവതമെന്ന സ്ഥലത്തു ദുര്യോധനൻ ഒരു കൊട്ടാരം പണികഴിപ്പിച്ചു. കൊഴുപ്പ്, അരക്കു മുതലായ സാമഗ്രികൾ ചേർത്തു പണിചെയ്തിരുന്ന ഈ കൊട്ടാരം തീവച്ചു

നശിപ്പിക്കണമെന്നുള്ള ഉദ്ദേശത്തിൽ തീർത്തതായിരുന്നു. ദുര്യോധനന്റെ അപേക്ഷപ്രകാരം ധൃതരാഷ്ട്രർ പാണ്ഡവന്മാരെയും, അവരുടെ അമ്മയായ കുന്തീദേവിയെയും വാരണാവതത്തിലേക്കു മാററി പാർപ്പിച്ചു.

പാണ്ഡവന്മാരുടെ പക്ഷപാതിയായിരുന്ന വിദുരൻ അരക്കില്ലത്തിന്റെ രഹസ്യം യുധിഷ്ഠിരനെ ഗ്രഹിപ്പിച്ചു. ആ കൊട്ടാരത്തിൽനിന്ന് അടുത്തുള്ള വനപ്രദേശത്തിൽ ചെന്നെത്തത്തക്കവണ്ണം ഒരു ഗുഹാമാർഗ്ഗവും ഉണ്ടാക്കിച്ചു കൊടുത്തു. ഒരു ദിവസം അർദ്ധരാത്രിയായപ്പോൾ അരക്കില്ലം അഗ്നിക്കിരയായി. കുന്തിയും പുത്രന്മാരും ഗുഹാദ്വാരത്തിൽക്കൂടി നടന്നു വനപ്രദേശത്തിൽ ചെന്നു രക്ഷപ്രാപിച്ചു. ഭീമസേനൻ ഒഴികെ പാണ്ഡവന്മാരിൽ വേറെ ആർക്കും മുൻപോട്ട് ഒരടിപോലും വയ്ക്കുവാൻ ശക്തിയുണ്ടായിരുന്നില്ല. ശക്തനായ ഭീമൻ അവരെ എല്ലാവരെയും വഹിച്ചുംകൊണ്ട് വളരെദൂരം ചെന്നപ്പോൾ ഒരു തടാകം കണ്ടു. അവർ അതിൽ ഇറങ്ങി വെള്ളംകുടിച്ചു വിശ്രമിക്കുന്നതിനായി അടുത്തുള്ള ഒരു വടവൃക്ഷത്തിന്റെ ഛായയിൽ ഇരുന്നു. ആ വനത്തിൽ ഹിഡിംബൻ എന്ന ഒരു രാക്ഷസൻ വസിച്ചിരുന്നു. തന്റെ വസതിക്കു സമീപം മനുഷ്യർ വന്നിരിക്കുന്നതായി അറിഞ്ഞു ഹിഡിംബൻ അവരെ കൊന്നു ഭക്ഷിക്കുന്നതിനായി പാഞ്ഞെത്തി. എന്നാൽ ദ്വന്ദ്വയുദ്ധത്തിൽ ഭീമനോട് ഏററ് അവസാനം യമലോകം പ്രാപിച്ചു.

പാണ്ഡവന്മാർ പിന്നെയും നടന്നു. സന്ധ്യയായപ്പോൾ ഘോരമായ മറെറാരു വനത്തിനു സമീപം എത്ത

ചക്രമെന്ന ഗ്രാമത്തിൽ എത്തി. ഈ ഗ്രാമത്തിൽ ശത്രുക്കൾ അറിയാതെ കുറച്ചുകാലം സ്വൈരവാസം ചെയ്യാമെന്നു കരുതി ബ്രാഹ്മണവേഷം ധരിച്ചു് അവർ ഒരു ബ്രാഹ്മണന്റെ ഗൃഹത്തിൽ താമസിച്ചു. ഗ്രാമത്തിൽ ഭിക്ഷയെടുത്തു കിട്ടിയ അന്നംകൊണ്ടു് അവർ നിത്യവൃത്തി കഴിച്ചുപോന്നു.

ആ ഗ്രാമത്തിനടുത്തുള്ള വനത്തിൽ ബകൻ എന്നു പേരായ ഒരു രാക്ഷസൻ പാർത്തിരുന്നു. അവൻ ഗ്രാമത്തിൽ കടന്നു കൈയിൽ കിട്ടിയവരെയെല്ലാം കൊന്നു തിന്നുക പതിവായിരുന്നു. ആ ഉപദ്രവം ശമിപ്പിക്കാൻ വേണ്ടി ഗ്രാമക്കാർ ബകനുമായി ഒരു കരാർ ചെയ്തിരുന്നു. ദിവസംതോറും ഓരോ ഗൃഹത്തിൽനിന്നു് ഒരു വണ്ടി നിറയെ ചോറും കറികളുമായി ഒരാളെ അയച്ചുകൊടുത്തുപോന്നു. അങ്ങനെ കിട്ടുന്ന അന്നാദിവിഭവങ്ങളെയും ആളിനെയും ഭക്ഷിച്ചു ബകൻ തൃപ്തിപ്പെട്ടു.

പാണ്ഡവന്മാർ വസിച്ചിരുന്ന ഗൃഹത്തിൽ ഒരു ബ്രാഹ്മണനും അയാളുടെ ഭാര്യയും മകനും മകളും ഉണ്ടായിരുന്നു. ഒരു ദിവസം പുത്രന്മാർ ഭിക്ഷയ്ക്കായിട്ടു വെളിയിൽ പോയതിന്റെ ശേഷം കുന്തീദേവി തന്റെ കാലക്കേടിനെപ്പററി ചിന്തിച്ചുകൊണ്ടിരുന്നു. അപ്പോൾ അകത്തുനിന്നു് ഒരു വിലാപം കേൾക്കുമാറായി. എന്തു് ആപത്താണു സംഭവിച്ചതെന്നു് അറിവാൻ കുന്തിക്കു ഉൽക്കണ്ഠയുണ്ടായി. അപ്പോൾ ആ [illegible] ഗല്ഗദത്തോടുകൂടിയ ഒരു സംഭാഷണം കേട്ടു.

ബ്രാഹ്മണൻ:—ഗൌതമി, എന്റെ ഈ നിശ്ചയത്തിനു നീ തടസ്സം പറയരുതു്. നമ്മളിൽ ആരെങ്കിലും ഒരാൾ മരിക്കണമെന്നു വന്നിരിക്കുന്നതിനാൽ ഇപ്പോഴത്തെ സ്ഥിതിക്കു ഞാൻതന്നെ മരിക്കുന്നതാണു യുക്തമായിട്ടുള്ളതു്. കുടുംബത്തിനു സുഖമായി കാലക്ഷേപം ചെയ്‌വാൻ വേണ്ട വക ഞാൻ സമ്പാദിച്ചിട്ടുണ്ടല്ലോ. ഇനി നമ്മുടെ കുട്ടികളുടെ കാര്യമേ നോക്കേണ്ടതുള്ളൂ. നീ മരിച്ചിട്ടു ഞാൻ ഇരുന്നാൽ കന്യകയായ പുത്രിയെയും, ശൈശവം കഴിയാത്ത പുത്രനെയും വേണ്ടുംവണ്ണം ശുശ്രൂഷിച്ചു വളർത്താൻ എന്നെക്കൊണ്ടു് എങ്ങനെ സാധിക്കും? അതിനാൽ നീ ഈ കുട്ടികളെ ശരിയായ വഴിക്കു വളർത്തുക. അതിനു വേണ്ട ബുദ്ധിയും വിവേകവും നിനക്കു് ഉണ്ടു്. നമ്മുടെ സന്താനങ്ങളെ വിചാരിച്ചു ഞാൻ പറയുന്ന ഈ വാക്കു നീ അനുസരിക്കണം.

ബ്രാഹ്മണി:—ഭർത്താവേ, ഈ കാര്യത്തിൽ അവിടന്നു് ഇങ്ങനെ ശാഠ്യം പിടിക്കരുതു്. അവിടത്തെക്കൂടാതെ ഈ കുടുംബം സംരക്ഷിക്കുവാൻ ഞാൻ ഒരുവിധത്തിലും ശക്തയല്ല. ക്രൂരനായ ബകനു ഭക്ഷണമായിത്തീരാൻ എന്നെ അവിടന്നു് അനുവദിക്കണം.

കന്യക:—അച്ഛാ, ഞാൻ ഇന്നല്ലെങ്കിൽ നാളെ നിങ്ങളെ പിരിയേണ്ടവളാണു്. എന്നെ ഉപേക്ഷിക്കാം. എന്റെ അനുജൻ കുടുംബം നിലനിർത്തും. നിങ്ങൾ രണ്ടുപേരും അവനെ വളർത്തുവാൻ ജീവിച്ചുതന്നെയിരിക്കണം. ഞാൻ രാക്ഷസനു് ഇരയായിക്കൊള്ളാം.

ഇതു കേട്ടപ്പോൾ ആ ബ്രാഹ്മണദമ്പതിമാർ പൊട്ടിക്കരഞ്ഞു. കുന്തീദേവിക്ക് ഈ സങ്കടം കണ്ടു മനസ്സലിഞ്ഞു. അവരുടെ അടുക്കൽ ചെന്നു സങ്കടത്തിന്റെ കാരണം ചോദിച്ചു. രാക്ഷസനു അന്നു ബലി കൊടുക്കേണ്ട ഊഴം തനിക്കാണെന്നു ബ്രാഹ്മണൻ കുന്തിയെ ധരിപ്പിച്ചു. "വംശം നിലനിറുത്തേണ്ട പുത്രനെയാകട്ടെ, പരധനമായ ഈ കന്യകയെയാകട്ടെ, കുടുംബത്തിന് ഏകാവലംബമായ ഗൃഹിണിയെയാകട്ടെ ത്യജിക്കുവാൻ ഞാൻ ഒരുക്കമല്ല. ഇവരുടെ പ്രാണരക്ഷയ്ക്കായി മരിക്കാൻ ഞാൻ സന്നദ്ധനാണെങ്കിലും, ഇവർ ആരും എന്നെ അതിലേക്ക് അനുവദിക്കുന്നുമില്ല. ഈ ധർമ്മസങ്കടത്തിൽപെട്ടു ഞങ്ങൾ വലയുകയാണ്" എന്നു ബ്രാഹ്മണൻ പറഞ്ഞു.

കുന്തി:—നിങ്ങളാരും വ്യസനിക്കേണ്ട. എനിക്ക് അഞ്ചു പുത്രന്മാർ ഉണ്ട്. നിരാശ്രയരായ ഞങ്ങളെ സംരക്ഷിച്ചുപോരുന്ന നിങ്ങൾക്കുവേണ്ടി അവരിൽ ഒരുത്തനെ ബകന്റെ അടുക്കൽ അയയ്ക്കുവാൻ എനിക്കു യാതൊരു മടിയും ഇല്ല. ചോറും കറികളും വേഗത്തിൽ ഒരുക്കുകതന്നെ.

ബ്രാഹ്മ:—ഭദ്രേ, ഇങ്ങനെ പറയരുതേ! സ്വാർത്ഥത്തിനുവേണ്ടി പരദ്രോഹം ചെയ്യുന്നവരെക്കാൾ നിന്ദ്യനായ മഹാപാപി ലോകത്തിൽ ആരാണുള്ളത്? അങ്ങനെയുള്ള അധർമ്മത്തിലേക്ക് അവിടന്ന് എന്നെ പ്രേരിപ്പിക്കേണ്ട.

കുന്തി:—അങ്ങു പറയുന്നതു ശരിതന്നെ. അനേകം പുത്രന്മാരുണ്ടെന്നുവച്ചു് അമ്മയ്ക്കു് അവരിൽ ആരോടും വാത്സല്യം കുറയുന്നതല്ല. എങ്കിലും അന്യർക്കുവേണ്ടി ആത്മത്യാഗം ചെയ്തിട്ടുള്ള മഹാന്മാരുടെയും മഹതികളുടെയും കഥകൾ എത്രയോ ഞാൻ കേട്ടിരിക്കുന്നു. വിപത്തിൽ അഭയം നൽകിയിരിക്കുന്ന നിങ്ങൾക്കുവേണ്ടി നിസ്സാരമായ ഈ ഒരു ത്യാഗം അനുഷ്ഠിക്കുവാൻ ഞങ്ങൾക്കു് അവകാശമില്ലേ?

ബ്രാഹ്മ:—ധാരാളം വിസ്താരമുള്ള എന്റെ ഈ ഗൃഹത്തിൽ നാലഞ്ചു വഴിയാത്രക്കാരെ താമസിക്കാൻ അനുവദിച്ചു എന്നല്ലാതെ, എന്തു് ഉപകാരമാണു ഞാൻ ചെയ്തിട്ടുള്ളതു്? അതിനു പ്രത്യുപകാരമായി നിങ്ങളിൽ ഒരാളുടെ ജീവത്യാഗം സ്വീകരിക്കുവാൻ എനിക്കു് അവകാശമില്ല.

കുന്തി:—എന്റെ രണ്ടാമത്തെ പുത്രൻ തുലോം ബലവാനാണു്. രാക്ഷസൻ അവനെ വധിച്ചുകളയുമെന്നു തീർച്ചയാക്കേണ്ട. അവൻ രാക്ഷസനെ വധിച്ചുവെന്നും വരാം. അങ്ങനെ വന്നാൽ നിങ്ങളെ മാത്രമല്ല ഈ ഗ്രാമം മുഴുവൻ രാക്ഷസപീഡയിൽ നിന്നു രക്ഷിച്ചു എന്നുള്ള വലുതായ പുണ്യം ഞങ്ങൾക്കു സിദ്ധിക്കും. മറിച്ചാണു സംഭവിക്കുന്നതെങ്കിൽ ഈ കുടുംബം രക്ഷിക്കുവാൻവേണ്ടി ഒരു മകൻ നഷ്ടപ്പെട്ടുപോകുന്നതുകൊണ്ടുള്ള ദുഃഖം സഹിക്കുവാൻ വേണ്ട മനഃസ്ഥൈര്യം എനിക്കു് ഉണ്ടു്.

ഇങ്ങനെയുള്ള അനുനയവാക്കുകൾ കേട്ട് കുന്തിയുടെ ഇഷ്ടമനുസരിച്ചു പ്രവർത്തിച്ചുകൊള്ളുന്നതിനു ബ്രാഹ്മണൻ സമ്മതിക്കുകയും ബകനുവേണ്ട അന്നവും കറികളും തയ്യാറാക്കാൻ ഭാര്യയോടു പറകയും ചെയ്തു.

മദ്ധ്യാഹ്നത്തിൽ പുത്രന്മാർ ഭിക്ഷാടനം കഴിഞ്ഞു മടങ്ങിവന്നപ്പോൾ നടന്ന വൃത്താന്തമെല്ലാം യുധിഷ്ഠിരനോടു കുന്തിതന്നെ പറഞ്ഞു. അപ്പോൾ യുധിഷ്ഠിരൻ പറഞ്ഞു: "അമ്മേ, അമ്മ എന്തു സാഹസമാണു പ്രവർത്തിച്ചതു്? ഭീമന്റെ കൈബലംകൊണ്ടല്ലേ നാം ജീവിക്കുന്നതു്? ഇവൻ ഇല്ലായിരുന്നെങ്കിൽ നാം അരക്കില്ലത്തിൽ തന്നെ നശിക്കുമായിരുന്നു. ഇനി കൗരവന്മാരെ ജയിക്കുന്നതിനു് ഇവനല്ലാതെ നമുക്കു് ആരാണു് ഒരു ആലംബം? ഇവനെ രാക്ഷസൻ കൊന്നാൽ പിന്നെ നമ്മുടെ കഥ എന്തായിരിക്കുമെന്നു് അമ്മ ആലോചിച്ചില്ലല്ലോ."

കുന്തി:—ഉണ്ണീ, നീ ഇങ്ങനെ പറയുമെന്നു ഞാൻ വിചാരിച്ചിരുന്നില്ല. പുരുവംശരാജാക്കന്മാരുടെ ജീവിതം ആർത്തത്രാണമാണെന്നു നീ ഓർക്കണം. ഭീമന്റെ അത്ഭുതപരാക്രമങ്ങൾ പലതും നാം കണ്ടറിഞ്ഞിട്ടുണ്ടല്ലോ. അഥവാ ഒരു ബകനെ വധിക്കാൻ ശക്തനല്ലെങ്കിൽ ഭീഷ്മർ, ദ്രോണർ തുടങ്ങിയ മഹാരഥന്മാരുടെ സഹായമുള്ള കൗരവന്മാരെ അവൻ ജയിക്കുമെന്നു് എങ്ങനെ വിശ്വസിക്കാം?

അബദ്ധമാണു താൻ പറഞ്ഞുപോയതെന്നു യുധിഷ്ഠിരൻ സമ്മതിച്ചു. ബ്രാഹ്മണനും ഭാര്യയും കൂടി ചോറും

കറികളും ഒരുക്കി വണ്ടിയിൽ കയറ്റി. മാതാവിൻെറയും സോദരന്മാരുടെയും അനുമതി വാങ്ങി ഭീമൻ വണ്ടിയിൽ കയറി യാത്രയായി. ഏകമക്രയിൽ

നിന്നു കുറെ ദൂരം ചെന്നപ്പോൾ വണ്ടി ഒരു മഹാ വനത്തിന്റെ സമീപത്തു് എത്തി. ആ വനമായിരുന്നു ബകന്റെ വാസസ്ഥലം. അവിടെ എത്തിയപ്പോഴേക്കു ഭീമൻ വണ്ടിയിൽ വച്ചിരുന്ന ചോറും കറികളും സാവധാനമായി കഴിച്ച് ഉരുട്ടി വിഴുങ്ങിത്തുടങ്ങി. ഇതു കണ്ടു കോപാന്ധനായി ബകൻ പാഞ്ഞെത്തി. ഭീമൻ കൂട്ടാക്കാതെ ഭക്ഷണം തുടർന്നു. "എടാ, മനുഷ്യാധമാ, തിന്നു്, തിന്നു്. ആ ആഹാരം മുഴുവൻതിന്നാലും എനിക്കു നഷ്ടമില്ല. നിന്നെത്തന്നെയല്ലേ ഞാൻ കുറേ വെൽ ഭക്ഷിക്കാൻ പോകുന്നതു്?" എന്നായി ബകൻ. അതു മുഴുവൻ ഭക്ഷണം കഴിച്ചുശേഷം ഭീമൻ ബകനോടു മല്പിടാൻ അടുത്തു. മുഷ്ടികൾ ചുരുട്ടി ഇടിച്ചും വൃക്ഷങ്ങൾ പറിച്ചു് അടിച്ചും അവർ തമ്മിൽ പ്രചണ്ഡമായ ഒരു യുദ്ധം നടന്നു. ഒടുവിൽ ഭീമൻ ബകനെ കാലും തലയും കൂട്ടിപ്പിടിച്ച് എല്ലുഞെരിച്ചു ദൂരെയെറിഞ്ഞു.

ബകനെ കൊന്ന വർത്തമാനം അറിഞ്ഞപ്പോൾ ഏകചക്രാനിവാസികൾ ആബാലവൃദ്ധം ആ വനത്തിൽ ഓടിയെത്തി. രാക്ഷസപീഡയിൽനിന്നു തങ്ങളെ മോചിപ്പിച്ച മഹാന്റെ പുറമേ അവർ ആനന്ദനൃത്തം ചെയ്തു. ആഘോഷപൂർവം അദ്ദേഹത്തെ ഏകചക്രയിൽ കൊണ്ടുവന്നു സൽക്കരിച്ചു. പാണ്ഡുഖത്തിൽ ഉള്ളഴിഞ്ഞു മകനെ ബലികഴിക്കുവാൻ സന്നദ്ധയായ കുന്തീദേവിയെ ഏകചക്രയിലെ ജനങ്ങൾ പെററമ്മയെപ്പോലെ വാഴ്ത്തി.

അവരുടെ അന്യാദൃശമായ ബഹുമാനത്തിനും സ്നേഹത്തി-
നും പാത്രമായിക്കൊണ്ടു ദിവസംകൂടി വേഷപ്രച്ഛന്നരായി
കുന്തിയും പുത്രന്മാരും ആ ഗ്രാമത്തിൽതന്നെ കഴിച്ചു-
കൂട്ടി.

പാഠം ൰

കൃത്യാകൃത്യ വിവേചനം

ഓർക്കുമ്പോളൊന്നുമൊന്നിനെക്കൊണ്ടുപകാരമില്ലെ-
ന്നാർക്കുമേ വാദിക്കുവാനില്ലെന്നുള്ളതുണർത്തിക്കാം
പുല്ലുകൾകൊണ്ടുമുപകാരമുണ്ടാകും തന്റെ
വല്ലികൾ തേപ്പാൻകൊള്ളാം ഒപ്പയ്യുമെന്തിറാൻ
[കൊള്ളാം. ൧

മെല്ലവേ കണ്ണങ്ങളിലിട്ടുടൻ ചെറുകിയാൽ
നല്ല സൌഖ്യമുണ്ടാകും കിഴിച്ചിമിത്തിനും കൊള്ളാം.
കാൽ കരം കണ്ണും മൂക്കുമെല്ലാമേ ജന്തുക്കളിൽ-
ലേകമെന്നാകിലും കാര്യമില്ലാതെ ചമിക്കുമോ? ൨

സ്വാരമാം പുരുഷനെപ്പുതമിട്ടിടിച്ചാലും
സാരശക്തിയെ ത്യജിച്ചീടുമാറില്ല ന്യൂനം.
തീയെവരിയുന്ന കൊള്ളി കീഴാക്കിപ്പിടിച്ചാലും
തീയുടെ ജ്വാല മേല്പോട്ടല്ലാതെ ജ്വലിക്കുമോ? ൩

ജീവജന്തുക്കളെല്ലാമൊരുപോലെന്നുള്ളൊരു
ഭാവവും ദേവന്മാർക്ക് ചേർച്ചയില്ലറിഞ്ഞാലും.

അങ്ങോർക്കു മററുള്ളോരിൽ മേന്മയുണ്ടെന്നുള്ളതും
സംശയമി വരും ദിക്കിൽ കാണിക്കും സമത്ഥന്മാർ. ൧൬

ശിശുക്കളെല്ലാം കുട്ടികളെന്നു വിചാരിച്ചു-
ത്തമൻ കിളക്കുമ്പോഴും തന്മഹത്വത്തെക്കാട്ടും.
ഉത്തമസ്ഥലങ്ങളിൽ ശ്രീകാര്യം വിചാരിക്കു-
ന്നുത്തമന്മാരാം കാര്യക്കാരരെ കല്പിക്കണം. ൧൭

കങ്കണം കരങ്ങളിൽ, കുണ്ഡലം കർണ്ണങ്ങളിൽ,
കാഞ്ചികൾ കടികളേ, ഹാരങ്ങൾ വക്ഷസ്ഥലേ
ഇങ്ങനെ തങ്ങൾക്കുള്ള ഭൂഷണസ്ഥലങ്ങളിൽ
ഭംഗിയിൽ ചേരുന്നെങ്കിലേ ഭൂഷണം ശോഭിച്ചീടൂ. ൧൮

കണ്ഠത്തിലരഞ്ഞാണം, കങ്കണം കർണ്ണങ്ങളിൽ
കൊണ്ടുപോയ് കെട്ടിത്തൂക്കിക്കൊണ്ടങ്ങു പുറപ്പെട്ടാൽ
കണ്ടവർ കൈകൊട്ടിക്കൊണ്ടുടൻ ചിരിച്ചീടും;
[illegible]ല്പ്പിയെന്നൊരു നാമവും ലഭിച്ചീടും, ൧൯

നിശ്ചയമേ സുവർണ്ണത്തിൽ ചേർക്കേണ്ടും മരതകം
പിച്ചളപ്പതക്കത്തിൽ ചേർക്കുന്ന പുരുഷനെ
സജ്ജനം തന്നെയല്ല ദുർജ്ജനങ്ങളും കൂടെ-
ത്തർജ്ജിക്കും; രത്നസമ്പത്തും വർജ്ജിക്കുമെല്ലാവരും. ൨൦

ബുദ്ധിയും വിവേകവും വീര്യവും പ്രഭുക്കളിൽ
ഭക്തിയുമുള്ള ഭൃത്യൻ സ്വാമിയെ നികത്തീടും.

ശസ്ത്രവും കുതിരയും ശാസ്ത്രവും വീണ വാണി
ഛത്രവും നരന്മാരും നാരിയുമിവയെല്ലാം ൫൯

സജ്ജനത്തോടു ചേർന്നാലേറ്റവും പ്രകാശിക്കും
ദുർജ്ജനത്തോടുചേർന്നാലേറ്റവുമിളപ്പെടും.
അഭ്യാസമുള്ള വീരൻ വാളെടുത്തിളക്കുമ്പോൾ
സഭ്യന്മാരെല്ലാം കണ്ടുകൊണ്ടാടി സ്തുതിച്ചീടും. ൬൦

അഭ്യഗ്രൻ മഹാഭോഷൻ വാളെടുക്കുന്നേ കണ്ടാൽ
അപ്പോഴേയെല്ലാവരും വാളെടുക്കയേയുള്ളു.
അശ്വപ്പോർ ഗ്രഹിച്ചവരശ്വത്തിലേറിക്കണ്ടാൽ
വിശ്വവാസികളെല്ലാം വിസ്മയിച്ചീടും ദൃഢം. ൬൧

അല്ലാത്ത മൂഢൻ ചെന്നശ്വത്തിലേറുംനേരം
വല്ലാതെ പിഴച്ചുപോമെല്ലാരും ഹസിച്ചീടും;
ഇങ്ങനെതന്നെ പിന്നെച്ചൊന്നതു നാലും, രണ്ടും
മംഗിക്കുമിളംഗിക്കും പാത്രഭേദമേമൂലം. ൬൨

ദുർജ്ജനങ്ങൾക്കു ബഹുസൽക്കാരം ചെയ്യുകിലും
സജ്ജനസ്വഭാവമുണ്ടാകയില്ലറിഞ്ഞാലും
എണ്ണയിൽപ്പിച്ചു പിടിച്ചുഴിഞ്ഞു ബന്ധിച്ചാലും
ചൊണ്ണനാം ശ്വാവിൻറെവാൽ വളഞ്ഞേ നില്പൂ
ദൃഢം. ൬൩

ദുഷ്ടരാം ഖലന്മാരെ സ്തുതിച്ചു നന്നാക്കുവാ-
നൊട്ടുമേ എളുതല്ല നല്ലൊരു വിദ്വാന്മാർക്കും
എപ്പോഴുമമൃതുകൊണ്ടാകവേ നനച്ചാലും
സൽഫലം പുറപ്പെടീച്ചീടുമോ വിഷദ്രുമം? ൬൪

പഞ്ചസാരയും തേനും ചേർത്തങ്ങു കുഴച്ചിട്ടു
കിഞ്ചന കാലം പരിപാലിച്ചു കിളിർപ്പിച്ചു
എപ്പോഴും ക്ഷീരംകൊണ്ടു നനച്ചു വളർത്താലും
വേപ്പിന്റെ കയ്പു ശമിച്ചീടുമോ ചിന്തിച്ചാലും. ൩൭

തങ്ങടെ യജമാനനാപത്തു വരാതെ ത-
ങ്ങളെ രക്ഷിക്കണമെന്നുള്ള കൂറുകാരൻ
ഇങ്ങോട്ടു ചോദിച്ചീലെന്നാകിലും ശുഭാശുഭം
അങ്ങോട്ടു പറഞ്ഞറിയിക്കേണം കൂടെക്കൂടെ. ൩൮

പൂജ്യനാമവനെങ്കിലായവൻ ചോദിച്ചാലും
ത്യാജ്യമായതു പറഞ്ഞീടരുതെന്നു ശാസ്ത്രം. ൩൯

(പഞ്ചതന്ത്രം)

പാഠം ൧

പദാർത്ഥങ്ങളുടെ അവസ്ഥാത്രയം

ലോകത്തിലുള്ള പദാർത്ഥങ്ങൾ അധികവും ഘനങ്ങളായോ, ദ്രവങ്ങളായോ, വാതകങ്ങളായോ ഇരിക്കുന്നു. കല്ല്, തടി, ലോഹം ഇവപോലുള്ള പദാർത്ഥങ്ങൾ ഘനങ്ങളും വെള്ളം, പാൽ, എണ്ണ മുതലായവ ദ്രവങ്ങളും ആകുന്നു. വായു, ആവി ഇങ്ങനെയുള്ള പദാർത്ഥങ്ങളെയാണ് വാതകങ്ങൾ എന്നു പറയുന്നത്. ഘനങ്ങളുടെയും ദ്രവങ്ങളുടെയും മദ്ധ്യാവസ്ഥയിൽ മെഴുക്, വെണ്ണ മുതലായി ചുരുക്കം ചില പദാർത്ഥങ്ങൾ ഉണ്ട്. എങ്കിലും അവയുടെ എണ്ണം വളരെ കുറവാകയാൽ അവയെപ്പറ്റി ഇവിടെ പ്രതിപാദിക്കുന്നില്ല.

ഘനം, ദ്രവം, വാതകം ഇവ തമ്മിലുള്ള വ്യത്യാസം എന്തു്? ഒരു കഷണം ലോഹത്തേയോ കല്ലിനെയോ അത്യന്തം നേരിയ ധൂളികളായി പൊടിക്കാൻ കഴിയും. ഈ ധൂളികളെ ആകാശത്തിൽ പറപ്പിച്ചുകളഞ്ഞാൽ അവ അദൃശ്യമായിത്തീരുന്നു. വായുമണ്ഡലത്തിൽ ഒട്ടുമിക്കയിടത്തും ഇങ്ങനെയുള്ള പൊടികൾ വ്യാപിച്ചു കിടക്കുന്നുണ്ടു്. ഇരുട്ടായ മുറിയിൽ മേൽപ്പുരയിലോ, ഭിത്തിയിലോ ഉള്ള ചെറിയ രന്ധ്രത്തിൽക്കൂടി ചിലപ്പോൾ ആദിത്യരശ്മികൾ കടന്നുവരുന്നതു കണ്ടിരിക്കാം. ഈ രശ്മികളുടെ പ്രകാശത്തിൽ അനേകസഹസ്രം ധൂളികൾ അതിൽ കളിക്കുന്നതു കാണാം. മുറിക്കകത്തു് ഇങ്ങനെയുള്ള ധൂളികൾ ധാരാളം ഉണ്ടു്. സൂൎയ്യപ്രകാശം തട്ടുമ്പോൾ മാത്രമേ അവ നമ്മുടെ ദൃഷ്ടിയിൽ പെടുന്നുള്ളൂ.

മേൽപ്പറഞ്ഞ ധൂളികളിൽ ഒന്നിനെ അസംഖ്യം ഭാഗങ്ങളായി വിഭജിച്ചാൽ കിട്ടുന്ന അംശങ്ങളെ അണുക്കൾ എന്നു പറയാം. സകല പദാൎത്ഥങ്ങളും ഇങ്ങനെയുള്ള അണുക്കൾ ഒരുമിച്ചുചേൎന്നു ഉണ്ടായിട്ടുള്ളവയാണു്. ഈ അണുക്കളുടെ അന്യോന്യസംബന്ധത്തിന്റെ ദൃഢതയെ അനുസരിച്ചു പദാൎത്ഥങ്ങൾ ഘനങ്ങളായോ, ദ്രവങ്ങളായോ, വാതകങ്ങളായോ ഇരിക്കുന്നു. അണുക്കളുടെ ചേൎച്ച അത്യന്തം ദൃഢമായിട്ടുള്ള പദാൎത്ഥങ്ങൾ ഘനങ്ങളും, ശിഥിലങ്ങളായുള്ളവ ദ്രവങ്ങളും, അതിലും അയഞ്ഞവ വാതകങ്ങളും ആകുന്നു.

അണുക്കളുടെ സംസക്തിയുടെ ദാൎഢ്യം നിമിത്തമാണു് ഒരു മരക്കഷണത്തിൽ നിന്നും ഒരു ഭാഗം വേർ

പെട്ടതാണെങ്കിൽ വെട്ടി മുറിക്കേണ്ടിയിരിക്കുന്നതു്. ദ്രവത്തിൽ അണുക്കളുടെ സംസക്തി ശിഥിലമായിരിക്കുന്നതിനാൽ അതിൽനിന്നു് ഒരു ഭാഗം വേർപെടുത്തി എടുക്കാൻ എളുപ്പമുണ്ടു്. ഇടങ്ങഴി വെള്ളം കൊള്ളുന്ന പാത്രത്തിൽ നിന്നു നാഴിവെള്ളം മറ്റൊരു പാത്രത്തിൽ ഒഴിക്കുന്നതിനു പ്രയാസം ഇല്ല. വാതകത്തിന്റെ അണുക്കൾക്കു തമ്മിൽ ഇത്രതന്നെ സംസക്തിയില്ല. അതിനെപ്പററി സ്പഷ്ടമായി മേൽ വിവരിക്കുന്നതാണു്.

അണുക്കളുടെ സംസക്തിയിലുള്ള ഭേദത്തെ ആസ്പദമാക്കി ഘനങ്ങൾക്കും ദ്രവങ്ങൾക്കും വാതകങ്ങൾക്കും തമ്മിലുള്ള വ്യത്യാസം സ്പഷ്ടമാണു്. ഘനങ്ങളുടെ രൂപവും പരിണാഹവും നിയതമായിരിക്കുന്നു. ദ്രവങ്ങൾക്കു നിയതമായ പരിണാഹമുണ്ടെങ്കിലും അവയുടെ രൂപം നിയതമായിരിക്കുന്നില്ല. വാതകങ്ങൾക്കു നിയതമായ പരിണാഹമാകട്ടെ രൂപമാകട്ടെ ഇല്ല. ഇതിന്റെ താല്പര്യം മനസ്സിലാക്കാൻ പരിണാഹം എന്താണെന്നു് അറിയേണ്ടിയിരിക്കുന്നു. എല്ലാ പദാർത്ഥങ്ങൾക്കും നീളം, വീതി, വണ്ണം ഇങ്ങനെ മൂന്നു അളവുകൾ ഉണ്ടു്. ഈ അളവുകളുടെ പരസ്പരഗുണനത്തിന്റെ ഫലത്തെയാണു പരിണാഹമെന്നു പറയുന്നതു്. ഇരുപതു് അംഗുലം നീളവും, പന്ത്രണ്ടു് അംഗുലം വീതിയും, രണ്ടു് അംഗുലം വണ്ണവും ഉള്ള ഒരു പലകയുടെ പരിണാഹം ൨൦×൧൨×൨=൪൮൦ ഘനാംഗുലം ആകുന്നു. അതായതു് അങ്ങനെയുള്ള ഒരു പലക വയ്ക്കുന്നതിനു് ൪൮൦ ഘനാംഗുലം സ്ഥലം വേണ്ടിവരുന്നു. അതിനാൽ ഒരു പദാർത്ഥ

തിന്റെ പരിണാമം എന്നതു് ആ പദാർത്ഥത്തിനു് ഇരിക്കാൻ വേണ്ടിവരുന്ന സ്ഥലത്തിന്റെ വിസ്താരമാണെന്നു പറയാം. നമ്മുടെ നാട്ടിൽ ധാന്യങ്ങളും എണ്ണകളും തൂക്കിയല്ല, അളന്നാണല്ലോ ക്രയവിക്രയം ചെയ്യുന്നതു്. ഇപ്പോൾ പ്രമാണമായി നിശ്ചയിച്ചിരിക്കുന്ന സക്കാർ പറയുടെ ഉള്ളളവു് ൮൦൦ ഘനാംഗുലമാകുന്നു. അതായതു് ൮൦൦ ഘനാംഗുലം സ്ഥലമുനിറഞ്ഞിരിക്കുന്ന നെല്ലു്, എണ്ണ മുതലായവയെ ഒരു പറ നെല്ലു്, ഒരു പറ എണ്ണ എന്നിങ്ങനെ പറയുന്നു. ഒരു ഇടങ്ങഴി എന്നതു് ൮൦ ഘനാംഗുലവും ഒരു നാഴി എന്നതു് ൨൦ ഘനാംഗുലവും ആണു്. അതിനാൽ പറ, ഇടങ്ങഴി, മരയ്ക്കാൽ മുതലായ അളവുകൾ പരിണാമത്തെ ആസ്പദമാക്കി ഏർപ്പെടുത്തിട്ടുള്ളതാണെന്നു മനസ്സിലാക്കണം.

ഘനവസ്തുക്കളുടെ രൂപവും പരിണാമവും നിയതമായിരിക്കുമെന്നു പറഞ്ഞല്ലോ. ഘനപദാർത്ഥത്തിന്റെ രൂപമോ പരിണാമമോ സ്വയം ഭേദപ്പെടുന്നില്ല. അതിന്റെ രൂപമോ പരിണാമമോ ഭേദപ്പെടുത്തണമെങ്കിൽ ബലം പ്രയോഗിച്ചു് ഉടയ്ക്കുകയോ മുറിക്കുകയോ ചെയ്യണം. എന്നാൽ ദ്രവങ്ങളുടെ പരിണാമം നിയതമല്ലാതെ ഇരിക്കുന്നു. ദ്രവങ്ങളെ ഏതു പാത്രത്തിൽ പകർന്നാലും അവ ആ പാത്രത്തിന്റെ രൂപം കൈക്കൊള്ളും. കുടത്തിൽ ഒഴിച്ചു വച്ചാൽ വെള്ളത്തിനു് കുടത്തിന്റെയും, ഉരുളിയിൽ ഒഴിച്ചാൽ ഉരുളിയുടെയും, നീണ്ടുരുണ്ട ഒരു കുഴലിൽ ഒഴിച്ചാൽ ആ കുഴലിന്റെയും

രൂപം സിദ്ധിക്കുന്നു. ഇപ്രകാരം ഇരിക്കുന്ന പാത്രങ്ങളുടെ രൂപത്തിൽ ആകുന്നതുകൊണ്ടാകുന്നു ദ്രവങ്ങൾക്കു നിയതമായ രൂപം ഇല്ലെന്നു പറയുന്നതു്. ദ്രവങ്ങളുടെ പരിണാമത്തെ ഇതുപോലെ ഭേദപ്പെടുത്താൻ സാധിക്കുന്നതല്ല. പാത്രത്തിന്റെ ആകൃതി എന്തായിരുന്നാലും ഇരുനാഴി വെള്ളം അതിനു കൊള്ളുന്നതാണെങ്കിൽ, മുൻപറഞ്ഞ കണക്കിൻപ്രകാരം ൫൦ ഘനാംഗുലം സ്ഥലം അതിൽ ഉണ്ടായിരിക്കണം. മർദ്ദനത്താലോ മറ്റോ വെള്ളത്തിന്റെ പരിണാമത്തെ കുറയ്ക്കുവാൻ നിവൃത്തിയില്ല

ഇതത്രേ ദ്രവങ്ങൾക്കു നിയതമായ പരിണാമം ഉണ്ടെന്നു പറയുന്നതിന്റെ അർത്ഥം.

വാതകങ്ങൾക്കു നിയതമായ രൂപമാകട്ടെ, നിയതമായ പരിണാമമാകട്ടെ ഇല്ല. വായു നിത്യപരിചയത്തിൽപ്പെട്ട ഒരു വാതകമാകുന്നു. വായുവിനെ തന്നെ വാതകങ്ങളുടെ മാതൃകയായി ഗ്രഹിക്കാം. ശൂന്യമായി നമുക്കു തോന്നുന്ന എല്ലാ സ്ഥലങ്ങളിലും ഈ വാതകം വ്യാപിച്ചുകിടക്കുന്നുണ്ടു്. ഒഴിഞ്ഞിരിക്കുന്നതായി തോന്നുന്ന പാത്രങ്ങളിൽ വായുവിന്റെ സാന്നിദ്ധ്യം ഉണ്ടു്. ദ്രവങ്ങളുടെ കാൎയ്യത്തിൽ പറഞ്ഞതുപോലെ ആധാരഭൂതമായ പാത്രത്തിന്റെ രൂപം വഹിക്കുന്നതിനാൽ വായുവിനു നിയതമായ രൂപം ഇല്ല. വായുവിനു നിയതമായ പരിണാമവുമില്ലെന്നു് ഒരു പരീക്ഷണംകൊണ്ടു തെളിയിക്കാം. ഒരു സ്ഫടികടംബ്ളർ എടുത്തു് അതിന്റെ അകത്തു് അടിയിൽ ഒരു ചെറിയ കടലാസ്സുതുണ്ടു് ഒട്ടിക്കുക. ഈ ടംബ്ളറിൽ വായു ഉണ്ടെന്നു നിങ്ങൾക്കു് അറിയാമല്ലോ. അനന്തരം വെള്ളം നിറച്ച ഒരു പാത്രത്തിൽ ടംബ്ളർ തുക്കായി കമഴ്ത്തിപ്പിടിച്ചുകൊണ്ടു താഴ്ത്തുക. ടംബ്ളറിന്റെ ഏകദേശം പാതിവരെയും ഇങ്ങനെ താഴ്ത്തുന്നതിനു് ഒട്ടും പ്രയാസമുണ്ടായിരിക്കയില്ല. അതു കഴിഞ്ഞാൽ ടംബ്ളർ താഴ്ത്തുന്നതിനായി പ്രയോഗിക്കുന്ന ശക്തിയെ മറ്റൊരു ശക്തി തടയുന്നതുപോലെ തോന്നിത്തുടങ്ങും. എങ്കിലും അല്പം ബലം പ്രയോഗിച്ചാൽ ടംബ്ളർ മുഴുവൻ വെള്ളത്തിനടിയിൽ മുക്കാം. അങ്ങനെ മുക്കിയതിന്റെ ശേഷം തുക്കായി പിടിച്ചുകൊണ്ടുതന്നെ ടംബ്ളർ വെള്ളത്തിൽനിന്നു പുറമെ എടുത്തു നോക്കുക. അതിന്റെ ഉള്ളിൽ മുകൾഭാഗത്തു് ഒട്ടിച്ചിരുന്ന കടലാസ്സുതുണ്ടു നനഞ്ഞിരിക്കയില്ല. ഇതിൽനിന്നു് എന്തു് ഊഹിക്കാം?

ടംബ്ളർ വെള്ളത്തിൽ താഴ്ത്തിയപ്പോൾ അതിനകത്തു് ഉണ്ടായിരുന്ന വായു പുറത്തേക്കു പോകാതെ ഒതുങ്ങുകയും ടംബ്ളർ മുഴുവൻ വെള്ളത്തിനടിയിൽ ആയപ്പോൾ വായു ചുരുങ്ങി ടംബ്ളറിന്റെ മുകൾഭാഗത്തു തിങ്ങിക്കൂടുകയും ചെയ്തു. അതിനാൽ ജലത്തിനു് ആ ഭാഗത്തെ ആക്രമിക്കാൻ കഴികയില്ല. ഈ പരിണാഹസങ്കോചത്തെ വായു തടഞ്ഞതിനാലാണ ടംബ്ളറിന്റെ പകുതിക്കുമേൽ ഭാഗം വെള്ളത്തിനടിയിൽ താഴ്ത്താൻ സ്വല്പം ശ്രമം വേണ്ടിവരുന്നതു്. ടംബ്ളർ മുമ്പിലത്തെപ്പോലെ ഒരിക്കൽക്കൂടി വെള്ളത്തിൽ താഴ്ത്തിയതിനുശേഷം അതിനെ കുറച്ചു് ഒന്നു ചരിക്കുക. അപ്പോൾ അതിന്റെ വായിൽക്കൂടി കുമിളകളായി വായു വെളിയിൽ നിർഗ്ഗമിക്കയും ടംബ്ളറിന്റെ ഉള്ളിൽ മുകൾഭാഗത്തു ജലം പ്രവേശിക്കയും ചെയ്യുന്നു. ടംബ്ളർ വെള്ളത്തിൽനിന്നു് എടുത്തു നോക്കുമ്പോൾ കടലാസ്സു് നനഞ്ഞിരിക്കുന്നതുതന്നെ ഇതിനു തെളിവു്. ടംബ്ളറിൽ നിറഞ്ഞുനിന്ന വായുവിന്റെ പരിണാഹം നാം പ്രയോഗിച്ച ബലംനിമിത്തം ചുരുങ്ങിയതാണെന്നു് ഈ പരീക്ഷണത്തിൽ കണ്ടു. ഇങ്ങനെ ചുരുങ്ങുകയും വർദ്ധിക്കുകയും ചെയ്യുന്നതുകൊണ്ടാണ വായുവിനു നിയതമായ പരിണാഹം ഇല്ലെന്നു പറഞ്ഞതു്.

ഘനം, ദ്രവം, വാതകം ഇങ്ങനെ മൂന്നുമാതിരി പദാർത്ഥങ്ങൾ ഉള്ളതുപോലെ ഒരേ പദാർത്ഥത്തിനുതന്നെ ഈ മൂന്നു് അവസ്ഥാഭേദങ്ങളും ഉണ്ടാകയും ചെയ്യും. ചൂടു വർദ്ധിക്കുമ്പോൾ ഘനങ്ങൾ ദ്രവങ്ങളായും വാതകങ്ങളായും തീരുന്നു. അതുപോലെ വാതകങ്ങൾ ചൂടു കുറയു

യോഗം ദ്രവങ്ങളായും ഒടുവിൽ ഘനങ്ങളായും പരിണമിക്കുന്നു. ഒരേ പദാർത്ഥത്തിന് ഈ പ്രകാരം ഉണ്ടാകാവുന്ന ഭേദങ്ങളെ കാണിക്കാൻ ഉത്തമമായ ഉദാഹരണം ജലമത്രെ. ജലം ചൂടുകൊണ്ടു വാതകരൂപത്തിലുള്ള ആവിയായും, തണുപ്പുകൊണ്ടു ഘനരൂപത്തിലുള്ള മഞ്ഞുകട്ടിയായും തീരുന്നു. എന്നു മാത്രമല്ല, മഞ്ഞുകട്ടിക്കു ചൂടുപിടിച്ചാൽ അതു ആദ്യം വെള്ളമായും, പിന്നീട് ആവിയായും രൂപാന്തരപ്പെടുന്നതുപോലെ, ആവി തണുത്താൽ അതു ആദ്യം വെള്ളമായും, അനന്തരം മഞ്ഞുകട്ടിയായും പരിണമിക്കുന്നു. ഗന്ധകം, ഈയം, ചെമ്പ് മുതലായവ ഉരുക്കുമ്പോൾ ദ്രവരൂപമായിത്തീരുന്നതു നിങ്ങൾ കണ്ടിരിക്കാം. വളരെ ചൂടു പിടിപ്പിച്ചാൽ ഈ ദ്രവത്തെ വാതകാവസ്ഥയിൽ ആക്കുവാനും കഴിയുന്നതാണ്. അഗ്നിപർവ്വതത്തിന്റെ ഗർഭത്തിലുള്ള അത്യുഗ്രമായ ചൂടുനിമിത്തം പാറയും മണ്ണും ധാതുക്കളും മററും ഉരുകി ദ്രവമായും വാതകമായും ഉദ്ഗമിക്കാറുണ്ട്.

വാതകങ്ങളെ ദ്രവമാക്കുന്നതിനും ഘനമാക്കുന്നതിനും തണുപ്പു മാത്രം മതിയാകുന്നില്ല. വാതകങ്ങളുടെ അണുക്കൾ തമ്മിൽ അശേഷം ചേർച്ചയില്ലാതെ അന്യോന്യം വിട്ടുപിരിയാൻ ശ്രമിച്ചുകൊണ്ടിരിക്കുന്നു. അണുക്കൾക്കു ചേർച്ച ഉണ്ടാകാതെ അവയെ ദ്രവങ്ങളായോ ഘനങ്ങളായോ മാററാൻ സാധിക്കുന്നതുമല്ല. ഈ ചേർച്ച ഉണ്ടാക്കുന്നതിനു വാതകങ്ങളെ ബലമായ മർദ്ദനത്തിന് അധീനമാക്കി വയ്ക്കേണ്ടിയിരിക്കുന്നു. അതായതു മർദ്ദനത്തിന്റെ ശക്തിയിൽ വാതകത്തിന്റെ അണുക്കളെ

കഴിയുന്നത്ര ഞെരുക്കിച്ചുരുക്കിക്കൊണ്ടു വേണ്ടപോലെ തണുപ്പിച്ചാൽ അവയും ക്രമേണ ദ്രവരൂപവും ഘനരൂപവും സിദ്ധിക്കുന്നു. ഈ ഉപായത്താൽ വായുവിനെയും മററു വാതകങ്ങളെയും ഘനങ്ങളാക്കിയോ, ദ്രവങ്ങളാക്കിയോ രൂപാന്തരപ്പെടുത്താൻ സാധിക്കുന്നതാണു്.

൧൦ാം വൃ

കാളിയമർദ്ദനം

ഉരഗാധിപനായ കാളിയൻറെ
ഗരളംകൊണ്ടതിരൂക്ഷമഗ്നിതുല്യം
ഒരുദിക്കിലഹോ! കളിന്ദകന്യാ-
ജലമെന്നുള്ളതറിഞ്ഞു തത്ര ചെന്നാൻ ൧

പശുഗോപകുലം ജലം കുടിച്ചു
ഭൃശതാപേന തളർന്നു മറിച്ചുവീണു
മധുവൈരി തദാ കടാക്ഷമാകും
സുധകൊണ്ടവരൊട്ടു ജീവനാഞ്ഞു കാമം. ൨

ബഹുപക്ഷികൾ കൂട്ടംബരേ പറക്കു-
ന്നളവിൽ പുകയേറ്റുടൻ കരിഞ്ഞുവീണു
മഹിഷങ്ങളും ഗജങ്ങളെന്നവേണ്ടാ
ബഹുധാ വാരി കുടിച്ചപായമായി. ൩

അതിസങ്കടമാശു കണ്ടനേരം
മതിപാത്രമ കനിവുള്ള വാസുദേവൻ
അധിരോഹ്യ തലം കടമ്പുതന്മേ-
ലധികപ്രാഭവമോടു തത്ര നിന്നാൻ. ൯

ഗരളാഗ്നിബലാൽ കരിഞ്ഞ വൃക്ഷം
തരസാ പൂത്തു തഴച്ചു ഹൃഷ്ടമായി
യമുനാസലിലേ കുതിച്ചു ചാടി
കമലാവല്ലഭനല്പസത്പ്രമോദം. ൧൦

തിരമാലകളിൽ കളിച്ചു മന്ദം
വിളയാടീടിന കൃഷ്ണനെപ്പ് ഫണീന്ദ്രൻ
ഉരുകോപമണഞ്ഞു ചുററി മാറും
പരിദംശിച്ചിതു മർമ്മസന്ധിതോറും. ൧൧

പുളിനേ മരുവുന്ന ഗോപവൃന്ദം
നളിനാക്ഷന്റെ ദശാവിശേഷമേവം
അവലോക്യ വിഷാദരോഷമോടേ
വിവശീഭാവമിയന്നു നിന്നുഴന്നു. ൧൨

അശുഭം ബത! കണ്ടു നന്ദഗോപൻ
പശുപന്മാരുമശേഷനാരിമാരും
ബലഭദ്രനുമാശു തത്ര വന്നാ-
ലമിക്രീഡിതമെന്നു നിന്നുകേണാർ. ൧൩

ഫണിബന്ധമഴിച്ചു വാസുദേവൻ
പണികൂടാതെ കരേറി തീരഭാഗേ
ഫണിതൻ ഫണചക്രമേറിനിന്നു-
ന്നണിനൃത്തങ്ങൾ തുടങ്ങി ഭംഗിയോടെ,

തളയും വളയും കിങ്കിണിമാറ-
ങ്ങിളകീടും പദപാണി താളമേളം
ലളിതം നടനം മനോഭിരാമം
കളസംഗീതകമംഗളം വിളങ്ങി. ൭൩

ചിറകൊണ്ടിളു കൊണ്ടൽവേണിഭാഗേ
നിറമേകീടുന്ന കേകിപിഞ്ഛജാലം
നിറമേറിന പീതമാം ദുകൂലം
നിതരാമങ്ങിളകുന്ന നിർമ്മലാഭം. ൭൪

അഴകേറിന ചാരുനാസമോടേ-
ക്കുഴലും പാണിതലേന വക്ത്രപത്മേ
മധുരാധരസീമ്നി ചേർത്തു ചേർത്ത-
ങ്ങധികാനന്ദമരന്ദഗീതഘോഷം ൭൫

ഉടനംബരവാസി ദേവവൃന്ദം
പടുഗാനസ്തുതിഘോഷപോഷമോടേ
തുടിതാളമിടയ്ക്കയും മുഴക്കി
നടകേളിപ്രവണം വണങ്ങിനിന്നു. ൭൬

സരസാമിതരാഗയോഗമോടേ
സുരനാരീജനനൃത്തവും തുടങ്ങി
ഉരഗപ്രഭു കാളിയൻ മയങ്ങി
സുതരാമെണ്ണ ഫണങ്ങളും വണങ്ങി. ൭൭

ഫണിനാഥകളത്രമാരശേഷം
പ്രണിപാതേന മുഹുർമ്മുഹുഃ സ്തുതിച്ചു
പ്രണവാദികവേദസാരവാക്യം
ക്ഷണമാകർണ്ണ്യ തെളിഞ്ഞു വാസുദേവൻ. ൭൮

അഥ സർപ്പശിരസ്സിൽനിന്നിറങ്ങി
പ്രഥിതപ്രീതിയോടനന്ത ഗോപബാലൻ
ഉരഗാധിപപത്നിമാരൊടൊത്തു-
ങ്ങരുളിച്ചെയ്താനഥാംബുജായതാക്ഷൻ. ൧൬

"അയി! നാഗപതേ! നിനക്കു നിത്യം
മയി വിശ്വാസമഭംഗമായ് വരേണം;
യമുനാസലിലം വെടിഞ്ഞു വേഗാൽ
ഗമനം ചെയ്ക ഭവാൻ കുടുംബമോടും ൧൭

രമണീയതമം സമുദ്രമദ്ധ്യേ
രമണം നാമ വിശാലദേശമുണ്ട്
അവിടേക്കു ഗമിക്ക കാളിയാ! നീ-
യവിടെബ്ഭൂമിസുഖം ഭുജിക്കുമല്ലോ. ൧൮

വിനതാസുതനെബ്ഭയപ്പെടേണ്ട
വിനയശ്രീഗുണമുള്ള കാളിയാ! നീ
തവ മൗലിഷു മൽപദങ്ങൾ കണ്ടാ-
ലവനൊട്ടും വിപരീതനായ് വരുമോ?" ൧൯

അതുകേട്ടു നമസ്കരിച്ചു പോയാ-
നതുലപ്രീതികലർന്നു നാഗരാജൻ
ഫണിനീജനവും ഫണിക്കപട്ടം
മണിജാലം പരക്കൊട്ടുത്തു സമ്പ്രതസ്ഥ- ൨൦

(ശ്രീകൃഷ്ണചരിതം മണിപ്രവാളം)

പാഠം ൯

അററ്ലാൻറിക്കിലെ അത്യാഹിതം

ഏതാനും വർഷങ്ങൾക്കു മുൻപ് ഇംഗ്ലണ്ടിൽ വലുതായ ഒരു കപ്പൽ പണിതുണ്ടാക്കി. അതിന് ആയിരം അടി നീളവും തൊണ്ണൂററിമൂന്നടി വീതിയും വെള്ളനിരപ്പിൽനിന്നു നൂററിരുപത്തിനാലടി പൊക്കവും ഉണ്ടായിരുന്നു. അനേകം നിലകളിലായി മൂവായിരം യാത്രക്കാർക്കു താമസിക്കാൻ വേണ്ട മുറികളാണ് ഈ കപ്പലിൽ ഉണ്ടായിരുന്നതു്. യാത്രക്കാരുടെ സുഖസൌകര്യങ്ങൾക്കു വേണ്ട സകല സാമഗ്രികളും അതിൽ തയാറാക്കിയിരുന്നു. ഭോജനത്തിനും, വ്യായാമത്തിനും, വിനോദങ്ങൾക്കും പ്രത്യേകമായ ശാലകൾ, നീന്തുന്നതിനുള്ള തടാകവും അതിൻറെ തീരത്തിൽ ഉദ്യാനവും, എന്നുവേണ്ട ആനന്ദപൂർണ്ണമായ ജീവിതത്തിന് ആവശ്യമുള്ള എല്ലാ ഉപകരണങ്ങളും യാതൊരു ലോപവുംകൂടാതെ ആ കപ്പലിൽ ഉണ്ടായിരുന്നു. ആ കപ്പലിൻറെ വലിപ്പത്തിനു യോജിക്കുന്ന വിധത്തിൽ അതിനു 'ടൈററാനിക്' എന്നു നാമധേയവും സിദ്ധിച്ചു. അതിൻറെ കപ്പിത്താനായ ക്യാപ്ററൻ സ്മിത്തിനെപ്പോലെ അററ്ലാൻറിക് സമുദ്രത്തിൻറെ എല്ലായിടവും പരിചയമുള്ള ഒരു നാവികൻ യൂറോപ്പിലോ അമേരിക്കയിലോ ഉണ്ടായിരുന്നില്ല.

ആ കപ്പൽ ൧൯൧൨ ഏപ്രിൽമാസം പത്താം തീയതി ആദ്യയാത്രയ്ക്ക് ഇംഗ്ലണ്ടിൽനിന്ന് അമേരിക്കയിലേക്കു പുറപ്പെട്ടു. കപ്പലിൽ കയറിയിരുന്ന ൨൨൦൦ യാത്രക്കാരുടെ കൂട്ടത്തിൽ കോടീശ്വരന്മാരും, വണിക്പ്രഭുക്കന്മാരും, പത്രപ്രവർത്തകന്മാരും; ശില്പവിദഗ്ദ്ധന്മാരും ഉണ്ടായിരുന്നു. ഈ യാത്രക്കാരുടെ ആഹ്ലാദത്തെ എങ്ങനെ വർണ്ണിക്കാം? "കോളിളക്കവും കൊടുങ്കാറ്റും ഇനി നമുക്കു തൃണപ്രായം. കടൽ എത്രതന്നെ ഇളകിമറിഞ്ഞാലും നാം കൂട്ടാക്കേണ്ടതില്ല" എന്നു കപ്പൽക്കാർ ഉദ്ഘോഷിച്ചു.

ഇംഗ്ലണ്ടിൽനിന്നു പുറപ്പെട്ടു നാലു ദിവസത്തെ യാത്ര സുഖമായിക്കഴിഞ്ഞു. സമുദ്രം പ്രശാന്തവും കാറ്റ് അനുകൂലവും ആയിരുന്നു. അഞ്ചാം ദിവസം കടലിന്റെ സ്ഥിതി ഒന്നുമാറി. ഏപ്രിൽ പതിന്നാലാംതീയതി ഉച്ചനേരത്തു തണുത്ത കാറ്റടിച്ചുതുടങ്ങി. സന്ധ്യ സമീപിച്ചപ്പോൾ കപ്പലിന്റെ മേൽത്തട്ടിൽ ഇരിക്കാൻ പാടില്ലാത്തവിധം തണുപ്പു വർദ്ധിച്ചു. യാത്രക്കാർ അവരവരുടെ മുറികളിലും വിനോദശാലകളിലും ചെന്നിരുന്നു സ്വൈരമായി സമയം കഴിച്ചു.

കപ്പലുകൾ സഞ്ചരിക്കുമ്പോൾ കമ്പിയില്ലാക്കമ്പികൊണ്ടു വിദൂരസ്ഥാനങ്ങളിൽ വർത്തമാനം അറിയിക്കാറുണ്ട്. എഴുപതു മൈൽ നീളമുള്ള ഒരു മഞ്ഞുകട്ട അതിലൂടെ ഒഴുകുന്നതായി ഒരു ഫ്രഞ്ചുകപ്പൽ ടൈററാനിക്കിന് അറിവു കൊടുത്തിരുന്നു. എങ്കിലും ടൈററാ

നിക്കിന്റെ വേഗം കുറച്ചില്ല. മഹത്തായ ആ കപ്പലിനു് ആപത്തു് ഉണ്ടാകുമെന്നു് ആരും ശങ്കിച്ചുമില്ല.

അർദ്ധരാത്രിയോട്ടു് അടുത്തപ്പോൾ കപ്പലിനു ചെറുതായ ഒരു കുലുക്കം തട്ടിയതുപോലെ യാത്രക്കാൎക്കു തോന്നി. ഒരു പൊട്ടലിന്റെ ശബ്ദവും കേട്ടു. യാത്രക്കാരുടെ മനസ്സിൽ അതുകൊണ്ടു യാതൊരു ഭയവും ഉണ്ടായില്ല. എങ്കിലും അതിന്റെ കാരണം എന്താണെന്നു ചോദിച്ചുകൊണ്ടു കപ്പിത്താൻ മേൽത്തട്ടിലേക്കു ചെന്നു. ഒരു മലപോലെയുള്ള മഞ്ഞുകട്ട കപ്പലിന്റെ ഒരു വശത്തു് ഉരസിക്കൊണ്ടു് ഒഴുകിപ്പോയതായി അവിടെ നിന്നിരുന്ന ഉദ്യോഗസ്ഥൻ പറഞ്ഞു. ഉരസൽകൊണ്ടു മാത്രം ആ ചലനവും ശബ്ദവും ഉണ്ടാകയില്ലെന്നും എന്തോ വലിയ വിപത്താണു സംഭവിച്ചതെന്നും, ക്യാപ്റ്റൻ സ്മിത്തിനു മനസ്സിലായി. കപ്പലിന്റെ അടിവശം തകർന്നുപോയതായി താഴെച്ചെന്നു നോക്കിയ ഒരു എഞ്ചിനീയർ സ്മിത്തിനെ അറിയിച്ചു. ജലപ്രവേശമുല്ലാത്ത മുറികൾ ഭദ്രമായിരിക്കുമെങ്കിൽ കപ്പൽ മുങ്ങാതിരുന്നേക്കാം എന്നു് ആശയുണ്ടായിരുന്നു. മുറികൾ എല്ലാം അടയ്ക്കുന്നതിനും, യാത്രക്കാർ എല്ലാവരും ലൈഫ് ബെൽറ്റ് ധരിച്ചുകൊള്ളുന്നതിനും കപ്പിത്താൻ ആജ്ഞാപിച്ചു. കപ്പലിലെ ലൈഫ് ബോട്ടുകൾ ഇറക്കി യാത്രക്കാരെ അവയിൽ കയറുന്നതിനും കപ്പൽക്കാൎക്കു് ആജ്ഞ കൊടുത്തു.

കമ്പിയില്ലാക്കമ്പിയുടെ ചുമതലക്കാരൻ വളരെ ജാഗ്രതയായി അയാളുടെ പണി നടത്തിക്കൊണ്ടിരുന്നു. "ടൈററാനിക്ക് മുങ്ങുന്നു. വരണേ. സഹായിക്കണേ" എന്നുള്ള സന്ദേശം ആ കപ്പലിൽ നിന്നു നാനാദിക്കുകളിലേക്ക പാഞ്ഞുകൊണ്ടിരുന്നു.

ബോട്ടുകൾ ഓരോന്നായി ഇറക്കിത്തുടങ്ങി. ടൈററാനിക്കിനു് അപകടം സംഭവിക്കുമെന്നുള്ള ശങ്കയ്ക്കും ഇല്ലാതിരുന്നതിനാൽ അത്ര വളരെ യാത്രക്കാൎക്കു വേണ്ട ബോട്ടുകൾ കരുതിയിരുന്നില്ല. ഉണ്ടായിരുന്ന ബോട്ടുകൾ മൂന്നിലൊരുഭാഗം യാത്രക്കാൎക്കേ മതിയാകുമായിരുന്നുള്ളു. ലൈഫ് ബൽററിന്റെ സഹായംകൊണ്ടു കടലിൽ പൊങ്ങിക്കിടന്നാൽ വല്ല കപ്പലും വന്നു രക്ഷിക്കുമെന്നുള്ള ആശ മാത്രമാണു് മററുള്ളവൎക്കു് ഉണ്ടായിരുന്നതു്. എങ്കിലും ബോട്ടിൽ കയറുന്നതിനു യാതൊരു തിക്കും തിരക്കും ഉണ്ടായില്ല. "സ്ത്രീകളും കുഞ്ഞുങ്ങളും ആദ്യം കയറട്ടെ" എന്ന കപ്പിത്താന്റെ ആജ്ഞ കേട്ടു് എല്ലാ പുരുഷന്മാർ മടികൂടാതെ മാറിനിന്നു. ചിലർ സ്ത്രീകളെ ബോട്ടിൽ കയറാൻ സഹായിക്കുകയും, മററുള്ളവർ ചുരുട്ടു വലിച്ചുകൊണ്ടു മൌനമായി മേൽത്തട്ടിൽ നിൽക്കുകയും ചെയ്തു. ബാൻഡുകാർ ഉത്തേജകമായ സംഗീതം മുഴക്കിക്കൊണ്ടു കപ്പലിൽ ചുററി നടന്നു.

മിസ്റ്റർ സ്ട്രാസ് എന്ന ആളും അദ്ദേഹത്തിന്റെ ഭാൎയ്യയുംകൂടി മേൽത്തട്ടിൽ നിൽക്കുകയായിരുന്നു. ബോട്ടിൽ കയറുന്നതിന് അവരെ രണ്ടുപേരെയും ഒരു ഉദ്യോഗസ്ഥൻ ക്ഷണിച്ചു. "ഈ കപ്പലിലുള്ള സ്ത്രീകൾ

എല്ലാവരും ബോട്ടിൽ കയറിയല്ലാതെ താൻ കയറുകയില്ല" എന്നു് മിസ്റ്റർ സ്റ്റ്രാസ് പറഞ്ഞു. "നാല്പതു വർഷത്തെ ജീവിതം നാം ഒരുമിച്ചാണു കഴിച്ചിട്ടുള്ളതു്. ഈ വാർദ്ധക്യദശയിൽ നാം പിരിയേണ്ട ആവശ്യം യാതൊന്നുമില്ല" എന്നു പറഞ്ഞുകൊണ്ടു അദ്ദേഹത്തിന്റെ ഭാര്യയും അവിടെത്തന്നെ നിന്നു. അങ്ങനെ പരസ്പരസഹായരായി അവർ പരലോകം പ്രാപിച്ചു.

മിസ്സ് എവാൻസ് എന്ന ഒരു യുവതി ബോട്ടിൽ കയറി ഇരുന്നതിന്റെശേഷം തന്റെ ചെറിയമ്മ കപ്പലിൽ നിൽക്കുന്നതു കണ്ടു, "എനിക്കു വിവാഹബന്ധം ഇല്ലാത്തതിനാൽ എന്റെ മരണം നിസ്സാരമാണു്. ചെറിയമ്മയ്ക്കു കുഞ്ഞുങ്ങളെ വളർത്താനുണ്ടല്ലോ" എന്നു പറഞ്ഞു ചെറിയമ്മയെ തന്റെ സ്ഥാനത്തിൽ ഇരുത്തീട്ടു ആ യുവതി കപ്പലിലേയ്ക്കു തിരിച്ചുപോന്നു. കപ്പലോടുകൂടി ആ ധീരയും സമുദ്രത്തിനടിയിൽ താണു.

ഭാര്യമാരെ ബോട്ടിൽ കയററി അയച്ചതിന്റെ ശേഷം യാതൊരു ആവേശവും കാണിക്കാതെ ഭർത്താക്കന്മാർ കപ്പലിൽ നിന്നു. ഭർത്താക്കന്മാരെ പിരിഞ്ഞു പോകാൻ മനസ്സില്ലാതെ ചില സ്ത്രീകൾ അവരോടുകൂടി ജീവനെ ഉപേക്ഷിച്ചു. ബോട്ടിൽ കയറി രക്ഷനേടാൻ സൗകര്യമുണ്ടായിരുന്ന ചിലർ അങ്ങനെ ചെയ്യാതെ അന്യരെ നിർബന്ധിച്ചു ബോട്ടിൽ കയററി അയച്ചു ധന്യത നേടി. മററുള്ളവർക്കു പ്രാണനാശം വന്നാലും തന്റെ പ്രാണനെ രക്ഷിക്കണമെന്നുള്ള ആഗ്രഹം ഒരു ആളും പ്രദർശിപ്പിച്ചില്ല.



ബോട്ടുകൾ ക്രമേണ കപ്പലിന്റെ സമീപത്തിൽ നിന്നു് അകന്നകന്നു് അദൃശ്യങ്ങളായിത്തീൎന്നു. ഫ൦ന്തു

ആളുകരം മരിക്കാൻ സന്നദ്ധരായി കപ്പലിൽ നിന്നു, അവർ യാതൊരു മരണഭയവും പ്രകടിപ്പിച്ചില്ല. ബാൻഡുകാർ ശാന്തസ്വരത്തിൽ ഈശ്വരസ്തോത്രങ്ങൾ വായിച്ചു. ക്യാപ്റ്റൻ സ്മിത്ത് അങ്ങുമിങ്ങും നീന്തുന്നതിനിടയിൽ "മർഡാക് എവിടെ" എന്നു ചോദിച്ചു. കപ്പലിൽ രണ്ടാമത്തെ ഉദ്യോഗസ്ഥനായിരുന്ന മർഡാക്കും അദ്ദേഹം മരിച്ചു എന്ന് ഒരു ഉദ്യോഗസ്ഥൻ പറഞ്ഞു. പിന്നീടു നീന്തുന്നതിനു ശ്രമിക്കാതെ കൈകൾ രണ്ടും ആകാശത്തിലേയ്ക്കു ഉയർത്തിപ്പിടിച്ചുകൊണ്ട് കപ്പിത്താൻ സമുദ്രത്തിനടിയിൽ തിരോഭവിച്ചു.

അനന്തരം ഘോരമായ ഒരു പൊട്ടലിന്റെ ശബ്ദം ആകാശത്തിൽ മാറെറാലിക്കൊണ്ടു. ടൈററാനിക്കിന്റെ അണിയം രണ്ടായി പിളർന്നു; അമരം വെള്ളത്തിൽനിന്ന് ഉയർന്നു; കപ്പൽ കീഴ്മേലായി നിന്നു. അപ്പോൾ കടലിൽതാണു മരിക്കാൻപോകുന്ന അനേകം ജനങ്ങളുടെ ദീനസ്വരം ഉച്ചത്തിൽ പുറപ്പെട്ടു. ക്ഷണത്തിൽ ആ ശബ്ദവും അവസാനിച്ചു. ശ്രേഷ്ഠവും മനോഹരവുമായിരുന്ന ആ കപ്പൽ അല്പസമയംകൊണ്ടു സമുദ്രഗർഭത്തിൽ അന്തർദ്ധാനം ചെയ്തു.

ലൈഫ്ബോട്ടുകളിൽ കയറിയവരുടെ ഗതി എന്തായിരുന്നു? ഇങ്ങനെയുള്ള സന്ദർഭത്തിൽ ബോട്ടിൽ കയറുന്നവർ എന്തെങ്കിലും ലാക്കു നോക്കി യാത്ര ചെയ്യുവാൻ സാധിക്കയില്ല. മരിക്കാതെ സമുദ്രത്തിൽ ഉഴന്ന

ക്കൊണ്ടിരുന്നാൽ വല്ല കപ്പലും വന്നുചേൎന്ന് തങ്ങളെ രക്ഷിക്കുമെന്നുമാത്രമാണ് അവരുടെ ആകാംക്ഷ. ടൈററാനിക്കിൽനിന്ന് അമ്പതുമൈൽ ദൂരത്തായി കാൎപ്പേത്തിയാ എന്നൊരു കപ്പൽ സഞ്ചരിക്കുന്നുണ്ടായിരുന്നു. കമ്പിയില്ലാക്കമ്പി വഴിക്കുള്ള അപേക്ഷ കാർപ്പേതിയായിലെ കപ്പിത്താനു കിട്ടി. വെളുപ്പാൻകാലത്തു മൂന്നരമണിയായപ്പോഴം ആ കപ്പൽ വന്നുചേൎന്നു. ബോട്ടുകളിൽ ഉണ്ടായിരുന്നവരെല്ലാം അതിൽ കയറി. ശൈത്യപീഡകൊണ്ടും ശോകമൂർച്ഛകൊണ്ടും എല്ലാവരും മൃതപ്രായരായിരുന്നു. കാൎപ്പേത്തിയായിൽ ഉണ്ടായിരുന്നവർ ചൂടുകാപ്പിയും കമ്പിളിവസ്ത്രങ്ങളും മററും കൊടുത്ത് അവരെ ശ്രദ്ധാപൂൎവം ശുശ്രൂഷിച്ചു. രണ്ടു ദിവസത്തിനകം എല്ലാവരും അമേരിക്കയുടെ പ്രധാന നഗരമായ ന്യൂയോർക്കിൽ ചെന്നുചേൎന്നു. ടൈററാനിക്കിനെപ്പോലെ വലിയതും വിലപിടിച്ചതുമായ ഒരു കപ്പൽ അതുവരെ ഉണ്ടായിട്ടില്ല. ഇത്ര ഭയങ്കരമായ ഒരു കപ്പൽച്ചേതവും ഇതുവരെ ഉണ്ടായിട്ടില്ല.

പാഠം ൧൦

ശതമുഖരാവണവധം

നിഖിലനിശിചരശമനകരനഖിലനായകൻ
നിന്നു പരിശ്രാന്തനായ് സമരാങ്കണേ
കമലദളനയനനഥ ജനകമകൾ തന്നുടെ
കൈയിൽകൊടുത്തിതു കാർമ്മുകവും തദാ. ൮

മിഥിലനൃപസുതയുമഥ വാങ്ങിനാൾ ചാപവും
മേന്മതകും ബാണജാലവും തൂണിയും,
നിജരമണനികടഭുവി ജനകസുതയും തദാ
നിന്നു ജയലക്ഷ്മിയെന്നപോലേ മുദാ. ൧൭

രഘുപതിയുമതുപൊഴുതു മൃദുഹസിതപൂർവകം
മല്ല്യാംഗിമാനസം കണ്ടതള്ളിലെച്ചൊ
"ബാലേ ഭവതി ചതുരമൃതജയദസംഗരേ
ഖണ്ഡമൊഴിഞ്ഞു ഞാൻ കൊന്നേൻ പ്രിയതമേ! ൧൮

വിബുധപതിജിത്തരിയ ദശമുഖതനുജനെ
വീരനാം സൗമിത്രി കൊന്നു ജിതശ്രമം
മധുതനയമമിതബലമപി ലവണമെന്നതഥാ
മാനിയാം ശത്രുഘ്നനും വധിച്ചീടിനാൻ. ൧൯

ഗഗനചരപരിവൃഢരോടെതിരണമനന്തരം
ഗന്ധർവ്വവീരരെക്കൊന്നു ഭരതനും
ശതവദനനവനിയിലധികബലനാകയാൽ
ശാരദാംഭോജവക്ത്രേ വധിച്ചീടുക നീ. ൨൦

നിഹതനിവനിഹ സമരഭുവി ഭവതിയാലെന്നും
നിശ്ചയം യുദ്ധം തുടങ്ങു നീ വല്ലഭേ."
ഇതി രമണമൃദുവചനനിശമനദശാന്തരേ
ഉഗ്രശക്തി ഘോഷണം യുദ്ധം തുടങ്ങിനാൾ. ൨൧

ശതമുഖനമഥ മിഥിലനൃപസുതയുമങ്ങനെ
ശസ്ത്രാസ്ത്രജാലം വരിഷിച്ചുനേരം

ജഗദഖിലമതിനിശിതതരശരശതങ്ങളാൽ
ചെമ്മേ മറഞ്ഞിതു ദിവ്യജനങ്ങളും. ൩൭

"ഹര! പരമശിവ! ശിവ ഹരേ"തി നിന്നിതിനാ-
"രാഹന്ത ഹന്ത കണ്ടീല നാമിങ്ങനെ
ഒരു സമരമൊരുഭടനയിലൊരുദിശി വിചിത്രമി-
ന്നോർത്താൽ പുകഴ്ത്തുന്നതാർക്കുമൊരിക്കലും" ൩൮

വിബുധനരമുഖവിതതി വിവിധമിതി വാഴ്ത്തിയും
വിസ്മയപ്പെട്ടും വസിക്കും ദശാന്തരേ
മാറിക്കനെട്ട മഹിതതമമഹിതകുലനാശിനി
മായാഭഗവതി ചെയ്തു പോർപാചെയും ൩൯

ദിവസകരസുതമുഖഹരിപ്രവരൗഘവും
മനുജപരിവൃഢതമതികുതുകമൊടു കണ്ടുള്ളിൽ
മാനിച്ചു വിസ്മയം കൈക്കൊണ്ടു മേവിനാർ
ശരപരിഘപരശുപവിമുസലമുഖശസ്ത്രങ്ങൾ ൪൦

ശക്തികൈക്കൊണ്ടു പരസ്പരം തൂകിനാർ
ശതവദനജാനകീപ്രഹിതശരജാലങ്ങൾ
ശങ്കാവിഹീനം മുറിച്ചു പരസ്പരം
കഠിനതരമിഴികളിടചെഴുമഴവു തന്നൊളി ൪൧

കാണികൾ കേട്ടു മോഹിച്ചു പതിക്കയും
ശതവദനനികളവി രുധിരമയവൃഷ്ടിയും
ശർക്കരാവൃഷ്ടിയുമുൽക്കാനിപാതവും
ഉപശമമില്ലാതമസമരസമയേ തദാ ൪൨

ദുർന്നിമിത്തങ്ങൾ കാണായി പലതരം,
മിഥിലനൃപദുഹിതൃരമണകലിതശരനിരയായ്
മൃത്യുപുരോന്മുഖനായ് ശതാനനൻ
നിശിതതരവിശിഖശതമാശു വിട്ടീടിനാൻ ൨൯

നീലോല്പലാക്ഷിതൻ തന്നാറിത്തടാന്തരേ.
പവനസമജവമൊടടനതുലവിശിഖം വന്ന
ഷോഡശമേരു കൊണ്ടു തകരാമിഷീകതയായ്
ശിവദനരിപുമഹിഷി മുഗ്ദ്ധരസഹരാംഭേഷണ ൩൦

ചേതസി ചിന്തിച്ചുറപ്പിച്ചിതാദരാൽ,
ഭൂതിലകപദനയുഗമകതളിരിലൊത്തുടൻ
രാമമന്ത്രം ജപിക്കിൽ സാധ്യമെന്തൊക്കെയും
അഖിലമഭിമതമിതു ജപിക്കിൽ വന്നീടുമേ ൩൧

തന്മനാ ചിന്തിച്ചുറച്ചു വൈദേഹിയും
“സകലയുവതികളിലധമിഹ യദി സതി മമ
സത്യസന്ധൻ ഭുവി ഭർത്താവുമെങ്കിലോ
ശതമുഖനെ വിരവൊടു വധിക്ക നീ” യെന്നോതി ൩൨

ശസ്ത്രം തൊടുത്തു വലിച്ചു വിട്ടീടിനാൾ
അയുതരവികിരണരുചി തടവിന ശരം ദ്രുത-
മാഘാതം കൊണ്ടു വീണു ശതവക്ത്രനും.
കമലമകളിതുപൊഴുതു നിജപതി പദമതിലവി
കാളരാത്രീവ നിന്നീടിനാളുഗ്രമാം. ൩൩

പാഠം ൨൨

നഗരങ്ങളുടെ സ്ഥാനം

നമ്മുടെ രാജ്യത്തു സമുദ്രതീരത്തിൽ ഉള്ളതുപോലെ ജനബാഹുല്യം ഉൾനാട്ടുകളിൽ ഇല്ല. സമുദ്രതീരത്തു് ഏതെങ്കിലും ഒരു സ്ഥലത്തു നിന്നു നേരേ കിഴക്കോട്ടു സഹ്യാദ്രിവരെ സഞ്ചരിക്കുന്ന ഒരു ആൾ ആദ്യം ജനനിബിഡങ്ങളായ പ്രദേശങ്ങൾ കടന്നുപോകേണ്ടിയിരിക്കുന്നു. പിന്നീടു ക്രമേണ ആൾപാർപ്പു കുറഞ്ഞവയും ഒടുവിൽ മനുഷ്യവാസം ഇല്ലാത്തവയും ആയ ദേശങ്ങളിൽ ചെന്നെത്തുന്നു. തിരുവിതാംകൂറിൽ നഗരങ്ങൾ പ്രായേണ സമുദ്രത്തിന്റെയോ കായലിന്റെയോ സമീപം സ്ഥിതി ചെയ്യുന്നു. കിഴക്കോട്ടു കിഴക്കോട്ടു ജനസംഖ്യ കുറഞ്ഞ ഗ്രാമങ്ങൾ മാത്രമാണു് ഉള്ളതു്. പറവൂർ, ആലപ്പുഴ, കായംകുളം, കൊല്ലം, തിരുവനന്തപുരം ഈ പട്ടണങ്ങളുടെ സ്ഥിതി മേൽ പറഞ്ഞതിനെ ഉദാഹരിക്കുന്നു.

സമുദ്രമോ കായലോ അടുത്തില്ലാത്ത പട്ടണങ്ങൾ ഈ സംസ്ഥാനത്തു് ഇല്ലെന്നില്ല. ഇവ രാജ്യത്തിന്റെ നാനാഭാഗങ്ങളിൽ ചിതറിക്കിടക്കുന്നതായി പ്രഥമദൃഷ്ടിയിൽ തോന്നാവുന്നതാണു്. എന്നാൽ തിരുവിതാംകൂറിന്റെ ഒരു പടം എടുത്തു പരിശോധിക്കുന്നപക്ഷം ഏതെങ്കിലും ഒരു നദിയുടെ തീരം സംബന്ധിച്ചാണു് ഉൾനാട്ടിലെ നഗരങ്ങൾ മിക്കതും സ്ഥിതി ചെയ്യുന്നതെന്നു കാണാം. ഇപ്പോൾ സംസ്ഥാനത്തിൽ മുപ്പതു താലൂക്കുകൾ ഉള്ളതിൽ മിക്കവയുടേയും തലസ്ഥാനങ്ങൾ

സമുദ്രത്തിനോ കായലിനോ നദികൾക്കോ ഏറെക്കുറെ സമീപസ്ഥലങ്ങളായിരിക്കുന്നു.

തിരുവിതാംകൂറിനെ സംബന്ധിച്ചു നമുക്ക് അനുഭവപ്പെടുന്ന ഈ സാമാന്യവിധി ഭൂമിയുടെ ഏതൊരു ഭാഗത്തെ സംബന്ധിച്ചും യഥാർത്ഥമാണ്. കൽക്കത്താ, ബാംബേ, മദ്രാസ് എന്നിങ്ങനെയുള്ള സുപ്രസിദ്ധങ്ങളായ ഭാരതീയനഗരങ്ങൾ സമുദ്രതീരത്തിലാണു സ്ഥിതിചെയ്യുന്നതു്. ഹിന്ദുക്കളുടെ പുണ്യസ്ഥലമായ കാശി ഗംഗാതീരത്തിലാണല്ലോ. ചരിത്രപ്രസിദ്ധമായ ഡൽഹി നഗരം യമുനയുടെ തീരത്തിൽ സ്ഥിതിചെയ്യുന്നു. അന്യരാജ്യങ്ങളിലെ അവസ്ഥയും ഇതുതന്നെയാണ്. ഇംഗ്ലണ്ടിലെ രാജധാനിയായ ലണ്ടൻനഗരം തെംസ് നദീമുഖത്തിലും, ഫ്രാൻസിന്റെ തലസ്ഥാനമായ പാരീസ് സേൻനദീമുഖത്തിലും ആകുന്നു. പരിഷ്കൃതരാജ്യങ്ങളിലുള്ള നഗരങ്ങൾ മിക്കവാറും വലിയ ജലാശയങ്ങളുടെ സാമീപ്യമുള്ളവ ആയിരിക്കുന്നു. വലിയ ഒരു നദിയുടെ തീരത്തിൽത്തന്നെ അനേകം പട്ടണങ്ങൾ പുഷ്ടിയെ പ്രാപിച്ചുവരുന്നതായും കാണുമാറുണ്ട്. ആലുവാ, വാഴക്കുളം, ചേരാനല്ലൂർ, നേരിയമംഗലം, പറവൂർ, പുത്തൻവേലിക്കര, അങ്കമാലി ഇവയെല്ലാം പെരിയാററിന്റെ തീരത്തിൽ ക്രമേണ അഭിവൃദ്ധിയെ പ്രാപിച്ചുവരുന്നുണ്ടല്ലോ.

കൃഷി ചെയ്യുന്നതിന് അധികം സൗകര്യമുള്ള സ്ഥലങ്ങളാണു നദീതീരങ്ങളെന്ന് എല്ലാപേർക്കുമറിയാമല്ലോ.

പൎവ്വതങ്ങളിൽ നിന്നു് ഉത്ഭവിച്ചു് ഒഴുകിക്കൊണ്ടു പാഞ്ഞിറങ്ങുന്ന നദികളിൽകൂടി കല്ലു്, മണ്ണു് മുതലായവയും ഒലിച്ചുപോരുന്നു. നിരപ്പുള്ള പ്രദേശങ്ങളിൽ എത്തുമ്പോൾ ഒഴുക്കിന്റെ ശക്തി കുറയുന്നതിനാൽ ഘനംകൂടിയ പാറക്കഷണങ്ങൾ നദിയുടെ അടിയിൽ താഴുന്നു. ഘനംകുറഞ്ഞ ചരൽ, മണ്ണു് മുതലായ പദാൎത്ഥങ്ങൾ ഒഴുക്കിൽ അകപ്പെട്ടു കുറേദൂരംകൂടെ പോകുന്നു. ഒഴുക്കിന്റെ ശക്തി കുറയുംതോറും ക്രമേണ അവയും അടിഞ്ഞുപോകുന്നു. ഇങ്ങനെ ജലത്തോടുകൂടി പൎവ്വതങ്ങളിൽനിന്നു താഴ്വരകളിലേയ്ക്കു വരുന്ന കല്ലുമുതലായ സാധനങ്ങൾ നദീമുഖംവരെ അവിടവിടെ താണടിഞ്ഞുകിടക്കാൻ സംഗതിയാകുന്നു. അതിനാൽ കാലക്രമത്തിൽ നദിയുടെ ചാൽ ഉയൎന്നുപോകുകയും വൎഷകാലത്തിൽ നദീജലം കരകവിഞ്ഞു് ഇരുവശത്തേക്കും പ്രവഹിക്കുകയും ചെയ്യുന്നു. നദികൾ ഇപ്രകാരം കരകവിഞ്ഞൊഴുകുന്ന സന്ദൎഭങ്ങളിൽ നദീജലത്തിലുള്ള മണ്ണു്, ചെളി, എക്കൽ മുതലായവ കരകളിൽ അടിയുന്നു. വൎഷം അവസാനിക്കയും വെള്ളം നദീതലത്തിൽ ഒതുങ്ങുകയും ചെയ്യുമ്പോൾ അതിന്റെ കരകൾ ഫലപുഷ്ടിയുള്ള കൃഷിഭൂമികളായിത്തീരുന്നു.

ഇപ്രകാരം നദീതീരങ്ങളിൽ കൃഷിക്കുള്ള സൗകൎയ്യം തന്നെ ഏററവും സാരമായിട്ടുള്ളതാകുന്നു. നദികളിൽകൂടി ചരക്കുകൾ കൊണ്ടുപോകുന്നതിനും, യാത്രചെയ്യു

ന്നതിനും വളരെ എളുപ്പമുള്ളതിനാൽ കച്ചവടത്തിനുള്ള സൗകര്യവും ഒട്ടും അപ്രധാനമല്ല. സ്നാനപാനാദികൾക്കു നദീജലം സുലഭമായിക്കിട്ടുകയാലുള്ള സുഖവും ചില്ലറയല്ല. ഈ കാരണങ്ങളാലായിരിക്കണം നമ്മുടെ പൂർവ്വന്മാർ ദീർഘകാലത്തിനു മുമ്പുതന്നെ നദീതീരങ്ങൾ കണ്ടുപിടിച്ച് അവിടങ്ങളിൽ വാസം ഉറപ്പിച്ചത്. ഗംഗാനദിയുടെ അനുഗ്രഹത്താൽ അതിന്റെ തീരത്തുള്ള എത്രയോ പ്രദേശങ്ങൾ ഐശ്വര്യസങ്കേതങ്ങളായിത്തീർന്നിട്ടുണ്ട്. ഈ വാസ്തവം ആലോചിച്ചാൽ അവിടങ്ങളിൽ ആദ്യം കുടിയേറിയ ആര്യന്മാർ ആ നദിയെ 'ഗംഗാദേവി'യെന്നു വാഴ്ത്തി ആരാധിച്ചതിൽ ആശ്ചര്യപ്പെടാനില്ല.

ഏകദേശം ഇതുപോലെയുള്ള കാരണങ്ങൾകൊണ്ടു സമുദ്രത്തിന്റെയും കായൽകളുടെയും തീരങ്ങളിലും ജനങ്ങൾ ആദികാലം മുതൽ താമസം തുടങ്ങിയിരിക്കണം. ഈ തീരപ്രദേശങ്ങൾ പ്രായേണ ഇളകിയ തറകളാകയാൽ വലിയ അദ്ധ്വാനം കൂടാതെ ഭൂമിയെ വെട്ടിക്കിളച്ചു കൃഷി ചെയ്‌വാൻ സൗകര്യമുണ്ടല്ലോ. വിശേഷ്യ, അന്യരാജ്യങ്ങളുമായി കച്ചവടം നടത്തുന്നതിനു സമുദ്രമാർഗ്ഗമായിട്ടല്ലാതെ തരമില്ല. അതിനാൽ കപ്പലുകൾ അടുക്കാൻ സൗകര്യമുള്ള തീരപ്രദേശങ്ങൾ തിരഞ്ഞു മനുഷ്യർ അവിടെ പാർപ്പും കച്ചവടവും ആരംഭിച്ചു. വാണിജ്യപ്രചാരത്തിൽ ഐശ്വര്യം വർദ്ധിച്ച് അങ്ങനെയുള്ള സ്ഥലങ്ങൾ വലിയ നഗരങ്ങളായിത്തീരുന്നു. കൊല്ലം,

ആലപ്പുഴ മുതലായി നമ്മുടെ സമുദ്രതീരത്തുള്ള പട്ടണങ്ങൾ ഇപ്രകാരം കച്ചവടത്തെ ഉദ്ദേശിച്ച് സ്ഥാപിച്ചിട്ടുള്ളവയാണെന്ന ചരിത്രത്തിൽ നിന്ന മനസ്സിലാക്കാം.

സമുദ്രതീരത്തു തന്നെ അടുത്തു കിടന്നാൽ സമുദ്രത്തിൽ ഉണ്ടാകുന്ന കൊടുങ്കാററും പിശറും കൊണ്ടു കപ്പലുകൾക്ക ചിലപ്പോൾ ഉപദ്രവം നേരിടുന്നതാണ്. കഴിയുന്നതും അകത്തേക്ക കടന്ന സംക്രമം കൂട്ടി കിടക്കാൻ സാധിക്കുമെങ്കിൽ അതു കപ്പലുകൾക്ക രക്ഷയായിരിക്കും. അതിനാൽ സൗകര്യമുള്ള സ്ഥലങ്ങളിൽ നദീതീരത്തും തുറമുഖങ്ങൾ സ്ഥാപിക്കാറുണ്ട്. ബംഗാൾ സമുദ്രത്തിന്റെ ക്ഷോഭത്തെ കൂട്ടാക്കാതെ കപ്പലുകൾക്ക നിർബാധമായി കടന്നിരിപ്പാൻ തക്കവണ്ണം കല്ക്കട്ടാ നഗരവും തുറമുഖവും ഹുഗ്ലി നദിയുടെ തീരത്തിൽ സ്ഥാപിച്ചിരിക്കുന്നു.

പ്രകൃതിദത്തമായ സൗകര്യം പ്രത്യക്ഷമായി കണ്ടു നദികളുടെയും മററു ജലാശയങ്ങളുടേയും തീരങ്ങളിലാകയാൽ മനുഷ്യർ ആദ്യകാലത്ത് അവിടങ്ങളിൽ പാർക്കാൻ തുടങ്ങി. സൗകര്യം അധികമുള്ള സ്ഥലങ്ങളിൽ ജനങ്ങൾ അധികം ചെന്നുകൂടുകയും, കച്ചവടം മുതലായ ഇടപാടുകൾ വർദ്ധിക്കുകയും ചെയ്യുമ്പോൾ ആ സ്ഥലങ്ങൾ നഗരങ്ങളായിത്തീരും. പ്രാചീനനഗരങ്ങൾ മിക്കവയുടെയും ചരിത്രം പരിശോധിച്ചാൽ ഈ സാമാന്യതത്വം അംഗീകാര്യമാണെന്ന കാണാം.

ദേവാലയങ്ങളുടെയോ തീർത്ഥസ്ഥലങ്ങളുടെയോ സാന്നിദ്ധ്യംകൊണ്ടും ചില സ്ഥലങ്ങൾ നഗരങ്ങളായിത്തീരുന്നു. ഇവയിൽ ചിലതെല്ലാം ജലാശയങ്ങളോടുള്ള സംബന്ധിച്ചു സ്ഥിതി ചെയ്യുന്നതായിരിക്കാം. ചില സ്ഥലങ്ങളിൽ പ്രതിവർഷം ഉത്സവകാലത്തു സമൃദ്ധമായ കച്ചവടം ഉണ്ടായിരിക്കാം. എങ്കിൽ കൃഷി, കച്ചവടം മുതലായ വ്യാപാരങ്ങൾ നിർവ്വഹിക്കുന്നതിനുള്ള സൗകര്യംകൊണ്ടല്ല പ്രത്യേകിച്ചു ഈ സ്ഥലങ്ങൾ ജനങ്ങളെ ആകർഷിച്ചതു്. ദൈവസ്സു് ഉണ്ടെന്നു കരുതിവരുന്ന ഒരു വിശേഷമായ മാഹാത്മ്യംകൊണ്ടായിരുന്നു. തിരുവിതാംകൂറിന്റെ രാജധാനിയായ തിരുവനന്തപുരത്തു വലിയ കൃഷിഭൂമികളോ കൃഷിക്കുള്ള സൗകര്യങ്ങളോ ഇല്ല. വാണിജ്യവിഷയത്തിൽ ഈ നഗരത്തിനു പറയത്തക്ക പ്രാധാന്യവും ഇല്ല. 'അനന്തശയനം' എന്നു പേരോടുകൂടി പ്രസിദ്ധമായിത്തീർന്നിട്ടുള്ള ശ്രീപത്മനാഭസ്വാമിക്ഷേത്രം ആണു് ഇവിടം രാജധാനിയായിത്തീരാൻ കാരണമാക്കിയതു്. അനന്തശയനം കണ്ടു വന്ദിക്കാൻ ഇന്ത്യയുടെ നാനാഭാഗങ്ങളിൽനിന്നും ഇവിടെ വരുന്ന ജനങ്ങളുടെ സംഖ്യ ചെറുതല്ല. ഇതുപോലെ മതസംബന്ധമായി ഗൗരവം സിദ്ധിച്ചിട്ടുള്ള നഗരങ്ങൾ ഭാരതത്തിന്റെ ചില ഭാഗങ്ങളിലും ഉണ്ടു്. അങ്ങനെയുള്ള നഗരങ്ങളിൽ ഇക്കാലത്തു തീവണ്ടി ആഫീസുകളും, കച്ചവടസ്ഥലങ്ങളും, വ്യവസായശാലകളും മററും കണ്ടെന്നുവരാം. എന്നാൽ ഈ പരിഷ്കാരമെല്ലാം മതസംബന്ധമായ മാഹാത്മ്യം നിമിത്തം അവ ജനസങ്കേതങ്ങളായിത്തീർന്നതിനുമേൽ വന്നിട്ടുള്ളതാണെന്നു് ഓർമ്മിക്കണം.

നഗരങ്ങൾ നിൎമ്മിക്കുവാൻ ഇക്കാലത്തു സൎവോപരി കാരണമായിത്തീൎന്നിട്ടുള്ളതു തീവണ്ടിയാണെന്നു പറയാം. ജനവൎജ്ജിതമായ സ്ഥലത്തു് ഒരു തീവണ്ടിസ്റ്റേഷൻ ഉണ്ടായാൽ ആ സ്ഥലം ക്രമേണ ഒരു പട്ടണം പോലെയായിത്തീരുമെന്നുള്ളതിനു ദൃഷ്ടാന്തങ്ങൾ ഉണ്ടു്. അവിടെ കച്ചവടത്തിനു പ്രകൃതിസിദ്ധമായ സൗകൎയ്യം ഉണ്ടായിരിക്കുകയോ ആ സ്ഥലം നാലു ദിക്കിലേക്കും വണ്ടികൾ പോകുന്ന കവലയായിരിക്കുകയോ ചെയ്താൽ അവിടം വളരെ വേഗത്തിൽ അഭിവൃദ്ധിയെ പ്രാപിക്കുന്നു.

ജൎമ്മൻസാമ്രാജ്യത്തിന്റെ രാജധാനിയും യൂറോപ്പിലെ വലിയ നഗരങ്ങളിൽ ഒന്നുമായ ബർലിൻ സ്ഥിതിചെയ്യുന്നതു നദീതീരത്തിലോ കടല്ക്കരയിലോ അല്ല. നാല്പതു ലക്ഷത്തിലധികം ജനങ്ങൾ ഈ നഗരത്തിൽ വസിക്കുന്നു. ഈ നഗരത്തിനു സമീപം സ്പ്രീ എന്നു ഒരു ചെറിയ നദി മാത്രമേ ഉള്ളു. അതു കച്ചവടത്തിനോ ഗതാഗതത്തിനോ ഉതകുന്നതല്ല. ജലാശയങ്ങളോടു സമീപിച്ചാണു നഗരങ്ങൾ ഉത്ഭവിക്കുന്നതെന്നുള്ള സാമാന്യവിധിക്കു് ഇതൊരു വ്യത്യസ്തം തന്നെയാണു്. എന്നാൽ അതിനു മതിയായ മറ്റൊരു കാരണമുണ്ടു്. ബ്രണ്ടൻബൎഗ്ഗ് എന്ന പേരോടുകൂടി ചുറ്റും ശത്രുസമൂഹങ്ങളാൽ വലയപ്പെട്ടിരുന്ന ഒരു ചെറിയ രാജ്യം വളരെക്കാലം മുമ്പു് ഉണ്ടായിരുന്നു. ബ്രണ്ടൻബൎഗ്ഗിലെ ജനങ്ങൾ പരാധീനത പരമസങ്കടമായി കരുതിവന്നു. അതി

ആൽ സ്വരാജ്യത്തിന്റെ മദ്ധ്യത്തിലായി രാജധാനി സ്ഥാപിക്കയാൻ അവർ നിശ്ചയിച്ചു. അതിലേക്ക് ഉചിതമായ സ്ഥലം അന്വേഷിച്ചു. ഒടുവിൽ സ്പ്രീ എന്ന നദിയുടെ സമീപത്തായി വിസ്തീർണ്ണമായ ഒരു മൈതാനം കണ്ടുപിടിക്കയും, കോട്ടകൊത്തളങ്ങൾ ഉറപ്പിച്ച് ആ സ്ഥലം അവർ രാജധാനിയാക്കുകയും ചെയ്തു. ഇങ്ങനെയാണ് ബർലിൻനഗരത്തിന്റെ ഉത്ഭവം. ബ്രാണ്ടൻബർഗ്ഗിലെ ജനങ്ങൾ സമീപസ്ഥമായ പ്രഷ്യരാജ്യത്തെ കീഴടക്കി രണ്ടു രാജ്യത്തിനുംകൂടി പ്രഷ്യാ എന്നു നാമകരണം ചെയ്തു. അപ്പോൾ ബർലിൻ പ്രഷ്യരാജ്യത്തിന്റെയും രാജധാനിയായിത്തീർന്നു. പ്രഷ്യാരാജ്യം വികാസത്തെയും പ്രാബല്യത്തെയും പ്രാപിച്ച് ഇപ്പോഴത്തെ ജർമ്മനിയായി പരിണമിച്ചതിന്റെ ശേഷം ബർലിൻ ഈ സാമ്രാജ്യത്തിന്റെ രാജധാനിയായി രൂപാന്തരപ്പെട്ടു, ഇപ്പോഴും യൂറോപ്പിലെ മഹാനഗരങ്ങളിൽ ഒന്നായി ശോഭിക്കുന്നു. ഇങ്ങനെ രാഷ്ട്രീയകാരണങ്ങളാൽ നഗരങ്ങൾ ഉത്ഭവിക്കുന്നതും അസാധാരണമല്ല.

പാഠം ൧൮.

ഒരു മലങ്കാട്ടിലെ മഴക്കാലം

മേഘങ്ങൾ പിന്നെ ഗഗനം ചിലേടം
മൂടിച്ചിലേടം വെളിവായ് ലസിപ്പൂ;
പലേടമായ്ക്കണ്ട തുരുത്തു നില്ക്കും
പ്രശാന്തമാം വൻകടലെന്നപോലെ. ൧

സ്വാദേറെയും കൂടിയ വണ്ടിമാങ്ങാക്കുല
ഞാവൽപ്പഴം വണ്ടുതിന്നിടുന്നു;
പലേ നിറം തങ്കിന മാമ്പഴങ്ങൾ
കാറേറല്ലൂ താലൂഴിയിൽ വീണിടുന്നു. ൨

തൂമാരിയാൽപ്പുല്ലുനിലം തഴച്ചും
മയിൽസ്സമൂഹം നടനം തുടർന്നും
പെയ്യും മഴക്കാറിനലം വനങ്ങൾ
വയ്യിട്ട കാരങ്കരെ വിളങ്ങിടുന്നു. ൩

പാലിച്ച വെള്ളച്ചട്ടം ചുമന്നു
വെള്ളത്തിൻ കനം ചേർന്നുവരും ഘനങ്ങൾ
മഹാദ്രിശൃംഗങ്ങളിലേ നിന്നു നിന്നു
തളച്ചിരിത്തങ്ങനെ പോയിടുന്നു. ൪

മേഘത്തെ മോഹിച്ചു പറന്നുകൊണ്ടു
മോദിച്ചു വെണ്മയിൽപ്രകരം ലസിപ്പൂ
വാനത്തു തൂക്കീടിന കാറവലയ്ക്കും
നല്ലോരു വെൺതാമരമാലപോലെ. ൫

സഹർഷരായ് കേതകപുഷ്പഗന്ധ-
മേററമേറയിമ്പമൊട്ടു ചോലതോറും
നീർ ചാട്ടമാടിടെച്ചുയിലമ്പരന്നി-
ട്ടാക്കുന്നു കൈമെമെലൊള്ളു മടപേിചെന്ദർ. ൧൨

തടിൽക്കൊടിക്കൂറകൾ കൊണ്ടണിഞ്ഞും
തടിച്ചു ഗംഭീരരവം കലർന്നും
സ്ഫുടം മഴക്കാറുകളുല്ലസിപ്പൂ
പടക്കൊരുങ്ങീട്ടൊട്ട ഗജങ്ങൾ പോലെ. ൧൩

നേരം വഴിക്കൊട്ടിവനത്തിലേക്ക
പോരുംവിധം കാററലിക്കുംകയ്യാലേ
മാററാനതെന്നോർത്തു പുറം തിരിഞ്ഞാൻ
മത്തുമെമ്മാരനാപ്പൃയമാളുടക്കായ്. ൧൪

മിളിന്ദചീഞ്ഞു കുളനാടമൊത്തും
മണ്ഡൂകവായ് ത്താലികളോടു ചേർന്നും
കാർമല്ലത്തിൻ ധ്വനിയാൽത്തെളിഞ്ഞും
കാട്ടിൽത്തുടങ്ങി സംഗീതമങ്ങൊന്നാം. ൧൫

ചിരം മയക്കീടിന ജില്ലകെസ്സി-
ട്ടുണർന്ന ഭേകങ്ങൾ ഘനാരവത്താൽ
പുത്തൻ ജലം പൂണ്ടു കറുത്ത കാറു
കരഞ്ഞ കാർ ചേർന്നു വിളങ്ങിടുന്നു. ൧൬

തീയാൽക്കരിഞ്ഞീടിന കാന ചേൻ
തീയാൽക്കരിഞ്ഞീടിന കന്നപോലെ

അടിഞ്ഞ പുത്തൻ മഴമുകിൽമല്ലി
ഒടിഞ്ഞ പൊൻഞാർകൾ വെടിഞ്ഞു വെക്കം
[൧൪

കടമ്പിനമ്മല്ലിയണിപ്പുതപ്പു-
വിടം പിടിപ്പു വരിവണ്ടു ഹർഷാൽ
മറഞ്ഞു കാറാലുടഞ്ഞുപോയ മാനം
വരാതെയായി വെളിയിൽ ദിനേശൻ. ൧൫

പരന്ന പാടത്തിൽ പുതുനീരൊഴുക്ക-
മിരട്ടിനാൽ ത്രീക്കകൾ മൂടപ്പാന്ത.
പൊറ്റപ്പുറത്തേറിയടിച്ചുടഞ്ഞ
വിശാലമാം മാമലനീരൊഴുക്കും. ൧൬

മഴയ്ക്കലാച്ചു കോലും ഇടതോറുമെത്ര
കൊഴിഞ്ഞ മുത്തിൻപടി മിന്നിടുന്ന
മേഘങ്ങൾ പൊങ്ങും കടലൊച്ച പൂണ്ടു
മാനത്തു പാറിപ്പോക മാരിയാമലേ.

[വാല്മീകിരാമായണം.]

പാഠം ൧൨.

പക്ഷികൾ

വർണ്ണവൈചിത്ര്യംകൊണ്ടും രൂപഭംഗികൊണ്ടും ഗാനമാധുര്യംകൊണ്ടും പക്ഷികൾ നമുക്കു സന്തോഷം ഉണ്ടാക്കുന്നു. ഇവയെക്കുറിച്ചു പലതും പഠിക്കാനുണ്ട

ങ്കിലും ഈ പാഠത്തിൽ അതെല്ലാം വിവരിക്കാവുന്നതല്ല. അല്പം മനസ്സിരുത്തി നോക്കിയാൽ ഗ്രഹിക്കാവുന്ന ചില സംഗതികൾ മാത്രം പ്രസ്താവിക്കാം. മൃഗങ്ങൾക്കും മനുഷ്യർക്കും ഉള്ളതുപോലെ നട്ടെല്ലും അസ്ഥികളും തലയും തലച്ചോറും പക്ഷികൾക്കും ഉണ്ടു്. ഇതുകൂടാതെ ഹൃദയവും, ശ്വാസകോശങ്ങളും, രക്തപ്രവാഹത്തിനു വേണ്ട നാഡികളും, ദഹനേന്ദ്രിയവും അവയുടെ ശരീരത്തിലും ഉണ്ടു്. എന്നാൽ പല കാര്യങ്ങളിലും പക്ഷികൾ മൃഗങ്ങളിൽനിന്നു വ്യത്യാസപ്പെട്ടിരിക്കുന്നു.

പെൺപക്ഷികൾ ഇടുന്ന മുട്ട വിരിഞ്ഞാണു കുഞ്ഞുങ്ങൾ ഉണ്ടാകുന്നതു്. അവ തള്ളയുടെ പാൽ കുടിച്ചല്ല വളരുന്നതു്. പക്ഷികൾക്കു പാലില്ല. മുട്ട വിരിഞ്ഞു പുറത്തുവന്നാൽ ഏതാനും ദിവസത്തേക്കു് തള്ളയുടെ ചിറകിനടിയിൽ ഇരുന്നു ചൂടുപിടിച്ചു കുഞ്ഞുങ്ങൾ വളരുന്നു. പക്ഷികൾക്കു പല്ലു് ഇല്ല. പല്ലിനു പകരം കട്ടിയുള്ള ചുണ്ടുകളാണു് ഉള്ളതു്. ആ ചുണ്ടു കൊണ്ടു ഭക്ഷണസാധനങ്ങൾ കൊത്തി മുറിച്ചു വിഴുങ്ങുന്നു. പക്ഷികളുടെ പിൻകാലുകൾ രണ്ടും മാത്രമേ കാലുകളായി കാണുന്നുള്ളു. മുൻ കാലുകളിൽ തൂവലുകൾ മുളച്ചിരുന്നു് അവ ചിറകുകളായി രൂപാന്തരപ്പെട്ടിരിക്കുന്നു. ചിറകുകൾ വിടർത്തുന്നതിനും മടക്കുന്നതിനും അവയ്ക്കു സാധിക്കുന്നു. ചിറകുകൾ വിരിച്ചു പറന്നാണു് അവ ആകാശത്തിൽ സഞ്ചരിക്കുന്നതു്.

അവയുടെ കാലുകളിൽ വിരലുകളും നഖങ്ങളും ഉണ്ടു്. ഈ വിരലുകൾകൊണ്ടു മുറുക്കിപ്പിടിച്ചു് അവ മരക്കൊമ്പിലും മററും ഇരിക്കുന്നു.

പറക്കുക എന്നു പറയുന്നതു് വായുമണ്ഡലത്തിൽ നീന്തുകയാണു്. അങ്ങനെ നീന്തുന്നതിനു സൗകര്യപ്പെടത്തക്കവണ്ണമാണു് അവയുടെ ശരീരം നിർമ്മിച്ചിരിക്കുന്നതു്. വായുവിനെ മുറിച്ചുപോകാൻ അണിയംപോലെ ഒതുങ്ങിയ തലയും, തുഴയാൻ ചിറകുകളും അമരം പിടിക്കാൻ വാലും അവയ്ക്കു് ഉണ്ടു്. അണിയത്തിന്റെ കീഴ്വശംപോലെ പക്ഷികളുടെ ശരീരത്തിന്റെ കീഴ്വശം ഒതുങ്ങിയും കൂർത്തും ഇരിക്കുന്നു. അവയുടെ ശരീരം കാഴ്ചയിൽ [illegible] തോന്നുന്നതിനേക്കാൾ വളരെ ഘനം കുറഞ്ഞതാണു്. അവയുടെ എല്ലുകൾക്കുള്ളിൽ മജ്ജ കുറവായതുകൊണ്ടു് അവയ്ക്കുള്ളിൽ വായു നിറച്ചുകൊണ്ടു പക്ഷികൾക്കു് ആകാശത്തേക്കു് ഉയരാൻ കഴിയുന്നു.

മൃഗങ്ങൾ ആഹാരസാധനങ്ങൾ പല്ലുകൊണ്ടു ചവച്ചരച്ചു തിന്നുന്നു. പക്ഷികൾ ഭക്ഷ്യങ്ങളെ കൊത്തിമുറിച്ചു വിഴുങ്ങുന്നതേയുള്ളു. അങ്ങനെ വിഴുങ്ങുന്ന ആഹാരപദാർത്ഥങ്ങൾ പക്ഷികളുടെ തൊണ്ടയ്ക്കു് അല്പം താഴെയുള്ള ഒരു സഞ്ചിയിൽ ചെന്നു വീഴുന്നു. ആ സഞ്ചിയുടെ ശക്തിയായ സങ്കോചത്താൽ മർദ്ദിക്കപ്പെട്ടതിന്റെ ശേഷം അതു് ആമാശയത്തിലേക്കു് ഇറങ്ങുന്നു.

വെള്ളത്തിൽനിന്നു് ആഹാരം സമ്പാദിക്കേണ്ടുന്ന പക്ഷികൾക്കു നീളം കൂടിയ കൊക്കു് ഉണ്ടായിരിക്കും. താറാവിനെപ്പോലെ വെള്ളത്തിൽ പൊങ്ങിക്കിടന്നു നീന്തുന്ന പക്ഷികൾക്കു് ആഹാരം ലഭിക്കാൻ മററാരു സൌകര്യം ലഭിച്ചിട്ടുണ്ടു്. ചെറിയ തവിപോലെ കുഴിഞ്ഞിരിക്കുന്ന കീഴ്ച്ചുണ്ടിൽ വെള്ളം നിറച്ചു് മേൽച്ചുണ്ടിന്റെ അടിയിൽക്കൂടി അരിക്കുമ്പോൾ കട്ടിയുള്ള പദാർത്ഥങ്ങൾ വായിൽ തങ്ങുന്നു. അവയിൽ ആഹാരത്തിനു കൊള്ളാവുന്നവ നാക്കുകൊണ്ടു് തിരഞ്ഞെടുത്തു ഭക്ഷിക്കുന്നു. കൃമികളെയും കീടങ്ങളെയും പിടിച്ചു തിന്നുന്ന പക്ഷികളുടെ മേൽച്ചുണ്ടിൽ, അരംപോലെ കതകൾ ഉണ്ടായിരിക്കും. ഈ കതകളുടെ സഹായം കൊണ്ടു് കൃമികീടാദികളെ മുറുക്കിപ്പിടിക്കാൻ അവയ്ക്കു സാധിക്കുന്നു. ചില പക്ഷികൾ ചുണ്ടു പൊളിച്ചുകൊണ്ടു് അതിവേഗത്തിൽ പറക്കുകയും, വായിൽ പറന്നുകേറുന്ന ചെറുജീവികളെ ഭക്ഷിക്കുകയും ചെയ്യുന്നു.

ധാന്യങ്ങളും കുരുക്കളും ഞെരിച്ചുടച്ചു തിന്നുന്ന പക്ഷികളുടെ ചുണ്ടു കുറിയതും തടിച്ചുമായിരിക്കും. വൃക്ഷങ്ങളിൽനിന്നു പുഴുക്കളെ കൊത്തിത്തിന്നും, തേൻ കുടിച്ചും ജീവിക്കുന്ന വളരെ ചെറിയ ഒരു തരം പക്ഷികൾ ഉണ്ടു്. അവയുടെ ചുണ്ടു് വളരെ മൂൎച്ചയായിരിക്കുന്നു.

പക്ഷികൾ പറന്നാണു സഞ്ചരിക്കുന്നതെങ്കിലും അവയുടെ കാലുകൾ നിഷ്പ്രയോജനങ്ങളല്ല. നിലത്തും വൃക്ഷശാഖകളിലും ഇരിക്കുന്നതിനും നടക്കുന്നതിനും അവയ്ക്കു കാലുകൾ പ്രയോജനപ്പെടുന്നു. പരുന്തു്, കഴുകൻ മുതലായ പക്ഷികൾ ഇര പിടിക്കുന്നതിനും കാലുകൾ ഉപയോഗിക്കുന്നു. സാധാരണമായി പക്ഷികളുടെ ഓരോ കാലിലും നാലു വിരലുകളും വിരലുകളുടെ അഗ്രത്തിൽ നീണ്ട നഖങ്ങളും ഉണ്ടു്. വിരലുകൾ

കൊണ്ടു് ഉറക്കിപ്പിടിച്ചാണു് അവ വണ്ണം കുറഞ്ഞ മരക്കൊമ്പുകളിൽ ഇരിക്കുന്നതു്. താറാവിനെപ്പോലെ വെള്ളത്തിൽ നീന്തുന്ന പക്ഷികളുടെ വിരലുകളുടെ ഇടയ്ക്കു കട്ടിയുള്ള തൊലി വളൻ തമ്മിൽ ചേർന്നിരിക്കും. ഇങ്ങനെയുള്ള ജാലപാദങ്ങൾ വള്ളത്തിന്റെ തുഴപോലെ ഈ പക്ഷികൾക്കു ജലസഞ്ചാരത്തിനു് ഉപയോഗപ്പെടുന്നു. ഓട്ടക്കാരായ പക്ഷികൾക്കു കാലിനു നീളക്കൂടുമെങ്കിലും ഓരോ കാലിലും രണ്ടോ മൂന്നോ വിരലുകൾ മാത്രമേ ഉണ്ടായിരിക്കയുള്ളൂ.

മരം കയറുന്ന തത്ത, മരംകൊത്തി മുതലായ പക്ഷികളുടെ കാലിനു ബലം കൂടും. അവയ്ക്കു ഓരോ കാലിൽ മുൻപോട്ടും പിൻപോട്ടും ഈരണ്ടു വിരലുകൾ ഉണ്ടു്. ഈ വിരലുകളും വേണ്ടിവന്നാൽ ചുണ്ടും വാലും ഊന്നിപ്പിടിച്ചാണു് അവയ്ക്കു വേഗത്തിൽ മരം കേറുവാൻ

സാധിക്കുന്നതു്. മരംകൊത്തിയുടെ കാലുകൾ മററു പക്ഷികളുടെ കാലിനേക്കാൾ ശരീരത്തിന്റെ പശ്ചാത്ഭാഗത്തേയ്ക്കു മാറിനില്ക്കുന്നതു നിങ്ങൾ സൂക്ഷിച്ചിട്ടുണ്ടോ? ഇതിനാൽ ആ പക്ഷിക്കു ശരീരത്തിന്റെ പൂർവ്വഭാഗംകൊണ്ടു് ഊക്കോടെ ആഞ്ഞു മരത്തിൽ കൊത്താൻ കഴിവുണ്ടാകുന്നു. കൊററികളെപ്പോലെ വെള്ളത്തിൽ നടക്കുന്ന പക്ഷികൾക്കു നീളംകൂടിയ കാലുകളും, ചലിക്കത്തക്കവണ്ണം നീണ്ട കഴുത്തും, മൂർച്ചയുള്ള ചുണ്ടും പ്രത്യേകലക്ഷണങ്ങളാകുന്നു.

പക്ഷികൾക്കുള്ള വിശേഷസമ്പത്തു് അവയുടെ തൂവലുകളാണു്. തൂവലുകൾ വളരെ മൃദുവായും ഘനം കുറഞ്ഞുമിരിക്കുന്നു. ദേഹത്തോടു പററിനിന്നു തണുപ്പു തട്ടാതെ സൂക്ഷിക്കുന്ന ഒത്ത ചെറിയ തൂവലുകൾക്കു 'പൂടകൾ' എന്നാണു പേര്. പക്ഷികളുടെ കഴുത്തിലും നെഞ്ചിലും പൂടകൾ ധാരാളമായി ഉണ്ടായിരിക്കും. നീളംകൂടിയ തൂവൽകൊണ്ടാണു പക്ഷികൾക്കു രൂപസൗന്ദര്യം സിദ്ധിക്കുന്നതു്. വാലിലും ചിറകിലും സമൃദ്ധിയായി ഉണ്ടാകുന്ന തൂവലുകളുടെ സഹായംകൊണ്ടാണു് അവയ്ക്കു പറക്കാൻകഴിയുന്നതും. ജലസമ്പർക്കംകൊണ്ടു നനയാത്ത വിധത്തിൽ ഈ തൂവലുകൾ സ്നിഗ്ദ്ധമായിരിക്കുന്നതു കൊണ്ടാണു പക്ഷികൾ തണുപ്പുതട്ടാതെ സഞ്ചരിക്കുന്നതു്. അവയുടെ തൊക്കിൽനിന്നു ഊറിയിറങ്ങുന്ന ഒരെണ്ണയും കൊക്കുകൊണ്ടെടുത്തു തൂവലുകളിൽ പുരട്ടാറുള്ളതുകൊണ്ടു് അവ സ്നിഗ്ദ്ധങ്ങളായിരിക്കുന്നു. കാററിന്റെ ശക്തികൊണ്ടു തൂവലുകൾ വിടർന്നു പോകാതിരിക്കുന്നതി

നാരി, ഈ വലിപ്പമുള്ള ഓരോ രോമങ്ങളുടെ അഗ്രം അടുത്ത രോമങ്ങളോടു പരസ്പരം കൊളുത്തിട്ടതുപോലെ ചേൎന്നിരിക്കുന്നു.

പക്ഷികൾ നമുക്കു വിനോദത്തിനു മാത്രമല്ല ഉപയോഗപ്പെടുന്നതു്. കൃമികീടാദികളായുള്ള ഉപദ്രവകരങ്ങളായ ക്ഷുദ്രജന്തുക്കളെയും, കള, കാട്ടുചെടി മുതലായവയെയും പക്ഷികൾ തിന്നു നശിപ്പിക്കുന്നു. ചീഞ്ഞു് അഴുകിയ പദാൎത്ഥങ്ങൾ മിക്കതും തിന്നുതീക്കുന്നതിനാൽ, മനുഷ്യന്റെ ആരോഗ്യരക്ഷണത്തിനും അവ ഉപകരിക്കുന്നു. എന്നാൽ കൃഷി ചെയ്യുന്ന ധാന്യങ്ങളും വിളവുകളും തിന്നു നശിപ്പിച്ചു നഷ്ടംവരുത്തുന്ന പക്ഷികളും ഉണ്ടു്. നല്ലതും ചീത്തയും കലൎന്നില്ലാത്ത ലോകത്തിൽ യാതൊന്നും ഇല്ലല്ലോ.

ചിറകു് ഉണ്ടെങ്കിലും ചില പക്ഷികൾക്കു വളരെ ദൂരം പറക്കാൻ കഴിയുന്നില്ല. കോഴിയും, താറാവും ഇതിനു ദൃഷ്ടാന്തങ്ങളാണു്. ഉഷ്ണദേശങ്ങളിലെ മണൽക്കാടുകളിൽ ജീവിക്കുന്ന ഒട്ടകപ്പക്ഷിയാണു് ഉത്തമമായ ദൃഷ്ടാന്തം. ഈ പക്ഷി ഒട്ടും തന്നെ പറക്കുന്നില്ല. എന്നാൽ ഓട്ടത്തിൽ അതിനുള്ള സാമൎത്ഥ്യം അന്യാദൃശമാണു്. ഓട്ടംകൊണ്ടാണു് അതു ശത്രുക്കളിൽനിന്നു രക്ഷപ്പെടുന്നതു്. ക്ഷീണിക്കുന്നതുവരെ ഓടിച്ചു വേട്ടക്കാർ അവയെ വെടിവെച്ചു കൊല്ലുന്നു.

പക്ഷികളുടെ രക്തത്തിനു നമ്മുടെ രക്തത്തെക്കാൾ അധികം ചൂടു് ഉണ്ടു്. ഈ ചൂടു കുറഞ്ഞുപോകാതെ

സൂക്ഷിക്കുന്നതിൽ അവയ്ക്കു വളരെ ജാഗ്രതയുണ്ടു്. അതിനാൽ പല പക്ഷികളും ഋതുഭേദം അനുസരിച്ചു ദേശാന്തരങ്ങളിൽ പോകുന്നു. സ്വദേശത്തിൽ ദുസ്സഹമായ തണുപ്പു് ഉണ്ടാകുമ്പോൾ ഇത്തരം പക്ഷികൾ ചൂടുള്ള ദേശങ്ങളിലേക്കു് കൂട്ടമായി പോക പതിവാണു്. ചില പക്ഷികളുടെ ശബ്ദം ആണ്ടുതോറും ഒരു പ്രത്യേക കാലത്താണല്ലോ നാം കേൾക്കുന്നതു്. 'അപ്പൻ കൊമ്പത്തു്' എന്ന രൂപത്തിൽ ശബ്ദിക്കുന്ന പക്ഷിയെയും, കുയിൽ മുതലായവരെയും ഇതിനു ദൃഷ്ടാന്തമായി പറയാം. ഇപ്രകാരം തണുപ്പുനിമിത്തം സൈബീരിയായിൽ നിന്നു കൂട്ടമായി പുറപ്പെട്ടുവരുന്നവയാണു നമ്മുടെ നാട്ടിൽ പ്രത്യക്ഷപ്പെട്ടു വിളവു നശിപ്പിക്കുന്ന ഇരണ്ടകൾ. ധ്രുവപ്രദേശങ്ങളിൽ ആറുമാസം രാത്രിയും ആറുമാസം പകലുമാണല്ലോ. ഉത്തരധ്രുവത്തിൽ സൂര്യപ്രകാശമില്ലാതിരിക്കുമ്പോൾ, ദക്ഷിണധ്രുവത്തിൽ സൂര്യപ്രകാശവും ചൂടും ഉണ്ടായിരിക്കും. ദക്ഷിണധ്രുവത്തിൽനിന്നു സൂര്യപ്രകാശം കഴിയുമ്പോൾ ഉത്തരധ്രുവത്തിലെ സ്ഥിതിയും അതുപോലെ തന്നെ. ഇപ്രകാരം സൂര്യന്റെ അഭാവം നിമിത്തം ഒരു ധ്രുവപ്രദേശത്തിൽ ശൈത്യം വളരെ അധികമാകുമ്പോൾ അവിടെനിന്നു പുറപ്പെട്ടു നേരെ മറേറ ധ്രുവത്തിൽ എത്തി ചൂടും വെളിച്ചവും അനുഭവിക്കുന്ന പക്ഷികളും ഉണ്ടു്.

പാഠം ൧൪.

രാവണമദം

നമ്മുടെ വിക്രമമല്പമതല്ലല്ലോ ര-
ഹമ്മത! ഞാൻ പറകല്ലമുനീന്ദ്ര!
ത്രിഭുവനവാസികളെല്ലാം നമ്മുടെ
വിബുധത കണ്ടു പുകഴ്ത്തുന്നില്ലേ?

സുഭഗൻ ദശമുഖനെന്നൊരു നാണിയ-
മഹാഘോഷം! ദിശിദിശി കേൾക്കുന്നില്ലേ?
തീർത്തുരചെയ്യാമിന്നിഹ നമ്മൊടു
നേർത്തുവരുന്നവരൊക്കെ മടങ്ങും.

ജംഭാന്തകനുടെ കുംഭിപ്രവരൻ
കൊമ്പുകൾ നാലുമുയർത്തിക്കൊണ്ടഥ
ജൃംഭിക്കുമതിൽ മുസലവുമേന്തി
ജൃംഭിച്ചാശു വരുന്നേരം ഞാൻ

മുമ്പിൽ ചെന്നഥ കൊമ്പു പിടിച്ചു
തരിമ്പുവിടാതെ കരിമ്പുകണക്കെ
കൊമ്പുകൾ നാലുമൊരുമ്പെട്ടു ഖണ്ഡി-
ച്ചുടനൊട്ടു കുംഭമടിച്ചു പിളർന്നു

ഇമ്പമകന്നതികമ്പമിയന്നുട-
നമ്പർകുലങ്ങളിൽ മുമ്പനതാകിയ
വമ്പൻ മഘവാ നിലിമ്പപുരത്തിന-
കമ്പുക്കാനതിസംഭ്രമസരസൻ

പട്ടിണിയിട്ടു വരുന്ന ജനത്തി-
ന്നഷ്ടി കൊടുക്കാത്തവനീശന്മാർ
കെട്ടിസ്വരൂപിക്കുന്ന സുവർണ്ണം
പട്ടും പൊന്നും പണവുമിതെല്ലാം ൨൪

പെട്ടന്നാശു പിടിച്ചുപറിപ്പാ-
നൊട്ടും ദൂഷണമില്ല നമുക്ക്
എന്തിനു പലവിധമുരചെയ്യുന്നു?
പണ്ട് ക്ഷിതിവരൻെറ പരാക്രമപുഷ്ടികൾ ൨൮

ചിന്തിച്ചാലവസാനവുമില്ല
നിന്തിരുവടിയറിയാത്തതുമല്ല
ഭൂതലവും സ്വർഗ്ഗം പാതാളം
ഭുവനം മൂന്നിലുമിന്നിഹ പാർത്താൽ ൩൨

രാവണനോടു സമാനപരാക്രമ-
നേവനൊരധിപതിയുള്ളു മുനീന്ദ്ര!

(കാർത്തവീര്യവിജയം തുള്ളൽ)

പാഠം ൧൭.

രാവണമദമർദ്ദനം

മണിമേത്തിലിപ്പുരിന്മാർഗ്ഗത്തെ നോക്കിയതു
കണ്ടിട്ടു നില്ക്കുന്ന കാർത്തവീര്യാർജ്ജുനൻ
ഝടിതി ദശമുഖനുടയ മുടികൾ പിടിപെട്ടര-
നങ്ങോട്ടുമിങ്ങോട്ടുമുന്തിയും തള്ളിയും ൪

ഝടിതി പരമുടനട് യുമിടികളും കൊണ്ടുടൻ
പാകാതെ പത്തു തരംകെട്ട രാവണൻ
കരചരണമുപചരണമിരുപതുകരങ്ങളും
പാശലകൊണ്ടു ബന്ധിച്ചു ലങ്കേശനെ. ൯

കരചരണതലചലനരഹിതമിഹ കൊണ്ടുപോയ്
കാരാഗൃഹംതന്നിലിട്ടു പൂട്ടീടിനാൻ.
പത്തു മുഖങ്ങളിൽനിന്നു പുറപ്പെട്ട-
മത്യന്തതരമാമുറവിളിഘോഷം ൧൦

പത്തു ദിഗന്തരമൊക്കെ മുഴങ്ങി
പാതാളസ്വർഗ്ഗങ്ങളിലെത്തി
“എന്തൊരുമുറവിളിയായിതു ക്രൂരമേ?”
“പങ്ക്തിഗളൻറെ കരച്ചിലുപോലും.” ൧൧

“എന്തൊരു സങ്കടമിങ്ങവനിപ്പോൾ?”
“ബന്ധനമാശു ഭവിച്ചതുപോലും”
“മററുള്ളവരെയക്കെട്ടിയടിച്ചു
പിടിച്ചുപറിച്ചു വലയ്ക്കുന്നവനെ ൧൨

കെട്ടിയടിപ്പാനെന്തൊരുബന്ധം
നാട്ടിലിദാനീമുണ്ടായ് വന്നു?”
“ബലവാനാകിയ കൃതവീര്യജനൊട്ടു
കലഹിപ്പാനായ് ചെന്നൊരശേഷം ൧൩

പാരാതവനും ഇവനെക്കെട്ടി-
ക്കാരാഗൃഹമതിലാക്കിയടച്ചാൻ.”

"കൊലചെയ്യാത്തതല്ലമെന്തേ ക്രൂരവേ?"
"കൊലചെയ്യാൽ മതിയാമോ ദോഷം?" ൨൯

പലനാളിങ്ങനെ പട്ടിണിയിട്ടും
പലതും കൊണ്ടുടനാനകളിച്ചും
വലയിൽപ്പെട്ട കുരങ്ങുകളൊക്കെ
വലയുണരെന്ന മതിയാവുള്ളൂ. ൩൦

കൊലചെയ്താൽപ്പുനരന്തകനവനെ
വലയ്ക്കുന്നതിഹ നമുക്കറിയാമോ?
രാവണമുറവിളി കേട്ടിട്ടില്ലെന
രാവും പകലും ഘോഷിക്കുന്നു. ൩൧

(കാർത്തവീര്യവിജയം തുള്ളൽ)

പാഠം ൧൯

നളനും ദമയന്തിയും

ഭാരതവർഷത്തിന്റെ വടക്കുഭാഗത്തു പണ്ടു നിഷധമെന്നു് ഒരു രാജ്യം ഉണ്ടായിരുന്നു. വീരസേനരാജാവിന്റെ പുത്രനായി നളൻ എന്നൊരു രാജാവു് ഒരിക്കൽ അതിന്റെ അധിപതിയായിരുന്നു. അദ്ദേഹം പ്രജകളെ വഴിപോലെ പരിപാലിച്ചുവന്നു. ഭരണസാമർത്ഥ്യത്തിലും ബാഹുബലത്തിലും നളൻ അദ്വിതീയനാണെന്നുള്ള കീർത്തി ലോകമെങ്ങും പരന്നു.

അക്കാലത്തു വിദർഭരാജാവായിരുന്ന ഭീമനു ദമയന്തി എന്നൊരു പുത്രി ഉണ്ടായിരുന്നു. സകല സൌഭാഗ്യങ്ങളും തികഞ്ഞ ആ കന്യകയെ വിവാഹം ചെയ്യണമെന്നു നളനു് ആഗ്രഹം ജനിച്ചു. ഒരു ദിവസം നളൻ അരമനയിലെ പൂങ്കാവിൽ നടന്നുകൊണ്ടിരുന്നപ്പോൾ തടാകത്തിന്റെ തീരത്തിൽ ഒരു ഹംസത്തെ കണ്ടു കൗതുകം തോന്നി ആ പക്ഷിയെ അദ്ദേഹം പിടിച്ചു. എങ്കിലും അതിന്റെ കരച്ചിൽ കേട്ടു് ഉടൻതന്നെ വിട്ടുകളഞ്ഞു. ദയാലുവായ രാജാവിനു തക്കതായ പ്രത്യുപകാരം ചെയ്യണമെന്നു് ഹംസം നിശ്ചയിച്ചു. ദമയന്തിയെപ്പററിയുള്ള അദ്ദേഹത്തിന്റെ മനോരഥം സാധിച്ചുകൊടുക്കാമെന്നു പറഞ്ഞു് ഹംസം വിദർഭരാജ്യത്തിന്റെ തലസ്ഥാനമായ കുണ്ഡിനപുരത്തിലേക്കു തിരിച്ചു. പക്ഷി നളന്റെ ഗുണഗണങ്ങൾ വർണ്ണിച്ചു ദമയന്തിയെ കേൾപ്പിച്ചു. നളനോടു മുമ്പേതന്നെ അനുരാഗം തോന്നിയിരുന്ന ദമയന്തി നളനെയല്ലാതെ ആരെയും താൻ വിവാഹം ചെയ്കയില്ല എന്നു് ഉറപ്പു പറഞ്ഞു. ഹംസം ഈ വിവരം നളനെ അറിയിച്ചു. തന്റെ പ്രത്യുപകാരകൃത്യം നിർവഹിച്ചു.

ഭീമരാജാവു് പുത്രിയുടെ സ്വയംവരത്തിനു വട്ടം കൂട്ടി. അദ്ദേഹത്തിന്റെ ക്ഷണപ്രകാരം പല രാജാക്കന്മാരും കുണ്ഡിനനഗരത്തിൽ ചെന്നുചേർന്നു. നളനു മാത്രം വഴിയിൽ ഒരു ദുർഘടം നേരിട്ടു. ഇന്ദ്രൻ, അഗ്നി, യമൻ, വരുണൻ എന്ന നാലു ദേവന്മാരും വഴിയിൽ വച്ചു് അദ്ദേഹത്തെ കണ്ടെത്തി. ഒരു കാര്യം സാധിച്ചുകൊടുക്കണമെന്നു് അവർ നളനോടു് ആവശ്യപ്പെട്ടു.

അപകടം ഒന്നും ശങ്കിക്കാതെ നളൻ അപ്രകാരം ചെയ്യാമെന്നു സമ്മതിച്ചു. അവരിൽ ഒരാളെ വരിക്കാനു നളൻ ദമയന്തിയുടെ അടുക്കൽ പോയി അപേക്ഷിക്കണമെന്നായിരുന്നു ദേവന്മാരുടെ കല്പന. നളൻ വിഷമിച്ചു. എങ്കിലും തന്റെ വാക്കു നിറവേററുവാൻവേണ്ടി ദേവന്മാരുടെ ദൂതനായി അദ്ദേഹം കുണ്ഡിനത്തിലേയ്ക്കു തിരിച്ചു. ദേവന്മാരിൽനിന്നു സിദ്ധിച്ച തിരസ്കരണിയുടെ പ്രഭാവംകൊണ്ടു് നളൻ ആരും കാണാതെ അന്തഃപുരത്തിൽ കടന്നു ദമയന്തിയുടെ മുമ്പിൽ പ്രത്യക്ഷപ്പെട്ടു. ഇന്ദ്രാദികളുടെ അപേക്ഷയെ അറിയിച്ചു്, അവരിൽ ഒരാളെ വിവാഹം ചെയ്യണമെന്നു് അദ്ദേഹം ദമയന്തിയോടു് അപേക്ഷിച്ചു. നളൻതന്നെ ആ കാര്യത്തിൽ ദൂതനായി ചെന്നതുകൊണ്ടു് ദമയന്തി വളരെ വ്യസനിച്ചു. “എന്നാൽ ഇന്ദ്രാദികളും സ്വയംവരത്തിനു വരട്ടെ. അവരുടെ സമക്ഷം ഞാൻ അങ്ങയെ വരിച്ചുകൊള്ളാം” എന്നു ദമയന്തി മറുപടി പറഞ്ഞു. നളൻ വർത്തമാനമെല്ലാം ഇന്ദ്രാദികളെ അറിയിച്ചു.

സ്വയംവരത്തിനുള്ള സമയമായി. രാജാക്കന്മാർ നിറഞ്ഞിരുന്ന സദസ്സിൽ ദമയന്തി ഒരു സഖിയോടുകൂടി പ്രവേശിച്ചു. ഓരോ രാജാവിനേയും പററിയുള്ള വർണ്ണന കേട്ടിട്ടും ആരിലും സ്വയംവരമാല അർപ്പിക്കാതെ ദമയന്തി മുന്നോട്ടു നടന്നു. നളനെ കണ്ടു മാലയിടുവാനായിരുന്നു ദമയന്തിയുടെ ഉദ്ദേശം. എന്നാൽ നളന്റെ ആകൃതിയിൽ അഞ്ചുപേരെയാണു് അവിടെ കാണാൻ ഇടവന്നതു്. അതു ദേവന്മാരുടെ മായയാണെന്നു മനസ്സിലാക്കി, ദമയന്തി അവരെ സ്തുതിച്ചു. നളനെ വേർതിരിച്ചു

കാണിച്ചുകൊടുക്കണമെന്നു പ്രാർത്ഥിച്ചു. ഉടൻ ദേവന്മാർ അവരുടെ ആകൃതി കൈക്കൊണ്ടു. ദമയന്തി നളനെ ഭർത്താവായി വരിക്കയും ചെയ്തു. ഇന്ദ്രാദികൾ വധൂവരന്മാരെ അനുഗ്രഹിച്ചു വരങ്ങൾ നൽകി സ്വർഗ്ഗത്തിലേക്കു തിരിച്ചുപോയി. നളൻ ദമയന്തിയോടൊന്നിച്ചു നിഷധരാജ്യത്തിൽ ചെന്നു സുഖമായി വസിച്ചു.

ദമയന്തിയുടെ വിവാഹം ശുഭമായി കഴിഞ്ഞുകൂടിയ വിവരം അറിഞ്ഞു പാപമൂർത്തിയായ കലിക്കു സഹിക്കാൻ പാടില്ലാത്ത കോപം ഉണ്ടായി. ആ ദമ്പതിമാരെ വേർപെടുത്താൻ പ്രതിജ്ഞ ചെയ്തുകൊണ്ടു ദ്വാപരനോടുകൂടി കലി നിഷധരാജ്യത്തേക്കു തിരിച്ചു. അവിടെ പന്ത്രണ്ടു വർഷം കാത്തിരുന്നു അവസരം നോക്കി കലി നളനിൽ ആവേശിച്ചു.

നളന്റെ ബന്ധുവായി പുഷ്കരൻ എന്നൊരാൾ ഉണ്ടായിരുന്നു. കലിയുടെ പ്രേരണകൊണ്ടു പുഷ്കരൻ നളനെ ചൂതിനു വിളിച്ചു. ചൂതിൽ പുഷ്കരനു പണയം വയ്ക്കാൻ ഒരു കാള മാത്രമേ ഉണ്ടായിരുന്നുള്ളു. വേഷം പകർന്ന കലിതന്നെയായിരുന്നു ആ കാള. കരുക്കളിൽ ദ്വാപരനും പ്രവേശിച്ചു. നളൻ കളിയിൽ വീണ്ടും വീണ്ടും തോറ്റു നാടും നഗരവും പണയത്തിലായി. മന്ത്രിമാരും നഗരവാസികളും ഉപദേശിച്ചിട്ടും കൂട്ടാക്കാതെ അദ്ദേഹം കളിച്ചതിനാൽ സർവ്വവും നശിച്ചു.

നളന്റെ പരാജയം കണ്ടു വ്യസനാക്രാന്തയായ ദമയന്തി പുത്രിയെയും പുത്രനെയും വാർഷ്ണേയൻ എന്ന സാരഥിയെ ഏല്പിച്ചു കുണ്ഡിനത്തിലേക്ക് അയച്ചു. വാർഷ്ണേയൻ അവരെ കുണ്ഡിനത്തിൽ കൊണ്ടുചെന്നാക്കിയശേഷം സങ്കടപ്പെട്ടു പല വഴി നടന്ന് ഒടുവിൽ അയോദ്ധ്യാധിപതിയായ ഋതുപർണ്ണന്റെ സൂതനായിത്തീർന്നു.

നളൻ സർവ്വസ്വവും ഒഴിഞ്ഞുകൊടുത്തു പുഷ്കരന്റെ ആജ്ഞയ്ക്കു വിധേയനായി, ഉടുത്തമുണ്ടു മാത്രമായി കാട്ടിലേക്കു പുറപ്പെട്ടു. ദമയന്തിയും ഒരുമിച്ചു തിരിച്ചു. കലിയും ദ്വാപരനും അവിടെയും അവരെ പിൻതുടർന്ന് ഉപദ്രവിച്ചു. അവർ രണ്ടു പക്ഷികളുടെ രൂപത്തിൽ നളന്റെ മുമ്പിൽ പ്രത്യക്ഷപ്പെട്ടു. ഭക്ഷണത്തിന് യാതൊന്നും കിട്ടാതെ വലഞ്ഞ നളൻ ആ പക്ഷികളെ പിടിക്കാമെന്നു തീർച്ചപ്പെടുത്തി ഉടുത്തിരുന്ന വസ്ത്രം അഴിച്ചു വലവച്ചു. വസ്ത്രം കൊത്തിയെടുത്തുകൊണ്ടു പക്ഷികൾ പറന്നു പോകയും ചെയ്തു.

ദമ്പതിമാർ വിശന്നു വലഞ്ഞു രാത്രിയിൽ ഒരു വഴിയമ്പലത്തിൽ ചെന്നു കിടന്നു. ക്ഷീണംകൊണ്ടു ദമയന്തി ഉറങ്ങിപ്പോയി. “കൂടെ കൊണ്ടു നടന്നാൽ ഇവൾ വലയും. വിട്ടുപോയാൽ പിതൃഗൃഹത്തിലോ മറ്റോ ചെന്നു രക്ഷപ്പെട്ടുകൊള്ളും. ധർമ്മനിരതയായ ഇവൾക്ക്

അപായം ഒന്നും ഉണ്ടാകയുമില്ല." ഇങ്ങനെ തീർച്ചപ്പെടുത്തി നളൻ ദമയന്തിയുടെ രക്ഷയ്ക്കായി ദേവന്മാരെ പ്രാർത്ഥിച്ചിട്ട് ആ സാധ്വിയുടെ വസ്ത്രത്തിൽ പകുതി മുറിച്ചെടുത്ത് ഉടുത്തുകൊണ്ട് അവിടെനിന്നു പോയി.

ദമയന്തി ഉണർന്നു നോക്കിയപ്പോൾ നളനെ കാണാഞ്ഞു കരഞ്ഞുകൊണ്ടു കാട്ടിൽ ഉഴന്നുനടന്നു. അങ്ങനെ പോകുമ്പോൾ ഒരു പെരുമ്പാമ്പു കാലിൽ ചുററി വിഴുങ്ങുവാൻ തുടങ്ങി. ദമയന്തിയുടെ വിലാപം കേട്ട് ഒരു കാട്ടാളൻ അവിടെ എത്തി. പെരുമ്പാമ്പിനെ കൊന്ന് ആ സാധ്വിയുടെ പ്രാണനെ രക്ഷിച്ചു. ഇങ്ങനെ ആപത്തിൽനിന്നു രക്ഷിച്ചുവെങ്കിലും പിന്നീട് ഉപദ്രവിക്കാൻ തുടങ്ങുകയാൽ ദമയന്തി അവനെ ശപിച്ചു. ശാപമേററ് അവൻ കരിഞ്ഞു ചാമ്പലായി. വിജനവും ദുർഗമവുമായ ആരണ്യത്തിൽക്കൂടി ദമയന്തി പിന്നെയും ഏറെദൂരം നടന്നു. വഴിക്കുവെച്ചു ചേദിരാജധാനിയിലേക്കു യാത്ര ചെയ്യുന്ന ഒരു സംഘം കച്ചവടക്കാരെ കണ്ടെത്തി. അവരോടൊത്തു ദമയന്തി ആ നഗരത്തിൽ ചെന്നുചേർന്നു.

നഗരവീഥിയിൽക്കൂടി നടന്നുപോയ ദമയന്തിയെ രാജമാതാവു കാണാനിടയായി. രാജ്ഞി ദമയന്തിയെ കൊട്ടാരത്തിൽ വരുത്തി കാര്യങ്ങൾ ചോദിച്ചു. താൻ ആരെന്നു പറയാതെ ദമയന്തി തന്റെ അശരണാവസ്ഥ രാജമാതാവിനെ മനസ്സിലാക്കി. ഭാവംകൊണ്ടും സംഭാഷണംകൊണ്ടും ദമയന്തി കുലീനയാണെന്നു മനസ്സിലാക്കി

രാജ്ഞി സ്വപുത്രിയായ സുനന്ദയുടെ സഖിയായി അവളെ കൊട്ടാരത്തിൽ താമസിപ്പിച്ചു.

ദമയന്തിയെ ഉപേക്ഷിച്ചു നളൻ വനത്തിൽ സഞ്ചരിക്കുമ്പോൾ ഭയങ്കരമായ ഒരു കാട്ടുതീ കണ്ടു. അതിന്റെ ഉള്ളിൽനിന്നു തന്റെ പേർ പറഞ്ഞു് ആരോ നിലവിളിക്കുന്നതും കേട്ടു. നാഗരാജാവായ കാർക്കോടകനായിരുന്നു കാട്ടുതീയിൽ പെട്ടിരുന്നതു്. നളൻ കാർക്കോടകനെ അഗ്നിബാധയിൽനിന്നു രക്ഷിച്ചു. എന്നാൽ പ്രത്യുപകാരമായി കാർക്കോടകൻ നളനെ കടിച്ചു മുറിവേൽപിക്കുകയാണു ചെയ്തതു്. വിഷബാധകൊണ്ടു് കൃഷ്ണവർണ്ണനായിത്തീർന്ന നളനോടു് കാർക്കോടകൻ ഇങ്ങനെ പറഞ്ഞു: "എന്റെ വിഷം അങ്ങയെ ബാധിച്ചിരിക്കുന്ന കലിയെയാണു പീഡിപ്പിക്കുന്നതു്. അവിടത്തെ ആരും തിരിച്ചറിയാതിരിക്കാൻ ഈ വൈവർണ്ണ്യം ഉപകരിക്കും. എന്നെ സ്മരിച്ചുകൊണ്ടു ഞാൻ തരുന്ന ഈ വസ്ത്രം ഉടുത്താൽ വീണ്ടും പൂർവ്വരൂപം പ്രാപിക്കാം. ബാഹുകൻ എന്ന പേരിൽ അയോദ്ധ്യയിൽ ചെന്നു് ഋതുപർണ്ണരാജാവിന്റെ സൂതനായി പാർക്കുക. അദ്ദേഹം അങ്ങേയ്ക്കു് അക്ഷഹൃദയമന്ത്രം ഉപദേശിക്കും. അതോടുകൂടി കലി അങ്ങയെ വിട്ടൊഴിയും. താമസിയാതെ ദമയന്തിയെ കണ്ടുമുട്ടുവാനും അങ്ങേയ്ക്കു സംഗതിവരും." ഈ ഉപദേശം സ്വീകരിച്ചു നളൻ അയോദ്ധ്യയിൽ ചെന്നു് ഋതുപർണ്ണന്റെ സൂതനായി അവിടെ താമസിച്ചു.

നളനും ദമയന്തിയും നാടുവിട്ടുപോയ വൃത്താന്തം കേട്ടു വ്യസനാക്രാന്തനായ ഭീമരാജാവു് അവരെ

തിരയുന്നതിന് എല്ലാ ദിക്കുകളിലേക്കും ആളുകളെ അയച്ചു. അവരിൽ സുദേവൻ എന്നു പേരായ ഒരു ബ്രാഹ്മണൻ ചേദിരാജ്യത്തു ചെന്നു ദമയന്തിയെ കണ്ടെത്തി. ദമയന്തി തന്റെ ജ്യേഷ്ഠത്തിയുടെ മകളാണെന്നറിഞ്ഞു രാജമാതാവു വളരെ സന്തോഷിച്ചു. വേണ്ടുംവണ്ണം സൽക്കരിച്ച് ആശ്വസിപ്പിച്ചില്ലല്ലോ എന്നു അനുതപിക്കാതെയും ഇരുന്നില്ല. ഇളയമ്മയോടു യാത്ര പറഞ്ഞു ഭൈമി സുദേവനോടുകൂടി തേരിൽ കയറി കുണ്ഡിനപുരത്തിൽ ചെന്നു താമസിച്ചു.

നളൻ ഋതുപർണ്ണന്റെ സാരഥിയായി അയോദ്ധ്യയിൽ താമസിക്കുന്നവിവരം അദ്ദേഹത്തെ തിരഞ്ഞുപോന്ന പർണ്ണാദനെന്ന ബ്രാഹ്മണനിൽനിന്നു ദമയന്തി അറിഞ്ഞു. നളനെ കുണ്ഡിനപുരത്തിലേക്കു വരുത്താൻ ദമയന്തി മാതാവിന്റെ അനുമതിയോടുകൂടി ഒരു കൗശലം പ്രയോഗിച്ചു. സുദേവനെ വിളിച്ച് അയോദ്ധ്യയിൽ ചെന്നു ഇപ്രകാരം പറയണമെന്ന് അപേക്ഷിച്ചു: "നളൻ ജീവിച്ചിരിക്കുന്നോ ഇല്ലയോ എന്നറിഞ്ഞില്ല. ദമയന്തിക്കു പുനർവിവാഹം നടക്കുന്നു. നാളെയാണു സ്വയംവരം. അതിലേക്കു രാജാക്കന്മാരെല്ലാം പോകുന്നു." സുദേവൻ ഈ വർത്തമാനം ഋതുപർണ്ണസദസ്സിൽ പറഞ്ഞു.

അയോദ്ധ്യയിൽനിന്നു വിദർഭത്തിലേക്കു അനേക ദിവസത്തെ വഴിദൂരമുണ്ട്. ആ ദൂരം ഒരു ദിവസംകൊണ്ടു കടന്നു പോകാൻ അശ്വഹൃദയമന്ത്രം വശമുള്ള നളനു മാത്രമേ കഴികയുള്ളു എന്നു ദമയന്തിക്ക് അറിയാം

മായിരുന്നു. ഋതുപർണ്ണന്റെ സാരഥി നളൻ തന്നെയോ എന്ന് അറിയുവാനുള്ള ഒരു പരീക്ഷയായിരുന്നു ഇത്.

സുദേവൻ ചെന്നു പറഞ്ഞ വർത്തമാനം കേട്ടപ്പോൾ ഋതുപർണ്ണൻ സ്വയംവരത്തിനു പോകാൻ പുറപ്പെട്ടു. ബാഹുകൻ തേർതെളിച്ചു. രഥം വായുവേഗത്തിൽ പാഞ്ഞുതുടങ്ങി. കലിയുടെ ശരീരദാഹം അക്ഷഹൃദയം എന്ന മന്ത്രത്തിന്റെ ശക്തികൊണ്ടാണെന്നും രാജാവ് ബാഹുകനിൽനിന്നു മനസ്സിലാക്കി. ഋതുപർണ്ണന്റെ അപേക്ഷപ്രകാരം ആ മന്ത്രം നളൻ അദ്ദേഹത്തിന് ഉപദേശിച്ചു. പകരം രാജാവു നളന് അശ്വഹൃദയവും ഉപദേശിച്ചു. ആ ഉപദേശം സിദ്ധിച്ച ക്ഷണത്തിൽ കലി നളനെ വിട്ടുമാറി.

അന്നു സായാഹ്നത്തിൽ തന്നെ നളനും ഋതുപർണ്ണനും കുണ്ഡിനത്തിൽ എത്തി. സ്വയംവരത്തിന്റെ ഒരുക്കങ്ങൾ ഒന്നും കാണാഞ്ഞതിനാൽ ഋതുപർണ്ണന് വല്ലാതെയായി. സൗഹാർദ്ദംകൊണ്ടു ഭീമരാജാവിനെ സന്ദർശിക്കാൻ വന്നതായിട്ടേ അദ്ദേഹം ഭാവിച്ചുള്ളൂ. ഭർത്താവിനെ പ്രതീക്ഷിച്ചുകൊണ്ടിരുന്ന ഭൈമിക്കു വിരൂപനായ ബാഹുകനെ കണ്ടപ്പോൾ കഠിനമായ ആശാഭംഗമുണ്ടായി. എങ്കിലും തന്റെ സഖിയെ അയച്ചു ചില അന്വേഷണങ്ങൾ നടത്തിയതിൽ ബാഹുകൻ നളൻ തന്നെയാണെന്ന് ഉറപ്പിക്കത്തക്ക ലക്ഷ്യങ്ങൾ കിട്ടി. അമ്മയുടെ അനുമതിയോടുകൂടി ബാഹുകനെ ആളയച്ചു വരുത്തി സംസാരിച്ചതിൽ അദ്ദേഹം തന്റെ ഭർത്താവു തന്നെയാണെന്നു ഭൈമിക്കു തോന്നി. എങ്കിലും ആകൃതിഭേദം കണ്ടു കുഴങ്ങിനിന്നുപോയി. അപ്പോൾ നളൻ

കാർക്കോടകൻ കൊടുത്തിരുന്ന വസ്ത്രം ധരിച്ചു തന്റെ സ്വന്തരൂപത്തിൽ പ്രത്യക്ഷപ്പെട്ടു. പുനർവിവാഹം നിശ്ചയിച്ചതു കേവലം ഒരു ഉപായമാണെന്നു നളനു ബോദ്ധ്യപ്പെട്ടു. ദീർഘകാലം പിരിഞ്ഞിരുന്ന പുത്രരെ ആശ്ലേഷിച്ചു നളൻ ആനന്ദിച്ചു. ഭാര്യാപുത്രാദികളോടും പരിവാരങ്ങളോടുംകൂടി ആ മഹാനുഭാവൻ നിഷധരാജ്യത്തേക്കു പുറപ്പെട്ടു. പുരവാസികൾ അദ്ദേഹത്തെ ആഘോഷപൂർവം എതിരേററു. പുഷ്കരനിൽനിന്നു രാജ്യം വീണ്ടെടുത്തു നളൻ മുമ്പിലത്തെപ്പോലെ പ്രജാപാലനം ചെയ്തു സുഖമായി വസിച്ചു.

പാഠം ൧൭

സന്മാർഗ്ഗോപദേശം

പറയരുതു ചൊല്ലിവചനമറിയരുതു ദുർമ്മതം
പാപകർമ്മങ്ങളും ചെയ്തീടൊലാ മയാൻ
കറങ്ങരുതു വിരുതരൊടു, മറയരുതു ധർമ്മവും
കററങ്ങൾ കൂടാതെ ഹിംസയും ചെയ്യൊലാ. ൧

മറിവരുതു മനതളിരിലറിയണമതൊക്കവേ,
മാധുര്യമില്ലാത്ത വാക്കു ചൊല്ലീടൊലാ.
തെളിയരുതു സമനടവിലൊളിയരുതു വിദ്യകൾ
തോരനന്നഹംഭാവമെങ്ങും തുടരൊലാ ൨

കൂടമെന്തൊരു ചെന്നോട്ടമവിടമതിദുർഘടം
കാട്ടുംവരുമ്പോൾ കരുത്തുപോമാശയം.
കലഹമരുതധികമാരോടു കലഹമെന്നായ്വരും
കാമവും ക്രോധവും കൂടാതിരിക്കണമി, ൧൫

കളവുമരുതൊരുപൊഴുതുമമ്പലത്തെ വലയ്ക്കല്ലാ
കർണ്ണേജപന്മാർക്ക് ചെവിതാൻ കൊടുക്കൊല്ലാ,
ഒരു പുരുഷനോടുമരുതു പരുഷവചനം സഖേ!
ഒട്ടും ഗുരുക്കളെ ധിക്കരിച്ചീടൊലാ, ൧൬

ഒരുപൊഴുതുമരുതു തവ പരധനപരിഗ്രഹം
ഓർത്താലിതിൽപ്പരം ദോഷമെന്തർഭകാ.
അമ്പലമൊട്ടു പലപ്പോഴുമുള്ള വിരുതുകളതീടൊലാ
അർത്ഥംകൊതിച്ചിട്ടനർത്ഥം വരുത്തൊലാ ൧൭

അധികധനമുടയ ചില സുകൃതിപുരുഷന്മാരി
ലന്യനുപദ്രവം കല്പിച്ചയയ്ക്കുമോ.
കനകമതിലതിമഹിമയെന്നചിന്തയതോർക്ക നീ
കല്പിച്ചതല്ലാതൊരല്പം ലഭിക്കുമോ? ൧൮

അതിനുപണമിതിനുപണമിതി ശഠത ചൊൽകയാ—
ലത്യന്തലോഭവാനെന്നു കേൾപ്പിക്കൊലാ:
അവനിസുരധനികളുടെ ധനമുള്ളമെട്ടുകൊലാ
അപമൃത്യു വരാതെ രക്ഷിച്ചുകൊൾക നീ ൧൯

ദ്രവിണമെടുത്തു തവ കുവലയവിലോചനാ
ദ്രവ്യം നൽകീടേണ്ടതെന്നു ധരിക്ക നീ.
പരവനിത കലത്രമൊരു പുരുഷന്റെ കൊട്ടകണ്ണാം
പ്രാണനെന്നാകിലും പാത്രമെന്നോർക്കടോ. ൩൮

മാപലതകളുള്ള തവ ചതുരഗുണവാരിധേ
ചപലബാലന്മാരുടെ നിരയെ ചെയ്തീടൊലാ.
അതിവചനമരുതു, പുനരതു പരിഹാസവു-
മാത്മപ്രശംസയും ചെയ്തീടൊലാ ഭവാൻ. ൩൯

പകിടകളി ചകടകളുമരുതു ചതുരംഗവും
പാനവും നായാട്ടുമൊട്ടും തുടങ്ങൊലാ.
കുസുമഫലജലരഹിതമരുഭുവി വസിക്കൊലാ
കൃപണങ്ങളിൽക്കളിച്ചുർഖ്യം കഴിക്കൊലാ. ൪൦

സുജനമൊടു കലഹമതുമരുതു ദുരിതംഫലം
സ്വാദുള്ള വസ്തുക്കൾ താനേ ഭുജിക്കൊലാ.
ഹിതവചനമഹിതനൊടുമുചിതമവനീപതേ!
ഹിംസയും പിന്നെ ത്യജിക്കണം മിത്രമേ. ൪൧

ഉഷസി പുനരഖിലകാര്യമുചിതവിധി ചെയ്കയും,
ഉത്സാഹശാലിയായ്ത്തന്നെ വസിക്കയും,
ഉടമയൊടു പലവഴിയിലുതിയ യശസ്സിനാ-
ലൂഴിയും സ്വർഗ്ഗവും പാതാളലോകവും ൪൨

അഖിലമപി ശശിധവളമെങ്ങിളിയിനൊട്ടു ചെയ്യ്യ—
മാവശ്യമിങ്ങിനുള്ളതെല്ലാം നിനയ്ക്കടോ. ൩൦

[ശിവപുരാണം]

പാഠം ൧൮

രക്തചംക്രമണം

നമ്മുടെ ശരീരത്തിൽ എവിടെയെങ്കിലും മുറിവു പററിയാൽ രക്തം പ്രവഹിക്കുന്നു. രക്തം ശരീരത്തിൽ സർവ്വത്ര വ്യാപിച്ചിരിക്കുന്നു എന്നു് ഇതിൽനിന്നും ഊഹിക്കാവുന്നതാണു്. രക്തം ശരീരത്തിൽ കെട്ടിനില്ക്കയല്ല. ശരീരത്തിന്റെ എല്ലാ അംഗങ്ങളിലും എല്ലാ നേരവും ചുററി ഒഴുകിക്കൊണ്ടിരിക്കയാണു ചെയ്യുന്നതു്. ഇതിനു രക്തചംക്രമണം എന്നു പറയാം. ഈ രക്തചംക്രമണം എങ്ങനെയാണു നടക്കുന്നതെന്നു് ഈ പാഠത്തിൽ വിവരിക്കുന്നു.

ശുദ്ധജലം ദുർല്ലഭമായ പട്ടണങ്ങളിൽ ജലവിതരണം ചെയ്യുന്ന സമ്പ്രദായത്തെ, രക്തചംക്രമണത്തോടു് ഉപമിക്കാം. പട്ടണത്തിനു സമീപമുള്ള നദികളിലോ മററു ജലാശയങ്ങളിലോ അണകെട്ടി വെള്ളം പൊങ്ങി നിറുത്തി സംഭരിച്ചാണു ജലം വിതരണം ചെയ്യുന്നതു്. ഒരു വലിയ കുഴൽവഴിയായി വെള്ളം പട്ടണത്തിൽ കൊണ്ടു

പോകുന്നു. ആ വലിയ കുഴലിൽനിന്നു പിരിയുന്ന അനേകം ചെറുകുഴലുകളിൽക്കൂടി വെള്ളം ഓരോ തെരുവിലേക്കു തിരിച്ചുവിടുകയും, അതിലും ചെറിയ കുഴലുകൾ വഴിയായി വീട്ടുതോറും എത്തിച്ചുകൊടുക്കുകയും ചെയ്യുന്നു.

സ്നാനം, വസ്ത്രശോധനം മുതലായവയ്ക്കു് ഉപയോഗിക്കുന്ന ജലം മലിനമായിത്തീരുന്നു. ഇങ്ങനെ വീടുകളിൽനിന്നു നിർഗ്ഗമിക്കുന്ന മലിനജലത്തെ പട്ടണത്തിനു വെളിയിൽ കൊണ്ടുപോയി കളയേണ്ടതും പട്ടണവാസികളുടെ ആരോഗ്യരക്ഷയ്ക്കു് ആവശ്യമാണു്. വീടുകളിലെ മലിനജലം ഓരോ ചെറിയ കുഴലുകളിൽക്കൂടി തെരുവുകളിലുള്ള വലിയ കുഴലുകളിലേക്കും, ഈ കുഴലുകളിലുള്ള ജലം പട്ടണത്തിനു പുറത്തുള്ള ജലാശയങ്ങളിലേക്കും കൊണ്ടുപോകുന്നു.

മേൽ വിവരിച്ച പരിപാടിയിൽ ശുദ്ധജലത്തിന്റെ സംഭരണം, ശുദ്ധജലത്തിന്റെ വിതരണം, മലിനജലത്തിന്റെ വിസർജ്ജനം ഇങ്ങനെ മൂന്നു കാര്യങ്ങൾ അടങ്ങിയിരിക്കുന്നു. ഏകദേശം ഈ രീതിയിൽ തന്നെയാണു ശരീരത്തിൽ രക്തസംക്രമണവും. രക്തം സംഭരിക്കാൻ ഒരു പാത്രവും ശുദ്ധരക്തം വിതരണം ചെയ്യുവാൻ ഒരുകൂട്ടം കുഴലുകളും നമ്മുടെ ശരീരത്തിൽ ഉണ്ടു്. എന്നാൽ മലിനജലംപോലെ മലിനരക്തത്തെ വെളിയിൽ കളയുന്നില്ല. ആ രക്തത്തെ ശുദ്ധമാക്കി വീണ്ടും ഉപയോഗിക്കുകയാണു ചെയ്യുന്നതു്.

ശരീരത്തിൽ രക്തം സംഭരിക്കുന്നതിനുള്ള പാത്രം ഹൃദയമാകുന്നു. ഹൃദയം ഏകദേശം ഒരു ശംഖിന്റെയോ

താമരമൊട്ടിൻറയോ ആകൃതിയിലുള്ളതാണു്. 'ശംഖ' ത്തോടുള്ള ആകൃതിസാദൃശ്യംനിമിത്തം ഇതിനെ 'ചങ്കു്' എന്നു മലയാളത്തിൽ പറയാറുണ്ടു്. ഹൃദയം നെഞ്ചിനുള്ളിൽ അല്പം ഇടത്തോട്ടുമാറി സ്ഥിതിചെയ്യുന്നു. പരന്ന അററം മുകളിലും കൂർത്ത അററം താഴെയുമായി രണ്ടു ശ്വാസകോശങ്ങളുടെ (പുപ്ഫുസങ്ങളുടെ) ഇടയ്ക്കാണു്



പടം ൪.

ഇതിന്റെ സ്ഥാനം. ഇടത്തെ മുലയ്ക്കു താഴെ കൈവച്ചു നോക്കിയാൽ ഹൃദയസ്പന്ദനം നമുക്ക് അനുഭവപ്പെടും. ഒരു മനുഷ്യന്റെ ഹൃദയത്തിന് ഏകദേശം അയാളുടെ മുഷ്ടിയോളം വലിപ്പമുണ്ടായിരിക്കും. ഹൃദയവും അതിന്റെ ഇരുവശങ്ങളിലായി പുപ്ഫുസങ്ങളും സ്ഥിതിചെയ്യു



പടം ൨

ണ്ടു് മൂന്നാം പടത്തിൽ കാണിച്ചിരിക്കുന്നു. രക്തചം ക്രമണം ശരിയായി മനസ്സിലാകുന്നതിന്നു ഹൃദയത്തിന്റെ ബാഹ്യരൂപം കണ്ടാൽ മതിയാകയില്ല. അതിന്റെ അന്തർഭാഗം നമുക്കു ഒന്നു പരിശോധിക്കാം, രണ്ടാം പടം നോക്കുക. പൊള്ളയായ ഈ അവയവത്തിന്റെ ഭിത്തികൾ മാംസപേശികളെക്കൊണ്ടു നിർമ്മിച്ചിരിക്കുന്നു. ഹൃദയത്തിന്റെ നടുവിൽക്കൂടി കീഴ്മേലായി ഒരു ഭിത്തി അതിനെ ഇടത്തും വലത്തും രണ്ടു വലിയ അറകളായി വിഭജിക്കുന്നു. ഇടത്തെ അറയും വലത്തെ അറയും തമ്മിൽ നേരിട്ടു യാതൊരു സംബന്ധവും ഇല്ല. ഇടത്തെ അറ ശുദ്ധരക്തത്തിനും, വലത്തെ അറ മലിനരക്തത്തിനും ഉള്ളതാണു്. ഓരോ അറയുടേയും മദ്ധ്യത്തിൽ അല്പം മുകളിലായി വിലങ്ങനെയും ഓരോ ഭിത്തി ഉണ്ടു്. അങ്ങനെ ആകെക്കൂടി ഹൃദയത്തിൽ (൧) വലത്തുമേലറ (൨) വലത്തുകീഴറ, (൩) ഇടത്തുമേലറ, (൪) ഇടത്തുകീഴറ എന്നു നാലു് അറകൾ ഉണ്ടു്. കീഴറകൾക്കു മേലറകളെക്കാൾ വലിപ്പം കൂടും. ഓരോ വശത്തുള്ള മേലറയും കീഴറയും തമ്മിൽ ചേർന്നിരിക്കുന്ന കുറുകെ ഉള്ള ഭിത്തികളുടെ മദ്ധ്യത്തിൽ ഓരോ ചെറിയ ദ്വാരം ഉണ്ടു്. ഈ ദ്വാരത്തോടു ബന്ധിച്ചു കീഴ്പ്പോട്ടുമാത്രം തുറക്കത്തക്കവണ്ണം ഓരോ കവാടം ഉണ്ടു്. മേലറയിൽനിന്നു കീഴറയിലേക്കു രക്തം അല്പാല്പമായി പോയ്ക്കൊണ്ടിരിക്കുമെങ്കിലും കീഴറയിൽനിന്നും രക്തം മേലറയിലേക്കു ഒരിക്കലും കടക്കുന്നതല്ല.

ഹൃദയത്തിന്റെ വിധാനത്തിലുള്ള ഒരു വിശേഷം കൂടി നാം ധരിക്കേണ്ടതുണ്ടു്. ഹൃദയത്തിന്റെ പാർശ്വങ്ങളിലും അകത്തും ഭിത്തികൾ ഉള്ളതായി പറഞ്ഞിട്ടുണ്ടല്ലോ. ഈ ഭിത്തികൾ മാംസപേശികളെക്കൊണ്ടു നിർമ്മിച്ചിരിക്കുന്നു. സാധാരണമായി പേശികൾക്കു സങ്കോചിക്കാനും വികസിക്കാനും ശക്തിയുണ്ടു്. കൈക്കു് മുട്ടു മടക്കുമ്പോൾ ഭുജത്തിലും കണ്ണയിലും ഉള്ള പേശികൾ സങ്കോചിക്കുന്നതും, നിവർക്കുമ്പോൾ അവ വികസിക്കുന്നതും നമുക്കു കാണാം. എന്നാൽ കൈയിലെ പേശികൾക്കു് ഈ വികാരം ജനിക്കുന്നതു് കൈകൾ മടക്കുകയോ നിവർക്കുകയോ നാം ഇച്ഛിക്കുമ്പോൾ മാത്രമാണു്. ഹൃദയപേശികളാകട്ടെ നമ്മുടെ ഇച്ഛയെ അപേക്ഷിക്കാതെ സദാ ഇവ സങ്കോചിക്കയും വികസിക്കയും ചെയ്തുകൊണ്ടിരിക്കുന്നു. ഹൃദയപേശികൾ എല്ലാം കൂടി ഒരേ കാലത്തല്ല സങ്കോചവികാസങ്ങൾ ഉണ്ടാകുന്നതു്. ആദ്യമായി ഇരുവശത്തുമുള്ള മേലറകളുടെ ഭിത്തികൾ സങ്കോചിക്കുന്നു. അവയുടെ സങ്കോചം അവസാനിച്ചു വികാസം ആരംഭിക്കുമ്പോൾ കീഴറകളുടെ ഭിത്തികൾ സങ്കോചിക്കാൻ ആരംഭിക്കുന്നു. ഇങ്ങനെ ആദ്യം മേലറകൾ രണ്ടുംകൂടിയും അനന്തരം കീഴറകൾ രണ്ടും കൂടിയും സങ്കോചിക്കയും വികസിക്കയും ചെയ്തുകൊണ്ടിരിക്കുന്നു. ഈ സങ്കോചവികാസങ്ങൾക്കാണു ഹൃദയസ്പന്ദനം എന്നു പറയുന്നതു്. മദ്ധ്യപ്രായവും ആരോഗ്യവും ഉള്ള ഒരു മനുഷ്യന്റെ ഹൃദയത്തിനു് ഒരു മിനിട്ടിൽ എഴുപതു മുതൽ എൺപതു വരെ സ്പന്ദനങ്ങൾ ഉണ്ടാകുന്നു.

ഇനി ഹൃദയത്തിന്റെ മേലറകളിൽ രക്തം നിറഞ്ഞിരിക്കുമ്പോൾ അവയ്ക്കു സങ്കോചമുണ്ടായാൽ എന്തു സംഭവിക്കും എന്നു നോക്കാം. സങ്കോചത്താൽ രക്തത്തിനു കെട്ടിനില്ക്കുവാനുള്ള സ്ഥലം കുറഞ്ഞു രക്ത



ത്തിൽ അധികഭാഗവും അടിയിലുള്ള ഭാഗത്തിൽക്കൂടി കീഴറയിൽ കടക്കുന്നു. അനന്തരം കീഴറകൾ സങ്കോചിക്കുന്നു. കീഴറയുടെ സങ്കോചത്താൽ രക്തം മേല്പോട്ടു പൊങ്ങുമെങ്കിലും ഇടയ്ക്കുള്ള വാതിൽ അടഞ്ഞുപോകുന്നതുകൊണ്ടു് മേലറകളിലേക്കു പ്രവഹിക്കാൻ സാധിക്കുന്നില്ല. അതിനാൽ കീഴറകളോടു സംഘടിപ്പിച്ചിരിക്കുന്ന കുഴലുകൾ വഴി രക്തം പുറത്തേക്കു കടക്കുന്നു.

ഈ പാഠത്തിൽ ചേർത്തിരിക്കുന്ന മൂന്നാമത്തെ പടത്തിൽ ഹൃദയത്തോടു ഘടിപ്പിച്ചിട്ടുള്ള കുഴലുകൾ കാണിച്ചിരിക്കുന്നു. ഇതിൽ മേലറകളോടു സംഘടിപ്പിച്ചിരിക്കുന്ന കുഴലുകൾ വഴിയായി രക്തം ഹൃദയത്തിൽ വന്നു വീഴുകയും, കീഴറകളോടു സംഘടിപ്പിച്ചിരിക്കുന്ന രണ്ടു കുഴലുകൾ വഴിയായി ഹൃദയത്തിൽനിന്നു രക്തം വെളിയിലേക്കു പോകയും ചെയ്യുന്നു. ആദ്യം പറഞ്ഞ നാലു കുഴലുകൾക്കു സിരകൾ എന്നും, ഒടുവിൽ പറഞ്ഞ രണ്ടു കുഴലുകൾക്കു ധമനികൾ എന്നും പേർ പറയുന്നു.

ഇനി രക്തചംക്രമണത്തിന്റെ ക്രമം എങ്ങനെ എന്നു വിവരിക്കാം. ഹൃദയത്തിന്റെ ഇടത്തെ കീഴറയിൽനിന്നു പുറപ്പെടുന്ന ധമനിക്കു മഹാധമനി എന്നാണു പേർ. എന്തെന്നാൽ ഇതു ശരീരത്തിലുള്ള എല്ലാം ധമനികളിലുംവെച്ചു വലിപ്പം കൂടിയതാകുന്നു. ഇതിനെ കണ്ഠധമനാഡിയെന്നും പറയാറുണ്ടു്. ഇടത്തെ കീഴറയിലുള്ള രക്തത്തിനു നിർഗ്ഗമദ്വാരം നൽകുന്നതു മഹാധമനിതന്നെയാണു്. ഇടത്തെ കീഴറയുടെ സങ്കോചംകൊണ്ടു്

അതിലുള്ള രക്തം മഹാധമനിയിൽ പ്രവേശിക്കുന്നു. ഇതു ശുദ്ധരക്തമാണു്. ഈ രക്തം വീണ്ടും അറയിലേക്കു പ്രവേശിക്കാതിരിക്കത്തക്കവണ്ണം മഹാധമനിയുടെ ദ്വാരത്തിലും ഒരു കവാടം ബന്ധിച്ചിട്ടുണ്ടു്. പട്ടണത്തിലേക്കു ജലം കൊണ്ടുവരുന്ന വലിയ കുഴൽ ചെറിയ ചെറിയ കുഴലുകളായി പിരിഞ്ഞു വീടുകളിലേക്കു പോകുന്നതു പോലെ മഹാധമനി അനേകം ശാഖോപശാഖകളായി പിരിഞ്ഞു ശരീരത്തിന്റെ നാനാഭാഗങ്ങളിലേക്കും അവയിലുള്ള ശുദ്ധരക്തം വഹിച്ചുകൊണ്ടുപോകുന്നു. നെഞ്ചു്, കഴുത്തു്, തല ഇവകൾ മുതലായ അംഗങ്ങൾക്കു രക്തവിതരണം ചെയ്‌വാനുള്ള ധമനികൾ മഹാധമനികളിൽ നിന്നു പിരിഞ്ഞു മേല്പോട്ടു കയറുന്നു. ശരീരത്തിന്റെയും ഉദരത്തിലുള്ള അംഗങ്ങളുടെയും കാലുകളുടെയും രക്തദാനംകൊണ്ടു പോഷിപ്പിക്കുന്നതായി മറ്റു കൂട്ടം ധമനികൾ കീഴ്പ്പോട്ടും ഇറങ്ങുന്നു.

ഇങ്ങനെ വേർപിരിയുന്ന ധമനികൾ ക്രമേണ ചെറുതുകളായി അതിസൂക്ഷ്മങ്ങളായി മനുഷ്യദൃഷ്ടിക്കു് അഗോചരങ്ങളായി പരിണമിക്കുന്നു. ഭൂതക്കണ്ണാടിയുടെ സഹായംകൊണ്ടു മാത്രമേ ഇവയെ കാണ്മാൻ കഴികയുള്ളൂ. ഈ കുഴലുകൾക്കു് സൂക്ഷ്മധമനികൾ (കപ്പില്ലറീസ്) എന്നു പേർ പറയുന്നു. സൂക്ഷ്മധമനികൾ മനുഷ്യശരീരത്തിൽ സർവത്ര വ്യാപിച്ചിട്ടുണ്ടു്. ഇവയുടെ ഭിത്തികൾ അത്യന്തം നേർത്തവയാണു്. ഈ സൂക്ഷ്മധമനികളിൽക്കൂടി സഞ്ചരിക്കുന്ന രക്തത്തിലുള്ള പോഷകാംശങ്ങളും അമ്ലജനകവും മാംസപേശികളിലേക്കു പകരുകയും

മാംസപേശികളിൽ ഉണ്ടാകുന്ന ഇംഗാലാമ്ലം മുതലായ മലിനവസ്തുക്കൾ രക്തത്തിലേക്കു പകൎന്നു് അതിനെ അശുചിയാക്കുകയും ചെയ്യുന്നു. ഏതാനം സൂക്ഷ്മധമനികൾ സംയോജിച്ചു ചെറിയ സിരകൾ ഉണ്ടാകുന്നു. സൂക്ഷ്മധമനികളിലെ രക്തം മലിനമായിത്തീൎന്നശേഷമാണു് ആ രക്തം ഇത്തരം ചെറിയ സിരകളിലേക്കു കടക്കുന്നതു്. ഇങ്ങനെയുള്ള ചെറിയ സിരകൾ പലതും ചേൎന്നു് ക്രമേണ വലിയ സിരകളായിത്തീരുന്നു. ഇത്തരം സിരകൾ ഒന്നോടൊന്നു സംഘടിച്ചു് ഒടുവിൽ രണ്ടു മഹാസിരകളായി പരിണമിക്കുകയും, അവ മലിനരക്തത്തെ വഹിച്ചുകൊണ്ടുവന്നു ഹൃദയത്തിന്റെ വലത്തെ മേലറയിൽ പ്രവഹിപ്പിക്കുകയും ചെയ്യുന്നു. രക്തചംക്രമണത്തിനായി ധമനികളും സിരകളും ശരീരത്തിൽ സൎവ്വത്ര വ്യാപിച്ചിരിക്കുന്നതും മൂന്നാംപടത്തിൽ നോക്കി മനസ്സിലാക്കുക.

ഇനി മലിനരക്തത്തിന്റെ ഗതി എന്താണെന്നു നോക്കാം. മേലറകൾ സങ്കോചിക്കുമ്പോൾ വലത്തെ മേലറയിൽ വന്നുകൂടുന്ന മലിനരക്തം വലത്തെ കീഴറയിൽ ചെന്നുചേരുന്നു. ആ കീഴറയുടെ സങ്കോചംനിമിത്തം ഈ രക്തം അവിടെനിന്നു പുറപ്പെടുന്ന ധമനി വഴിയായി പുപ്ഫുസങ്ങളിലേക്കു പായുന്നു. ഈ ധമനിയുടെ പ്രവേശനഭാഗത്തിലും പുറത്തേക്കുമാത്രം തുറക്കുന്ന കവാടം ഉള്ളതുകൊണ്ടു പുപ്ഫുസങ്ങളിലേക്കു പോകുന്ന രക്തം തിരിച്ചു് അറയിലേക്കു ചെല്ലുന്നില്ല. പുപ്ഫുസധമനി രണ്ടായി പിരിഞ്ഞു ഹൃദയത്തിന്റെ ഇരുവശത്തുമുള്ള പുപ്ഫുസങ്ങളിൽ എത്തിയതിന്റെ

ശേഷം അസംഖ്യം സൂക്ഷ്മധമനികളായി വേർപിരിയുന്നു. നാം ശ്വസിക്കുന്ന വായുവും നാസാരന്ധ്രത്തിൽക്കൂടി പുപ്ഫുസങ്ങളിൽ പ്രവേശിക്കുന്നു. ഇവിടെവെച്ചു ശ്വാസവായുവിലുള്ള അമ്ലജനകം സൂക്ഷ്മധമനികളിലുള്ള രക്തത്തിൽ സംക്രമിക്കുന്നു. രക്തത്തിൽനിന്നു് ഇംഗാലാമ്ലം മുതലായ മലിനവസ്തുക്കൾ ശ്വാസവായുവിലും കടന്നുകൂടുന്നു. ഇങ്ങനെയാണു മലിനരക്തം ശുദ്ധമായിത്തീരുന്നതു്. രക്തത്തിൽനിന്നു പകർന്ന മാലിന്യംകൊണ്ടു ദുഷിച്ച വായുവിനെ നാം ഉച്ഛ്വസിക്കുന്നു.

അനന്തരം ഏതാനും സൂക്ഷ്മധമനികൾ യോജിച്ചു് ഓരോ ചെറിയ സിരകളായിത്തീരുന്നു. സൂക്ഷ്മധമനികളിലെ രക്തം ശുദ്ധമായിത്തീർന്നതിന്മേലാണു് ആ രക്തം ഈ ചെറിയ സിരകളിലേക്കു കടക്കുന്നതു്. ഈ സിരകൾ പലതും യോജിച്ചു സ്ഥൂലതരങ്ങളായ സിരകൾ ഉണ്ടാകുന്നു. ഇവ ഒന്നോടൊന്നു ചേർന്നു ശുദ്ധരക്തം വഹിക്കുന്ന രണ്ടു മഹാസിരകളായിത്തീരുന്നു. ഒടുവിൽ ഈ നാലു സിരകളും ശുദ്ധരക്തത്തെ ഇടത്തെ മേലറയിൽ കൊണ്ടുചെന്നൊഴിക്കുന്നു. ഇടത്തെ മേലറയുടെ സങ്കോചത്താൽ ശുദ്ധരക്തം അതിന്റെ കീഴറയിലേക്കും, കീഴറയിൽനിന്നു മുൻ വിവരിച്ചതുപോലെ ഇടതുവശത്തുള്ള മഹാധമനിയിലേക്കും പോകുന്നു.

ശരീരത്തിന്റെ മററു ഭാഗങ്ങളെ എന്നപോലെ തന്നെ ഹൃദയത്തിന്റെ മാംസപേശികളെ പോഷിപ്പിക്കുന്നതിനും രക്തചംക്രമണം ആവശ്യമാണു്. മഹാധമനി

യുടെ ഉൽഭവസ്ഥാനത്തുനിന്നു രണ്ടു ചെറുകുഴലുകളിൽക്കൂടി പ്രവഹിക്കുന്ന ശുദ്ധരക്തം ഹൃദയത്തിന്റെ മാംസപേശികൾക്കുള്ളിൽ പ്രവഹിക്കുന്നുണ്ടു്. പേശികളെ രക്തസമ്പർക്കംകൊണ്ടു പോഷിപ്പിച്ചശേഷം അശുദ്ധമായിത്തീരുന്ന രക്തം ഒരു സിരാകുഴിയായി വലത്തെ മേലറയിൽ പതിക്കുന്നു. ഈ രക്തപര്യക്രമണം ശരീരം മുഴുക്കെ സർവദാ നടന്നുകൊണ്ടിരിക്കുന്നു. ഇതുകൊണ്ടാണു ശരീരത്തിനു വേണ്ടുന്ന പോഷണം ലഭിക്കുകയും, ശരീരത്തിൽ ഉണ്ടാകുന്ന മാലിന്യങ്ങൾ നശിക്കുകയും ചെയ്യുന്നതു്.

പാഠം ൨൯

ശ്രീയേശുജനനം

അപ്പാവനാംഗി ജഠരത്തിൽനിന്നും
മപ്പാരിനാഥനാം വിഭുവിന്റെ പുത്രൻ
അപ്പാതിരാവേളമെസ്സയെന്നപ്പോ-
ലിപ്പാരിലൻപോടവതീർണ്ണനായി. ൧

മാമിത്തിരിക്കും കലരാതെ കണ്ടും
മാലിന്യലേശമകതാരുമാവിസംഗി
കാലിത്തൊഴുത്തിൽ ഭുവനങ്ങൾ മൂന്നും
പാലിക്കുവോനേ പ്രസവിച്ചു ചിത്രം! ൨

എന്നാളുമസ്ഥലമീയന്നിരിപ്പോ-
ന്നൊന്നാമതക്ലിഷ്ട കണ്ടവണ്ണം

അന്നാരിതൻ മാനസപത്മമപ്പോൾ
നന്നായ് തെളിഞ്ഞാത്മജനെ വണങ്ങി. ൩

കന്ദപ്രസൂനപ്രഭ പൂണ്ട വാനോർ-
വൃന്ദം വണങ്ങും നിജദേഹതാൽ തന്നെ
ഖേദം മൃഗങ്ങൾതൊട്ടിയിടുമാറിയാരോ-
നന്ദത്തൊടും സ്ത്രീതിലകം കിടന്നു. ൪

ആ നിർമ്മലശ്രീയെ പടമണ്ണിയിൻ പൂ-
മേനികളിണങ്ങും വടവും മനസ്സും
മാനിച്ചു പിന്നീടവർ നോക്കിനിന്നായ്
ധ്യാനിച്ചിതാശ്ചര്യമൊട്ടുമകത്തിൽ, ൫

ആരങ്കമേവർക്കുമൊഴിപ്പതജസ്രം
സാരം വളർത്തും സകലേശപുത്രൻ
സ്വാതന്ത്ര്യമററുള്ളൊരു പൈതലായി-
ജ്ജീതം നിമിത്തം വിററ പൂണ്ടിടുന്നു. ൬

പാപത്തിനാം മർത്ത്യമനാടിയാളുള്ളിൽ
കോപം ജ്വലിക്കുന്നതു മാററുവാനായ്
ഭൂപന്റെ വംശത്തിലുദിച്ച നാഥൻ
താപം സഹിക്കുന്നു തണുത്ത കാററാൽ? ൭

തേജസ്സിണങ്ങും സദനങ്ങളേററം
ഒ സൗജന്യമാത്തേചനമെന്നുമേകി
രാജപ്രതാപത്തോടു വനത്തിൽ വാഴും
രാജപ്രമാണിക്കെ തൊഴുതു വീടായ്. ൮

വല്ലായ്മ നിശ്ശേഷമകററി മർത്ത്യ-
ർക്കെല്ലാമുള്ളിലും വിനയം വളർത്താൻ
ചൊല്ലാർന്ന യൂദായുടെ കേസരീന്ദ്രൻ
പുല്ലാസനാദികളാം വൃഷമായ്ച്ചമഞ്ഞോ? ൯

അപാരമാകും വെളിവിക്കൊരാകാ-
ശിഷ്യാചകന്മാർക്കെല്ലാം മഹാശയൻ
കൃപാബ്ധിയവനെ തമസ്സകററുവാ-
നുപായമില്ലെന്നല്ല വിസ്മയം പരം. ൧൦

മറിയുടെ കടിഞ്ഞൂലാകുമീശൻ തൻ
നിയമമെല്ലാമാക്കുറിക്കൊണ്ടിടാതല്ല്
പ്രിയതജനകിരീടമാകുമെന്ന
നഗമൂലകിൽ പ്രമൃപ്പസിച്ചിടട്ടെ. ൧൧

ഭോഗമൃതമസ്സ്കൃതിപുംഗവന്മാം പ്രസൂവാ-
മാരോമലാളുമിളപോൽ വിഴിക്കൂട്ടിടാതെ
ഓരോന്നുമോർത്തുളളിലാത്മജനന്ദനൻതൻ
താരോടിടഞ്ഞ ചരണം പ്രണമിച്ചിടുന്നേൻ. ൧൨

(ശ്രീയേശുവിജയം മഹാകാവ്യം)

പാഠം ൨൦

പ്രകൃതിനിയന്ത്രണം

(ഒന്നാം ഭാഗം)

ഭൂലോകത്തിന്റെ ശൈശവദശയിൽ ജീവിച്ചിരുന്ന മനുഷ്യരുടെ അവസ്ഥ എന്തായിരുന്നിരിക്കാം? ഇന്ന്

ഉള്ളതുപോലെ പാർക്കാൻ ഭവനങ്ങളോ ഉടുക്കാൻ വസ്ത്രങ്ങളോ, സഞ്ചരിക്കാൻ വാഹനങ്ങളോ ആദിമമനുഷ്യക്ക് ഉണ്ടായിരുന്നുവോ?

ആദിമമനുഷ്യർ കേവലം വന്യമൃഗങ്ങളെപ്പോലെ കാട്ടിൽ കിട്ടുന്ന മാംസങ്ങളും ഫലമൂലങ്ങളും പച്ചയായി ഭക്ഷിച്ച് അത്യന്തം പ്രാകൃതമായ സ്ഥിതിയിൽ ജീവിച്ചിരുന്നു. കുന്നുകളുടെയും പാറകളുടെയും ഇടയിൽ പ്രകൃത്യാ ഉണ്ടായിരുന്ന ഗുഹകളായിരുന്നു അവരുടെ വാസസ്ഥലങ്ങൾ. ദേഹമാസകലം നിറഞ്ഞിരുന്ന നീണ്ട രോമങ്ങളായിരുന്നു ശീതോഷ്ണങ്ങളിൽനിന്ന് അവരെ രക്ഷിച്ചിരുന്നത്. ബലിഷ്ഠങ്ങളായിരുന്ന കാലുകൾ മാത്രമായിരുന്നു അവരുടെ വാഹനങ്ങൾ. എന്നാൽ ഇപ്പോഴുള്ള മനുഷ്യരെക്കാൾ ചില സംഗതികളിൽ അവർക്ക് സാമർത്ഥ്യം കൂടിയിരുന്നു എന്നു പറയാം. കുന്നുകളിലും തടാകങ്ങളിലും കാടുകളിലും കൂടി കുതിച്ചോടുവാനും, വളരെ അകലത്തിലും ഉയരത്തിലും ചാടുവാനും; കുരങ്ങുകളെപ്പോലെ അനായാസമായി മരങ്ങളിൽ കയറുവാനും അവർക്ക് പാടവമുണ്ടായിരുന്നു. നിരായുധരായി മൃഗങ്ങളോടു പോരാടി ആത്മരക്ഷ നേടാനുള്ള സാമർത്ഥ്യവും നമ്മെക്കാൾ അവർക്ക് ഏറിയിരുന്നു.

മൃഗപ്രായമായ ഈ അവസ്ഥയിൽനിന്ന് മനുഷ്യർ ഇന്നത്തെ നിലയിൽ എത്തിയത് എങ്ങനെയാണ്?

ജീവരക്ഷയ്ക്കുള്ള ഉപായമാണല്ലോ മനുഷ്യന്റെ പ്രഥമാവശ്യം. നാമെല്ലാം കാടരായി കിടന്നിരുന്ന ആദിമ

കാലത്തു് എവിടെയും സ്വൈരസഞ്ചാരം ചെയ്തിരുന്ന ദുഷ്ടമൃഗങ്ങൾ മൂലം മനുഷ്യർക്കു പല വിധത്തിൽ ആപത്തുകൾ നേരിട്ടിരുന്നു. മൃഗങ്ങളെ ഓടിച്ചുകളവാനായി കല്ലുകളോ, കമ്പുകളോ എടുത്തു് എറിയാനുള്ള സാമർത്ഥ്യമായിരിക്കണം നമ്മുടെ പൂർവ്വന്മാർ ആദ്യമായി സമ്പാദിച്ച പ്രകൃതിനിയന്ത്രണം. ഈ വിജയം സിദ്ധിക്കാൻ ഇടയായതു മനുഷ്യരുടെ കൈകളിൽ തള്ളവിരൽ ഉള്ളതുകൊണ്ടാണു്. മൃഗങ്ങളിൽ പലതിനും മുൻകാലിൽ തള്ളവിരലുകൾ ഉണ്ടു്. എങ്കിലും പദാർത്ഥങ്ങളെ മുറുകെ പിടിക്കുന്നതിനും, ഊക്കായി എറിയുന്നതിനും അവയുടെ തള്ളവിരലുകൾ പ്രയോജനപ്പെടുന്നില്ല. നേരെ മറിച്ചു മനുഷ്യർക്കു് കല്ലുകളും കമ്പുകളും ദൃഢമായിപ്പിടിച്ചു ബലമായി എറിയുന്നതിനു തള്ളവിരൽ വളരെ ഉപകരിക്കുന്നു. ക്രമേണ ആയുധങ്ങൾ കൂർപ്പിക്കുക മുതലായി ആത്മരക്ഷയ്ക്കു വേണ്ട കാര്യങ്ങളിൽ സാമർത്ഥ്യത്തോടെ പ്രവർത്തിക്കാൻ സാധിച്ചു. സൗകര്യവും സാമഗ്രികളും അധികമായതോടുകൂടി ഈ ആയുധങ്ങളെ കുറേക്കൂടി പരിഷ്കരിച്ചു് ഉറപ്പും ബലവും വർദ്ധിപ്പിച്ചാണു സ്വൈരമായി ജീവിക്കുവാൻ അവർ പ്രാപ്തരായിത്തീർന്നു്.

മനുഷ്യരുടെ അഭിവൃദ്ധിക്കു ബുദ്ധിയുടെ വികാസം പോലെ മറെറാന്നും അനുകൂലിച്ചിട്ടില്ല. കല്ലും, കമ്പും, അസ്ഥിയും മാത്രമായിരുന്നു ആദ്യകാലത്തു മനുഷ്യരുടെ ഉപകരണങ്ങളായിരുന്നതു്. ലോഹങ്ങൾകൊണ്ടു് ആയുധങ്ങൾ ഉണ്ടാക്കുന്നതിനു സാധിച്ചതു് അഗ്നിയെ ഉൽപ്പാദി

പ്പിക്കുന്നതിനുള്ള വിദ്യ മനസ്സിലാക്കിയതിനുശേഷമാണ്. അഗ്നികൊണ്ടു ഭക്ഷണം പാകംചെയ്യുന്നതിനും കഴിഞ്ഞു. പാറക്കഷണങ്ങളും മററും ബലമായി തമ്മിൽ ഉരഞ്ഞാൽ തീ ഉണ്ടാകുമെന്ന് അവർ യാദൃച്ഛികമായി കണ്ടറിഞ്ഞിരിക്കണം. കാട്ടുതീ ആദ്യമേ ഉണ്ടായിരുന്നെങ്കിലും അതിൽനിന്നു ചൂടും പ്രകാശവും അവക്കു വല്ലപ്പോഴുമല്ലാതെ കിട്ടിയിരുന്നില്ല. യഥേഷ്ടം തീ ഉണ്ടാക്കുന്നതിനു സാധിച്ചശേഷം വേണ്ടപ്പോഴൊക്കെ ഈ സൗകര്യങ്ങൾ സമ്പാദിക്കുവാനും അവക്കു കഴിഞ്ഞു. ഏതായാലും ഭയങ്കരങ്ങളായ പ്രകൃതിശക്തികളെ തങ്ങളുടെ ആവശ്യത്തിന് ഉപയോഗിക്കാമെന്നു മനസ്സിലാക്കിയ ഈ ഘട്ടം മനുഷ്യരുടെ അഭിവൃദ്ധിയിൽ സർവ്വപ്രധാനമായിരുന്നു.

തീയുടെ ഉപയോഗം മനസ്സിലാക്കിയതോടുകൂടി ചെമ്പും ഈയവും കൂട്ടി ഉരുക്കി ഓട്ട് ഉണ്ടാക്കിയും അയിരത്തിൽനിന്ന് ഇരുമ്പിനെ വേർതിരിച്ചെടുത്തും ആയുധങ്ങളായ പല ഉപകരണങ്ങളെയും അവർ സൃഷ്ടിച്ചു. ഇതോടുകൂടി പലതരം പാത്രങ്ങളും ആവശ്യംപോലെ അവർ രൂപപ്പെടുത്തി ഉപയോഗിച്ചുതുടങ്ങി.

പിന്നീട് അവർ പരിശീലിച്ചത് മൃഗങ്ങളെ ഇണക്കുന്നതിനും വളർത്തുന്നതിനും ആയിരുന്നു. കണ്ടു കിട്ടുന്ന മൃഗങ്ങളെയെല്ലാം കൊന്നൊടുക്കി നടന്നാൽ ആഹാരത്തിനു ബുദ്ധിമുട്ടു വരുമെന്ന് അവർ അനുഭവംകൊണ്ടറിഞ്ഞു. ഉപദ്രവിക്കാത്ത മൃഗങ്ങളെ വളർത്തിയാൽ വേണ്ടപ്പോൾ കൊന്നുതിന്നാമെന്നുള്ള യുക്തി അവക്കു തോന്നി.

മൃഗങ്ങളുടെ മാംസം ഭക്ഷണത്തിനും തോൽ ഉടുപ്പിനും അവർ ഉപയോഗിച്ചിരുന്നു. കൂടാതെ, വളൎത്തുമൃഗങ്ങൾ ഭാരം ചുമക്കുന്നതിനും, വീടു കാക്കുന്നതിനും ഉപയോഗപ്പെട്ടു. ക്രമേണ അവ പെരുകി പെരുകി വന്നപ്പോൾ കാലിക്കൂട്ടം സാമാന്യ സ്വത്തായിത്തുടങ്ങി. സ്വത്തിന്റെ ഉടമസ്ഥതകൊണ്ടുള്ള അഭിമാനവുമുണ്ടായി.

ഇത്രയുമായപ്പോൾ മനുഷ്യർ സ്ഥിരവാസത്തിനു സ്ഥാനങ്ങൾ ഉറപ്പിച്ചു ഗ്രാമങ്ങൾ നിൎമ്മിച്ചു. കമ്പുകളും തടികളും ചേൎത്തു കെട്ടി വള്ളികൾകൊണ്ടു വരിഞ്ഞു അവർ കൂരകൾ ഉണ്ടാക്കി. അവയെ ഇലകളും പുല്ലുകളുംകൊണ്ടു മേഞ്ഞു, മണ്ണും കല്ലും കൊണ്ടുള്ള അടവുകളുണ്ടാക്കി കുടിലുകൾ തീൎത്തു പാൎപ്പുറപ്പിച്ചു. ഇങ്ങനെയുള്ള ചെറിയ തുടക്കത്തിൽനിന്നാണു പല നിലകളുള്ള മാളികകളും ഗോപുരങ്ങളും നിൎമ്മിക്കുവാൻ മനുഷ്യർ പ്രാപ്തരായിത്തീൎന്നതു്.

അല്പമായി വിശ്രമവേളകളിൽ ചെയ്തുവന്നിരുന്ന കൃഷിപ്പണി ക്രമേണ ഒരു പ്രധാന ജോലിയായിത്തീൎന്നു. ഗ്രാമ്യമൃഗങ്ങളുടെ സാഹായ്യവും ഇതിലേക്കു ലഭിച്ചു. വാസസ്ഥലങ്ങൾ സ്ഥിരമായതോടുകൂടി ആവശ്യമുള്ള പദാൎത്ഥങ്ങളെ സംഭരിച്ചുവയ്ക്കുന്നതിനു സൗകൎയ്യമുണ്ടായി. അതുകൊണ്ടു വിശ്രമത്തിനും വിനോദത്തിനും വേണ്ടപോലെ അവസരം കിട്ടി.

ഇങ്ങനെ ക്രമപ്പെട്ട ജീവിതരീതിയിൽ സ്ത്രീകളുടെ സഹായവും മനോധൎമ്മവും വളരെ പ്രയോജനപ്പെട്ടിരുന്നു. പുരുഷന്മാരെപ്പോലെ വേട്ടയാടുന്നതിനും കരുത്തുവേണ്ട

കാൎയ്യങ്ങളിൽ ശ്രദ്ധതിരിക്കുന്നതിനു അവൎക്കു ശേഷി ഉണ്ടായിരുന്നില്ല. വിശേഷിച്ചും, ഭക്ഷണം പാകം ചെയ്യുന്നതിനും കുഞ്ഞുങ്ങളെ ശുശ്രൂഷിക്കുന്നതിനും മററുമായി അവൎക്കു മിക്ക സമയവും വീട്ടിൽത്തന്നെ കഴിച്ചുകൂട്ടേണ്ടി വന്നു. ഒരു സ്ഥലത്തുതന്നെ മാറിമാറി പലമാതിരി കൃഷികൾ ചെയ്യാമെന്നു കണ്ടറിഞ്ഞതു് അവരായിരിക്കണം. വസ്ത്രങ്ങൾ നെയ്തുണ്ടാക്കുന്ന വിദ്യയും അവർ കണ്ടുപിടിച്ചു പരിഷ്കരിച്ചിട്ടുള്ളതാണു്. ഗൃഹഭരണം, ശിശുപരിപാലനം മുതലായ കുടുംബകാൎയ്യങ്ങളിലും സ്ത്രീകൾക്കു പ്രാധാന്യം സിദ്ധിച്ചു. അവൎക്കു ഗൃഹത്തിൽ പ്രാമാണികത്വവും ഉണ്ടായി.

കേവലം കാട്ടുമൃഗങ്ങളുടെ പററംപോലെ കൂട്ടുചേൎന്നു നടന്നിരുന്ന മനുഷ്യർ വേർപിരിഞ്ഞു കുടുംബങ്ങളായി പാൎക്കാൻ തുടങ്ങിയതു് ഏകദേശം മേൽവിവരിച്ച പ്രകാരത്തിലായിരിക്കണം.

പാഠം ൨൧

പ്രകൃതിനിയന്ത്രണം

(രണ്ടാം ഭാഗം)

മനുഷ്യരുടെ പ്രഥമാവശ്യങ്ങൾ നിൎവ്വഹിക്കുന്നതിനു് ഇങ്ങനെ സ്ഥിരമായ ഏൎപ്പാടുകൾ ഉണ്ടായി. എങ്കിലും അവരുടെ ഉൽക്കൎഷേച്ഛ അവിടെ നിലച്ചില്ല. വളൎത്തുമൃഗങ്ങളെക്കൊണ്ടു ചുമടു ചുമപ്പിച്ചുവരുന്നതായി മുമ്പു പറഞ്ഞുവല്ലോ. ഇതു വളരെ സാരമായ ഒരു

സംഗതിയാണു്. തങ്ങളുടെ ശക്തി പ്രയോഗിച്ചു നടത്തിവന്ന കാര്യങ്ങൾ ഒരു കുതിരയുടെയോ കാളയുടെയോ ശക്തി ഉപയോഗപ്പെടുത്തി സാധിക്കാമെന്നു് അപ്പോൾ മനുഷ്യർക്കു മനസ്സിലായി. ചുമടു ചുമക്കുവാൻ ഉപയോഗിച്ചിരുന്ന മൃഗങ്ങളെ സവാരിക്കും അക്കാലത്തു തന്നെ ഉപയോഗിച്ചിരുന്നിരിക്കണം. കൃഷിപ്പണി തുടങ്ങിയശേഷം കലപ്പ വലിക്കുന്നതിനും ഇവതന്നെ പ്രയോജനപ്പെട്ടു. കലപ്പ വലിക്കുന്നതു കണ്ടിട്ടായിരിക്കണം വണ്ടി വലിക്കുവാനും ഇവയെ ഉപയോഗിക്കാമെന്നു പിൽക്കാലത്തു മനുഷ്യർ നിശ്ചയിച്ചതു്. ക്ഷമയോടുകൂടിയും ശ്രമം സഹിച്ചും ചെയ്യേണ്ട ഇത്തരം പണികൾക്കു കാളകളും പോത്തുമാണു നല്ലതെന്നു് അന്നുതന്നെ അവർ അറിഞ്ഞിരുന്നു. ശീഘ്രത ആവശ്യമുള്ള പണികൾക്കാണു കുതിരകളെ ഉപയോഗപ്പെടുത്തിയിരുന്നതു്.

മനുഷ്യർ ജലസഞ്ചാരത്തിനുള്ള ഉപായം കണ്ടുപിടിച്ചതു നദികളിൽക്കൂടി തടിയും മറ്റും ഒഴുകിപ്പോകുന്നതു കണ്ടിട്ടായിരിക്കണം. ആദ്യം വെറും പൊങ്ങുതടിയിൽ കയറി തുഴയുന്നതിനു് അവർ ശീലിച്ചു. പിന്നീടു തടി കുഴിച്ചു് അതിനകത്തു നാവികർ ഇരുന്നു തുഴഞ്ഞുപോയി. ഇങ്ങനെയാണു് ആദ്യമായിട്ടു വള്ളം ഉണ്ടാക്കിയതു്. മരങ്ങൾ പലകകളായി അറുക്കുവാൻ പഠിച്ചശേഷം കെട്ടുവള്ളങ്ങൾ ഉണ്ടാക്കിത്തുടങ്ങി; ക്രമേണ അതിലും വലുതായ പത്തേമാരികളും കപ്പലുകളും ഉണ്ടാക്കി. കൈകൊണ്ടു തുഴഞ്ഞു തോണികൾ നയിച്ചിരുന്ന

മനുഷ്യർ കാററിന്റെ ശക്തി ഉപയോഗിച്ചു വള്ളം ഓടിക്കാമെന്നു മനസ്സിലാക്കി. ഇതും അവരുടെ പുരോഗമനത്തിൽ സ്മരണീയമായ ഒരു ഘട്ടമാകുന്നു.

ഇതുകൊണ്ടും തൃപ്തരാകാതെ, മററു ശക്തികൾ ഉപയോഗിച്ചു മനുഷ്യർ കരയിലും വെള്ളത്തിലും സഞ്ചാരസൌകര്യങ്ങളെ പിന്നെയും വർദ്ധിപ്പിച്ചു. കുതിരയെയോ കാളയെയോ വണ്ടികളിൽ കെട്ടുന്നതിനു പകരം ആവി ഉപയോഗിച്ചു വേഗത്തിൽ സഞ്ചരിക്കാവുന്ന ആവിവണ്ടി കണ്ടുപിടിച്ചു. അതുപോലെ തന്നെ ആവിക്കപ്പലുകളും ഉണ്ടായി. ഇങ്ങനെ ആവിയുടെ അത്ഭുതശക്തി കണ്ടുപിടിച്ചതിനാൽ ദൂരസഞ്ചാരത്തിനുള്ള കാലവിളംബം [illegible] കുറഞ്ഞു. ദൂരെയുള്ള ജനസമുദായങ്ങൾ തമ്മിൽ സംസർഗ്ഗവും ഇടപാടുകളും വർദ്ധിച്ചു. മലയെന്നും കടലെന്നും മററുമുള്ള പ്രതിബന്ധങ്ങളെല്ലാം നിസ്സാരങ്ങളായിത്തീർന്നു.

ഇനി പറയുവാനുള്ള പ്രധാന വിഷയം മനുഷ്യർ അക്ഷരവിദ്യ കണ്ടുപിടിച്ചതാണു്. ആ വിദ്യ ബുദ്ധിശക്തിയുടെ പുഷ്ടിക്കു വളരെ ഉപകരിച്ചിട്ടുണ്ടു്. അക്ഷരവിദ്യ കണ്ടുപിടിക്കുന്നതിനു മുമ്പു് ഓരോ കാലത്തായി ഓരോ ദേശത്തിൽ ജീവിച്ചിരുന്നവരുടെ അനുഭവങ്ങളും അഭിപ്രായങ്ങളും അടുത്ത തലമുറയ്ക്കു് ഉപയോഗപ്പെടത്തക്കവണ്ണം രേഖപ്പെടുത്താൻ പ്രയാസമായിരുന്നു. അവർ സമ്പാദിച്ച ജ്ഞാനം അവരുടെ കാലശേഷവും പിൻഗാമികൾക്കു പ്രയോജനകരമാകുന്നതിനു രേഖപ്പെടുത്തിയതുകൊണ്ടാണു നാം ഇന്നു് ഈ നിലയിൽ എത്തിയിട്ടുള്ളതു്.

നമ്മുടെ പുസ്തകങ്ങളിൽ സൂക്ഷിച്ചുനോക്കിയാൽ നാം എന്താണു കാണുന്നതു്? കടലാസിൽ മഷികൊണ്ടു് അടയാളപ്പെടുത്തിയിട്ടുള്ള ചില രേഖകൾ മാത്രം. എന്നാൽ ഈ രേഖകൾ വായിച്ചു മററുള്ളവരുടെ അനുഭവങ്ങളും അഭിപ്രായങ്ങളും മററും നമുക്കു മനസ്സിലാക്കാം. ഈ അഭിപ്രായങ്ങളും മററും പുറപ്പെടുവിച്ചിട്ടുള്ള ആളുകളെ നാം കാണുകയോ അറിയുകയോ ചെയ്തിട്ടില്ല. അവരിൽ പലരും എത്രയോ മുമ്പുതന്നെ മരിച്ചുപോയിട്ടുള്ളതുകൊണ്ടു് അവരെ കാണാൻ സാധ്യമല്ല. മററു ചിലർ ദൂരദേശങ്ങളിൽ താമസിക്കുന്നതുകൊണ്ടു് അവരെയും കാണുവാൻ എളുപ്പമല്ല. എന്നാൽ ലേഖനവിദ്യയുടെ സഹായംകൊണ്ടു് അവരെ കാണാതെയും പരിചയപ്പെടാതെയും അവരുമായി ഒരിക്കലും സംസാരിക്കാതെയും അവരുടെ ആശയങ്ങൾ നമുക്കു ഗ്രഹിക്കുവാൻ സാധിക്കുന്നു.

മനുഷ്യർ ആദ്യമായി എഴുതുവാൻ പഠിച്ചപ്പോൾ അവർക്കു് ഉണ്ടായിരുന്ന ലേഖനസാമഗ്രികൾ തോലും ഓലയും മററുമായിരുന്നു. പിന്നീടു് കടലാസുണ്ടാക്കി അതിൽ എഴുതുവാൻ തുടങ്ങി. ലേഖനവിദ്യയുടെ ഒരു പരിഷ്കാരമാണു് അച്ചടി. മനുഷ്യർക്കു് എഴുതുന്നതിനു മാത്രം സാധിച്ചിരുന്ന കാലത്തു് ഒരുവൻ എഴുതിവച്ചിരുന്ന കാര്യങ്ങൾ ഒരേകാലത്തു പൊതുവിൽ അനേകരെ ഗ്രഹിപ്പിക്കുന്നതിനു പ്രയാസമായിരുന്നു, അങ്ങനെയുള്ള ഗ്രന്ഥങ്ങൾ പകർത്തി മററുള്ളവർക്കു കൊടുക്കുന്നതിനുള്ള പ്രയാസവും സാമാന്യമായിരുന്നില്ല. അച്ചടി കണ്ടുപിടിച്ചതോടുകൂടി ഏതു ഗ്രന്ഥത്തിന്റെയും പ്രതികൾ ആവശ്യം

പോലെ വൎദ്ധിപ്പിച്ചു പലൎക്കും കൊടുക്കുന്നതിനും, ക്ലേശം കൂടാതെ വായിക്കുന്നതിനും സാധിക്കുന്നു. സാമാന്യം വലിയ ഒരു ഗ്രന്ഥം പകൎത്തിയെഴുതുന്നതിനു മുൻകാലങ്ങളിൽ ഒന്നും രണ്ടും സംവത്സരത്തെ കാലവിളംബവും അതു നിമിത്തം വളരെ ചെലവും പകൎപ്പിനു വിലക്കൂടുതലും നേരിട്ടിരുന്നു. അച്ചടിച്ച പുസ്തകങ്ങളുടെ പ്രതികൾ ചുരുങ്ങിയ വിലയ്ക്കു കിട്ടുന്നതാണ്.

അക്ഷരവിദ്യയും പുസ്തകങ്ങളും ഇല്ലായിരുന്നുവെങ്കിൽ മനുഷ്യൎക്ക് ഇന്നത്തെ അറിവ്വൃദ്ധി ഉണ്ടാകുമായിരുന്നില്ല. അക്ഷരാഭ്യാസമുള്ളവരും ഇല്ലാത്തവരും തമ്മിൽ വളരെ വ്യത്യാസമുള്ളതായി കാണുന്നുണ്ടല്ലോ. എഴുതുവാനും വായിക്കുവാനും അറിയാവുന്ന ഒരാൾക്കു പല സംഗതികളെപ്പററിയും അതുവരെ കണ്ടെത്തിട്ടുള്ള വിവരങ്ങൾ വായിച്ചു മനസ്സിലാക്കുവാൻ കഴിയുന്നതാണ്. എഴുത്തുപഠിച്ചവർ ആ ശക്തി ഉപയോഗിച്ച് അറിവു വൎദ്ധിപ്പിക്കാഞ്ഞാൽ പഠിച്ചതുകൊണ്ടു പ്രയോജനമില്ലാതാകും. നിത്യവും കണ്ടുപഴകിട്ടുള്ള സംഗതികളെക്കുറിച്ചു പഴമകൊണ്ടും കേൾവികൊണ്ടും വല്ലതും എല്ലാവൎക്കും മനസ്സിലാകാം. എന്നാൽ എല്ലാററിനെപ്പററിയും വേണ്ടിടത്തോളം അറിവു കിട്ടുന്നതിനും അറിവുള്ളവരിൽ അബദ്ധവും സുബദ്ധവും വേൎതിരിച്ചു മനസ്സിലാക്കുന്നതിനും പുസ്തകപാരായണംപോലെ ഉത്തമമായ മാൎഗ്ഗം ഇല്ല. നിൎദ്ദോഷവും പ്രയോജനവും ആയ വിധത്തിൽ വിശ്രമസമയത്തെ വിനിയോഗിക്കുന്നതിനു ചെയ്യേണ്ട പ്രവൃത്തിയും ഇതുതന്നെ.

പാഠം ൧൧

ഇന്ദ്രദർപ്പശമനം

വിണ്ണവർനാഥൻതൻ കോപത്തെ കണ്ടിട്ടു
തിണ്ണം ചിരിക്കുന്ന കണ്ണനപ്പോൾ
തന്നെയും വല്ലവന്മാരെല്ലാരെയുമന്നേ
ഖിന്നന്മാരായിട്ടു കണ്ടനേരം ൧

കോമളമായൊരിടത്തോളദ്രിയെക്കൊണ്ടിട്ടു
കോഴപ്പെടായ്‌വിനെന്നു ചൊന്നാൻ.
ഗോവർദ്ധനത്തോടു യാചിച്ചു നിൽപ്പിനി-
ങ്ങാപത്തെപ്പോക്കുവാൻ നിങ്ങളെല്ലാം. ൨

വാനവർനായകൻ തന്നുടെ പൂജയെ
മാനിച്ചുകൊണ്ടതിവൻതാനല്ലോ
ഞങ്ങളെപ്പോററീട്ടു പാലിച്ചുകൊള്ളുന്നോൻ
കുന്നത്തെയാണവൻ പിണ്ടത്തിന്നും ൩

എന്നങ്ങു ചൊന്നുള്ള നന്ദകുമാരനാ-
ക്കുന്നോട്ടു ചെന്നങ്ങണഞ്ഞു പിന്നെ
പെട്ടെന്നു ചെന്നവൻ മുഷ്ടി ചുരുട്ടീട്ടു
കുത്തിനാൻ കുന്നിനെയൊന്നു തിണ്ണം ൪

കുട്ടിക്കിടാവുതൻ കൈത്തലംകൊണ്ടുള്ള
മുഷ്ടിയെത്തന്നുള്ളിലേററനേരം

ഞെട്ടിനിന്നുള്ളോരു കന്നുകാലങ്ങളപ്പോൾ
വട്ടംതിരിഞ്ഞുതുടങ്ങി ചെമ്മേ ൨൦

വൃക്ഷങ്ങളെല്ലാം ഞെളിഞ്ഞുതുടങ്ങീതേ
പക്ഷികളെല്ലാം പറന്നീതെങ്ങും

കന്ദരം കുന്നിലെ മന്ദിരമായുള്ള
കിന്നരരെല്ലാരും ഖിന്നരായി. ൨൪

ഒന്നിച്ചുനിന്നുള്ള പന്നികളെല്ലാമ-
ങ്ങുന്നിലെ പാഴിക്കുട്ടിനിന്നു.

കന്ദത്തിലുള്ള വൻപുലിക്കൂട്ടങ്ങൾ
സംഭ്രമിച്ചോടിയൊളിച്ചിതെങ്ങും ൨൮

വേട്ടയ്ക്കു വന്നുള്ള കാട്ടാളരെല്ലാരു-
മാട്ടിത്തുടങ്ങിനാരൊന്നു തണ്ണി

കാട്ടുപോത്തെല്ലാമേ ചാട്ടം തുടങ്ങീത-
മ്മാട്ടിന്നു മുട്ടിലെ കോട്ടികളും. ൩൨

കാട്ടാനക്കൂട്ടങ്ങൾ കൂട്ടം പിരിഞ്ഞുനി-
ന്നോട്ടം തുടങ്ങീതു കാട്ടിലപ്പോൾ.

ചെന്താമര നിന്നുള്ള മണ്ണക്കിളികളും
ദീനങ്ങളായങ്ങു പാഞ്ഞു ചെമ്മേ. ൩൬

ശാർദ്ദൂലം തന്നോടു ചേർച്ച തുടങ്ങീതു
ശാർദ്ദൂലപോതങ്ങളേണത്തോടും.

മുഷ്ടിയേററമുള്ളോരു ധാരകൊണ്ടന്നേരം
നിർദ്ധൂമമാകയായ് കണ്ണനീരം ൪

പാരം ചൊരിഞ്ഞിട്ടു സിംഹങ്ങൾ തന്നുടെ
ഘോരമായുള്ളോരു നാദത്തിന്റെ
മാറെറാലി കൊണ്ടൊരു കന്ദരവായ്കൊണ്ട-
ങ്ങേററം കരഞ്ഞതാകുന്നിതപ്പോൾ ൪൪

ഞങ്ങളെ കണ്ടൊരു നന്ദകുമാരകൻ
പൊങ്ങിച്ചുനിന്നാനക്കുന്നു മെല്ലെ
വാമമായുള്ളൊരു പാണിതലംകൊണ്ടു
ഓമററു നിന്നങ്ങുത്തിച്ചാനാൻ ൪൫

“എൻകൈയ്യിലുള്ളൊരു വൻകുന്നിൻ കീഴിലെ
വന്നങ്ങു നൂഴുവിൻ നിങ്ങളെല്ലാം”
വല്ലവന്മാരെല്ലാമെന്നതു കേട്ടപ്പോൾ
വല്ലവിമാരോടും കൂടിച്ചെമ്മേ ൪൬

ബാലകന്മാരേയും പൈക്കളെക്കൊണ്ടങ്ങനെ
ചാലെ അങ്ങതിൻ കീഴിൽ പുക്കാർ
കന്നുകിടാങ്ങളും കാലിയും മറെറല്ലാം
കുന്നിന്റെ കീഴിലങ്ങായനേരം. ൪൭

താനങ്ങു തന്നുടെ നൽക്കുഴലൂതിനി-
ന്നാനന്ദഗീതം തുടങ്ങിതാകെ
വാനവനായകൻ വല്ലവന്മാരുടെ
ദീനത കാണ്മാനായ് വന്നാനപ്പോൾ ൪൮

മാധവൻ തന്നെയും വല്ലവന്മാരെയും
ബാധകൾ കൂടാതെ കാൺകയാലെ
ഉള്ളിലെഴുന്നൊരു കോപമടങ്ങി നി-
ന്നുള്ളം തെളിഞ്ഞുടൻ നിന്നനേരം ൯൮

മാരിയെപ്പെയ്യിച്ച മാധവനോടെല്ലാ
നേരിട്ടു നിന്നു ഞാനെന്നെണ്ണി.
ദീനത പൂണ്ടു തൻ മാനസം തന്നിലെ
നാണവും പൂണ്ടങ്ങു നിന്നു പിന്നെ ൯൯

മേഘങ്ങളെല്ലാമേ പോകെന്നു ചൊല്ലിനാൻ
നാകികൾ നായകനാകുന്നോൻ
മന്നിലങ്ങുന്നിന്ന പാപങ്ങളൊന്നുമേ
പിന്നെ മറിച്ചു ചലിപ്പിയാതെ. ൱

ഏഴുനാളിങ്ങനെ പേമഴ പെയ്യുമ്പോൾ
കേഴകൾ കൂടാതെ നിന്നാൻ കണ്ണൻ. ൱൧

(കൃഷ്ണഗാഥ)

പാഠം ൩൩.

നാണയങ്ങൾ

നാണയങ്ങൾ കണ്ടിട്ടില്ലാത്തവർ ഈ കാലത്തു് ആരും കാണുകയില്ല. നാണയങ്ങളുടെ മനുഷ്യർക്കുള്ള

പ്രതിപത്തി വിചാരിച്ചാൽ അതു സംഭരിക്കുന്നതുതന്നെയാണോ അവരുടെ ജീവിതോദ്ദേശമെന്നുപോലും തോന്നിപ്പോകും. ഈ പ്രതിപത്തി ദോഷകരമാണെങ്കിലും, നാണയങ്ങളെ നിസ്സാരസാധനങ്ങളായി ഗണിക്കുന്നവർ ലോകത്തിൽ പല കഷ്ടതകളും അനുഭവിക്കേണ്ടി വരുന്നു.

നാണയത്തിന്റെ വില എങ്ങനെയുണ്ടാകുന്നു എന്നു നോക്കാം. നമുക്കു കാലക്ഷേപത്തിന് ഒഴിച്ചുകൂടാത്ത അന്നവസ്ത്രാദികൾ താനേ കിട്ടുമെന്നു വന്നാൽ നാണയങ്ങൾ ആവശ്യമില്ല. പ്രകൃതിയുടെ അനുഗ്രഹംകൊണ്ടു വായുവും ജലവുംപോലെ അന്നവസ്ത്രാദികൾ കിട്ടുമെങ്കിൽ നാണയങ്ങളുടെ മഹിമ പൊയ്പോകും. കാട്ടിൽ കിട്ടുന്ന മാംസവും, വന്യങ്ങളായ ഫലമൂലങ്ങളുംകൊണ്ട് ഉപജീവിക്കുന്ന കാട്ടാളന്മാർക്ക് നാണയത്തിൽ ഭ്രമമില്ല. നമുക്കു വേണ്ടതായ സാധനങ്ങളെല്ലാം നാം തന്നെ വേല ചെയ്ത് ഉണ്ടാക്കുകയാണെങ്കിൽ നാണയത്തിന്റെ ആവശ്യം നേരിടുന്നതല്ല. ഏതാവശ്യത്തിനും വേണ്ട സാധനങ്ങൾ വരുത്തിത്തരുന്നതിന് അച്ഛനോ അമ്മയോ മറ്റു രക്ഷകർത്താക്കളോ ഉള്ളപ്പോഴും നാണയം കൂടാതെ കഴിയുവാൻ വൈഷമ്യമില്ല. അതിനാൽ നാണയത്തിന്റെ വില അതുകൊണ്ടുള്ള പ്രയോജനത്തെ ആശ്രയിച്ചിരിക്കുന്നു എന്നു സ്പഷ്ടമാകുന്നു. ആദികാലത്തു മനുഷ്യർ എല്ലാവരും മുൻപറഞ്ഞ കാട്ടാളന്മാരെപ്പോലെയാണു ജീവിച്ചിരുന്നത്. ആ കാലത്തു നാണയം ഉണ്ടായിരുന്നില്ല. സുഖാനുഭവത്തിന് ഇപ്പോഴും നാം തേടിപ്പിടി

ച്ചിരിക്കുന്ന ഉപകരണങ്ങളൊന്നും അന്നു് ഇല്ലായിരുന്നു. കാലക്ഷേപത്തിനു ചുരുക്കം ചില സാമാനങ്ങൾ വേണ്ടിയിരുന്നവ എല്ലാവൎക്കും സുലഭങ്ങളായുമിരുന്നു. അതിനാൽ സമ്പന്നൻ, ദരിദ്രൻ, ദാതാവു്, യാചകൻ ഇങ്ങനെയുള്ള അവസ്ഥാന്തരങ്ങൾ ജനങ്ങളുടെ ഇടയിൽ അന്നു് ഉണ്ടായിരുന്നില്ല.

മനുഷ്യരുടെ സംഖ്യയും ആവശ്യങ്ങളും വൎദ്ധിച്ചുതുടങ്ങിയപ്പോൾ കൂടെക്കൂടി പലവിധത്തിലുള്ള വ്യവസായങ്ങളും ഉത്ഭവിച്ചു. എല്ലാ വ്യവസായങ്ങളിലും ഒരുവൻതന്നെ പ്രവൎത്തിക്കാൻ കഴിയാതെ വന്നപ്പോൾ ഓരോരുത്തർ തങ്ങളുടെ വാസനയും സാമൎത്ഥ്യവും അനുസരിച്ചുള്ള തൊഴിലിൽ പ്രവേശിച്ചു. ഇപ്രകാരം കൎഷകർ, വ്യാപാരികൾ, നെയ്ത്തുകാർ, ആശാരികൾ, വൈദികന്മാർ എന്നിങ്ങനെ പല വൎഗ്ഗക്കാർ ഉത്ഭവിച്ചു. ഇവരിൽ പലരുടെയും സഹായം കൂടാതെ ഓരോ കൂട്ടൎക്കും കഴിച്ചുകൂട്ടുവാൻ നിവൃത്തിയില്ലെന്നായി. അങ്ങനെയുള്ള സഹായം ആവശ്യപ്പെട്ടപ്പോൾ താൻ ഉണ്ടാക്കുന്ന സാധനങ്ങൾ മറുകൂട്ടത്തിൽ പെട്ടവനു കൊടുത്തു് അവൻ നിൎമ്മിക്കുന്ന സാധനങ്ങൾ വാങ്ങി ആവശ്യം നിൎവ്വഹിച്ചുവന്നു. കൃഷിക്കാരനു വസ്ത്രം ആവശ്യപ്പെട്ടാൽ അവൻ നെയ്ത്തുകാരനു നെല്ലു കൊടുത്തു വസ്ത്രം വാങ്ങിക്കും. ഇപ്രകാരം വിനിമയം അല്ലെങ്കിൽ കൈമാററം ആയിട്ടാണു് ക്രയവിക്രയങ്ങൾ അക്കാലത്തു നടന്നുവന്നതു്.

കാലക്രമംകൊണ്ടു് അങ്ങാടികളും ചന്തകളും ഏൎപ്പെട്ടു. ജനസമുദായത്തെ സമാധാനമായി രക്ഷിക്കുന്നതിനു

രാജാക്കന്മാരും ഭരണവ്യവസ്ഥകളും ഉണ്ടായി. അന്നു മേൽപ്പറഞ്ഞതുപോലെ ഓരോ തൊഴിലുകാർ അധ്വാനിച്ച് ഉണ്ടാക്കുന്ന വിളവുകളും സാധനങ്ങളും തന്നെ വിനിമയം ചെയ്തു കച്ചവടം നടത്തിവന്നു. രാജാക്കന്മാർ, രാജ്യഭോഗങ്ങളെ ധാന്യങ്ങളായും മററും വസൂലാക്കി അവകൊണ്ടുതന്നെ സമ്മാനങ്ങളും ശമ്പളങ്ങളും മററും കൊടുത്തുവന്നു. നെല്ലായിട്ടു ശമ്പളം പററിവന്ന ജീവനക്കാർ ഈ കാലംവരെ നമ്മുടെ രാജ്യത്തും ഉണ്ടായിരുന്നുവല്ലോ. എന്നാൽ ധാന്യാദികളെ കൈകൾമാററം ചെയ്തു കച്ചവടം നടത്തുന്നതിൽ പല വൈഷമ്യങ്ങളും ഉണ്ടെന്നു ക്രമേണ ബോധ്യപ്പെട്ടു. കിഴങ്ങുകാരൻ നെല്ലു വാങ്ങിക്കാൻ ചന്തയിൽ ചെല്ലുമ്പോൾ നെല്ലിന്റെ ഉടമസ്ഥൻ കിഴങ്ങു വാങ്ങാൻ മനസ്സുണ്ടായിരിക്കണം. അല്ലെങ്കിൽ നെല്ലുകാരനു വേണ്ട സാധനം കിഴങ്ങു വാങ്ങാൻ മനസ്സുള്ളവരാരെങ്കിലും കൊണ്ടുവന്നിട്ടുണ്ടോ എന്നു കണ്ടുപിടിക്കണം. ഒരു പറ നെല്ലും മററു സാമാനങ്ങളും ആവശ്യമുള്ള ഒരുവൻ രണ്ടു ചാക്കു കിഴങ്ങു കൊണ്ടുചെന്നു എന്നിരിക്കട്ടെ. അവന്റെ ചുമടു വിഭജിച്ചുകൊടുത്തു് ആവശ്യമുള്ള സാമാനങ്ങൾ വാങ്ങുന്നതിന് എത്രമാത്രം പ്രയാസമുണ്ടാകുമെന്നു് ആലോചിച്ചുനോക്കുക. ചരക്കുകൾക്കുള്ള പ്രിയവും, അങ്ങാടിയിൽ അവയുടെ സുലഭതയും ഒരുകാലത്തു കൂടിയും ഒരു കാലത്തു കുറഞ്ഞും ഇരിക്കും. അതിനാൽ ചരക്കുകൾ കൈമാററം ചെയ്തുകൊണ്ടു കച്ചവടം നടത്തുന്നതിൽ ഇടപാടുകാർക്കു നിശ്ചിതമായ ഒരു നിരക്കു് ഉണ്ടാവാനും വൈഷമ്യമുണ്ടു്. എത്ര നെല്ലിന് എത്ര കിഴങ്ങു

കൊടുക്കണമെന്നും മററും അനേകം സാധനങ്ങൾ തമ്മിലുള്ള കൈമാററത്തിന് ഒരു നിരക്ക വേണ്ടിയതും. കൂട്ടവിൽ കൈയ്യൂക്കുള്ളവൻ തന്നെ കാൎയ്യക്കാരനായിത്തീരുകയേ നിർവ്വാഹമുള്ളു.

ഇപ്രകാരമുള്ള അസൗകൎയ്യങ്ങളെല്ല പരിഹരിക്കാൻ വേണ്ടിയാണു ബുദ്ധിമാന്മാരായ പൂൎവ്വികന്മാർ നാണയം എന്നൊരു പദാൎത്ഥം നടപ്പിലാക്കിയതു്. നാണയം സാധനങ്ങളുടെ ഇടനിലയായി നിന്ന് അവയുടെ വിലയെ ക്ലിപ്തപ്പെടുത്തുന്നു. ഏതു പദാൎത്ഥവും കൊടുത്തു നാണയം വാങ്ങി ആവശ്യംപോലെ ഏതു പദാൎത്ഥവും വാങ്ങാമെന്നു വന്നപ്പോൾ ഇടപാടുകൾ യഥേഷ്ടം നടന്നുതുടങ്ങി. ചരക്കിനേക്കാൾ നാണയം കൊണ്ടുനടക്കുന്നതിനു സൗകൎയ്യവും കൂടുമല്ലോ. ഇങ്ങനെ നാണയം കച്ചവടത്തിനു സൗകൎയ്യം നൽകുന്ന ഒരു ഉപകരണവും, ആളുകളുടെ ധനം നിശ്ചയിക്കുന്നതിനുള്ള തോതും ആയിത്തീൎന്നു.

ഇക്കാലത്തു നാം കാണുന്നതുപോലെയുള്ള നാണയങ്ങളല്ല ആദിയിൽ ഉണ്ടായിരുന്നതു്. പാറക്കല്ല്, കവടി, തോൽക്കഷണങ്ങൾ, രത്നങ്ങൾ മുതലായവ പണ്ടു നാണയങ്ങളുടെ സ്ഥാനം വഹിച്ചിരുന്നു. ഇവയ്ക്കും കൃത്യമായ വില കല്പിക്കാൻ പ്രയാസമായിക്കണ്ടപ്പോൾ ജനങ്ങൾ ലോഹംകൊണ്ടു നാണയം ഉണ്ടാക്കാൻ തുടങ്ങി. രാജാധികാരികൾ ഈ നാണയങ്ങൾക്ക വിലയിലും തൂക്കത്തിലും വ്യവസ്ഥ വരുത്തി. അപ്പോൾ ക്രയവിക്രയ

ങ്ങൾക്കു മുമ്പിലത്തേതിൽ വളരെ അധികം സൌകൎയ്യം ഉണ്ടായി.

നാണയങ്ങൾ ആദ്യമായി ഉണ്ടാക്കിയതു ചീനക്കാർ ആയിരുന്നു. അവിടെനിന്നു പടിഞ്ഞാറോട്ടു നീങ്ങി അറേബിയ, ഗ്രീസ്സ്, റോമാ മുതലായ പശ്ചിമരാജ്യങ്ങളിൽ ഈ ഏൎപ്പാടു ക്രമേണ നടപ്പായി. ഭാരതഖണ്ഡത്തിലെ പ്രാചീനരാജാക്കന്മാർ ഭാരോത്തൂക്കക്കണക്കിനു സ്വൎണ്ണവും വെള്ളിയും രാജഭോഗമായി സ്വീകരിച്ചുവന്നു എന്നുള്ളതിനു ലക്ഷ്യങ്ങൾ ഉണ്ടു്. മഹമ്മദീയരുടെ കാലത്തിനു വളരെ മുമ്പുള്ള ഹിന്ദുരാജാക്കന്മാരുടെ മുദ്ര വഹിക്കുന്ന നാണയങ്ങളും കിട്ടിയിട്ടുണ്ടു്. തങ്കക്കാശും അറബിക്കാശും മഹമ്മദീയരോടുകൂടി ഇവിടെ വന്നിട്ടുള്ള നാണയങ്ങളാണു്. പത്താക്ക മുതലായ ചില സ്വൎണ്ണനാണയങ്ങൾ യൂറോപ്പിലെ കച്ചവടക്കാർ കൊണ്ടുവന്നതായുണ്ടു്. ഷാജഹാൻ എന്ന മുകിലചക്രവൎത്തിയാണു വരാഹൻ, മോഹർ എന്നീ സ്വൎണ്ണനാണയങ്ങൾ അടിപ്പിച്ചതു്. ഇൻഡ്യയിൽ ആദ്യമായി വെള്ളിരൂപാ അടിപ്പിച്ചതു് ആയിരത്തഞ്ഞൂറിനാല്പതാമാണ്ടിടയ്ക്കു ചക്രവൎത്തിയായിരുന്ന ഷേർഷാ ആണു്.

നാണയങ്ങൾ അടിപ്പിക്കുന്നതും പ്രചരിപ്പിക്കുന്നതും രാജാധികാരത്തിന്റെ ഒരു അംഗമായി ഗണിക്കപ്പെടുന്നു. മുൻകാലത്തു ലോഹത്തുണ്ടുകളിൽ രാജശാസനപ്രകാരമുള്ള മുദ്രകൾ അടിച്ചു നാണയങ്ങളായി ഉപയോഗിച്ചുവന്നു. ഇപ്പോൾ നാണയങ്ങൾ ഉണ്ടാക്കുന്നതു്,

യന്ത്രങ്ങൾ ഉപയോഗിച്ചാണു്. അതിനാൽ ലോഹത്തകിട്ടുകളെ ഒരേ ഘനത്തിലും, ആകൃതിയിലും, വലിപ്പത്തിലും, വെട്ടിയെടുത്തു് അവയുടെ ഇരുവശത്തിൽ കാണുന്ന മുദ്രയും അക്ഷരങ്ങളും വരകളും അടിക്കാൻ പ്രയാസം കൂടാതെ സാധിക്കുന്നു. വെള്ളിയും സ്വർണ്ണവുംകൊണ്ടുള്ള നാണയങ്ങളുടെ വക്കിൽ അരിമ്പുകൾ ഉള്ളതായി കണ്ടിട്ടുണ്ടല്ലോ. വിലപിടിച്ച ലോഹങ്ങളെ കയ്യാൽ വഞ്ചകന്മാർ ഈ നാണയങ്ങളെ ഉരച്ചും മുറിച്ചും ചേതപ്പെടുത്താതിരിക്കാൻ വേണ്ടിയാണു് അരിമ്പുകൾ ഉണ്ടാക്കുന്നതു്.

നാണയങ്ങൾ ഉണ്ടാക്കുവാൻ ഉപയോഗിക്കുന്നതു പ്രധാനമായി സ്വർണ്ണവും വെള്ളിയും ചെമ്പുമാകുന്നു. കുറെക്കാലമായി നിക്കൽ എന്ന ലോഹവും നാണയത്തിനു് ഉപയോഗിച്ചുവരുന്നു. പത്തു ചക്രം വിലയുള്ള രാശി ഒരു കാലത്തു കേരളത്തിൽ പ്രധാനപ്പെട്ട ഒരു സ്വർണ്ണനാണയമായിരുന്നു. ഇപ്പോൾ നമ്മുടെ നാട്ടിൽ കാണുന്ന സ്വർണ്ണനാണയം ഇംഗ്ലണ്ടിലെ നാണയങ്ങളിൽ വച്ചു വലകൂടിയ പവൻ ആണു്. വെള്ളിനാണയങ്ങളിൽ പ്രധാനമായതു് ഇൻഡ്യാഗവൎമ്മേന്റിന്റെ നാണയമായ രൂപയും, ചെമ്പുനാണയങ്ങളിൽ വളരെ പ്രചാരമുള്ളതു് തിരുവിതാംകൂർഗവൎമ്മേൻറുവക ഒററച്ചക്രവും ആകുന്നു. ഈ ഗവൎമ്മേൻറുവക വെള്ളിനാണയങ്ങളായ അര രൂപയും, കാൽരൂപയും, ഒററപ്പണവും, ചെമ്പുനാണയങ്ങളായ ചക്രം, അരച്ചക്രം, കാൽച്ചക്രം, ഒററക്കാശു് ഇവയും നിങ്ങൾ കണ്ടിട്ടുണ്ടല്ലോ. നിക്കൽകൊണ്ടു് ഉണ്ടാക്കി

യയായിൽ ഇൻഡ്യാഗവൎമ്മെൻറ വകയായ ഒരണത്തുട്ടം, രണ്ടണത്തുട്ടം, നാലണത്തുട്ടം, എട്ടണത്തുട്ടം ഈ നാട്ടിൽ വെള്ളിത്തുട്ടുകൾപോലെ ധാരാളമായി ഉപയോഗിച്ചുവരുന്നില്ല.

മുൻകാലത്തു ചില രാജ്യങ്ങളിൽ നാണയങ്ങൾ ദേവാലയങ്ങളിൽ വച്ച് അടിച്ചുവന്നതായി ചരിത്രത്തിൽ കാണുന്നു. അക്കാലത്തു മിക്ക രാജ്യങ്ങളിലും അതതു രാജാവിന്റെ ഇഷ്ടപ്രകാരമുള്ള വിഗ്രഹങ്ങളുടെയോ ആയുധങ്ങൾ, വാഹനങ്ങൾ, പൂജാസാധനങ്ങൾ മുതലായ വസ്തുക്കളുടെയോ രൂപം നാണയത്തിൽ കൊത്തുക നടപ്പുണ്ടായിരുന്നു. കിരീടപതിമാരിൽ അലക്സാണ്ടർ ചക്രവത്തിയുടെ രൂപമാണ് ആദ്യം നാണയത്തിൽ കൊത്തുവാൻ ഇടയായത് എന്നു പറയുന്നു. ഇപ്പോൾ നാണയങ്ങൾ അതതു ഗവൎമ്മെൻറിന്റെ കമ്മട്ടങ്ങളിൽ അടിക്കുന്നു. നാണയത്തിന്റെ ഒരുവശത്തു രാജാവിന്റെ രൂപമോ അല്ലെങ്കിൽ ഗവണ്മെൻറിന്റെ അധികാരമുദ്രയോ ഉണ്ടായിരിക്കും. മറുവശത്തു നാണയത്തിന്റെ വിലയും ചിലപ്പോൾ നാണയം അടിച്ച കൊല്ലവും കൊത്തിയിരിക്കും.

വിലയുടെ ക്രമത്തിൽ സ്വൎണ്ണനാണയം ഒന്നാമതായും വെള്ളി രണ്ടാമതായും നില്ക്കുന്നു. ഇതരലോഹങ്ങൾകൊണ്ടുള്ള നാണയങ്ങൾക്ക് അടുത്ത പടികളിലെ സ്ഥാനമുള്ളൂ. നമ്മുടെ രാജ്യത്ത് ഏററവും താണതരത്തിലുള്ള നാണയം ചെമ്പുകാശാകുന്നു. ആകൃതിയിൽ ഇത്ര ചെറുതും ഇത്ര വിലകുറഞ്ഞതുമായ ഒരു നാണയം മററു രാജ്യങ്ങളിൽ ഉണ്ടെന്നു തോന്നുന്നില്ല. ബ്രിട്ടീഷിൻഡ്യയിൽ പൈസയാണു കുറഞ്ഞതരത്തിലുള്ള ചെമ്പു

നാണയം ഇംഗ്ലണ്ടിൽ പെനിയെന്നും ഫാർത്തിങ്ങെന്നും പേരുള്ള ചെമ്പുനാണയങ്ങൾ ഉണ്ടു്.

കൂട്ടുചേരാത്ത ലോഹങ്ങളെ നാണയങ്ങൾ നിൎമ്മിക്കുന്നതിനു ഉപയോഗപ്പെടുത്തിയാൽ വേണ്ട ഉറപ്പും കട്ടിപ്പവും ഉണ്ടായിരിക്കയില്ല. അതിനാൽ അല്പമായി മററു ലോഹങ്ങൾ കലൎത്തിയാണു് നാണയത്തകിടുകൾ ഉണ്ടാക്കുന്നതു്. ഒരു പവന്റെ തൂക്കത്തിൽ പന്ത്രണ്ടിൽ പതിനൊന്നുഭാഗം സ്വൎണ്ണവും ഒരുഭാഗം ചെമ്പും ആയിരിക്കും. രൂപയിൽ ഏകദേശം നല്പതിനു മൂന്നുവീതം ചെമ്പു ചേൎത്തുവരുന്നു. ചെമ്പുനാണയങ്ങളിൽ നൂററിനു നാലുവീതം വെളുത്തീയവും ഒന്നുവീതം നാകവുമാണു ചേൎക്കുന്നതു്. കലൎപ്പു ചേരാത്തതും, മാററുകൂടിയതുമായ സ്വൎണ്ണംകൊണ്ടു തങ്കക്കാശു മുതലായ ചില നാണയങ്ങൾ പൂൎവ്വകാലത്തു് അടിക്കാറുണ്ടായിരുന്നു. വിരലുകൾകൊണ്ടു വളയ്ക്കുവാൻ തക്കവണ്ണം മാൎദ്ദവമുള്ള ചില സ്വൎണ്ണനാണയങ്ങൾ ചില പഴയ ഭണ്ഡാരങ്ങളിലും മററും ഇപ്പോഴും സൂക്ഷിച്ചിട്ടുള്ളതായി അറിവുണ്ടു്. കലൎപ്പില്ലാത്ത നാണയങ്ങൾ എളുപ്പം തേഞ്ഞുപോകുന്നു. നിത്യോപയോഗത്തിൽ ഏതു നാണയത്തിനും തൂക്കം കുറയുന്നതായി കണ്ടു തേഞ്ഞ നാണയങ്ങളെ ഇടയ്ക്കിടയ്ക്കു പരിശോധിക്കുന്നതിനും ഏൎപ്പാടുകൾ ചെയ്യുന്നുണ്ടു്.

പാഠം ൨൪.

എഴുത്തച്ഛൻ

മലയാളകവികളിൽ എഴുത്തച്ഛൻ പ്രഥമഗണ്യനാകുന്നു. അദ്ദേഹത്തിൻറ ജീവചരിത്രത്തെക്കുറിച്ചു നമുക്കു് ഏതാനും ചില ഐതിഹ്യങ്ങൾ മാത്രമേ അറിവുള്ളു. അവയിൽ പലതും വിശ്വാസയോഗ്യങ്ങളല്ലതാനും. എഴുത്തച്ഛൻ ഒരു ഗന്ധർവനായിരുന്നു എന്നും, ബ്രഹ്മാവിൻറ ശാപമേററു് മനുഷ്യനായി ജനിച്ചതാണെന്നും കൂടി ഒരു കഥ പറയാറുണ്ടു്.

കൊല്ലവർഷം ൭൱-നും ൮൱-നും ഇടയ്ക്കു് എഴുത്തച്ഛൻ ജീവിച്ചിരുന്നു എന്നാണു് പണ്ഡിതന്മാർ അഭിപ്രായപ്പെടുന്നതു്. ബ്രിട്ടീഷ് മലബാറിലുള്ള പൊന്നാനിത്താലൂക്കിൽ തൃക്കണ്ടിയൂർ എന്ന സ്ഥലത്തു പ്രസിദ്ധമായ ഒരു ശിവക്ഷേത്രം ഉണ്ടു്. ഈ ക്ഷേത്രത്തിനു് അല്പം പടിഞ്ഞാറുള്ള ഒരു പറമ്പിനു് ഇപ്പോഴും തുഞ്ചൻപറമ്പു് എന്നു പേർ പറഞ്ഞുവരുന്നു. എഴുത്തച്ഛൻറ ഭവനം അവിടെയായിരുന്നു. തുഞ്ചൻപറമ്പിൽ ഇപ്പോൾ പഴയ കെട്ടിടം ഒന്നും ഇല്ല. എന്നാൽ ആ ദിക്കിലുള്ളവർ കുട്ടികളെ എഴുത്തു പഠിപ്പിക്കാൻ ഇപ്പോഴും തുഞ്ചൻ പറമ്പിലെ മണൽ വാരിക്കൊണ്ടു പോകാറുണ്ടു്.

എഴുത്തച്ഛൻറ പിതാവു് ഒരു നമ്പൂരിയും മാതാവു് ഒരു ചക്കാലനായർ സ്ത്രീയുമായിരുന്നു. എഴുത്തച്ഛനു

ബാല്യത്തിൽതന്നെ സംസ്കൃതത്തിൽ നല്ലപാണ്ഡിത്യം സിദ്ധിച്ചു. വിദ്യാഭ്യാസം കഴിഞ്ഞശേഷം എഴുത്തച്ഛൻ കുട്ടികളെ പഠിപ്പിച്ചുംകൊണ്ടു് കുറേനാൾ സ്വദേശത്തു താമസിച്ചു. അക്കാലത്തു് ശിഷ്യന്മാരുടെ ഉപയോഗത്തിനായി ഉണ്ടാക്കിയതാണു 'ഗണാഷ്ടകം' എന്ന ചെറിയ സ്തോത്രം എന്നു ചിലർ പറയുന്നു. ഇതെല്ലാം കണ്ടു് ഈർഷ്യാകലുഷരായ ചിലർ അദ്ദേഹത്തോടു് 'ഇച്ചന്റെ ചക്കിൽ എത്രയാട്ടും' എന്നു ചോദിച്ചു. അതിനു മറുപടിയായി നാലും ഏറും കൂട്ടും, എന്നു തുഞ്ചൻ ഉത്തരം പറഞ്ഞു. ഇങ്ങനെ തന്റെ ജാതിയെക്കുറിച്ചു് ആക്ഷേപമായി ചോദിച്ച ചോദ്യത്തിനു നാലുവേദങ്ങളും ആറു ശാസ്ത്രങ്ങളും തനിക്കു വശമുണ്ടെന്നാണു് അദ്ദേഹം ഫലിതമായി ഉത്തരം പറഞ്ഞതു്.

കുറേക്കാലം ദ്രാവിഡദേശങ്ങളിലും അന്യദേശങ്ങളിലും എഴുത്തച്ഛൻ സഞ്ചരിച്ചു ലോകപരിചയവും പാണ്ഡിത്യവും വർദ്ധിപ്പിച്ചതായി ഊഹിക്കുവാൻ ന്യായങ്ങളുണ്ടു്.

കാലക്രമേണ എഴുത്തച്ഛൻ ഹരിനാമകീർത്തനം മുതലായി അനേകം ഗ്രന്ഥങ്ങൾ നിർമ്മിച്ചു. മഹാപണ്ഡിതനും സരസകവിയുമായ മേല്പത്തൂർ നാരായണഭട്ടതിരിയും എഴുത്തച്ഛനും തമ്മിൽ പരിചയമുണ്ടായിരുന്നു എന്നു സൂചിപ്പിക്കുന്ന ഒരു കഥയുണ്ടു്. വാതരോഗം സഹിക്കാതെ ഭട്ടതിരി ഒരിക്കൽ ഗുരുവായൂർ ക്ഷേത്രത്തിൽ ഭജനം ചെയ്യണമെന്നും, അവിടെ വച്ചു വിഷ്ണുപരമമായ

ഒരു കാവ്യം നിർമ്മിക്കണമെന്നു നിശ്ചയിച്ചു. എഴുത്തച്ഛനെ കണ്ടു് ഇക്കാര്യം പറയുവാൻ സൗകര്യമില്ലായിരുന്നതിനാൽ ഭട്ടതിരി ഒരു ഭൃത്യൻ മുഖാന്തിരം വിവരം എഴുത്തച്ഛനെ ഗ്രഹിപ്പിച്ചു. രോഗശമനത്തിനു ഭട്ടതിരി കാവ്യം ഉണ്ടാക്കാൻ ആലോചിക്കുന്നുവെന്നു കേട്ടപ്പോൾ 'മീൻതൊട്ടുകൂട്ടാൻ പറയണം" എന്നു എഴുത്തച്ഛൻ പറഞ്ഞു. ഭട്ടതിരിയുടെ ഭൃത്യനു് ഇതു തീരെ രസിച്ചില്ല. മദ്യപാനം കൊണ്ടോ മറ്റോ മതിമറന്നു് ഇങ്ങനെ പറഞ്ഞതാണെന്നുള്ള സങ്കല്പത്തിൽ അയാൾ ആ മറുപടി ഭട്ടതിരിയെ അറിയിച്ചു. "അച്ഛൻ കുടിച്ചിട്ടുമില്ല, ഞാൻ മീൻ കൂട്ടുകയും വേണ്ട. വിഷ്ണുസ്തോത്രം രചിക്കുന്നുവെങ്കിൽ മത്സ്യാവതാരം മുതലുള്ള കഥകളെല്ലാം വിസ്തരിച്ചു എഴുതണമെന്നാണു് അച്ഛൻ ഉപദേശിച്ച സാരം" എന്നു ഭട്ടതിരി പറഞ്ഞു. ഇപ്രകാരമാണു് ദശാവതാരകഥകൾ അടങ്ങിയ ഭാഗവതം മുഴുവൻ സംഗ്രഹിച്ചു ഭട്ടതിരി 'നാരായണീയം' എന്ന സ്തോത്രരത്നം നിർമ്മിച്ചതെന്നു പറയുന്നു. എന്നാൽ ഭട്ടതിരി ജനിച്ച കാലത്തോടടുപ്പിച്ചു് എഴുത്തച്ഛന്റെ ദേഹവിയോഗം കഴിഞ്ഞിരുന്നു എന്നു ഊഹിക്കാനാണു ന്യായം.

മറ്റൊരു ഐതിഹ്യം കൂടി ഇവിടെ പറയാം. ഭട്ടതിരി ചെമ്പകശ്ശേരിരാജാവിന്റെ സ്നേഹിതനായിരുന്നതിനാൽ അദ്ദേഹം കൂടക്കൂടെ അമ്പലപ്പുഴെ പോയി താമസിക്കാറുണ്ടായിരുന്നു. അദ്ദേഹം മുഖേന എഴുത്തച്ഛനെ കൂട്ടിക്കൊണ്ടുവന്നു രാജാവിനു പരിചയപ്പെടുത്തുകയും രാജാവിന്റെ ആജ്ഞയനുസരിച്ചു് എഴുത്തച്ഛൻ

ചിററൂർ കൊട്ടാരത്തിൽ താമസിക്കുകയും ചെയ്തു. അങ്ങനെ ഇരിക്കെ ഒരു ദിവസം ഒരു പരദേശബ്രാഹ്മണൻ അവിടെ വന്നുചേർന്നു. അദ്ദേഹത്തിന്റെ കൈവശം അദ്ധ്യാത്മരാമായണത്തിന്റെ മൂലം തെലുങ്കക്ഷരത്തിൽ എഴുതീട്ടുള്ള ഒരു ഗ്രന്ഥമുണ്ടായിരുന്നു. എഴുത്തച്ഛനു് തെലുങ്കുലിപി അറിയാമായിരുന്നതിനാൽ ആ ഗ്രന്ഥം മലയാളലിപിയിൽ പകൎത്തിക്കൊടുക്കണമെന്നു രാജാവു ആജ്ഞാപിച്ചു. അപ്രകാരം എഴുത്തച്ഛൻ മൂലഗ്രന്ഥം പകൎത്തുകയും അതോടുകൂടി ആ സംസ്കൃതകാവ്യത്തിന്റെ ഒരു മലയാളതൎജ്ജമ ഉണ്ടാക്കുകയും ചെയ്തു. ഇങ്ങനെയാണു് അദ്ധ്യാത്മരാമായണം കിളിപ്പാട്ടിന്റെ ഉത്ഭവത്തെക്കുറിച്ചുള്ള ഐതിഹ്യം.

അദ്ധ്യാത്മരാമായണം കിളിപ്പാട്ടുപോലെ കേരളത്തിൽ പ്രചാരം ലഭിച്ചിട്ടുള്ള ഗ്രന്ഥം വേറെ ഒന്നുമില്ല; ആ പ്രചാരം അതു് എല്ലാവിധത്തിലും അൎഹിക്കുന്നുമുണ്ടു്. ഈ കിളിപ്പാട്ടുകൂടാതെ രണ്ടു വലിയ ഗ്രന്ഥങ്ങളും കൂടി എഴുത്തച്ഛൻ നിൎമ്മിച്ചിട്ടുണ്ടു. അവ മഹാഭാരതം കിളിപ്പാട്ടും ഭാഗവതം കിളിപ്പാട്ടുമാകുന്നു. ഭാഗവതം മുഴുവൻ എഴുത്തച്ഛന്റേതന്നെയോ എന്നു സംശയമുണ്ടു്. ഈ മൂന്നു മഹാകാവ്യങ്ങളുമാണു് എഴുത്തച്ഛനിൽനിന്നു നമുക്കു ലഭിച്ചിട്ടുള്ള അമൂല്യസമ്പത്തുകൾ.

കിളിപ്പാട്ടുരീതിയിലുള്ള കവിതയ്ക്കു പ്രചാരം വരുത്തിയതു് എഴുത്തച്ഛൻ തന്നെയാണു്. എഴുത്തച്ഛനു

മുമ്പും മലയാളത്തിൽ മഹാന്മാരായ പല കവികൾ ഉണ്ടായിരുന്നു. അവരിൽ ചിലർ സംസ്കൃതവൃത്തങ്ങളിൽ സംസ്കൃതപദങ്ങൾ ധാരാളമായി ചേർത്തു കാവ്യങ്ങൾ എഴുതി. അവ സാധാരണജനങ്ങൾക്കു ദുർഗ്രഹങ്ങളായിരുന്നു. മററു ചിലർ മിക്കവാറും മലയാളപദങ്ങൾ ഉപയോഗിച്ചു ദ്രാവിഡവൃത്തങ്ങളിൽ പാട്ടുകൾ രചിച്ചു. അവയ്ക്കു പണ്ഡിതന്മാരെ ആകർഷിക്കാൻ ശക്തിയുണ്ടായിരുന്നില്ല. എഴുത്തച്ഛനാകട്ടെ മലയാളികൾക്കു രുചിക്കുന്ന ദ്രാവിഡവൃത്തങ്ങൾ ഔചിത്യപൂർവ്വം തെരഞ്ഞെടുത്തു സരസങ്ങളായ സംസ്കൃതപദങ്ങളും മലയാളപദങ്ങളും കലർത്തി കിളിപ്പാട്ടുകൾ നിർമ്മിച്ചു. അദ്ദേഹം കാണിച്ചുതന്ന മനോഹരമായ ഭാഷാരീതി പിന്നീട് എല്ലാ കേരളീയകവികൾക്കും മാതൃകയായിത്തീർന്നു. എഴുത്തച്ഛന്റെ ഓരോ കൃതിയും ഈശ്വരഭക്തിയും സന്മാർഗ്ഗനിഷ്ഠയും അങ്കുരിപ്പിക്കുന്നതിനു പര്യാപ്തമാകുന്നു. കേരളീയരുടെ മാനസികമായ വികാസത്തിനും, ആദ്ധ്യാത്മികമായ സംസ്കാരത്തിനും ഇത്രമാത്രം പ്രയോജനപ്പെടുന്ന ഭാഷാകൃതികൾ വേറെ ഇല്ലെന്നുതന്നെ പറയാം. ഈ പുണ്യപുരുഷനെ മനസ്സുകൊണ്ടു് ആരാധിക്കുകയും ഇദ്ദേഹത്തിന്റെ കൃതികൾ ഭക്തിയോടെ പഠിക്കുകയും ചെയ്യുന്നതു ഓരോ കേരളീയന്റെയും കർത്തവ്യമാകുന്നു.

പാഠം ൨൫

പ്രകൃതിസൗന്ദര്യം

ഏറെനാം മുമ്പെന്നിളജീവിതപ്പൂവല്ലിയെ-
ക്കാരുണ്യത്തണ്ണീർ തളിച്ചീശ്വരൻ വളർത്തവേ
ആനന്ദഗാനം പാടി സ്വച്ഛന്ദം മനത്തിലല-
ന്നാശയാം കളിത്തത്തയങ്ങിങ്ങായ്പ്പറക്കവേ ൧

കാവിൽ ഞാനൊരുകാലത്തിലെൻമുന്നിൽക്കണ്ടേനൊരു
ദേവനെ ദയാമൃതം തൃക്കണ്ണാൽ പൊഴിപ്പോനെ
ശോകവും വലിപ്പവും തുല്യമായിണങ്ങിടു-
മക്കല്യാണനൊപ്പം ഞാൻ വാക്കുമൊന്നിമ്മട്ടോതി: ൨

“കാണുവാൻ കൊതിപ്പിതേ വത്സ! നിൻ കണ്ണിണയിൽ
ച്ചുഴന്നാഴും പ്രപഞ്ചത്തിൻ സൗന്ദര്യം ചേതോഹരം?
ഒന്നെഴുന്നേൽക്കൂ വത്സ മുററത്തോളവും; വന്നു
വെണ്ണിലാവായിട്ടമി വിൺപുഴയ്ക്കകം മുങ്ങൂ. ൩

പൂമണം വിളമ്പുന്ന തെന്നലിൻ വിരലിണ
കോമളം മരങ്ങളാം തൻ മർമ്മരാലാപം കേൾക്കൂ.
അംബരം നോക്കൂ തൊഴുകൈക്കൂപ്പി സാക്ഷാൽത്ത്രൈലോ-
ക്യ:പിതാവാം ശാശ്വതമാം വിഗ്രഹം വിശ്വാത്മകം. ൪

നീളവും പരപ്പുമാർന്നൊരീ ലോകത്തിന്റെ
നിലക്കൽത്തറയ്ക്കൊപ്പം മിന്നുന്ന മഹാകാരം.

അനന്തതിൻനടുക്കണ്ണഞ്ഞൊഴിഞ്ഞൻ പാപം തീരാൻ
പൂനിലാവൊഴുക്കുന്ന പൂർണ്ണേന്ദു പുണ്യം ചെയ്യാൻ ൨൭

മോടിയിൽ തിളങ്ങുന്ന ചുററിലും വജ്റിക്കല്ലോ-
രീടുവയ്പിലെ കൊറെ രത്നങ്ങൾ—നക്ഷത്രങ്ങൾ,
വന്ദ്യമായുള്ളാരൊന്നിനെ കാവുമ്പെട്ടിടുന്ന
ചൊൺമുകിൽ പൊരാന്നിട്ടും വിണ്ണോർ തൻ വിമാനങ്ങൾ ൨൮

പക്ഷികൾ പുകഴ്ത്തുന്ന മന്ത്രങ്ങളുരുക്കൊണ്ടാദി
വൃക്ഷങ്ങളർച്ചിക്കുന്ന പൂക്കളാൽ വിശേഷമാ
യങ്ങനെ സൌരഭ്യാഷ്ടാശ്രു താരകങ്ങൾ തൂകുന്നിൽ
ചെടികളിലും താണം പറന്നാടുന്ന പൂമ്പാറ്റകൾ. ൨൯

ഭ്യാവിശേഷമേറിടുന്ന സൌന്ദര്യങ്ങളെഴും ചേർച്ച
ശ്രുവിലക്കിറങ്ങുന്ന ദേവർതന്നനുഗ്രഹം.
എന്നതു ചെല്ലുന്നതു കാണ്മാനുള്ളയും നിന-
ക്കൊന്നിതൊന്നിതിനമേലെന്ന! വരേണ്ടതാണോ? ൩൦

നിൻകണ്ണിൻ സുഖത്തിനായ് നില്ക്കുന്ന പാർത്തിങ്കളും
വെൺകൊററക്കുടയ്ക്കു കീഴ്പ്പെട്ടാമി ജഗത്തെല്ലാം,
സ്നേഹിക്കാൻ ശീലിക്ക, ചെററിതാരം വിളങ്ങുന്ന
ലോകമത്ത— കളെ മന്നിനക്കെററിട്ടു സാമ്രാജ്യമത്ത്വമേ

തരുമമവാകുംകള്ള തൊന്നനന്നൊഴിന്നറേറൻ
മുററത്തു ചൊന്നൻ കണ്ടേൻ കൺകുളിർത്തകൊഴ്ക്കള

സൂരികൾ കൂട്ടത്തോടൊന്നിച്ചുള്ളിലെപ്പങ്കം കൂടി
ചേർവെള്ളൊഴുകാതിക്കും പാടിടപ്പാലാഴിയെ. ൪൦

അന്യോന്യം നോക്കിച്ചിരിച്ചുല്ലസിപ്പതും പാർത്തേൻ
വിണ്ണിലെത്താരത്താരം മന്നിലെത്താർത്താരവും.
ആനന്ദമൂർച്ഛയാധീനമാക്കീട്ടും വിശപ്പം കണ്ടെൻ-
ഞാനന്നു ഹർഷാശ്രുവിൽ സ്നാതനായ്; പവിത്രമായ് ൪൧

പുൽക്കൊടിത്തലപ്പിലും പൂർണ്ണചന്ദ്രനിൽപ്പോലെ-
യുൾക്കൊൾവൂ സന്ദേശമെന്നന്നു കേട്ടറിഞ്ഞേൻ ഞാൻ
൪൨

(മണിമഞ്ജുഷ)

പാഠം ഒന്നു

ക്രിസ്റ്റഫർ കൊളംബസ്സ്

(ഒന്നാം ഭാഗം)

അമേരിക്കാഖണ്ഡത്തെപ്പററി ഏകദേശം നാനൂററി അൻപതുവർഷം മുമ്പുവരെ പുറമെയുള്ളവർക്ക് യാതൊരു അറിവും ഉണ്ടായിരുന്നില്ല. ആ ഭൂഖണ്ഡത്തിൽ യൂറോപ്പിൽനിന്ന് ആദ്യമായി ചെന്നുചേർന്ന് അതിനെപ്പററി മററുള്ളവർക്ക് അറിവാൻ ഇടവരുത്തിയ മഹാനാണ് ക്രിസ്റ്റഫർ കൊളംബസ്സ്. കൊളംബസ്സ് ക്രിസ്ത്വാബ്ദം ൧൪൪൬-ൽ ഇററലിരാജ്യത്ത് ജിനോവാ എന്ന നഗരത്തിൽ ജനിച്ചു. അദ്ദേഹത്തിന്റെ അച്ഛൻ ഒരു വ്യവസായശാലയിൽ ആട്ടുരോമം ശുദ്ധിപ്പെടുത്തുന്ന പണിയിൽ

ഏർപ്പെട്ടിരുന്നു. കൊളംബസ്സിന് ഇളയവരായി മൂന്നു സഹോദരന്മാരും ഒരു സഹോദരിയും ഉണ്ടായിരുന്നു.

കൊളംബസ്സിന്റെ വിദ്യാഭ്യാസത്തെപ്പററി അദ്ദേഹംതന്നെ ഇങ്ങനെ എഴുതിയിട്ടുണ്ട്. "ബാല്യത്തിൽതന്നെ ഞാൻ ഒരു നാവികനായിത്തീൎന്നു. അന്നുമുതൽ ഇന്നുവരെയും ഞാൻ നാവികൻതന്നെ. എന്റെ തൊഴിലിൽ ഏൎപ്പെടുന്നവൎക്ക് ഭൂമിയെപ്പററിയുള്ള വിവരങ്ങൾ അറിവാൻ ഔത്സുക്യം തോന്നുന്നതു സഹജമാണ്. ഞാൻ ഈ തൊഴിലിൽ നാല്പതു വൎഷം കഴിച്ചിരിക്കുന്നു; മനുഷ്യർ കപ്പൽസഞ്ചാരം ചെയ്തിട്ടുള്ള ദിക്കുകളിൽ എല്ലാം ഞാനും സഞ്ചരിച്ചിട്ടുണ്ട്. വിജ്ഞാനികളോടും വിവേകികളോടും വൈദികന്മാരോടും ലൗകികന്മാരോടും ഗ്രീക്കുകാർ, ലത്തീൻകാർ, ജൂതന്മാർ മഹമ്മദീയർ മുതലായ വൎഗ്ഗക്കാരോടും എനിക്കു സംഭാഷണത്തിനും സംസൎഗ്ഗത്തിനും ഇടയായിട്ടുണ്ട്. എന്റെ ഈ ഔത്സുക്യത്തിൽ ഈശ്വരന് അനുകമ്പ തോന്നിയതിനാൽ കാൎയ്യഗ്രഹണത്തിനുള്ള ശക്തിയും അദ്ദേഹം എനിക്കു നല്കി. നാവികവിദ്യയിൽ അദ്ദേഹം എന്നെ പണ്ഡിതനാക്കിത്തീൎത്തു. ജ്യോതിശ്ശാസ്ത്രം, അങ്കഗണിതം, ക്ഷേത്രഗണിതം ഇവയിൽ ആവശ്യമുള്ള ജ്ഞാനം എനിക്കു സിദ്ധിച്ചു. ഭൂഗോളത്തിന്റെ ആകൃതിയുണ്ടാക്കി അതിന്മേൽ നഗരങ്ങൾ, നദികൾ, പൎവ്വതങ്ങൾ, ദ്വീപുകൾ മുതലായവ ശരിയായി അടയാളപ്പെടുത്തുവാൻ വേണ്ട

ബുദ്ധിയും ഐശ്വൎയ്യവും തന്ന് ആ കാരുണ്യമൂൎത്തി എന്നെ അനുഗ്രഹിച്ചു. ഭൂവിജ്ഞാനീയം ദേശചരിത്രം മുതലായ ശാസ്ത്രങ്ങളിൽ ജ്ഞാനം സമ്പാദിക്കുന്നതിന് ഈകാല

മെല്ലാം ഞാൻ പരിശ്രമിച്ചിട്ടുണ്ട്." ബാല്യം മുതൽ തന്നെ ലോകകാൎയ്യങ്ങളിൽ ഇടപെട്ട പ്രവൎത്തിച്ചും വിദ്യ

സമ്പാദിക്കേണമെന്നുള്ള തൃഷ്ണകൊണ്ടു വിശ്രമമായ സമയങ്ങളിൽ ഗ്രന്ഥപാരായണം ചെയ്തു സമ്പാദിച്ചതായിരുന്നു കൊളംബസ്സിന്റെ വിജ്ഞാനം.

എങ്കിലും മററു ബാലന്മാരെപ്പോലെ എഴുത്തും വായനയും കണക്കും കൊളംബസ്സ് പാഠശാലയിൽ ചെന്ന് അഭ്യസിക്കാതിരുന്നില്ല. പള്ളിക്കൂടം വിട്ടതിന്റെശേഷം കുറേനാൾ കൊളംബസ്സ് അപ്പന്റെ തൊഴിലിൽത്തന്നെ ഏർപ്പെട്ടിരുന്നു. അത് അശേഷം രുചിക്കാത്തതിനാൽ അദ്ദേഹം ഒടുവിൽ നാവികവൃത്തിയിൽത്തന്നെ പ്രവേശിച്ചു.

ജിനോവാ നഗരം അക്കാലത്തു പ്രധാനമായ ഒരു വാണിജ്യകേന്ദ്രമായിരുന്നു. അവിടെയുള്ള തുറമുഖത്തിൽ ദിനംപ്രതി അനേകം കപ്പലുകൾ ചരക്കുകൾ ഇറക്കുകയും കയററുകയും ചെയ്യുന്നു. ദേശാന്തരങ്ങളിൽ സഞ്ചരിച്ചു ധനം സമ്പാദിക്കാൻ ഇതു ആ നഗരത്തിലുള്ള യുവാക്കന്മാരെ പ്രേരിപ്പിച്ചു. സമുദ്രസഞ്ചാരത്തിലുള്ള വാസനയും, ദാരിദ്ര്യം അകററുവാനുള്ള മോഹവും ഒത്തുചേർന്ന് കൊളംബസ്സിന്റെ മനസ്സിൽ ഈ പ്രലോഭനം ദുർന്നിവാരമായിത്തീർന്നു. മെഡിററേനിയൻ കടലിന്റെ തീരത്തുള്ള രാജ്യങ്ങളുമായി കച്ചവടം നടത്തുന്ന കപ്പലുകളിൽ ഒരു കപ്പൽക്കാരനായി. അദ്ദേഹം ആദ്യം പരിശീലനം നടത്തി; പിന്നീട് ചില കപ്പലുകളിൽ പ്രമാണിയായും പണി നോക്കി. അങ്ങനെ ക്രമേണ കൊളംബസ്സ് നാവികവിദ്യയിൽ വിശേഷജ്ഞനായിത്തീർന്നു. യൂറോപ്പിൽ നിന്നും മെഡിററേനിയൻ കടൽവഴി

ചെങ്കടലിൽകൂടി അറേബ്യൻകടലിലേക്കു കടന്നു് ആ വഴിക്കു് മുന്നത്തെപ്പോലെ അനേകം ചരക്കുകൾ വന്നുകൊണ്ടിരുന്നു. എന്നാൽ സൂയസ്തോട്ടു അന്നു വെട്ടിയിട്ടില്ലായിരുന്നതിനാൽ ചരക്കുകൾ സൂയസിൽ ഇറക്കി വളരെ ദൂരം കരവഴി കൊണ്ടുപോയി ചെങ്കടൽതീരത്തു് എത്തിച്ചു വീണ്ടും കപ്പൽ കയറേണ്ടിവന്നിരുന്നു. ഈ ബുദ്ധിമുട്ടും പണച്ചെലവും ഒഴിക്കത്തക്കവണ്ണം മുഴുവൻ കടൽവഴിയായിത്തന്നെ ഇൻഡ്യയിൽ വന്നുചേരാൻ ഒരു ജലമാർഗ്ഗം കണ്ടുപിടിക്കണമെന്നു യൂറോപ്പിലെ ജനങ്ങൾ ആഗ്രഹിച്ചിരുന്നു. അക്കാലത്തു കച്ചവടത്തിൽ പ്രാധാന്യം വഹിച്ചിരുന്ന പോർട്ടുഗീസുകാരും സ്പെയിൻകാരും ഇതിലേക്കായി പല അന്വേഷണങ്ങളും ശ്രമങ്ങളും നടത്തിക്കൊണ്ടുമിരുന്നു.

കൊളംബസ്സ് ഈ സംഗതിയെപ്പററി ദീർഘകാലം ഗാഢമായി ആലോചിച്ചു. യൂറോപ്പിൽനിന്നു് അററ്ലാന്റിക്ക് സമുദ്രത്തിൽകൂടി നേരെ പടിഞ്ഞാറോട്ടു കപ്പലോടിച്ചാൽ മറുകര പററാൻ സാധിക്കുമെന്നും, അവിടെ ഇൻഡ്യാമഹാരാജ്യമായിരിക്കുമെന്നും അദ്ദേഹം തീർച്ചപ്പെടുത്തി. എന്നാൽ അങ്ങനെ ഒരു യാത്രയ്ക്കു വേണ്ട പുരുഷദ്രവ്യസമ്പത്തു നേടുവാൻ അദ്ദേഹം യാതൊരു മാർഗ്ഗവും കണ്ടില്ല, അതുകൊണ്ടു സ്വദേശം വിട്ടു കൊളംബസ്സ് പോർട്ടുഗൽരാജ്യത്തിന്റെ രാജധാനിയായ ലിസ്ബൺ നഗരത്തിൽ ചെന്നു ചേർന്നു. വളരെ പണിപ്പെട്ടതിന്റെ ശേഷം രാജസന്നിധിയിൽ അദ്ദേഹത്തിനു പ്രവേശനം ലഭിച്ചു. തന്റെ കൈവശമുണ്ടായി

ള്ള പടങ്ങളും പ്ലാനുകളും അദ്ദേഹം രാജസഭയിൽ പ്രദർശിപ്പിച്ചു. അററ്ലാൻറിക്ക സമുദ്രത്തിൽകൂടി പടിഞ്ഞാറോട്ടു കപ്പൽ ഓടിച്ചാൽ ഇൻഡ്യയിൽ എത്താമെന്നു വാദിക്കുകയും, അതിനു വേണ്ട കപ്പലുകളും ദ്രവ്യവും തരണമെന്നു രാജാവിനോട്ട് അപേക്ഷിക്കുകയും ചെയ്തു. എന്നാൽ ഈ ആശകളെല്ലാം കൊളംബസ്സിൻെറ ബുദ്ധിഭ്രമത്തിൻെറ ഫലങ്ങളാണെന്നു വിചാരിച്ചു പോർട്ടുഗൽ രാജാവു് അദ്ദേഹത്തിൻെറ അപേക്ഷയെ നിരസിച്ചു. അങ്ങനെയുള്ള അനാദരത്താൽ ക്ഷീണോത്സാഹനാകാതെ കൊളംബസ്സ് സ്പെയിൻരാജ്യത്തേക്കു പോയി. അവിടെയും തൻെറ അഭിപ്രായം അദ്ദേഹം ഫെർഡിനാൻഡ് എന്ന രാജാവിനെ അറിയിച്ചു. ആ അഭിപ്രായം യുക്തമാണെന്നു് ആ രാജാവിനു തോന്നി, അതിനാൽ ഏതാനും പണ്ഡിതന്മാരെക്കൊണ്ടു് അദ്ദേഹം അതിനെ വഴിയാംവണ്ണം പരിശോധിപ്പിച്ചു് അവരുടെ സമ്മതാനുസരിച്ചു രാജാവു കൊളംബസ്സിൻെറ അപേക്ഷയെ അംഗീകരിച്ചു യാത്രയ്ക്കു വേണ്ട ഒരുക്കങ്ങളെല്ലാം ചെയ്തുകൊടുക്കുന്നതിനു കല്പന കൊടുത്തു.

ഇതെല്ലാം ചുരുക്കത്തിൽ നാം പറഞ്ഞു തീർത്തു. എന്നാൽ രാജാക്കന്മാരുടെ സമ്മതം കാത്തു പോർട്ടുഗലിലും സ്പെയിനിലുമായി പതിനെട്ടു വർഷമാണു കൊളംബസ്സ് കഴിച്ചുകൂട്ടിയതു്. അപ്പോഴേക്ക കൊളംബസ്സിനു നാല്പത്തഞ്ചു വയസ്സ് പ്രായമായി കഴിഞ്ഞിരുന്നു. പ്രശസ്തമായ തൻെറ ഉദ്ദേശം സാധിക്കാൻ വേണ്ടി എത്ര

വളരെ ക്ലേശങ്ങൾ സഹിക്കേണ്ടതിനും അദ്ദേഹത്തിന്ന മടിയുണ്ടായിരുന്നില്ല. പ്രതിബന്ധങ്ങൾ കാണുന്തോറും ഉന്മേഷത്തോടുകൂടി പ്രവൎത്തിക്കുക എന്നുള്ളതായിരുന്നു അദ്ദേഹത്തിന്റെ സ്വഭാവം.

സ്പെയിനിന്റെ തെക്കുപടിഞ്ഞാറുള്ള പേലോസ് എന്ന തുറമുഖത്തിൽനിന്ന ൧൪൯൨-ാം വൎഷം ആഗസ്റ്റ് മാസം മൂന്നാംതീയതി കൊളമ്പസ്സ് കപ്പലുകൾ ഇറക്കി സമുദ്രയാനം ആരംഭിച്ചു. കരയിൽ കൂടിയിരുന്ന ജനാവലി ഈശ്വരനെ പ്രാൎത്ഥിച്ചു മംഗളാശംസ ചെയ്തു. മൂന്ന കപ്പലുകളാണ് ആ യാത്രയ്ക്ക് ഒരുക്കിയിരുന്നത്. അവ മൂന്നും ഇന്നത്തെ സ്ഥിതിക്കുപോലും മേൽത്തരമായിരുന്നില്ല. അവയിൽ ഉണ്ടായിരുന്ന സാമഗ്രികളും ആ യാത്രയുടെ സ്വഭാവത്തിന് ഒട്ടും മതിയായിരുന്നില്ല. എങ്കിലും അതൊന്നുംകൊണ്ടും കൊളമ്പസ്സിന്ന ആശാഭംഗം ഉണ്ടായില്ല.

പേലോസിൽനിന്ന് ആഫ്രിക്കയുടെ പടിഞ്ഞാറുള്ള കൃനേറിയാദ്വീപത്തിൽ എത്തി. അവിടെനിന്നും നേരെ പടിഞ്ഞാറോട്ടു പോകണമെന്നായിരുന്നു കൊളമ്പസ്സിന്റെ നിശ്ചയം. കപ്പലുകളുടെ അററകുററം തീൎക്കുന്നതിനും മററും കുറേദിവസം കൃനേറിയായിൽ താമസിക്കേണ്ടിവന്നു. സെപ്റ്റംബർമാസം ആറാംതീയതി അവർ അവിടെനിന്ന പുറപ്പെട്ടു. അന്നുവരെ കപ്പലുകൾ ചരിച്ചിട്ടുള്ള വഴിയെല്ലാം കടന്ന അതുവരെ കണ്ടിട്ടില്ലാത്ത സമുദ്രഭാഗങ്ങളിൽ എത്തി. രണ്ടാംദിവസം വൈകുന്നേരം കപ്പൽക്കാർ പുറകോട്ടു നോക്കിയപ്പോൾ കരയുടെ ഛായ

പോലും കാണ്മാനില്ലായിരുന്നു. മേലാൽ ഒരിക്കലും കര കാണ്മാൻ സാധിക്കയില്ലെന്നുള്ള പരിഭ്രമത്തോടെ ചിലർ മനസ്സിടിച്ചു കരഞ്ഞുതുടങ്ങി. ഓരോ ദിവസം പോകുന്തോറും കപ്പൽക്കാരുടെ ഭയം വർദ്ധിച്ചു. കൊളംബസ്സ് തങ്ങളെ വഞ്ചിക്കയാണെന്നു പറഞ്ഞു പലരും കോപാന്ധരായി കലഹത്തിനു വട്ടം കൂട്ടി. എന്നാൽ കൊളംബസ്സ് അവസരംപോലെ പ്രക്ഷോഭകരെ ശമിപ്പിച്ചു കപ്പലുകളെ പടിഞ്ഞാറോട്ടു തന്നെ നയിച്ചുകൊണ്ടിരുന്നു.

പാഠം ൨൭

ക്രിസ്റ്റഫർ കൊളംബസ്സ്

(രണ്ടാംഭാഗം)

അക്ടോബർമാസം ഒന്നാംതീയതിയായപ്പോൾ കൊളംബസ്സും കപ്പൽക്കാരും ക്യാനറിയിൽ നിന്നും രണ്ടായിരത്തിമുന്നൂറുമൈൽ ദൂരം പോയിക്കഴിഞ്ഞിരുന്നു. അവസാനം കാണാത്ത ദീർഘയാത്രനിമിത്തം കപ്പൽക്കാരുടെ അക്ഷമ കണക്കില്ലാതെ വർദ്ധിച്ചു. ഒടുവിൽ കൊളംബസ്സിന്റെ പക്ഷത്തിൽ നിന്നിരുന്ന ഉദ്യോഗസ്ഥന്മാർപോലും അസ്വസ്ഥരായ കപ്പൽക്കാരുടെ പക്ഷത്തായി. കപ്പലുകൾ ഉടൻതന്നെ പിൻതിരിച്ചു യൂറോപ്പിലേക്കു പോകണമെന്ന് അവർ ഏകകണ്ഠമായി ശഠിച്ചു. ആ

ക്ഷോഭം, ശമിപ്പിക്കുന്നതിന് യാതൊരു ഉപായവും ഫലി ക്കയില്ലെന്നു കൊളംബസ്സിനു ബോദ്ധ്യമായി. അതിനാൽ ദുർബലന്മാർക്കു ബദ്ധവും ബലവാന്മാർക്കു ഭൂഷണവും ആയ ക്ഷമകൊണ്ടു തന്നെ അവരുടെ കോപതാപങ്ങളെ ശമിപ്പി ക്കേണ്ടതു് ആവശ്യമായിത്തീർന്നു. മൂന്നു ദിവസംകൂടി തന്റെ ആജ്ഞ അനുസരിച്ചു കപ്പൽ കൊണ്ടുപോകുന്ന പക്ഷം പിന്നെയും കരകാണാതെ ഇരുന്നാൽ ഉടൻ തന്നെ യൂറോപ്പിലേക്കു തിരിക്കാമെന്നു കൊളംബസ്സ് അവരോടു് ഉറപ്പായി പറഞ്ഞു. ആ നിർദ്ദേശത്തിനു് അവർ ഒരുവിധം വഴിപ്പെട്ടു. അങ്ങനെ മൂന്നു ദിവസ ത്തേക്കു മാത്രമുള്ള ഒരു ഉടമ്പടി അദ്ദേഹം ചെയ്തതു് മതിയായ കാരണം കൂടാതെ അല്ലായിരുന്നു. കടലിന്റെ ആഴം കുറഞ്ഞുവന്നതിനുള്ള കൃത്യം തെളിവും കൊളംബസ്സി ന്റെ കൈയ്യിൽ ഉണ്ടായിരുന്നു. കുറെ ദിവസങ്ങളായി ആ കട്ടി കടലിന്റെ അടിയിൽ തട്ടുകയും അതിൽ പാറുന്ന മണ്ണുകളുടെ സാമീപ്യം സൂചിപ്പിക്കയും ചെയ്തുകൊണ്ടിരുന്ന പക്ഷികളുടെ എണ്ണം പൂർവ്വാധിക മായി കണ്ടുതുടങ്ങി. കരയിൽ നിന്നു് അധികദൂരം പറന്നു പോകാറില്ലാത്ത അനേകം പക്ഷികളും അവയുടെ കൂട്ട ത്തിൽ ഉണ്ടായിരുന്നു. വെള്ളത്തിൽ ഒഴുകിപ്പോയ ഒരു മര ക്കൊമ്പു് എടുത്തു നോക്കിയപ്പോൾ അതിലുള്ള കായ്കൾ ഒട്ടും തന്നെ അഴുകിയിട്ടില്ലാത്തതായും കണ്ടു. കാറ്റിന്റെ മാന്ദ്യവും കൂടി വർദ്ധിച്ചുവന്നു. ഈ മാതിരിയുള്ള പല ലക്ഷ്യങ്ങൾകൊണ്ടു കരയടുത്തു എന്നുള്ള വിശ്വാസം കൊളംബസ്സിന്റെ മനസ്സിൽ ഉറച്ചു.

ഒക്ടോബർമാസം പതിനൊന്നാം തിയതി സായാഹ്നത്തിൽ പാട്ടുകൾ കഴിഞ്ഞതിനു കൊളംബസ്സ് ആജ്ഞാപിച്ചു. രാത്രിയിൽ കപ്പലുകൾ കരയടിഞ്ഞുപോകാതെ എല്ലാവരും ജാഗ്രമായി സൂക്ഷിച്ചുകൊള്ളുവാൻ ശട്ടം കെട്ടി. കര കാണുമെന്ന് ഉദ്ദേശിച്ച ദിക്കിൽ അറച്ചുപോയ ദൃഷ്ടികൾ തിരിച്ചുകളവാൻ കഴിയാതെ എല്ലാവരും കപ്പലിന്റെ മേൽത്തട്ടിൽത്തന്നെ നിന്നു. രാത്രിയിൽ ഏകദേശം പത്തുമണിക്ക കൊളംബസ്സ് കപ്പലിന്റെ അണിയത്തു നിൽക്കുമ്പോൾ ദൂരത്തായി ഒരു ദീപപ്രകാശം കണ്ടു. തന്റെ അടുക്കൽ നിന്നിരുന്ന രണ്ടു ഉദ്യോഗസ്ഥന്മാർക്ക് അദ്ദേഹം ആ വെളിച്ചം കാണിച്ചുകൊടുത്തു. ആരോ ഒരു ദീപം അങ്ങുമിങ്ങും കൊണ്ടുപോകുന്നതായി മൂന്നുപേർക്കും തോന്നി. അർദ്ധരാത്രി കഴിഞ്ഞപ്പോൾ "കര കണ്ടു. കര കണ്ടു" എന്നിങ്ങനെ കപ്പൽക്കാർ വിളിച്ചു പറയുന്നതു കേൾക്കാറായി. എന്നാൽ മുമ്പു പല തവണയും അബദ്ധം പറ്റിയതുകൊണ്ട് അതിൽ ആർക്കും പരിപൂർണ്ണമായ വിശ്വാസം ഉണ്ടായില്ല.

സൂക്ഷ്മമറിയാത്ത രാത്രിയിൽ കപ്പൽ മുന്നോട്ടു കൊണ്ടുപോകുന്നത് അപകടകരമായിരിക്കുമെന്നു തോന്നിയതിനാൽ കപ്പലുകൾ നിറുത്താൻ കൊളംബസ്സ് ആജ്ഞാപിച്ചു. എല്ലാവരും ഔത്സുക്യത്തോടും നോക്കിയിരിപ്പായി. ഒക്ടോബർ പന്ത്രണ്ടാംതീയതി ഏകദേശം ആറു മൈൽ വട്ടത്തിൽ പച്ചപ്പട്ടു വിരിച്ചതുപോലെയുള്ള വയലുകളും വലിയ മരക്കൂട്ടങ്ങളും നിറഞ്ഞ ഒരു ദ്വീപ് അവർ കണ്ടു. കപ്പൽക്കാർ എഴുന്നേറ്റുനിന്ന്

ഉച്ചത്തിൽ ഈശ്വരസ്തോത്രങ്ങൾ ഉച്ചരിച്ചു. പശ്ചാത്താപത്തോടും ബഹുമാനത്തോടും കൂടി അവരെല്ലാവരും കൊളംബസ്സിന്റെ പാദങ്ങളിൽ നമസ്കരിക്കുകയും തങ്ങളുടെ അജ്ഞതയേയും അവിവേകത്തേയും ക്ഷമിക്കണമെന്ന് അദ്ദേഹത്തോടു യാചിക്കുകയും ചെയ്തു.

സൂര്യോദയത്തോടുകൂടി കപ്പൽക്കാർ ആയുധങ്ങൾ ധരിച്ച് അവരവരുടെ സ്ഥാനങ്ങളിൽ അണിനിരന്നു നിന്നു. കപ്പലിൽ കൊടികൾ ഉയർത്തി യുദ്ധവാദ്യങ്ങൾ മുഴക്കി. അങ്ങനെ സൈനികാഡംബരത്തോടുകൂടി അവർ കപ്പലുകളെ മുമ്പോട്ടു നയിച്ചു. ദ്വീപിന്റെ സമീപമായപ്പോൾ കരയിൽ അസംഖ്യം ജനങ്ങൾ തിങ്ങിക്കൂടിനില്ക്കുന്നതു കാണാറായി. പുതുതായി കണ്ട കാഴ്ചയിൽ ആശ്ചര്യപ്പെട്ട് അവർ അവിടെ എത്തിയതാരെന്നു അവരുടെ ആംഗ്യങ്ങൾ വെളിവാക്കി. ഉജ്ജ്വലമായ ഉടുപ്പു ധരിച്ച് കൈയിൽ വാളോടുകൂടി കൊളംബസ്സ് കരയ്ക്കു ഇറങ്ങി കപ്പൽക്കാർ അദ്ദേഹത്തെ അനുഗമിച്ചു. വീണ്ടും ഈശ്വരസ്തോത്രങ്ങൾ ഗാനം ചെയ്തശേഷം കൊളംബസ്സ് സ്പെയിനിലെ രാജാവിനുവേണ്ടി ആ ദേശം കൈവശപ്പെടുത്തിയിരിക്കുന്നതായി പ്രഖ്യാപനം ചെയ്തു.

കൊളംബസ്സ് കണ്ടുപിടിച്ച ആ പ്രദേശം 'വെസ്റ്റിൻഡീസ്' എന്നു പറഞ്ഞുപോരുന്ന ദ്വീപസമൂഹത്തിൽപ്പെട്ട ഒരു ചെറിയ ദ്വീപം ആയിരുന്നു. അനന്തരം ക്യൂബ, ഹെയിററി മുതലായ വലിയ ദ്വീപുകളും അദ്ദേഹം കണ്ടുപിടിച്ചു. ആ ദ്വീപുകളിലെ ജനങ്ങൾ കേവലം കാട്ടാളന്മാരെപ്പോലെയാണ് ജീവിതം നയിച്ചിരു-

ന്നു്, യൂറോപ്പുകാരുടെ വേഷവും നടപടികളും കണ്ട പ്പോൾ അവക്കു വളരെ അത്ഭുതം തോന്നി. ഹെയിററിയിലെ സ്വദേശികൾ സ്വർണ്ണത്തകിടുകളെ ആഭരണങ്ങളായി ധരിച്ചിരുന്നതു കണ്ടു് അന്വേഷിച്ചതിൽ അവിടെ സ്വർണ്ണം സുലഭമാണെന്നു കൊളംബസ്സിനു മനസ്സിലായി. അതിന്റെ അവകാശം ഉണ്ടായിരുന്ന പ്രധാനി പളുങ്കുമണി മുതലായ ചില്ലറച്ചരക്കുകളിൽ നാട്ടുകാർക്കു വളരെ കൗതുകം തോന്നിയതായി അദ്ദേഹം അറിഞ്ഞു. അവ കൊടുത്തു് അവരിൽനിന്നും ധാരാളം സ്വർണ്ണം അദ്ദേഹത്തിനും കൂട്ടുകാർക്കുമായി സമ്പാദിച്ചു. അവരവക്കാണു ലാഭമെന്നു് ഇരുകക്ഷികളും വിശ്വസിച്ചു. മൂന്നു കഴഞ്ചോളം സ്വർണ്ണം കൊടുത്തു മൂന്നു പളുങ്കുമാല വാങ്ങിച്ചു ഒരുവൻ തൽക്ഷണം ആ മാലയുംകൊണ്ടു് ഒളിച്ചുമാറിക്കളഞ്ഞു. കച്ചവടത്തിൽ പററിയ നഷ്ടം അറിഞ്ഞാൽ പളുങ്കുമാലയുടെ ഉടമസ്ഥൻ ചരക്കു തിരിയെ ആവശ്യപ്പെട്ടേക്കുമെന്നായിരുന്നു അവന്റെ ഭയം.

ആ പ്രദേശങ്ങൾ കൃഷിക്കു പററിയതായിരുന്നു എങ്കിലും പറയത്തക്ക കൃഷികൾ ഒന്നുംതന്നെ അവിടെ നടത്തിയിരുന്നതായി കണ്ടില്ല. യൂറോപ്പുകാർ അതുവരെ കണ്ടിട്ടില്ലാത്ത ചോളവും ഉരുളക്കിഴങ്ങും ആഹാരത്തിനു മാത്രം നാട്ടുകാർ കൃഷിചെയ്തിരുന്നു. ഒരു തരം ചെടിയുടെ ഉണങ്ങിയ ഇല ചുരുട്ടി കത്തിച്ചു പുക വലിക്കുന്നതു കൊളംബസ്സ് കണ്ടു. അതാണു് ഇന്നു വിശ്വവിഖ്യാതമായിത്തീർന്നിരിക്കുന്ന പുകയില. പുകയിലയും ചോളവും ഉരുളക്കിഴങ്ങും മററും കൊളംബസ്സ് അമേരിക്ക

കണ്ടുപിടിച്ചതിന്റെശേഷമാണ് ലോകത്തിന്റെ നാനാഭാഗങ്ങളിലും പ്രചരിക്കാൻ ഇടയായതു്.

ഹെയിററിയിൽ സ്പെയിൻകാരുടെ ഒരു അധിനിവേശം സ്ഥാപിക്കണമെന്നു് കൊളംബസ്സ് നിശ്ചയിച്ചു. അതിന്നു വേണ്ട ഒരുക്കങ്ങൾ ചെയ്യുന്നതിനും താൻ സാധിച്ചിട്ടുള്ള കാര്യങ്ങൾ രാജാവിനെ ഗ്രഹിപ്പിക്കുന്നതിനുമായി അടുത്ത ജനുവരിമാസത്തിൽ അദ്ദേഹം സ്പെയിനിലേക്കു പുറപ്പെട്ടു. ഏതാനും ആളുകളെ ഹെയിററിയിൽ താമസിപ്പിച്ചിട്ടാണു് അദ്ദേഹം പോയതു്. കപ്പലിന്റെ കേടുപാടുകൾകൊണ്ടും, കൊടുങ്കാററിന്റെ ശല്യംകൊണ്ടും മാർഗ്ഗമദ്ധ്യത്തിൽ കഷ്ടപ്പാടുകളും കാലതാമസവും നേരിട്ടു. മാർച്ചുമാസത്തിൽ അദ്ദേഹം വീണ്ടും പേലോസ്സ് തുറമുഖത്തിൽ മടങ്ങിയെത്തി. കൊളംബസ്സ് നൂതനമായി ഒരു ഭൂവിഭാഗം കണ്ടുപിടിച്ചിരിക്കുന്നു എന്നും അവിടെനിന്നു് ഒട്ടധികം സ്വർണ്ണവും പലതരം സാമാനങ്ങളും ഏതാനും ആളുകളെയും കൊണ്ടുവന്നിരിക്കുന്നു എന്നും ക്ഷണനേരംകൊണ്ടു പട്ടണം മുഴുവൻ കേൾവിപ്പെട്ടു. ആ വാർത്ത ജനങ്ങളുടെ ഇടയിൽ അളവില്ലാത്ത കൗതുകവും ആഹ്ലാദവും ഉളവാക്കി. കൊളംബസ്സിനെ എതിരേൽക്കുന്നതിനായി നഗരവാസികൾ കൂട്ടമായി എത്തി.

ജനങ്ങളുടെ സ്വാഗതം സ്വീകരിച്ചശേഷം കൊളംബസ്സ് രാജാവിനെ സന്ദർശിക്കുന്നതിനായി പുറപ്പെട്ടു. രാജധാനിയിൽ കൊളംബസ്സിനു ലഭിച്ച സൽക്കാരം രാജോചിതമായിരുന്നു. പ്രഭുക്കന്മാർ ഗോപുരദ്വാരത്തിൽ

മെന്ന് അദ്ദേഹത്തെ എതിരേററു രാജസന്നിധിയിലേക്കു കൊണ്ടുപോയി. വിചിത്രമായി അലങ്കരിച്ചിരുന്ന പന്തലിൽ സിംഹാസനാരൂഢനായിരുന്ന രാജാവും രാജ്ഞിയും ഉപചാരപൂർവ്വം എഴുന്നേററു കൊളംബസ്സിനു സ്വാഗതം അരുളി. യൂറോപ്പിലെ രാജ്യങ്ങളിൽ പ്രഭുക്കന്മാർ രാജാവിന്റെ മുഖം കാണിക്കുമ്പോൾ അദ്ദേഹത്തിന്റെ പാണിതലം ചുംബനം ചെയ്യുന്ന പതിവുണ്ടു്. എന്നാൽ അതു കൊളംബസ്സിനു ലാഘവമാണെന്നു വിചാരിച്ചു് രാജാവും രാജ്ഞിയും ആ ഉപചാരത്തിൽനിന്നുപോലും കൊളംബസ്സിനെ ഒഴിവാക്കി. പശ്ചിമദേശങ്ങളിൽനിന്നു കൊണ്ടുവന്നിരുന്ന സാമാനങ്ങളെല്ലാം കൊളംബസ്സ് അടിയറ വെച്ചതും തദ്ദേശവാസികളായ ആറുപേരെ പ്രദർശിപ്പിക്കുകയും ചെയ്തു. ആ ദേശങ്ങളിലെ പ്രകൃതി, ജന്തുക്കൾ, സസ്യങ്ങൾ മുതലായവയുടെ സ്വഭാവം, ജനങ്ങളുടെ ജീവിതരീതി മുതലായ വിവരങ്ങൾ കൊളംബസ്സ് വർണ്ണിച്ചു കേൾപ്പിച്ചു.

കൊളംബസ്സിന്റെ പ്രസംഗം അവസാനിച്ചപ്പോൾ രാജാവും രാജ്ഞിയും സഭാവാസികളും എഴുന്നേററുനിന്നു് ഈശ്വരപ്രാർത്ഥന ചെയ്തു. പല വിലയേറിയ രാജസമ്മാനങ്ങളും കൊളംബസ്സിനു ലഭിച്ചു. എല്ലാവരും കൊളംബസ്സിന്റെ അപദാനങ്ങളെക്കുറിച്ചു ആശ്ചര്യപ്പെടുകയും അഭിനന്ദിക്കുകയും ചെയ്തു. സമയഭേദം നോക്കാതെ തങ്ങളെ സന്ദർശിക്കുന്നതിനു് രാജാവും രാജ്ഞിയും അദ്ദേഹത്തിനു് അനുവാദം നല്കി. ചിലപ്പോൾ

അവർ കൊളുംബസ്സിനെക്കൂടി വണ്ടിയിൽ കയററി സവാരിചെയ്തു. വലിയ പ്രഭുക്കന്മാർ അദ്ദേഹത്തിന്റെ സഹവാസത്തെ അഭിമാനകരമായി ഗണിച്ചുവന്നു.

അധികം താമസിയാതെ ഹെയിററിയിൽ ഒരു അധിനിവേശം സ്ഥാപിക്കാൻ വേണ്ട ആളുകളോടും ഒരു കപ്പലുകളോടും കൂടി കൊളുംബസ്സ് രണ്ടാമതും അവിടെ ചെന്നുചേൎന്നു. ആ സ്ഥാപനം ക്രമേണ അഭിവൃദ്ധിപ്പെടുകയും സ്പെയിനിലെ രാജാവിന്റെ അനുവാദപ്രകാരം അദ്ദേഹത്തിന്റെ പ്രതിനിധിയായി കൊളുംബസ്സുതന്നെ അവിടെ അധികാരം നടത്തുകയും ചെയ്തു. കൊളുംബസ്സിന്റെ വിവേകപൂർവമായ ഭരണം ആ നൂതനരാജ്യത്തിന്റെ ശ്രേയസ്സിന് ഏററവും അനുകൂലമായിരുന്നു. എങ്കിലും അദ്ദേഹത്തിന്റെ പ്രതാപത്തിലും ഐശ്വൎയ്യത്തിലും സ്പെയിനിലെ പ്രഭുക്കന്മാർ അസൂയാലുക്കളായിത്തീൎന്നു. കൊളുംബസ്സിന്റെ ഭരണത്തെക്കുറിച്ചു ദൂഷണമായി അവർ പല കള്ളക്കഥകൾ കെട്ടിച്ചമച്ചു രാജാവിനെ കേൾപ്പിച്ചുകൊണ്ടിരുന്നു. രാജാവ് ആ ഏഷണിക്കാരുടെ തന്ത്രങ്ങളിൽ പെട്ടു കൊളുംബസ്സിനെ സ്പെയിനിലേക്കു തിരിച്ചുപോരുവാൻ ആജ്ഞാപിച്ചു.

ആ കല്പന അനുസരിച്ചു കൊളംബസ്സ് തന്റെ സ്ഥാനവും അധികാരവും ഉപേക്ഷിച്ചു ശത്രുക്കളുടെ ആക്ഷേപം സഹിച്ച് സ്പെയിനിലേക്കു തിരിച്ചുപോന്നു. ദീർഘകാലത്തെ കായക്ലേശവും വാൎദ്ധക്യവും കൊണ്ടു ക്ഷീണിച്ചിരുന്ന കൊളുംബസ്സിന് നേരിട്ട ആ അപമാനവും ആശാഭംഗവും അദ്ദേഹത്തിന്റെ ഹൃദയത്തെ അതി

കഠിനമായി പീഡിപ്പിച്ചു. ലോകോപകാരിയായ ആ നാവികപുരുഷൻ ൧൫൦൬-ാം വർഷത്തിൽ ഒരു ദരിദ്രനായിത്തന്നെ കാലധർമ്മം പ്രാപിച്ചു. എന്നാൽ അദ്ദേഹത്തിന്റെ മൃതശരീരം സംസ്കരിച്ച സ്ഥലത്ത് ഫെർഡിനൻഡ് രാജാവു് മനോഹരമായ ഒരു ശവകുടീരം പിൽക്കാലത്തിൽ പണികഴിപ്പിക്കാതിരുന്നില്ല.

പാഠം ൩൨

ദുർവാസാവിന്റെ ശാപം

എങ്കിലൊരു ദിനം മാമുനികുലോത്തമൻ
ശങ്കരപ്രിയതമൻ ശാശ്വതൻ മഹാമതി
വിശ്രുതശ്രീദുർവ്വാസാവെന്നു പേരായുള്ളോരു
വിശ്വസഞ്ചാരി മഹാകോപനൻ തപോധനൻ ൧

ഇന്ദ്രലോകത്തുള്ളൊരു നന്ദനാരണ്യം തന്നിൽ
സാന്ദ്രകൗതുകം പൂണ്ടു സഞ്ചരിക്കുന്നനേരം
സുന്ദരാംഗിയാമൊരു ദേവകാമിനി തത്ര
വന്നിതു യദൃച്ഛയാ വന്ദനം ചെയ്തുനിന്നാൾ ൨

കല്പകവൃക്ഷത്തിന്റെ പുഷ്പസഞ്ചയംകൊണ്ടു
കല്പിതമാമൊരു മാലാരത്നമുണ്ടവൾ കൈയിൽ
മാമുനിക്കായിക്കൊണ്ടു മാലയെയർപ്പണംചെയ്തു
കാമിനി കനിവോടു തൊഴുതുപോയീടിനാൾ. ൩

ആമുനി കഴലാണ്ടവൻ മാലയും വാങ്ങിക്കൊണ്ടു
ധാമസഞ്ചയങ്ങളിൽ സഞ്ചരിക്കുന്നനേരം
വാസവൻ സമീപിച്ചു വന്നുടൻ വണങ്ങിനാൻ
ഭോ ദേവ! വരികെന്നു മാമുനിയുരചെയ്തു.

മാനസമോദമോടാ മാലയെക്കനിവോടെ
ദാനമായിക്കൊണ്ടു നൽകിനാൻ മുനിവരൻ
ജംഭശാസനനതു സാദരം വാങ്ങിക്കൊണ്ടു
കുംഭിതൻ ഗളമേറി കൗതുകമൊഴിച്ചുടൻ

ഹസ്തിമസ്തകംതന്നിൽ മാലയെ വച്ചുമലാ
ഹസ്തങ്ങൾകൊണ്ടു കേശം ചേർത്തുപറ്റുന്നനേരം
കുംഭമണ്ഡലം തന്നിൽ വണ്ടുകൾ പറക്കയാൽ
സംഭ്രമത്തോടെ കരിശ്രേഷ്ഠനങ്ങുനേരം

മാലയെത്തുമ്പിക്കരംകൊണ്ടെടുത്തു മർദ്ദിച്ചു
ചാപലവശാലിച്ചതു വാസവൻ ഗ്രഹിച്ചീല;
താപസനതു കണ്ടു കോപവും കലർന്നുടൻ
ശാപവാക്കുകളുരചെയ്തു ശക്രന്റെ നേരെ നോക്കി.

'നന്നഹോ! പുരന്ദര! നിന്നുടെയഹങ്കാരം
തന്നതു ബഹുമാനം കൂടാതെ വെടിഞ്ഞിതോ?
കല്പകപ്രസൂനങ്ങളുള്ളമാല്യമിതെന്നു
കല്പിച്ചുകളഞ്ഞു നീ കൗതുകമില്ലായ്കയാൽ;

താപസൻ തന്നാലതു മേടിക്കമാത്രംവേണം
ലോപവും വരുത്തണം താപസൻ കാൺകെത്തന്നെ!

ഹന്ത! ജ്ഞാനസാരന്മാർ തന്നല്ലോ ധനികരോ
എന്തെനിക്കിതുകൊണ്ടു കാര്യമെന്നോർച്ചു നീ. ൩൯

ദന്തിയെക്കൊണ്ടു മാലാമർദ്ദനം ചെയ്യിച്ചതു-
മെന്തിതു വൃത്താന്തം, നിന്നുടെ മഹാമദം
ദ്രവ്യസമ്പത്തുകൊണ്ടു ഗർവമുണ്ടാകമൂലം
ദിവ്യനാം ഭവാനിന്നു ധിക്കരിക്കുന്നു നൂനം. ൪൦

എങ്കിൽ നിന്നുടെ ധനമൊക്കവെ നശിച്ചിട്ടു-
മെങ്കിലുള്ളവമാനം കാരണം പുരന്ദര!
ഉന്നതസ്വർഗ്ഗശ്രീഭ്രംശവും ഭവിച്ചുടൻ
ഖിന്നത പൂണ്ടു ജര വന്നുടൻ പിടിപെട്ടു് ൪൧

മർത്ത്യരെപ്പോലെ നിങ്ങളെല്ലാമൊക്കവേ പതിക്കണം
ശൗര്യവും പ്രതാപവുമൊക്കവേ മറക്കണം
ദാനവന്മാരോടേറ്റു തോറ്റുടൻ വിഷണ്ണരായ്
മാനഹാനിയും വന്നു ഭവിക്കും നിങ്ങൾക്കെല്ലാം.' ൪൨

ഇത്തരം മുനീന്ദ്രന്റെ ശാപവാക്കുകൾ കേട്ടു
സത്വരം ഭയപ്പെട്ടു വാസവൻ വിഷണ്ണനായ്
വാരണസ്കന്ധത്തിൽ നിന്നുടനിറങ്ങിവ-
ന്നാരണപ്രവരന്റെ കാല്ക്കൽ വീണുരചെയ്തു. ൪൩

'ഏതുമേ ഗ്രഹിക്കാതെ സംഭവിച്ചൊരു ദോഷം
ഹേതുവായ് ശപിക്കൊല്ലാ മാമുനിശ്രേഷ്ഠാ ഭവാൻ
എന്നുടെയപരാധമൊക്കവേ സഹിക്കണം
നിന്നുടെ പാദാംബുജമേകമാധാരം മുനേ! ൪൪

ശാപമോക്ഷത്തെ മമ നല്കുക മഹാമതേ
താപസശ്രേഷ്ഠ മഹാഭാഗ ഹേ നമസ്കാരം.'
ഇങ്ങനെ വണങ്ങുന്ന വാസവനോടു മുനി
ഭംഗിയിൽ പ്രസാദിച്ചു ഭാഷണം ചെയ്തുമുദാ ൩൭

'ക്ഷീരവാരിധി കടഞ്ഞീടുക ശചീപതേ!
സാരമാം പീയൂഷത്തെസ്സംഭവിപ്പിച്ചീടേണം
സ്വൈരമായ് സുധാപാനം ചെയ്തുകൊള്ളണം നിങ്ങളും
തീരുമന്നേരം ജരാസങ്കടം ദാരിദ്ര്യവും ൩൮

മുന്നിലേക്കാളും മഹാസമ്പത്തും ഭവിച്ചീടും
ധന്യരായ്‌വരും ദേവന്മാർ ദാനവന്മാരും.'
സാദരമിത്ഥമരുൾചെയ്തുടൻ മുനിശ്രേഷ്ഠൻ
മോദവും പൂണ്ടു നടന്നീടിനാനെന്നേ വേണ്ടൂ. ൩൯

(വിഷ്ണുഗീത ഹംസപ്പാട്ട്)

പാഠം ൨൮

സഹകരണസംഘങ്ങൾ

ഇപ്പോൾ നമ്മുടെ രാജ്യത്തു മിക്ക സ്ഥലങ്ങളിലും സഹകരണസംഘങ്ങൾ ഉണ്ടെന്നു നിങ്ങൾക്ക് അറിയാമല്ലോ. ഈ സംഘങ്ങൾ അതതു സ്ഥലത്തുള്ള ഏതാനും ആളുകൾ ചേർന്ന് ഏർപ്പെടുത്തിട്ടുള്ളവയാണ്. ഇവയുടെ പ്രവർത്തനത്തെ സംബന്ധിച്ച ഗവണ്മെന്റിൽ നിന്ന് ഒരു നിയമം നടപ്പിൽ വരുത്തുകയും, ഒരു ഡിപ്പാ

ർട്ടുമെൻറു സ്ഥാപിക്കയും ചെയ്തിട്ടുണ്ട്. കൃഷി, വാണിജ്യം കൈത്തൊഴിൽ മുതലായ ഉപജീവനമാർഗ്ഗങ്ങൾക്കു സഹായകമായും ഉണ്ടാക്കുന്നതാണ് ഇത്തരം സംഘങ്ങൾ കൊണ്ടുള്ള പ്രയോജനം. നമ്മുടെ നാട്ടിൽ മുഖ്യമായ തൊഴിൽ കൃഷിയാണ്. വിളവിറക്കുന്നതിനും, വിളവു ശേഖരിക്കുന്നതുവരെ ചെലവു കഴിക്കുന്നതിനും വേണ്ട മുതൽ എല്ലാ കൃഷിക്കാർക്കും ഉണ്ടായിരിക്കയില്ല. ആദായത്തിന്റെ വ്യത്യാസം പോലെയും കാലവിളവിന്റെ തോതു പോരായ്മയും പലർക്കും കടം വാങ്ങേണ്ടതായിട്ടാണിരിക്കുന്നത്. വിളവുകൾകൊണ്ടു കടം വീട്ടി പിന്നെയും കടം വാങ്ങി കൃഷിചെയ്താണ് മിക്കവരും കഴിയുന്നത്. അതുപോലെതന്നെ പുതുതായി ഏതെങ്കിലും ഒരു തൊഴിൽ തുടങ്ങുന്നതിനും പുതിയ സമ്പ്രദായത്തിൽ യന്ത്രങ്ങളും മററും ഉപയോഗിച്ചു കൂടുതൽ ആദായം ഉണ്ടാക്കുന്നതിനും മുൻകൂട്ടി മുതൽ മുടക്കാതെ സാധിക്കയില്ല. ഇങ്ങനെയുള്ള പല ആവശ്യങ്ങൾക്കും മുതൽ കടം കിട്ടുന്നതു വളരെ പ്രയാസമാണ്. ക്രമപ്പലിശ കൊടുക്കേണ്ടിവരുന്ന നിവൃത്തിയില്ലാത്ത തരത്തിലാണ് അവയിൽ [illegible]ത്തിന്റെ നില. എന്നാൽ കടം കൊടുക്കുന്നവർ (ഉത്തമർണ്ണന്മാർ) ആ വ്യത്യാസം നോക്കുന്നില്ല. എന്നുതന്നെയല്ല, ഉറപ്പു കുറയുന്തോറും കൂടുതൽ പലിശ ചുമത്തുന്നു. ക്രമേണ കടക്കാരുടെ സർവസ്വവും ഉത്തമർണ്ണന്മാരുടെ വകയായിത്തീരുന്നു.

ക്രമപ്പലിശ കൊടുത്തു നശിക്കാൻ ഇടവരാത്ത വിധത്തിൽ മൂലധനം ശേഖരിച്ചു തൊഴിൽ നടത്തുക

യാണ് സഹകരണസംഘങ്ങളുടെ ഉദ്ദേശം. ക്ളിപ്തമായ ചില നിബന്ധനകൾ അനുസരിച്ച് ഏതാനും ആളുകൾ ഒരു സംഘമായി ചേരുന്നു. ഓരോരുത്തരും ചെറുതായ ഓഹരികൾ എടുത്ത് ഒരു മൂലധനം സ്വരൂപിക്കുന്നു. ഈ മൂലധനത്തിനു പുറമേ സംഘത്തിന്റെ കൂട്ടുബാദ്ധ്യതയിന്മേൽ വായ്പകൾ വാങ്ങുന്നതിനും അവർക്കു പ്രയാസമില്ല. ഇങ്ങനെ ശേഖരിക്കുന്ന മുതൽ സംഘത്തിന്റെ ഉദ്ദേശം അനുസരിച്ചു കൃഷിയിലോ മറേറതെങ്കിലും തൊഴിലിലോ വിനിയോഗിക്കുന്നതിനായി സംഘാംഗങ്ങൾക്കു വായ്പകൾ കൊടുക്കുന്നു. ഇതാണ് ഇത്തരം സംഘങ്ങളുടെ സാധാരണമായ ഘടനയും പ്രവൃത്തിയും.

സഹകരണസംഘങ്ങളിൽ നിന്നു കിട്ടുന്ന വായ്പ പുറമേ നിന്നു വാങ്ങിക്കുന്ന കടംപോലെ പീഡാകരമല്ല. ഒന്നാമതു പണവ്യാപാരികളിൽനിന്നു കടം കിട്ടണമെങ്കിൽ അവർക്കു സ്ഥാവരവസ്തുക്കളോ പൊന്നുപണ്ടങ്ങളോ പണയം കൊടുക്കണം. എന്നാൽ സംഘങ്ങളിലേക്കു യാതൊരു പണയവും കൊടുക്കേണ്ടതില്ല. ആളിന്റെ ബാദ്ധ്യതയിന്മേലാണ് സംഘത്തിൽ നിന്നു കടം കൊടുക്കുന്നത്. ഒരു ആൾ കടം വാങ്ങിക്കുമ്പോൾ മററു രണ്ടു അംഗങ്ങൾ കൂടി ജാമ്യമായി പ്രമാണത്തിൽ ഒപ്പിടണമെന്നു മാത്രമേ നിബന്ധനയുള്ളൂ. അതിനാൽ ഓരോ വായ്പയ്ക്കും സംഘത്തിലേക്കു മൂന്നംഗങ്ങളും ഉത്തരവാദികളായിത്തീരുന്നു. ഇതു സംഘംവക മുതലിന്റെ രക്ഷയെക്കരുതിയുള്ള ഏർപ്പാടാണ്.

നമ്മുടെ നാട്ടിൽ മാസം ഒന്നക്കു് നൂററിന്നു് ഒന്നു വീതമാണു് ക്രമപ്പലിശ എന്നു വച്ചിരിക്കുന്നതു്. എന്നാൽ കൃഷിക്കാരോടും മററും പണവ്യാപാരികൾ പ്രായേണ ഇതിൽ കവിഞ്ഞ പലിശയാണു് വാങ്ങിക്കുന്നതു്. തിരിച്ചുകൊടുക്കുമ്പോൾ മുതലും പലിശയും ഒന്നായിച്ചേർത്തു മുഴുവൻ കൊടുത്താലേ അവർ വാങ്ങിക്കയുള്ളു. സംഘത്തിലാകട്ടെ ക്രമപ്പലിശയിൽ കുറഞ്ഞ നിരക്കാണു് ഏർപ്പെടുത്തിയിരിക്കുന്നതു്. പലിശയും മുതലിൽ ഏതാനും ഭാഗവും മാസംതോറും കൊടുത്തുകൊണ്ടിരിക്കണം. ഇങ്ങനെ തവണകളായി കടം മുഴുവനും കൊടുത്തു തീർത്താൽ മതിയാകുന്നു. ഇതും കടക്കാരനു സാരമായ സഹായമാണു്. മുതൽ ഒന്നായി കൊടുത്തുതീർക്കാൻ പലർക്കും ശേഷിയുണ്ടായിരിക്കയില്ല. എന്നാൽ അവനവന്റെ ശക്തിക്കു തക്കവണ്ണം അതിന്റെ ഒരു ചെറിയ അംശം കൊടുക്കുവാൻ ആർക്കും കഴിയാതെ വരികയില്ല. ഉത്തമർണ്ണന്മാർക്കു കൊടുക്കുന്ന പലിശ അവർക്കു മാത്രം ലാഭവും കടക്കാർക്കു തീരെ നഷ്ടവുമാണല്ലോ. എന്നാൽ സംഘത്തിലേയ്ക്കു കൊടുക്കുന്ന പലിശ സംഘത്തിന്റെ മുതലാണു്. അതായതു് സംഘാംഗമായ കടക്കാരനും പലിശയുടെ ഒരംശത്തിന്നു് അവകാശിയായിത്തീരുന്നു. ഇതും ഒരു ലാഭമാകുന്നു.

മേൽ വിവരിച്ചപ്രകാരം ഓഹരികളായി പണം സമ്പാദിച്ചു് അംഗങ്ങൾക്കു കടം കൊടുക്കുന്ന സംഘങ്ങളെ 'സഹകരണ ധനസഹായ സംഘങ്ങൾ' എന്നു പറയുന്നു. ധനസഹായത്തിനല്ലാതെയും സഹകരണസംഘ-

ങ്ങൾ ഉണ്ടാകും. ആഹാരം, വസ്ത്രധാരണം മുതലായവയ്ക്ക് ആവശ്യമുള്ള അനേകം പദാർത്ഥങ്ങൾ നാം കമ്പോളത്തിൽനിന്നു വാങ്ങുകയാണല്ലോ ചെയ്യുന്നത്. ഈ ഇടപാടിൽ സാമാനത്തിന്റെ വിലയ്ക്കു പുറമേ കച്ചവടക്കാരന്റെ ലാഭവും നാം കൊടുക്കണം. ഇങ്ങനെ കച്ചവടക്കാരന്റെ ലാഭമായി നമ്മൾ കൊടുക്കുന്ന തുക ഒട്ടും നിസ്സാരമല്ല. സഹകരണസംഘങ്ങൾകൊണ്ട് ഈ വിധത്തിലുള്ള നഷ്ടവും പരിഹരിക്കാം. എങ്ങനെയെന്നാൽ സംഘത്തിന്റെ മുതൽ കൊണ്ടും സംഘാംഗങ്ങൾക്ക് ആവശ്യമുള്ള ആഹാരസാധനങ്ങളും തുണിച്ചരക്കുകളും മറ്റും ശേഖരിക്കാം. സംഘത്തിന്റെ മേൽനോട്ടത്തിൽ ഈ ചരക്കുകളെ സംഘാംഗങ്ങൾക്കു തന്നെ വിൽക്കുകയും ചെയ്യാം. ഇങ്ങനെ ചെയ്യുന്നതുകൊണ്ടു പല ഗുണങ്ങളും ഉണ്ട്. സാധാരണ വിലയ്ക്ക് സാമാനങ്ങൾ കിട്ടുന്ന സ്ഥലം അന്വേഷിച്ച് അവിടെ നിന്നു നല്ല സാമാനങ്ങൾ വാങ്ങാം. കമ്പോളത്തിലേക്കാൾ സ്വല്പമെങ്കിലും കുറഞ്ഞ വിലയ്ക്ക് അവ സംഘാംഗങ്ങൾക്കു തന്നെ വില്ക്കാം. മാസംതോറും വാങ്ങിക്കുന്ന ചരക്കുകളുടെ വിലപ്രകാരം കച്ചവടലാഭം തിരിച്ചുകൊടുക്കുകയും ചെയ്യാം. ഇങ്ങനെയുള്ള സംഘങ്ങളെ 'സഹകരണവിതരണസംഘങ്ങൾ' എന്നു പറയുന്നു.

വിദ്യാലയങ്ങളിൽ അധികം ആവശ്യമുള്ള സാധനങ്ങൾ ഇതിന്നും വിദ്യാർത്ഥികളുടെ വിതരണസംഘങ്ങൾ മുഖാന്തിരം വാങ്ങിക്കുകയാണെങ്കിൽ ഇതുവഴിക്കുള്ള ആദായങ്ങൾ വിദ്യാർത്ഥികൾക്കു ലഭിക്കുന്നതായിരിക്കും. മാത്രമ

അത്രത്തോളം കാൽ രൂപാവീതം കൊടുത്തു് ഓഹരി വാങ്ങി ജോലി തുടങ്ങിയാൽ വേണ്ടിടത്തോളം മൂലധനം ഈ സംഘങ്ങൾക്കു് ഉണ്ടാകും. പാഠപുസ്തകങ്ങൾ, നോട്ടുപുസ്തകങ്ങൾ മുതലായവ വലിയ തോതിൽ വാങ്ങിക്കുമ്പോൾ കൂടുതൽ ആദായം കിട്ടും. ആവശ്യം മുൻകൂട്ടിക്കണക്കാക്കി ശേഖരിച്ചു വാങ്ങിക്കുകയാണെങ്കിൽ സാമാനങ്ങൾ മിച്ചം വന്നു നഷ്ടപ്പെടുകയും ഇല്ല. ഇങ്ങനെ ചെയ്തു തുടങ്ങുമ്പോൾ പുറമേയുള്ള കമ്പോളവിലയും കുറഞ്ഞു തുടങ്ങുന്നതു കാണാം. സംഘാംഗങ്ങളുടെ പ്രവൃത്തികൊണ്ടു പൊതുവേയും ഗുണമുണ്ടാകുന്നതിനു ഇതു് ഒരു ദൃഷ്ടാന്തമാണു്.

മൂലധനം ഒന്നും കൂടാതെ നിർധനരായ കൃഷിവേലക്കാർ ചേർന്നും സഹകരണസംഘങ്ങൾ ഉണ്ടാകും. ഗവൺമെൻറിൽ നിന്നു് ഒരു റോഡു് വെട്ടിക്കാൻ തുടങ്ങുന്നു എന്നിരിക്കട്ടെ. അതിലേക്കു് ഒരു കൺട്രാക്ടരെ ഏല്പിക്കുന്നു, അയാൾ മുഖാന്തിരം വേല നടത്തിക്കുകയാണു് ഇപ്പോൾ ചെയ്തുവരുന്നതു്. വേലക്കാർക്കു് സ്വല്പമായ കൂലി കൊടുത്തിട്ടു് ലാഭം മുഴുവൻ കൺട്രാക്ടർ സമ്പാദിക്കുന്നു. കൃഷിവേലക്കാരുടെ സഹകരണസംഘം ഉണ്ടായിരുന്നാൽ ഇങ്ങനെയുള്ള പണികളും അവർതന്നെ ഏറെറടുക്കുകയും അധ്വാനത്തിൻെറ ക്രമം പോലെ ലാഭം വീതിച്ചെടുക്കുകയും ചെയ്യാം. ഇങ്ങനെയുള്ള സംഘങ്ങൾക്കു 'സഹകരണതൊഴിൽസംഘങ്ങൾ' എന്നു പേർ പറയുന്നു.

ഇപ്രകാരം കൃഷി, വ്യവസായം, കച്ചവടം മുതലായ എല്ലാ പണികൾ നടത്തുന്നതിനും സഹകരണസംഘങ്ങൾ ഏർപ്പെടുത്താവുന്നതാണു്. സ്വല്പമായ മൂലധനം ശേഖരിച്ചു്, ഐകമത്യത്തോടും അന്യോന്യവിശ്വാസത്തോടും കൂടി വേലചെയ്തു ലാഭം സമ്പാദിക്കുക എന്നുള്ളതാണു്. ഈ സംഘങ്ങളുടെ ഉദ്ദേശം. അല്പധനരായ ആളുകളുടെ ഐശ്വര്യാഭിവൃദ്ധിക്കു പ്രസ്തുത സംഘങ്ങൾ പ്രത്യേകിച്ചു പ്രയോജനപ്പെടുന്നു. അവർ ഒരു സംഘം ചേർന്നു രജിസ്റ്റർ ചെയ്തു കഴിഞ്ഞാൽ കൂട്ടുബാദ്ധ്യതയിന്മേൽ കടം കിട്ടുന്നതിനു പ്രയാസമില്ലെന്നു പറഞ്ഞുവല്ലോ. മുപ്പതു രൂപാവീതം മുതലുള്ള നൂറുപേർ ഒരു ദേശത്തു് ഉണ്ടെന്നു വിചാരിക്കുക. ഇവരിൽ ഒരുത്തനു് അൻപതു രൂപ ആരും വായ്പ കൊടുക്കുമെന്നു തോന്നുന്നില്ല. അവർ തങ്ങളുടെ മുതൽ മുഴുവൻ ഒന്നായിച്ചേർത്തു് ഒരു സംഘം രജിസ്റ്റർ ചെയ്യുമ്പോൾ ആ സംഘത്തിന്റെ കൂട്ടുമുതൽ മൂവായിരം രൂപ ഉണ്ടായിരിക്കും. ഈ ഉറപ്പിന്മേൽ ആയിരത്തിഞ്ഞൂറു രൂപ കൂടി അതിനു കടം വാങ്ങാം. അതിനുപുറമേ സംഘത്തിന്റെ കൂട്ടുബാദ്ധ്യതയിന്മേൽ കടം വാങ്ങുന്നതു വലിയ ബാങ്കുകളിൽ നിന്നായിരിക്കും. വലിയ ബാങ്കുകളിലെ വായ്പയുടെ വ്യവസ്ഥകൾ സാധാരണമായി ക്ലേശകരങ്ങളല്ല. സംഘത്തിൽ നിന്നും സംഘാംഗങ്ങൾക്കു കൊടുക്കുന്ന വായ്പയുടെ വ്യവസ്ഥപോലെ ഹിതകരമായ വ്യവസ്ഥകളിന്മേലാണു് ബാങ്കുകാരും വായ്പകൾ കൊടുക്കുന്നതു്.

സംഘങ്ങൾ ക്ലിപ്തസഹിതങ്ങളെന്നും ക്ലിപ്തരഹിതങ്ങളെന്നും രണ്ടു തരത്തിലുണ്ടു്. സംഘത്തിന്റെ കൂട്ടുബാധ്യതയെ സംബന്ധിച്ചാണു് ഈ വ്യത്യാസം പ്രത്യക്ഷപ്പെടുന്നതു്. ക്ലിപ്തസഹിതമായ സംഘത്തിൽ ഓരോ അംഗവും ഓഹരിയെടുക്കാമെന്നു സമ്മതിച്ചിട്ടുള്ള തുകയ്ക്കു മാത്രം ചുമതല വഹിച്ചാൽ മതി. ക്ലിപ്തരഹിതമായ സംഘത്തിലാകട്ടെ ഓഹരിത്തുക മാത്രമല്ല, ഓരോ അംഗത്തിനുമുള്ള എല്ലാ മുതലും ആ സംഘത്തിന്റെ കടത്തിനു് ഉത്തരവാദം വഹിക്കുന്നതാണു്. അതായതു് ഓഹരിത്തുക എത്രയായിരുന്നാലും കടംമുഴുവൻ വീട്ടുന്നതിനു സംഘത്തിലെ ഓരോ അംഗവും ബാധ്യസ്ഥനായിത്തീരുന്നു. ഇതിനു് ഒരു ഉദാഹരണം കാണിക്കാം. പത്തു രൂപ വീതം ഓഹരിയെടുത്തു് മുപ്പതുപേർ ഒരു സംഘമായി ചേരുന്നു എന്നിരിക്കട്ടെ. ഈ സംഘത്തിന്റെ മുതൽ ൩൦൦ രൂപ ആയിരിക്കുമല്ലോ. സംഘത്തിനു ൪൦൦ രൂപ കടം വന്നുകൂടുന്നു. സംഘം ക്ലിപ്തസഹിതമായിരുന്നാൽ ഓരോ അംഗത്തിന്റെ ഓഹരിയായ ൧൦ രൂപ മാത്രമേ ഈ കടത്തിനു ബാധ്യതപ്പെടുകയുള്ളു. അതിനാൽ മുന്നൂറുരൂപയോ, സംഘത്തിന്റെ കൈവശമുള്ള മുതൽ അതിൽ കുറവായിരുന്നാൽ ആ തുകയോ, ഉത്തമർണ്ണനു കിട്ടുന്നു. ശേഷം തുക അവൎക്കു നഷ്ടം തന്നെ. സംഘം ക്ലിപ്തരഹിതമായിരുന്നാൽ സംഘത്തിന്റെ കൈവശമുള്ള മുതൽ കഴിച്ചു ബാക്കി വരുന്ന തുക അംഗങ്ങളുടെ സ്വന്തംമുതലിൽനിന്നു കൊടുക്കേണ്ടതായി വരും. എന്നുമാത്രമല്ല, ഉത്തമർണ്ണനു ൪൦൦ രൂപയും

കൊടുത്തുതീർക്കാനുള്ള ചുമതല മുഴുവനും ഓരോ അംഗത്തിനും വന്നുകൂടുന്നു. ഉത്തമർണ്ണന്റെ യുക്തംപോലെ അവരിൽ ആരുടെ എങ്കിലും മുതലിൽ നിന്നു തന്റെ ൪൦൦ രൂപയും ഈടാക്കാവുന്നതാണ്. ക്ലിപ്തരഹിതങ്ങളായ സംഘങ്ങൾക്ക് ഇക്കാരണത്താൽ വായ്പ കിട്ടാൻ വളരെ സൌകര്യമുണ്ടെന്നു സ്പഷ്ടമാകുമല്ലോ. എന്നാൽ പരസ്പരം നല്ല അറിവും വിശ്വാസവും പൊതുമററത്തിൽ ധനാഗമം കണ്ടിരിവും ഉള്ള ആളുകൾ യോജിച്ചുവേണം ക്ലിപ്തരഹിതങ്ങളായ സംഘങ്ങൾ ഏർപ്പെടുത്തേണ്ടതെന്നു മനസ്സിലാക്കണം. തന്റെ വീഴ്ചകൊണ്ടു വരാവുന്ന നഷ്ടം പൊതുവേ ഉപദ്രവകരമായിത്തീരുന്നുള്ള സങ്കടമായി വിചാരിക്കുന്നവർക്കുമാത്രമേ ചുമതലയെപ്പററി ശരിയായ ബോധം ഉണ്ടാകയുള്ളൂ.

സഹകരണസംഘങ്ങളായി ചേർന്നു പ്രവർത്തിക്കുന്നതുകൊണ്ടു ജനസമുദായത്തിനു പല ഗുണങ്ങളും ഉണ്ടാകുന്നു. സംഘാംഗങ്ങളിൽ ഓരോരുത്തരും പൊതുമുതലിന്റെ അഭിവൃദ്ധിയെ ഉദ്ദേശിച്ചാണ് പ്രവർത്തിക്കുന്നതു്. ഇങ്ങനെ അത്യന്തം താല്പര്യമുള്ള ഏകോദ്ദേശത്തോടുകൂടി പ്രവർത്തിക്കുന്നവർ തമ്മിൽ അഭിപ്രായഭേദങ്ങളും മത്സരങ്ങളും ഉണ്ടാകുവാൻ തരമില്ല. വഞ്ചനകൂടാതെ കൃത്യനിഷ്ഠയോടും ഉത്സാഹത്തോടും കൂടി പ്രവർത്തിക്കേണ്ടതു പൊതുമുതലിന്റെ രക്ഷയ്ക്കു് ആവശ്യകമാണ്. അതിനാൽ ഈ ഏർപ്പാടു സംഘാംഗങ്ങളിൽ സത്യം, നിഷ്കപടത മുതലായ ഗുണങ്ങളെല്ലാം പോഷിപ്പിക്കുന്നു. സ്വപ്രയത്നംകൊണ്ടു ധനാർജ്ജനം ചെയ്വാൻ പഠിപ്പിക്കുന്ന ഈ സമ്പ്രദായം സ്വാശ്രയശീലത്തെ ഉപദേശിക്കുന്നു. വാസ്ത

വകയിൽ മാസംതോറും സംഘത്തിൽ അടയ്ക്കേണ്ട തുക തെറ്റാതെ അടയ്ക്കേണമെങ്കിൽ സംഘങ്ങൾ കൈയിലുള്ള ധനം ദുർവ്യയം ചെയ്യാതിരിക്കുകയും ചെലവുകൾ ചുരുക്കുകയും വേണം. ഇങ്ങനെ കരുതലും മിതവ്യയവും പരിശീലിക്കുന്നതിനും സഹകരണപദ്ധതി ഉത്തമമായ ഒരു സമ്പ്രദായമാകുന്നു.

പാഠം ൩൦

അഹങ്കാരത്തിന്റെ ഫലം

അത്യന്തമോടേ തത്ര ദുര്യോധനൻ താൻ
മിത്രാത്മജൻ തന്നോടു സഹോദരരോടേ
മിത്രങ്ങളും പൗരവൃന്ദങ്ങളും വ-
ന്നെത്തീടി കേട്ടു മഹാദേവ ശംഭോ. ൧

ഗംഗാസുതദ്രോണശകുന്യാദികന്മാർ
ഭംഗ്യാ സഭാതലേ നിരന്നങ്ങിരുന്നാർ
അംഗേ വസിച്ചു കണ്ണനാം പിതാവും
ഭംഗ്യാ തദാനീം മഹാദേവ ശംഭോ. ൨

ഉല്ലാസമോടെ സമാശ്യവംസി
വില്ലാളിയാം കർണ്ണനോടൊത്തുകൂടി
ചൊല്ലീടിനാനങ്ങു നാഗധ്വജൻ താ-
നെല്ലാവരോടും മഹാദേവ ശംഭോ. ൩

ഗോപാലനങ്ങിങ്ങു വന്നിട്ടിദാനീം
ഭൂപാലരെല്ലാം ധരിച്ചീടവേണം.

ശ്രീപാർവ്വതി കിട്ടുന്നതിന്നാശയോടെ
ശ്രീപെന മുക്കോതാ മഹാദേവ ശംഭോ.

കണ്ടാൽ നമുക്കിന്നു മിണ്ടാതിരിക്കവേണം
കൊണ്ടാടീടിയാലും കളിക്കും ജളന്മാർ
വേണ്ടാത്തനത്തിന്നു കോപ്പിട്ടുവന്നാൽ
രണ്ടില്ല പക്ഷം മഹാദേവ ശംഭോ.

വന്നാൽ ദേവന്മാരെഴുന്നേൽക്കവേണ്ടാ
തന്നായുറപ്പിച്ചിരുന്നീടവേണം.
ഇന്നെന്നുടെ വാക്കു കേൾക്കാതെ പോയാൽ
ഒന്നുണ്ട വണ്ണം മഹാദേവ ശംഭോ.

സ്വർണ്ണം തരുന്നും പലപ്പോഴുമേറം
കണ്ണന്നുമേതാനുമേല്പിക്കവേണം
കണ്ണൻ വരുമ്പോളെഴുന്നേറ്റുപോയാൽ
മണ്ഡങ്ങളല്ലിത്ഥം മഹാദേവ ശംഭോ.

ശ്രീകൃഷ്ണനെന്നും ജഗന്നാഥനെന്നും
ശ്രീകാന്തനെന്നും മഹാവിഷ്ണുവെന്നും
ഓരോന്നു ചിന്തിച്ചു മോഹിച്ചുപോയാൽ
നേരല്ല വട്ടം മഹാദേവ ശംഭോ.

കണ്ണൻ വരുമ്പോളിളക്കം തുടർന്നാൽ
കർണ്ണാദിനക്കും കനക്കേടു തട്ടും
എണ്ണത്തിലേതാനുമല്പം കുറച്ചാ-
ലെന്നോ വരാവൂ മഹാദേവശംഭോ.

ദുർവ്വാസ[illegible] നീയുമുത്സാഹമോടെ
ദുർവ്വാസനത്തെ ഗ്രഹിച്ചീടവേണം

വിശ്വാസമില്ലാ മനക്കാമ്പിലോറ്റം
ദുർവ്വാസനാശകം മഹാദേവ ശംഭോ". ൧൦

ഭദ്രങ്ങളേവം പറഞ്ഞും ചിരിച്ചും
ഭദ്രാസനാഗ്രേ ലസിച്ചിങ്ങിരുന്നു
ഹരിദ്രാഭിലാഷീ ഭുജംഗധ്വജൻ താ-
നദ്രീശതുംഗേ മഹാദേവ ശംഭോ. ൧൧

ഗോപാലരൂപൻ രമാകാന്തനപ്പോൾ
ശ്രീപാഞ്ചജന്യം മുഴക്കിപ്പുലർക്കെ
ഭൂപാലരാഗപ്രഭാവം തുടങ്ങി
പാപാപഹാരീ മഹാദേവ ശംഭോ. ൧൨

ബാലാർക്കബിംബം പ്രകാശിക്കുമപ്പോൾ
ബാലാതപാളി വിളങ്ങുന്നപോലെ
മൌലിപ്രഭാജാലമാസ്ഥാനദേശേ
നീളപ്പരന്നു മഹാദേവ ശംഭോ. ൧൩

കാര്യാനുവൃത്തങ്ങളുള്ളാലയാസൈകം
കാര്യപ്രകാരം കലർന്നു സഭാന്തേ
ശ്രീരാഗം വിളങ്ങി സ്മിതപ്രൗഢിയാലെ
പീയൂഷപൂരം മഹാദേവ ശംഭോ. ൧൪

തൃക്കണ്ണു രണ്ടും മിഴിച്ചാസ്ഥയോടെ
നില്ക്കുന്ന ലോകർക്കടാക്ഷാമൃതത്താൽ
ഉൾക്കണ്ണു തെളിപ്പിച്ചുമല്പം ചിരിച്ചു
സൽക്കാരപൂർവ്വം മഹാദേവ ശംഭോ. ൧൫

ഭൂമൌ നിന്നെഴുന്നള്ളുമപ്പോ-
ഴാരാജലോകം കലുങ്ങിത്തുടങ്ങി

മീനക്കരെല്ലാം നടുങ്ങിത്തുടങ്ങി
ഭാവം പകൎന്നു മഹാദേവ ശംഭോ. ൧൫

ആസ്ഥാനദേശേ വസിക്കും നൃപന്മാ-
രുത്ഥാനവും ചെയ്തുകൂപ്പിത്തുടങ്ങി
ബാലപ്രമോദം മനസ്സും മറന്നു
തങ്ങളും കലൎന്നു മഹാദേവ ശംഭോ. ൧൬

മൂഢത്വമേറുന്ന നാഗധ്വജൻ താൻ
പിറകോട്ടു മറിഞ്ഞങ്ങു വീണാൻ
കൂടപ്പതിക്കുന്ന കണ്ണാടിവൃന്ദം
ഗൂഢപ്രമോദം മഹാദേവ ശംഭോ. ൧൭

സ്വൎണ്ണം തരേണം നമുക്കെന്നു ചൊല്ലി-
ക്കണ്ണും മിഴിച്ചങ്ങു നില്ക്കുന്ന നേരം
പൊന്നൻ മറിഞ്ഞങ്ങു വീഴുന്നു കണ്ടാൽ
കണ്ണിനു സൗഖ്യം മഹാദേവ ശംഭോ. ൧൮

(പതിനാലുവൃത്തം)

പാഠം ൩൧

കൊല്ലം

പുരാതനകാലത്തുതന്നെ കൊല്ലം വിഖ്യാതമായ ഒരു പട്ടണമായിരുന്നു. നമ്മുടെ നാട്ടിൽ നടപ്പുള്ള കൊല്ലവർഷം ഈ നഗരം സംബന്ധിച്ചുള്ള ഏതോ ഒരു വിശേഷസംഭവത്തിന്റെ സ്മാരകമായിട്ടാണു് ആരംഭിച്ചിട്ടുള്ളതു്. കൊല്ലവർഷം അഞ്ചാംശതകത്തിൽ ജയ

സിംഹൻ എന്നൊരു രാജാവു കൊല്ലത്തു് ഉണ്ടായിരുന്നു. ഇതുനിമിത്തമാണു കൊല്ലത്തിനു 'ജയസിംഹനാടു്' അല്ലെങ്കിൽ 'ദേശിങ്ങനാടു്' എന്ന പേരു സിദ്ധിച്ചതു്. ജയസിംഹന്റെ പുത്രനായ വീരരവിവർമ്മ ചോളപാണ്ഡ്യ രാജ്യങ്ങളെ ജയിച്ചു കേരളത്തോടു ചേർത്തശേഷം കൊല്ല വർഷം ൪൮൭–ാമാണ്ടിടയ്ക്കു വേഗവതീതീരത്തിലുള്ള കാഞ്ചീപുരത്തുവച്ചു ക്ഷത്രിയന്മാരുടെ ചക്രവർത്തിയായി കിരീടധാരണം ചെയ്തു. അദ്ദേഹത്തിന്റെ രാജധാനിയും കൊല്ലം തന്നെയായിരുന്നു.

കപ്പലുകൾ അടുക്കുന്നതിനു പ്രകൃതിസിദ്ധമായ സൗകര്യമുള്ള ഒരു തുറമുഖമുണ്ടായിരുന്നതിനാൽ ഈ പട്ടണം വളരെക്കാലം മുൻപുതന്നെ പ്രശസ്തമായ ഒരു വാണിജ്യകേന്ദ്രമായിത്തീർന്നു. വിദേശീയർ കേരളവുമായി വ്യാപാരം തുടങ്ങിയ കാലത്തു് ഈ നാട്ടിൽ ധാരാളമായി വിളയുന്ന നല്ലമുളകു്, ഇഞ്ചി, നീലയമരി മുതലായ ചരക്കുകൾ കരവഴിയായും, കല്ലടയാറുവഴിയായും കൊല്ലത്തു കൊണ്ടുവന്നു് ഏറ്റുമതി ചെയ്തിരുന്നു. ഇങ്ങനെ വ്യാപാരം ചെയ്തുവന്ന വിദേശികളിൽ പ്രമാണികൾ അറബികളും ചീനത്തുകാരും ആയിരുന്നു. ഇവരെക്കൂടാതെ പല രാജ്യങ്ങളിലെ കച്ചവടക്കാരും തൊഴിലാളികളും കൊല്ലത്തു കുടിപാർപ്പാൻ ഇടയായിട്ടുണ്ടു്.

ആദികാലത്തു കേരളത്തിൽ സർവ്വഥാ പ്രസിദ്ധമായിത്തീർന്ന തുറമുഖം കൊടുങ്ങല്ലൂർ ആയിരുന്നു എന്നാൽ കൊടുങ്ങല്ലൂരിന്റെ പ്രശസ്തി അല്പം മങ്ങിയതോടുകൂടി

കൊല്ലത്തിന്റെ കീർത്തി വർദ്ധിച്ചു. അക്കാലത്തു വിദേശീയവാണിജ്യത്തിൽ മുന്നിട്ടുനിന്നിരുന്ന ചീനരുടെ കുടിപാർപ്പും പണ്ടകശാലകളും കൊല്ലത്തു് ഉണ്ടായിരുന്നു. പിന്നീട് അനേകം ശതവർഷങ്ങൾ കഴിഞ്ഞശേഷമാണു ഡച്ചുകാർ കച്ചവടത്തിനായി മലയാളക്കരയിൽവന്നതു്. അപ്പോഴും ചീനന്മാർ കൊല്ലം നഗരത്തിന്റെ പശ്ചിമഭാഗത്തു കടൽക്കരയിൽ പാർത്തിരുന്നതായി പറഞ്ഞുകാണുന്നു. തങ്കശ്ശേരി ഉൾപ്പെടെയുള്ള ആ ദേശത്തിനു ഡച്ചുകാർ ചീനക്കൊല്ലം എന്നാണു പേർ പറയുന്നതു്.

ചീനക്കാരുടെ വാണിജ്യമാണു് കൊല്ലത്തിന്റെ പ്രാബല്യത്തിനു മുഖ്യകാരണമായിരുന്നതു്. എന്നാൽ കൊല്ലവർഷത്തിന്റെ ആരംഭദശയിൽ തന്നെ അവിടെ പ്രവേശിച്ച മഹമ്മദീയരുടെ കച്ചവടം പരിപുഷ്ടമായപ്പോൾ ചീനക്കാരുടെ വാണിജ്യം ക്രമേണ ക്ഷയിച്ചു തുടങ്ങി. ആ കാര്യത്തെപ്പറ്റി ആലോചിക്കുന്നതിനായി കൊല്ലവർഷം ൪൬-ാമാണ്ടിടയ്ക്കു ചീനത്തെ ചക്രവർത്തി മാർക്കോ പോളോ എന്ന പ്രതിനിധിയെ കൊല്ലം രാജാവിന്റെ സന്നിധിയിലേക്ക് അയച്ചു. എങ്കിലും അതുകൊണ്ടു വലിയ ഗുണമൊന്നും ഉണ്ടായതായി കാണുന്നില്ല. അതിനുശേഷം അമ്പതു വർഷം കഴിഞ്ഞു കേരളത്തിൽ സഞ്ചരിച്ച ഇബിൻബതൂത്താ എന്ന മഹമ്മദീയൻ തന്റെ സഞ്ചാരവൃത്താന്തത്തിൽ കൊല്ലത്തു മഹമ്മദീയർക്കു സ്ഥിരപ്രതിഷ്ഠ ലഭിച്ചിരുന്നതായും, സാമൂതിരിയുടെ ആനുകൂല്യത്തിൽ കോഴിക്കോട്ടും അവരുടെ കച്ചവടം പ്രബലപ്പെട്ടിരുന്നതായും പ്രസ്താവിച്ചിരിക്കുന്നു.

മുഹമ്മദീയരുടെ കച്ചവടം ഇപ്രകാരം വർദ്ധിച്ചുകൊണ്ടിരിക്കെ യൂറോപ്പിൽനിന്നു കച്ചവടത്തിനായി പുറപ്പെട്ട പോർട്ടുഗീസുകാർ ഇൻഡ്യയിൽ വന്നുചേർന്നു. അവരുടെ ആദ്യത്തെ സങ്കേതം കേരളത്തിലായിരുന്നു. പോർട്ടുഗീസുപ്രഭുവായ വാസ്കോഡിഗാമ കൊല്ലവർഷം ൬൭൩-ാണ്ടു കോഴിക്കോട്ടു വന്നിറങ്ങുകയും, സാമൂതിരി മഹാരാജാവിന്റെ രാജ്യത്തിൽ ഒരു തുറമുഖത്തു പോർട്ടുഗീസുകാരുടെ കച്ചവടം സ്ഥാപിക്കയും ചെയ്തു. താമസിയാതെ അവർ കൊച്ചിയിൽ എത്തി അവിടെയും കച്ചവടത്തിനു വേണ്ട ആനുകൂല്യങ്ങൾ സമ്പാദിച്ചു. പോർട്ടുഗീസുകാരുടെ കച്ചവടത്തോടുകൂടി കൊച്ചി, കോഴിക്കോട്ടു ഈ നഗരങ്ങളുടെ ഐശ്വര്യവും വർദ്ധിച്ചുതുടങ്ങി.

ഇക്കാലത്തു ദേശിങ്ങനാട്ടു് ഒരു രാജ്ഞി ഉണ്ടായിരുന്നു. പാശ്ചാത്യന്മാരുമായുള്ള വാണിജ്യം നിമിത്തം കൊല്ലത്തിനും കോഴിക്കോട്ടിനും സിദ്ധിച്ച ഉത്കർഷം കണ്ടപ്പോൾ പോർട്ടുഗീസുകാരെ കൊല്ലത്തേക്കു ക്ഷണിക്കുന്നതിനു് അവർ തീർച്ചപ്പെടുത്തി. അവരുടെ കപ്പലുകൾ കൊല്ലത്തേക്കു് അയയ്ക്കുന്നപക്ഷം അവയിൽ നല്ലമുളകു് കയറ്റിച്ചുകൊടുക്കാമെന്നും പോർട്ടുഗീസുകാർക്കു് അനുകൂലമായ ഒരു കച്ചവടക്കരാർ ചെയ്യാൻ ഒരുക്കമാണെന്നും രാജ്ഞി ഒരു ദൂതൻ മുഖാന്തരം വാസ്കോഡിഗാമയെ ധരിപ്പിച്ചു. റാണിയുടെ ക്ഷണത്തെ സ്വീകരിക്കാൻ ഗാമയ്ക്കു വളരെ ആഗ്രഹമുണ്ടായിരുന്നു. എങ്കിലും കൊച്ചിരാജാവിന്റെ

അതൃപ്തിയെ ശങ്കിച്ച് ആ രാജാവിന്റെ സമ്മതം കൂടാതെ ഒരു കരാറിനും ഏർപ്പെടാൻ തനിക്കു നിവൃത്തിയില്ലെന്നു് അദ്ദേഹം മറുപടി അയച്ചു.

അനന്തരം റാണിതന്നെ ഈ സംഗതിയെക്കുറിച്ചു കൊച്ചീരാജാവിനു് എഴുതിയയച്ചു. റാണിയുടെ അഭിലാഷത്തെപ്പററി ആ രാജാവിനു വൈമനസ്യംതോന്നാൻ കാരണമുണ്ടായിരുന്നു. കൊച്ചി തുറമുഖത്തു നല്ലമുളകു കയററുമതി ചെയ്യുന്നതിൽനിന്നു് അദ്ദേഹത്തിനു വലിയ ആദായം ലഭിച്ചിരുന്നു. എന്നാൽ കയററുമതി ചെയ്യുന്ന മുളകിൽ അധികഭാഗവും ദക്ഷിണദേശങ്ങളിൽനിന്നാണു വന്നുകൊണ്ടിരുന്നതു്. കൊല്ലത്തു വ്യാപാരം തുടങ്ങുമ്പോൾ ആ ചരക്കിന്റെ അനല്പമായ ഒരംശം കൊല്ലത്തേക്കു പോകാതിരിക്കയില്ലെന്നു് അദ്ദേഹം മനസ്സിലാക്കി. അതിനാൽ, കൊല്ലത്തു പണ്ടകശാല സ്ഥാപിക്കയില്ലെന്നും കൊച്ചിയിൽ ചരക്കുകൾ ദുർല്ലഭമായിരിക്കുമ്പോൾ മാത്രമേ കൊല്ലത്തേക്കു കപ്പലുകൾ അയയ്ക്കുകയുള്ളു എന്നും ഗാമ പറഞ്ഞതിന്റെ ശേഷമാണു റാണിയുടെ അപേക്ഷയ്ക്കു കൊച്ചീരാജാവു സമ്മതം നൽകിയതു്.

ഇപ്രകാരം കൊല്ലത്തു പോർട്ടുഗീസുകാരുടെ വാണിജ്യം ആരംഭിച്ചു. എന്നാൽ രാജ്ഞിയുടെ ഈ പ്രസ്ഥാനത്തിനു നാട്ടുകാരുടെ അനുകൂല്യം ഉണ്ടായിരുന്നില്ല. കാലക്രമത്തിൽ പോർട്ടുഗീസുകാരുടെ കച്ചവടം പ്രബലപ്പെടുകയും റാണിയുടെ അനുവാദത്തോടുകൂടി അവർ

കൊല്ലത്തു് ഒരു പണ്ടകശാല പണിതീർക്കുകയും ചെയ്തു.
തുറമുഖത്തിൽ നിർബാധമായി വാണിജ്യം നടത്തിവന്ന
അറബികളെ (മുഹമ്മദന്മാരെ) തോല്പിക്കുന്നതിനായിരുന്നു
അവരുടെ പിന്നത്തെ ഉദ്യമം. പോർട്ടുഗീസുകാർ ക്രൂര
ത്തോടെ അവരുടെ കപ്പലുകൾ ആക്രമിച്ചു കൊള്ളയിട്ടു
വന്നു. അറബികൾ റാണിയുടെ ഉദ്യോഗസ്ഥന്മാരോടു്
സങ്കടം പറഞ്ഞുനോക്കി. എന്നാൽ, ആ ഉദ്യോഗസ്ഥ
ന്മാരുടെ ആജ്ഞയെ പോർട്ടുഗീസുകാർ വകവച്ചില്ല.
പോർട്ടുഗീസുകാരുടെ ഈ ധിക്കാരം നിമിത്തം ഭയങ്ക
രമായ ഒരു ജനക്ഷോഭം ഉണ്ടാകുകയും നാട്ടുകാർ പോർട്ടു
ഗീസുപണ്ടകശാല തീവച്ചു നശിപ്പിക്കുകയും ചെയ്തു. ആ
വിവരം അറിഞ്ഞു കൊച്ചിയിൽനിന്നു് ഒരു പോർട്ടുഗീസു
സൈന്യം കൊല്ലത്തു വന്നിറങ്ങി. അവർ തുറമുഖത്തു്
ഉണ്ടായിരുന്ന സക്കാർ പടവുകളെല്ലാം നശിപ്പിച്ചശേഷം
അറബികളുടെ കപ്പലുകൾ പിടിച്ചെടുത്തു.

കൊല്ലവർഷം ൬൯൧-ൽ പോർട്ടുഗീസു ഗവർണ്ണ
രായ നൃസോവരസ്സ് റാണിയുമായി സന്ധിചെയ്തു വീണ്ടും
കച്ചവടം ആരംഭിച്ചു. നാട്ടുകാരുടെ കോപവും വിദ്വേ
ഷവും ഇരട്ടിച്ചു. സന്ധിപ്രകാരം റാണി കൊടുക്കാമെന്നു
സമ്മതിച്ചിരുന്ന സംഖ്യയ്ക്കു പോർട്ടുഗീസുകാർ ഞെരുക്കി.
പണം അപ്പോൾ ചുരുക്കമായിരുന്നതിനാൽ തുറമുഖത്തു്
ഒരു സ്ഥലവും, അവിടെ ഒരു കോട്ട കെട്ടുന്നതിനു് അനു
വാദവും റാണി അവർക്കു കൊടുത്തു. എന്നാൽ പാശ്ചാ
ത്യന്മാർ അവിടെ കോട്ടയുടെ പണി ആരംഭിച്ചപ്പോൾ

നാട്ടുകാർ അവരെ തടഞ്ഞു ലഹളയ്ക്കു് ഒരുമ്പെട്ടു. പീരങ്കിപ്രയോഗംകൊണ്ടു പോർട്ടുഗീസുകാർ ലഹളക്കാരെ ഓടിച്ചു കോട്ടയുടെ പണി ഉയർന്നു. പിന്നെയും പോർട്ടുഗീസുകാർ തുറമുഖത്തുള്ള മററു കച്ചവടക്കാരെ ഉപദ്രവിക്കയും ക്ഷേത്രങ്ങൾ കൊള്ളയിടുകയും മററും ചെയ്തുകൊണ്ടിരുന്നു. അതിനാൽ റാണി അവരെ അമർച്ച ചെയ്യുന്നതിനായി ബാലൻപിള്ള എന്ന ഒരു സേനാനിയുടെ നേതൃത്വത്തിൽ ഒരു സൈന്യത്തെ നിയോഗിച്ചു. പോർട്ടുഗീസുകാരുടെ കോട്ട റാണിക്കു കൈവശപ്പെടുകയും അതിലുണ്ടായിരുന്ന പാശ്ചാത്യർ ബന്ധനസ്ഥരാകയും ചെയ്തു. അതിൽപ്പിന്നെ പോർട്ടുഗീസുകാർക്കു് അവിടെ പ്രത്യേകമായ ആനുകൂല്യമൊന്നും സിദ്ധിച്ചില്ല.

എങ്കിലും പോർട്ടുഗീസുകാരുടെ കച്ചവടം ക്രമേണ അഭിവൃദ്ധമായി ഒരു നൂററാണ്ടു കടന്നു. അപ്പോൾ കച്ചവടത്തിനായി ഇൻഡ്യയിൽ വന്നുചേർന്ന ഡച്ചുകാരും പോർട്ടുഗീസുകാരുമായുള്ള മത്സരത്തിൽ പോർട്ടുഗീസുകാരുടെ ശക്തി ക്ഷയിച്ചു തുടങ്ങി. ഡച്ചുകാരുടെ പ്രവേശം കൊല്ലത്തും ഉണ്ടായി. ൧൬൬൧-ാമാണ്ടു് അവർ പോർട്ടുഗീസുകാരുടെ വകയായ തങ്കശ്ശേരി ആക്രമിച്ചു പല നാശങ്ങളും ചെയ്തു. അനന്തരം ഡച്ചുകാർ കൊല്ലത്തു കച്ചവടം തുടങ്ങി.

മാർത്താണ്ഡവർമ്മ മഹാരാജാവിന്റെ കാലത്തു കൊല്ലം, കായംകുളം മുതലായ ദേശങ്ങൾ തിരുവിതാംകൂറിനോടു ചേർത്തതിനുശേഷം തിരുവിതാംകൂർ ഗവമെന്റു

തങ്കശ്ശേരിയിൽ നിന്നു കരം പിരിച്ചുവന്നു എങ്കിലും ഡച്ചുകാരുടെ കച്ചവടം അവിടെ നടന്നുകൊണ്ടിരുന്നു.

ഇംഗ്ലീഷ് ഈസ്റ്റിൻഡ്യാ കമ്പനിയുടെ ആവിർഭാവത്തോടുകൂടി ഡച്ചുകാരുടെ ശക്തി ക്ഷയിക്കുവാൻ തുടങ്ങി. ൯൭൦-ാമാണ്ടു് ഇംഗ്ലീഷുകാർ ഡച്ചുകാരെ തോല്പിച്ചു് അവരുടെ കയ്യാൽ കൊച്ചിക്കോട്ട കൈവശപ്പെടുത്തി. അതോടുകൂടി തങ്കശ്ശേരിയും അവർക്കധീനമായിത്തീർന്നു. തിരുവിതാംകൂർ മഹാരാജാവും ബ്രിട്ടീഷുകാരുമായി ഉണ്ടായ ഉടമ്പടിപ്രകാരം തിരുവിതാംകൂറിന്റെ രക്ഷയ്ക്കായി കമ്പനിക്കാർ ഒരു സൈന്യവിഭാഗത്തെ കൊല്ലത്തു താമസിപ്പിക്കയുണ്ടായി.

വേലുത്തമ്പിദളവയുടെ കാലത്തു കൊല്ലം പട്ടണം വളരെ അഭിവൃദ്ധിപ്പെട്ടിരുന്നു. അദ്ദേഹം അവിടെ ഒരു വലിയ കച്ചേരിയും കമ്പോളങ്ങളും പണികഴിപ്പിച്ചു തിരുനെൽവേലി, മധുര മുതലായ ദിക്കുകളിൽ നിന്നു വ്യാപാരികളെ ക്ഷണിച്ചുവരുത്തി നാട്ടുകാരുടെ കച്ചവടത്തെ പോഷിപ്പിക്കുവാൻ ശ്രമം ചെയ്തു. ദളവയുടെ താമസവും മിക്കവാറും കൊല്ലത്തു തന്നെയായിരുന്നു.

എന്നാൽ പിൽക്കാലത്തു ദിവാന്റെ കച്ചേരിയും മററും വീണ്ടും തിരുവനന്തപുരത്തേക്കു മാററി സ്ഥാപിച്ചു. ആലപ്പുഴത്തുറമുഖത്തിൽ കച്ചവടത്തിനു കൂടുതലായ സൗകര്യങ്ങൾ ഉണ്ടായിരുന്നതിനാൽ കൊല്ലംതുറമുഖത്തിലെ കച്ചവടം ക്രമേണ ക്ഷയിച്ചു. ഒരു ഡിവിഷന്റെ തലസ്ഥാനമെന്നുള്ള ഗൗരവം മാത്രമേ ഇപ്പോൾ കൊല്ലത്തിനു പ്രധാനമായി ശേഷിച്ചിട്ടുള്ളു.

പാഠം ൩൨

കൃതജ്ഞത

അന്യർ ചെയ്യുന്നൊരുപകാരത്തിന്നൊന്നു പ്രത്യുപകാര-
മിന്നു ചെയ്‌വാൻ മതിയാകുമത്രയുള്ള ഭാവം നമുക്കില്ല,
ആന പിറരു പണമുണ്ടാകുന്നവരെങ്ങെങ്കിലുമിപ്പോൾ
ചേന പിറരു പൊരുക്കുന്നു പങ്ങാതി മതിയാമോ? ൪

ചൊന്ന വാക്കിലിക്കാട്ടുകന്ന ധനികന്മാർക്കും കാക്ക-
പ്പോരും മാത്രം കാഴ്ചവച്ചു പ്രസാദത്തെ വരുത്താമോ?
പ്രാണദാനം ചെയ്യുവന്നുപകരമൊന്നുപകാരം
വേണമെന്നു നിരൂപിച്ചാലിങ്ങു സാധിക്കുമോ പാർത്താൽ? ൫

കാണുമൊന്നും കൊതിച്ചിട്ടല്ലുത്തമന്മാരഹോ ദീന-
ത്രാണം ചെയ്യുന്നു ധർമ്മത്തെത്താനറിഞ്ഞാചരിക്കുന്നു
ഇക്ഷിതിമണ്ഡലേ മേവുന്നോരു മേഘംപോലെയുള്ള
പക്ഷികൾക്കു വഴിപോലെ മാരി കോരിച്ചൊരിഞ്ഞാലും
[൬

കക്ഷിയൂന്നി വരുത്തീടുന്നില്ലയോ വാരിവാഹങ്ങൾ?
ലക്ഷണമെല്ലാം ജനങ്ങൾക്കിന്ന ലക്ഷണമങ്ങനെയുള്ളൂ.
സജ്ജനങ്ങൾക്കുപകാരമൊന്നു ചെയ്‌വാൻ നിരൂപിച്ചാ-
ലിജ്ജനങ്ങൾക്കു സാധിച്ചീടുവാൻ ശക്തിയില്ലല്ലോ
൭

ദുർജ്ജനങ്ങൾക്കുപകാരം ദൂഷണത്തിന്നു മാത്രം;
അജ്ഞനാകും പോതനല്ലാമാറിഞ്ഞതും മോഹമല്ലോ

പാമ്പിന്നു പാൽ കൊടുക്കുന്നോനെ പാഞ്ഞുവന്നു കടിക്കൂടും
ചേമ്പിന്നു നെയ്യൊഴിച്ചാകിൽ ചൊറിഞ്ഞു കൂട്ടുവാൻ
[മേഘം. ൫൩

ഇഷ്ടമോടിരുന്നു ചോറിട്ട കൈയും കടിക്കുന്ന
പട്ടികൾക്കു കൊടുക്കുന്ന യഷ്ടികൾക്കു നമസ്കാരം
കൂട്ടിലാക്കിപ്പലനാളും പട്ടിണിയായ് കിടക്കുന്ന
കാട്ടുപുലിക്കിട്ടു പാലും പൂട്ടിലാക്കാനിരക്കൊണ്ടു ൫൪

നീട്ടിയോരു കൈയും കേറിക്കടിക്കുമങ്ങനെയുള്ള
കൂട്ടരെയൊരുനാളും വിശ്വസിപ്പാൻ പാത്രമല്ല
കാട്ടിലുള്ള കടുവാകരടിക്കൂട്ടത്തിലേറ്റം കശ്മലന്മാർ
നാട്ടിലുള്ള നരന്മാരും നാലുമൂന്നല്ലൊരു ലക്ഷം. ൫൫

വീട്ടിലുള്ള മുതലെല്ലാം വിറ്റതിന്നു കടംകൊണ്ടു
വീട്ടുവാനായ് കരുതിപ്പാർത്തൊരാളിലും കാനനംപൂക
ചോട്ടുമാറു പുറപ്പെട്ടു രാത്രിയിൽ മെല്ലവേ ചെന്നു
നാട്ടുകൂട്ടത്തോടന്നോരോ രാജ്യഖണ്ഡമോരോന്നും മാറവും ൫൬

കട്ടുകൊണ്ടു തിരിക്കുന്നു, കണ്ടറിഞ്ഞു ജനത്തോടു
വെട്ടുകൊണ്ടു മരിക്കുന്നു തസ്കരന്മാർ ഇദ്ദുരവസ്ഥ
കണ്ടു നിൽക്കുന്നവർ തന്നെ കള്ളരായി പുറപ്പെട്ടു
കണ്ടതിലിൽ ചെന്നു കപ്പനായ്വന്നു ഭേദമില്ല. ൫൭

കണ്ടകന്മാരുടെ നാണം കണികാണ്മാൻ പോലുമില്ല
കണ്ടുകൊണ്ടും കള്ളന്മാരും കാലത്തിനൊരു വ്യത്യാസമോ വിശേഷ
[ആഠം

കണ്ടാലുമറിയാത്ത കള്ളന്മാർ തലയ്ക്കിട്ടു
കൊണ്ടാലുമറികയില്ലുണ്ടാകമവലക്ഷണം ൪൦

രക്ഷിപ്പാനധികാരിയായുള്ള രാജമന്നൻ
ഭക്ഷിപ്പാൻ പുറപ്പെട്ടാൽ കഷ്ടം പ്രജകൾക്കു്
ഉന്മാനമുട്ടപ്പാനും തേപ്പാനും വകയില്ലാ-
ഞ്ഞങ്ങനെ പുറപ്പെട്ടുപോയാൽകൈനാരേയുള്ളൂ.
[൪൧

(സമാപ്രവേശം)

പാഠം ൩൩

രാജാകേശവദാസൻ

(ഒന്നാം ഭാഗം)

കായംകുളം, ചെമ്പകശ്ശേരി മുതലായ ദേശങ്ങൾ പിടിച്ചടക്കി തിരുവിതാംകൂർ രാജ്യത്തിന്റെ വിസ്തൃതിയും പ്രതാപവും വർദ്ധിപ്പിച്ച മാർത്താണ്ഡവർമ്മ മഹാരാജാവു് കൊല്ലം ൯൩൩-ൽ നാടുനീങ്ങി. അനന്തരം ആ ദേശങ്ങളിൽ ഉണ്ടായിക്കൊണ്ടിരുന്ന ക്ഷോഭങ്ങളെ അമർത്തി സമാധാനം പുലർത്തുന്നതിനു് അദ്ദേഹത്തിന്റെ അനന്തരഗാമിയും ധർമ്മരാജാവെന്ന അപരനാമത്താൽ വിഖ്യാതനുമായ രാമവർമ്മ മഹാരാജാവു് അത്യന്തമായി പ്രയത്നിച്ചുകൊണ്ടിരുന്നു. അന്യരാജ്യക്കാരുടെ കൂടതന്ത്രങ്ങൾക്കു പുറമേ, മൈസൂറിലെ ടിപ്പുസുൽത്താന്റെ ആക്രമണവും കൂടി തുടങ്ങിക്കൊണ്ടിരുന്നപ്പോൾ ഭരണത്തിലുള്ള വൈഷമ്യം ക്രമത്തിലധികമായി. ഈ ആപൽഘട്ട

ത്തിൽ മഹാരാജാവിന്റെ പ്രധാന മന്ത്രിയായിരുന്നു രാജ്യത്തെ രക്ഷിച്ച പുരുഷകേസരിയാണു രാജാ കേശവദാസൻ. ഈ നാട്ടിൽ ദിവാൻ എന്ന ഉദ്യോഗനാമം ആദ്യമായി വഹിച്ച മന്ത്രിയും ഇദ്ദേഹമായിരുന്നു. പഴമക്കാർ ഇന്നും ഇദ്ദേഹത്തെ 'വലിയ ദിവാൻജി' എന്നു പറഞ്ഞുവരുന്നു.

നെയ്യാറ്റിൻകര താലൂക്കിൽ നിലമേൽ എന്ന സ്ഥലത്തുനിന്നു വിളവങ്കോട്ടു താലൂക്കിൽ കുന്നത്തൂർ ദേശത്തു വന്നു താമസിച്ചിരുന്ന ഒരു നായർ കുടുംബത്തിലാണു് അദ്ദേഹം ജനിച്ചതു്. അദ്ദേഹത്തിന്റെ അമ്മയായ കാളിയമ്മപ്പിള്ള പത്മനാഭപുരത്തു കൊട്ടാരത്തിൽ ഒരു വേലക്കാരി ആയിരുന്നു. അച്ഛൻ അവിടെ പട്ടാളത്തിൽ ഒരു ഉദ്യോഗസ്ഥനായിരുന്നു. കൊല്ലം ൯൨൦-ാമാണ്ടിടയ്ക്കാണു് അദ്ദേഹം ജനിച്ചതു്. കേശവൻ ശിശുവായിരിക്കുമ്പോൾ തന്നെ അച്ഛൻ ഗംഗാസ്നാനത്തിനു പോയി കാശിയിൽവച്ചു മരണം പ്രാപിച്ചു.

അനന്തരം കാളിയമ്മപ്പിള്ള മകനെയുംകൊണ്ടു കുന്നത്തൂരുള്ള സ്വഗൃഹത്തിലേക്കു പോയി. കുട്ടിയുടെ ബുദ്ധിയും ചൊടിയും കണ്ടു് ഒരു നാട്ടാശാൻ പ്രതിഫലം കൂടാതെ അവനെ പഠിപ്പിക്കാമെന്നു സമ്മതിച്ചു. ആശാന്റെ എഴുത്തുപള്ളിയിൽ കേശവപിള്ള പത്തുവയസ്സുവരെ പഠിച്ചു. വിദ്യാഭ്യാസം കഴിഞ്ഞു കേശവപിള്ള സ്വദേശത്തിനടുത്തുള്ള ഒരു ചെട്ടിയാരുടെ കണക്കെഴുത്തുകാരനായി ഏർപ്പെട്ടു.

അക്കാലത്തു പൂവാറു കച്ചവടപ്രമാണിയായിരുന്ന പോക്കുമൂസാ മുതലാളി എന്ന വണിക്പ്രവരന്റെ കാര്യസ്ഥനായിരുന്ന ഒരു ചെട്ടിയാർ അയാളുടെ മുതലാളിയെ കാണുവാൻ പോകുമ്പോൾ കേശവപിള്ളയെയും കൂടെ കൊണ്ടുപോകാറുണ്ടായിരുന്നു. ചെട്ടിയാരുടെ ചെറുകാര്യസ്ഥന്റെ പ്രസന്നതയും വിനയവും മുതലാളിയെയും ആകർഷിച്ചു. മുതലാളി കേശവപിള്ളയെ തന്റെ കണക്കെഴുത്തുകാരനായി നിയമിച്ചു. കേശവപിള്ളയുടെ ബുദ്ധികൗശലവും സ്വാമിഭക്തിയും കണ്ടു മുതലാളിക്ക് അയാളിൽ സ്നേഹവും വിശ്വാസവും ഉറച്ചു. കച്ചവടകണക്കു സംബന്ധിച്ചു ചുമതല മുഴുവൻ മുതലാളി കേശവപിള്ളയെ ഏല്പിച്ചു. ഭാവിയിൽ തിരുവിതാംകൂറിലെ കച്ചവടം വർദ്ധിപ്പിക്കുന്നതിന് ഉപയോഗപ്പെട്ട വിജ്ഞാനത്തിന്റെ പ്രഥമപാഠങ്ങൾ അക്കാലത്തു കേശവപിള്ള അഭ്യസിച്ചു.

പോക്കുമൂസാ ഒരിക്കൽ മഹാരാജാവിനെ മുഖം കാണിക്കാൻ പോയപ്പോൾ കേശവപിള്ളയെയും കൂടെ കൊണ്ടുപോയി. മുതലാളി രാജസന്നിധിയിൽനിന്നു തിരിച്ചു വന്നപ്പോൾ രാത്രി സമയം കുറെ അധികം കഴിഞ്ഞിരുന്നു. അപ്പോഴേക്കും കേശവപിള്ള പുറത്തളത്തിൽ കിടന്നു് ഉറങ്ങിപ്പോയി. മുതലാളി കേശവപിള്ളയെ വിളിക്കാതെ തിരിച്ചുപോയി. മഹാരാജാവു പ്രഭാതത്തിൽ എഴുന്നേറ്റു വാതിൽ തുറന്നപ്പോൾ കേശവപിള്ളയെയാണു കണികണ്ടതു്. കേശവപിള്ളയും മഹാരാജാവിനെ കണ്ടു സംഭ്രമത്തോടെ എഴുന്നേറ്റു തൊഴുതു മാറിനിന്നു. കണി

കാണ്മാൻ കൊള്ളാവുന്ന വേഷമല്ലെങ്കിലും അയാളുടെ മുഖം കണ്ടതിലുള്ളതിൽ സന്തോഷമാണു തോന്നിയതു്. അയാളെ വിട്ടയച്ചു് അതാതു ഭൃത്യന്മാരോടു് ആജ്ഞാപിച്ചതിന്റെ ശേഷം തിരുമനസ്സുകൊണ്ടു പ്രഭാതകൃത്യങ്ങൾക്കായി എഴുന്നള്ളി.

അന്നു മഹാരാജാവു് ആദ്യമായി കേട്ടതു് യൂറോപ്പിൽനിന്നു ചരക്കുകൾ കേററിക്കൊണ്ടുവന്ന ഒരു കപ്പൽ ആ പ്രഭാതത്തിൽ തന്നെ തുറമുഖത്തു് അടുത്തിട്ടുണ്ടെന്നുള്ള വർത്തമാനമാണു്. കപ്പലുകൾ വന്നടുക്കുന്നതു് അപൂർവ്വമായിരുന്ന അക്കാലത്തു് ഈ വർത്തമാനം മഹാരാജാവിനു് ഏററവും സന്തോഷം നൽകി. ഇതുകൊണ്ടു താൻ കണികണ്ട ചെറുപ്പക്കാരന്റെ ആഗമനം ശുഭസൂചകമാണെന്നു് അദ്ദേഹം തീരുമാനിച്ചു. കേശവപിള്ളയെ വരുത്തി, അയാൾ കൊട്ടാരത്തിൽ വരുവാനുള്ള കാരണവും മററും ചോദിച്ചറിഞ്ഞതിന്റെ ശേഷം പണ്ടകശാലയിൽ സ്വല്പശമ്പളമുള്ള ഒരു എഴുത്തുജോലിക്കു നിയമിച്ചു.

കൊട്ടാരത്തിലെ എഴുത്തുപണി കേശവപിള്ളയ്ക്കു് ഒട്ടും തന്നെ പ്രയാസമായിരുന്നില്ല. ജോലി കഴിഞ്ഞു ബാക്കിയുണ്ടായിരുന്ന സമയം അദ്ദേഹം വെറുതെ കളഞ്ഞില്ല. അക്കാലത്തു പട്ടാളത്തിലുണ്ടായിരുന്ന യൂറോപ്യന്മാരുടെയും മുസൽമാൻമാരുടെയും പരിചയവും സ്നേഹവും സമ്പാദിച്ചു. അവരിൽനിന്നു യുദ്ധക്രമങ്ങളും ഹിന്ദുസ്ഥാനി മുതലായ ഭാഷകളും അദ്ദേഹം അഭ്യസിച്ചു. ൯൪൦-ൽ കേശവപിള്ള കൊട്ടാരം രായസമായി. കച്ചവടം സംബന്ധിച്ച എഴുത്തുകുത്തുകൾ നോക്കുന്ന

ച്ചമതലയും കേശവപിള്ളയ്ക്കുതന്നെയായിരുന്നു. ഭാരമേറിയ ഈ കൃത്യങ്ങളെല്ലാം കണിശമായും ഉജ്ജ്വലമായും അദ്ദേഹം നിർവഹിച്ചു. ൯൪൮-ൽ തിരുമനസ്സുകൊണ്ടു് അദ്ദേഹത്തെ കൊട്ടാരം സമ്പ്രതിയായി നിയമിച്ചു.

അക്കാലത്താണു് മൈസൂർസുൽത്താനായ ഹൈദരാലി ആദ്യമായി മലയാളദേശം ആക്രമിച്ചതു്. കൊച്ചിരാജാവു കപ്പം കൊടുത്തു കീഴടങ്ങുകയും, സാമൂതിരിയും അനേകം പ്രഭുക്കന്മാരും തിരുവിതാംകൂറിൽ വന്നു് അഭയം പ്രാപിക്കുകയും ചെയ്തു. ആ വൃത്താന്തം കേട്ടു കുപിതനായി ഹൈദർ തിരുവിതാംകൂറിനെ ആക്രമിക്കാൻ വട്ടംകൂട്ടി. ഹൈദരെ തടയുന്നതിനായി വടക്കെ അതിർത്തിയിലുള്ള കോട്ട ഉറപ്പിക്കുകയും, അവിടെ ഒരു വലിയ സൈന്യത്തെ സ്ഥാപിക്കുകയും ചെയ്യേണ്ടതു് ആവശ്യമായിത്തീർന്നു. സേനാനായകനായ ഡിലനായി അപ്പോൾ രോഗപീഡിതനായിരുന്നതിനാൽ ആ കാര്യങ്ങളെല്ലാം നിർവഹിക്കുന്നതിനു സമ്പ്രതി കേശവപിള്ളയെയാണു് മഹാരാജാവു നിയോഗിച്ചതു്. ഇപ്രകാരം കരുതലുകൾ ചെയ്തുകൂടാതെ ഹൈദരുടെ ദുരുദ്ദേശ്യത്തെക്കുറിച്ചു മഹാരാജാവു തിരുമനസ്സിലെക്കും ബോംബെയിലെയും മദ്രാസിലെയും ഗവർണ്ണർമാർക്കും എഴുതി അയച്ചു. കമ്പനിക്കാർ ഹൈദരുമായി ആരംഭിച്ച യുദ്ധത്തിൽ തിരുവിതാംകൂർ സൈന്യം കോഴിക്കോട്ടു്, പാലക്കാട്ടു്, തിരുനെൽവേലി മുതലായ ദേശങ്ങളിൽവച്ചു കമ്പനിസൈന്യത്തോടു ചേർന്നു പടവെട്ടി. അവരുടെ യുദ്ധസാമർത്ഥ്യം ഇംഗ്ലീഷ് സേനാധിപന്മാരുടെ പ്രശംസയ്ക്കു പാത്രമായി.

എന്നാൽ യുദ്ധം അവസാനിക്കുന്നതിന മുമ്പുതന്നെ ൯൫൭-ൽ ഹൈദരാലി ചരമഗതിയെ പ്രാപിച്ചു.

യുദ്ധകാര്യങ്ങളിലും രാജ്യഭരണത്തിലുമുള്ള സാമർത്ഥ്യം കണ്ടു ൯൬൩-ൽ സർവ്വാധിയുദ്യോഗം ഒഴിവായപ്പോൾ തിരുമനസ്സുകൊണ്ട കേശവപിള്ളയെ ആ ഉദ്യോഗത്തിൽ നിയമിച്ചു. അപ്പോൾ ദളവ ആയിരുന്ന കൃഷ്ണൻ ചെമ്പകരാമൻ ശേഷി കുറഞ്ഞ ആളായിരുന്നതിനാൽ രാജ്യകാര്യങ്ങൾ കേശവപിള്ളയുടെ മേൽനോട്ടത്തിലാണ നടന്നുവന്നതു്. ആയാണ്ടിൽ തന്നെ മഹാരാജാവു കുറെ ദിവസം ശരീരസുഖത്തിനായി ആലുവായിൽ എഴുന്നള്ളി താമസിച്ചു. പരമഭക്തനായ അദ്ദേഹം അവിടെവച്ചു ഒരു മഹായാഗം കഴിപ്പിക്കാൻ നിശ്ചയിച്ചു. അനവധി പണച്ചെലവുള്ള ആ മഹായാഗം സ്വാമിഭക്തനായ സർവ്വാധികാര്യക്കാർ അത്യന്തം തൃപ്തികരമായി നിർവഹിച്ചു മഹാരാജാവിന്റെ പ്രത്യേകം പ്രീതി സമാർജ്ജിച്ചു.

൯൬൪-ൽ കൃഷ്ണൻ ചെമ്പകരാമൻദളവ മരിച്ചുപോകയാൽ പ്രധാനമന്ത്രിയുടെ സ്ഥാനം ഒഴിവായി. മഹാരാജാവു സന്തോഷപൂർവം കേശവപിള്ളയെ ആ സ്ഥാനത്തിൽ നിയമിച്ചു കന്നിമാസത്തിൽ വിജയദശമി ദിവസം നീട്ടുകൊടുത്തു. ആ അവസരത്തിൽ കേശവപിള്ളയുടെ അപേക്ഷപ്രകാരം മഹാരാജാവു ദളവ എന്ന ഉദ്യോഗപ്പേരിനെ ദിവാൻ എന്നു ഭേദപ്പെടുത്തി. ഇങ്ങനെയാണ് തിരുവിതാംകൂറിലെ പ്രധാന മന്ത്രിക്ക

ദിവാൻ' എന്ന സ്ഥാനപ്പേർ ആദ്യമായി സിദ്ധിച്ചതു്. ഇഷ്ടമൂലകമായ സ്വാമിഭക്തിയോടും നിശ്ചലമായ കൃത്യനിഷ്ഠയോടും കൂടി കേശവപിള്ള ഇരുപതു വർഷത്തോളം രാജ്യകാര്യങ്ങൾ നോക്കുകയും, എല്ലാ ഭരണവകുപ്പുകളെ കുറിച്ചും സംപൂർണ്ണമായ ജ്ഞാനം സമ്പാദിക്കുകയും ചെയ്തിരുന്നു. അത്രയും കാലംകൊണ്ടു പ്രധാനമന്ത്രി

യുടെ ചുമതല വഹിക്കാൻ കേശവപിള്ള ശക്തനാണെന്നു സ്പഷ്ടമായി ബോധ്യമായ ശേഷമാണ് മഹാരാജാവ് അദ്ദേഹത്തെ ദിവാൻപദത്തിൽ നിയമിച്ചതു്.

പാഠം ൩൪

രാജാ കേശവദാസൻ

(രണ്ടാം ഭാഗം)

ഹൈദരാലിയുടെ പുത്രനായ ടിപ്പുസുൽത്താൻ പിതാവിന്റെ മാർഗ്ഗത്തെ അനുസരിച്ചു ൯൬൩-ൽ മലബാർ ആക്രമിച്ചു. സാമൂതിരിയും പ്രഭുക്കന്മാരും മററനേകം ജനങ്ങളും വീണ്ടും തിരുവിതാംകൂറിൽ അഭയം പ്രാപിച്ചു. ഔദാര്യനിധിയായ മഹാരാജാവ് അവരെയെല്ലാം യഥായോഗ്യം ഓരോ സ്ഥലങ്ങളിൽ താമസിപ്പിച്ചു. ആ അഭയാർത്ഥികളെ വിട്ടയച്ചുകൊടുക്കണമെന്നു ടിപ്പു ആവശ്യപ്പെട്ടപ്പോൾ ശരണാഗതന്മാരെ ഉപേക്ഷിക്കുകയെന്നതു് അധർമ്മമാണെന്നായിരുന്നു തിരുമനസ്സിലെ മറുപടി. സുൽത്താൻ കോപാകുലനായി തിരുവിതാംകൂറിനെ ആക്രമിക്കുവാൻ സന്നദ്ധനായി. ഈ കാര്യം പ്രതീക്ഷിച്ചിരുന്ന കേശവപിള്ള ഉടൻതന്നെ വടക്കെ അതിർത്തിയിലുള്ള കോട്ട കേടുപാടുകൾ തീർത്തു ബലപ്പെടുത്തി. അതിനു സമീപം ഡച്ചുകാരുടെ വകയായി അഴിക്കോട്ടയെന്നും കൊടുങ്ങല്ലൂർക്കോട്ടയെന്നും രണ്ടു കോട്ടകൾ ഉണ്ടായിരുന്നു. ഈ കോട്ടകളെ വിലയ്ക്കുവാങ്ങിക്കുന്നതിനു ടിപ്പു

സുൽത്താൻ ഡച്ചുകാരുമായി ആലോചന തുടങ്ങി. അതു സാധിക്കുന്നപക്ഷം ശത്രുബലത്തിനു സിദ്ധിക്കാവുന്ന മെച്ചം മനസ്സിലാക്കി സമർത്ഥനായ ദിവാൻ ആ കോട്ടകളെ തിരുവിതാംകൂറിലേക്കു വിലവാങ്ങി. ഈ ഉപായമെല്ലാം സുൽത്താന്റെ കോപാഗ്നിയെ പൂർവ്വാധികം ഉദ്ദീപിപ്പിച്ചു.

ടിപ്പു സൈന്യത്തോടുകൂടി വന്നുചേരുന്നതിനുമുമ്പു തന്നെ ദിവാൻ കേശവപിള്ള വടക്കെ അതിർത്തിയിലെ കോട്ടയ്ക്കുള്ളിൽ സേനാനിവേശം ചെയ്തു. ടിപ്പുവിന്റെ സൈന്യം അതിർത്തിയിൽ വന്നു പീരങ്കികൾ നിരത്തി കോട്ടയുടെ നേർക്കു വെടിവെച്ചുതുടങ്ങി. വളരെ പണിപ്പെട്ടതിന്റെ ശേഷം കോട്ടയുടെ ഒരു ഭാഗം തകർന്നു. അതുവഴി മൈസൂർ ഭടന്മാർ അകത്തേക്കു തിക്കിക്കേറുമ്പോൾ തിരുവിതാംകൂർ സൈന്യത്തിന്റെ വെടികൊണ്ടു അവരിൽ അനേകംപേർ മരിച്ചുവീണു. ശേഷിച്ചവർ ഭയാക്രാന്തരായി ഓട്ടം തുടങ്ങി. കൂടുന്ന തിരക്കിൽ അകപ്പെട്ടു കിടങ്ങിൽ വീണുപോയ സുൽത്താനെ അദ്ദേഹത്തിന്റെ അംഗരക്ഷകന്മാർ ഒരുവിധത്തിൽ എടുത്തു പാളയത്തിൽ എത്തിച്ചു. ആ വീഴ്ചകൊണ്ടു സംഭവിച്ച മുടന്തു തിരുവിതാംകൂറിനെ ആക്രമിച്ചതിന്റെ സ്മാരകമായി ആജീവനാന്തം അദ്ദേഹത്തിനു ശേഷിച്ചു.

തിരുവിതാംകൂറിനെ നിശ്ശേഷം നശിപ്പിച്ചു തനിക്കു സംഭവിച്ച പരാജയത്തെ പരിഹരിക്കണമെന്നുള്ള നിശ്ചയത്തോടുകൂടി സുൽത്താൻ രണ്ടാമതും യുദ്ധത്തിന്

ഒതുങ്ങി. കോട്ടയുടെ പൊളിഞ്ഞ ഭാഗം വീണ്ടും ഉറപ്പിച്ചിരുന്നു എങ്കിലും മൈസൂർ സൈന്യം ഒരു മാസം പണിപ്പെട്ട് അതിന്റെ ഒരു വലിയ അംശം പിന്നെയും തട്ടി നിരത്തി. അവർ പറവൂർ മുതലായ പ്രദേശങ്ങളിൽ കടന്നു കൊള്ള നടത്തി. ദേവാലയങ്ങൾ ഇടിച്ചു നിരത്തുകയും, വിഗ്രഹങ്ങൾ അടിച്ചുടയ്ക്കുകയും ചെയ്തു. കേശവപിള്ള സൈന്യം അല്പം തെക്കോട്ടു മാററി ശത്രുവിന്റെ പുരോഗതിയെ നിരോധിക്കുവാൻ തയ്യാറായി നിന്നു. പെരിയാററിന്റെ മണൽപ്പുറത്തു പാളയമടിച്ചു സുൽത്താന്റെ സൈന്യത്തെ തിരുവിതാംകൂർ സൈന്യം തന്ത്രോപായം കൊണ്ടും വീര്യബലം കൊണ്ടും സംഹരിച്ചു. ആററിലെ അണ വെട്ടി മുറിച്ചപ്പോൾ മൈസൂർസൈന്യം വെള്ളപ്പൊക്കത്തിൽ അമ്പരന്നു ചമഞ്ഞു. ആ അവസരം പാർത്തു തിരുവിതാംകൂർസൈന്യം അവരുടെ മേൽ ചാടിവീണു വെട്ടി നുറുക്കി. ടിപ്പുവിനെ എങ്ങനെയോ ചിലർ രക്ഷപ്പെടുത്തി. അദ്ദേഹത്തിന്റെ കൊടിയും മുദ്രമോതിരവും തിരുവിതാംകൂറിനു വിജയചിഹ്നമായി ലഭിച്ചു. ശേഷിച്ച സേനയെ നയിച്ചുകൊണ്ടു ടിപ്പു മൈസൂരിലേക്കു തിരിച്ചുപോയി.

ദിവാൻ തിരുവനന്തപുരത്തു ചെന്നു വർത്തമാനങ്ങളെല്ലാം തിരുമനസ്സറിയിച്ചു. ഭയങ്കരനായ ഒരു ശത്രു ഇപ്രകാരം പരാജിതനായ വർത്തമാനം കേട്ടപ്പോൾ മഹാരാജാവിനു് ഉണ്ടായ സന്തോഷം അപരിമിതമായിരുന്നു. എന്നാൽ കേശവപിള്ളയ്ക്കു വിശ്രമാവസരം ലഭി

ച്ചില്ല. ടിപ്പുവും ഇംഗ്ലീഷുകാരും തമ്മിൽ തുടങ്ങിയ യുദ്ധത്തിൽ കമ്പനിസൈന്യത്തെ സഹായിക്കുന്നതിനായി കല്പനപ്രകാരം കേശവപിള്ള തിരുവിതാംകൂർ സേനയോടുകൂടി പാലക്കാട്ട്, ഡിൻഡിഗൽ മുതലായ ദേശങ്ങളിലേക്കു പോയി. നമ്മുടെ പട്ടാളക്കാർ ബ്രിട്ടീഷുഭടന്മാരോടൊത്തു തോളോടുതോളം നിന്നു ധീരതയോടുകൂടി യുദ്ധം ചെയ്തു രാജ്യാഭിമാനത്തെ പുലർത്തി. ഈ യുദ്ധത്തിൽ ടിപ്പു പരാജിതനായതിന്റെ ശേഷം അദ്ദേഹത്തിന്റെ രാജധാനിയായ ശ്രീരംഗപട്ടണത്തിൽവച്ചു ഇരുകക്ഷികളും തമ്മിൽ സമാധാന ഉടമ്പടി ചെയ്തു. ആ ഉടമ്പടിക്കു കേശവപിള്ളയും സന്നിഹിതനായിരുന്നു.

പാഠം ൩൫

രാജാ കേശവദാസൻ

(മൂന്നാം ഭാഗം)

മലയാളക്കരയിൽനിന്നും മൈസൂർവ്യാഘ്രത്തിന്റെ ബാധ ഇപ്രകാരം കഴിഞ്ഞു. സുൽത്താൻ പിടിച്ചടക്കിയ പ്രദേശങ്ങൾ ഉടമ്പടിപ്രകാരം ഇംഗ്ലീഷുകാരുടെ വകയായിത്തീർന്നു. തിരുവിതാംകൂറിൽ അഭയം പ്രാപിച്ചിരുന്ന മലബാർരാജാക്കന്മാരും പ്രഭുക്കന്മാരും അവരവരുടെ ദേശ

ങ്ങളിൽ ചെന്നു ചേൎന്നു. പഴയ അതിൎത്തികളും അവകാശങ്ങളും സംബന്ധിച്ച് അവൎക്ക് തമ്മിൽ തൎക്കങ്ങൾ ഉത്ഭവിച്ചു. അവകാശവാദങ്ങൾ കേട്ടു തീരുമാനിച്ച് എല്ലാവരെയും യഥാപൂൎവ്വം പ്രതിഷ്ഠിപ്പാൻ മദ്രാസ് ഗവണ്മെന്റു് തിരുവിതാംകൂർ മഹാരാജാവിന്റെ സഹായം അപേക്ഷിച്ചു. ഭാരമേറിയ ഈ കൃത്യം നിൎവഹിക്കാൻ അദ്ദേഹം വിശ്വസ്തനും നീതിനിപുണനുമായ തന്റെ മന്ത്രിയെയാണു ചുമതലപ്പെടുത്തി അയച്ചതു്. അവകാശവാദങ്ങളെല്ലാം ശരിയായി പരിശോധിച്ചു ശേഷം കേശവപിള്ള കമ്മീഷണർമാരെ യഥാന്യായം വിധി കല്പിക്കുന്നതിൽ സഹായിച്ച്, എല്ലാവരെയും സമാധാനപ്പെടുത്തി സ്വസ്ഥാനങ്ങളിൽ വാഴിച്ചു. ഏകദേശം ഒരു വൎഷത്തോളം ദിവാൻജി ഈ കാൎയ്യങ്ങളിൽ വ്യാപൃതനായിരുന്നു.

അനന്തരം ജനങ്ങളുടെ ക്ഷേമാഭിവൃദ്ധിക്കു വേണ്ട പല ഏൎപ്പാടുകളും ദിവാൻ നടപ്പിൽ വരുത്തി. രാജ്യത്തിൽ ധനപുഷ്ടിയുണ്ടാകുന്നതിനുള്ള പ്രഥമോപായം കച്ചവടമാണെന്നു ഗ്രഹിച്ചിരുന്നതിനാൽ അതിലേക്കുള്ള സൌകൎയ്യങ്ങൾ അദ്ദേഹം വൎദ്ധിപ്പിച്ചു. കുളച്ചൽ, പൂവാർ, വിഴിഞ്ഞം മുതലായ സ്ഥലങ്ങളിൽ ചില്ലറ ആയി കച്ചവടം ചെയ്തുവന്നിരുന്നവൎക്കു്, അവിടവിടെ അതിനു വേണ്ട പ്രോത്സാഹനം നൽകി. അനന്തരം ആലപ്പുഴ ഒരു നല്ല തുറമുഖത്തിനു പററിയ സ്ഥാനമാണെന്നു പരിശോധിച്ചറിഞ്ഞു വിജനമായി കിടന്ന ആ സ്ഥലത്തു അദ്ദേഹം പീടികകളും പണ്ടകശാലകളും വാസഗൃഹ

ങ്ങളും പണിചെയ്യിച്ചു. ഈ രാജ്യത്തിന്റെ പല ഭാഗങ്ങളിൽനിന്നും തിരുനെൽവേലി, ബോംബെ മുതലായ പരദേശങ്ങളിൽനിന്നും കച്ചവടക്കാരെ ക്ഷണിച്ചു വരുത്തി അവിടെ താമസിപ്പിച്ചു. ഈ നാട്ടിലെ തടി മുതലായ ഉൽപ്പന്നങ്ങൾ അവിടെ ശേഖരിച്ചു വിൽക്കുന്നതിനും ഏർപ്പാടു ചെയ്തു. ആലപ്പുഴെ ഇന്നു കാണുന്ന വിപുലമായ കച്ചവടത്തിന്റെ ഉത്ഭവം ഇപ്രകാരമാണു്.

തിരുനെൽവേലിയിൽ നിന്നും മധുരയിൽ നിന്നും നെയ്ത്തുകാരെ വരുത്തി കോട്ടാറു താമസിപ്പിച്ചു് അവിടെ അവരുടെ തൊഴിലിനു വേണ്ട സൗകര്യം ഉണ്ടാക്കിക്കൊടുത്തു. തിരുവനന്തപുരത്തു കിഴക്കേക്കോട്ട വാതിൽക്കൽ നിന്നു കിഴക്കോട്ടു ഇരുവശത്തും കാണുന്ന ചാലക്കമ്പോളവും ദിവാൻ കേശവപിള്ള വിപുലമാക്കി. വ്യാപാരത്തിന്റെ അഭിവൃദ്ധിക്കു് അവശ്യം വേണ്ടതു ഗതാഗത സൗകര്യമാണു്. അതിലേക്കായി രാജ്യത്തിന്റെ പലേടത്തും അനേകം നല്ല റോഡുകൾ വെട്ടിച്ചു. ഇങ്ങനെയുള്ള പല പരിഷ്കാരങ്ങളുടെ ഫലമായി രാജ്യത്തിൽ മുതലെടുപ്പു വർദ്ധിച്ചു.

രാജ്യത്തിന്റെ രക്ഷയ്ക്കുവേണ്ടി ഈസ്റ്റിൻഡ്യാകമ്പനിയുടെ സഖ്യം ദൃഢപ്പെടുത്തുവാൻ ആദ്യമായി ഒരു ഉടമ്പടി ഉണ്ടായതും ഇക്കാലത്താണു്. ഈ ഉടമ്പടിപ്രകാരം കമ്പനിക്കാർ മൂന്നു പട്ടാളവും തിരുവിതാംകൂറിൽ സ്ഥിരമായി പാർപ്പിച്ചു രാജ്യരക്ഷ ചെയ്തുകൊള്ളാമെന്നും അവരുടെ ചെലവിലേക്കു വേണ്ടിവരുന്ന ദ്രവ്യം ആണ്ടുതോറും

ഇവിടെനിന്നും കൊടുത്തുകൊള്ളാമെന്നും ഉറപ്പു വരുത്തി. ൯൬൫-ൽ ആണു് ഈ ഉടമ്പടിക്കരാറുകളിലും ഒപ്പിട്ടതു്. ആ ആണ്ടിൽതന്നെ കമ്പനിക്കാർ കേശവപിള്ള ദിവാൻജിയുടെ വിശിഷ്ടസ്വഭാവങ്ങളെയും കാര്യപാടവത്തെയും അഭിനന്ദിച്ചു് അദ്ദേഹത്തിനു് "രാജാ" എന്ന ബഹുമതിനാമം നൽകി.

കൊല്ലവർഷം ൯൭൩-ൽ കാർത്തിക തിരുനാൾ മഹാരാജാവു നാടുനീങ്ങി. അവിടുത്തെ അനന്തരഗാമിയായ ബാലരാമവർമ്മ മഹാരാജാവിനു പതിനാറു വയസ്സു മാത്രമേ പ്രായമുണ്ടായിരുന്നുള്ളു. രാജ്യഭരണം ശരിയായി നടത്തുന്നതിനു വേണ്ട ബുദ്ധിശക്തിയോ കാര്യജ്ഞാനമോ അദ്ദേഹത്തിനു സിദ്ധിച്ചിരുന്നില്ല. അദ്ദേഹം ദുരാഗ്രഹികളായ ചില സേവകന്മാർക്കു് വഴിപ്പെട്ടിരുന്നു. ഇവരിൽ പ്രമാണിയായ ജയന്തൻ ശങ്കരൻ എന്ന ഒരു നമ്പൂതിരി ദിവാൻപദത്തെ കാംക്ഷിച്ചു് കേശവദാസനെ മഹാരാജാവിൽനിന്നു് അകററുവാൻ പല പണികളും പ്രയോഗിച്ചു. ഒടുവിൽ ദിവാൻ തന്റെ മുമ്പിൽ വരരുതെന്നു മഹാരാജാവു കല്പിക്കയുണ്ടായി.

ഈ കാലത്തു ജയന്തൻ ശങ്കരൻ നമ്പൂതിരിയുടെ സ്നേഹിതനായി തോട്ടപ്പായി നമ്പൂരി കരപ്പുറം കൊച്ചി രാജാവിനു പിടിച്ചുകൊടുക്കുന്നതിനു വേണ്ടി തിരുവനന്തപുരത്തു വന്നു താമസിച്ചിരുന്നു. ശങ്കരൻ നമ്പൂതിരിയുടെ പ്രേരണകൊണ്ടു ദിവാന്റെ ആലോചനയും അറിവും കൂടാതെ മഹാരാജാവു അപ്രകാരം ഒരു നീട്ടു എഴുതി കൊടുക്കുകയും ചെയ്തു. തോട്ടപ്പായി നമ്പൂരി ആ

ദാനപത്രം കൊണ്ടു് ഉടൻ തന്നെ വടക്കോട്ടു പുറപ്പെട്ടു. എന്നാൽ നമ്പൂതിരി പരവൂർ എത്തിയപ്പോഴേക്കു് കേശവദാസൻ അയാളെ തുടൎന്നുചെന്നു നീട്ടു തിരിച്ചുവാങ്ങി.

കേശവദാസന്റെ സമുചിതവും ശ്ലാഘ്യവുമായ ഈ പ്രവൃത്തി മഹാരാജാവിന്റെ ദ്വേഷം വൎദ്ധിപ്പിക്കുകയാണു ചെയ്തതു്. കേശവദാസനെ ഉദ്യോഗത്തിൽനിന്നു മാറ്റണമെന്നു നമ്പൂതിരി മഹാരാജാവിനെ നിൎബ്ബന്ധിച്ചുകൊണ്ടിരുന്നു. മഹാരാജാവു് അപ്രകാരം പ്രവൎത്തിച്ചില്ലെങ്കിലും കേശവദാസനെ രാജ്യകാൎയ്യങ്ങളിൽ പ്രവേശിപ്പിക്കാതെയും, സ്വതന്ത്രമായ ചെലമാററങ്ങൾക്കു് അനുവദിക്കാതെയും പാൎപ്പിച്ചു. അങ്ങനെയിരിക്കെ ൯൭൩ മേടം ൨൧-ാം തീയതി രോഗലക്ഷണങ്ങൾ യാതൊന്നും കൂടാതെ കേശവദാസൻ തന്റെ ശയ്യാഗൃഹത്തിൽ മരിച്ചുകിടക്കുന്നതായി കാണപ്പെട്ടു. ഈ വൎത്തമാനം പെട്ടെന്നു കേട്ടപ്പോൾ നഗരവാസികൾ ദുഃഖകോപവശംവദരായി വല്ലാതെ ക്ഷോഭിച്ചു പ്രതിക്രിയയ്ക്കു മുതിൎന്നു. എങ്കിലും സഹജമായ രാജഭക്തികൊണ്ടും വിവേകംകൊണ്ടും അവർ ഒരുവിധം ശാന്തരായി എന്നേ പറയേണ്ടതുള്ളു.

കേശവദാസന്റെ മൃതശരീരം അദ്ദേഹത്തിന്റെ അവസ്ഥയ്ക്കു് അനുരൂപമായ ആഡംബരങ്ങൾ യാതൊന്നും കൂടാതെയാണു സംസ്കരിച്ചതു്. അദ്ദേഹത്തിന്റെ സ്വത്തു മുഴുവൻ കണ്ടുകെട്ടി സൎക്കാരിലേക്കു മുതൽക്കൂട്ടി. വല്ല ധനവും ഒളിച്ചു വച്ചിട്ടുണ്ടോ എന്നറിയാനായി

അദ്ദേഹത്തിന്റെ ഭവനങ്ങളിൽ കിളച്ചുനോക്കിയതായും പറയപ്പെടുന്നു. അദ്ദേഹത്തിന്റെ സഹോദരിമാർക്കു ഭർത്താക്കന്മാർ കൊടുത്തിരുന്ന സ്വത്തും കണ്ടുകെട്ടിയ കൂട്ടത്തിൽ അപഹരിക്കപ്പെട്ടു എന്നാണു കേൾവി.

രാജാ കേശവദാസൻ വിക്രാന്തനായ യോദ്ധാവും രാജ്യതന്ത്രകുശലനായ മന്ത്രിയും ആയിരുന്നു. രാജാവിനെ കുറിച്ച് അചഞ്ചലമായ ഭക്തിയും, രാജ്യവാസികളെ കുറിച്ച് അകൈതവമായ സ്നേഹവും ഈ മന്ത്രിയുടെ വിശിഷ്ടഗുണങ്ങളായിരുന്നു. ക്ഷമാപൂർവം പരിശ്രമിച്ചാൽ എല്ലാ വൈഷമ്യങ്ങളേയും കീഴടക്കി ഉദ്ദിഷ്ടകാര്യം സാധിക്കാമെന്നുള്ളതിന് അദ്ദേഹത്തിന്റെ ചരിത്രം ഉത്കൃഷ്ടമായ ഉദാഹരണമാണ്.

പാഠം ൩൮

രാവണന്റെ യുദ്ധയാത്ര

പുത്തൻ മണിസ്യന്ദനത്തിന്മേലേറി
പത്തായിരംതേരു സേനാപതിതൻ
യുദ്ധായ, നേരേ പുറപ്പെട്ടു വീരൻ
ബദ്ധാദരം പാരം ശ്രീരാമ രാമ. ൧

വൃത്രാരി നിൽക്കുന്ന പൊൽത്തേരുദാരം
ചിത്രം ധരായാമിറങ്ങീ തദാനീം
ബദ്ധാദരം തത്തിന്മേൽക്കരേറി
യുദ്ധായ രാമോപി ശ്രീരാമ രാമ. ൨

സംഗ്രാമഭേരി മുഴക്കിച്ചു വീരൻ
സംഗ്രാമഭൂമൗ വന്നോരനേരം
പൗലസ്ത്യഗീതം മഹൽസാമഗാനം
കേൾക്കായിതെന്നു ശ്രീരാമ രാമ. ൩

"രണ്ടാം വിരിഞ്ചൻ പുലസ്ത്യൻ മുനിക്കു-
ണ്ടായ ദിവ്യൻ മഹാത്മാവിവൻതാൻ
കൊണ്ടാടുവാൻയോഗ്യനത്രേ നിനച്ചാ-
ലുണ്ടോ വിചാരങ്ങൾ ശ്രീരാമ രാമ." ൪

കൊല്ലുന്നതില്ലെന്നുമേ ഞാനിവനെ-
ക്കൊന്നാൽ നമുക്കിന്നു ദുഷ്കീർത്തിയുണ്ടാം
ദുഷ്കീർത്തിയെക്കാൾ മരിക്കല്ലൊ നല്ലൂ!
ക്ഷത്രിയർക്കിന്നു ശ്രീരാമ രാമ. ൫

പണ്ടില്ല. സൂക്ഷ്മാനപായത്തിൽക്കള്ളങ്ങ-
ളുണ്ടാമിവനെക്കഴിക്കിലിന്നീ
തണ്ടാരിൽമാതായ സീതാ നമുക്കോ
വേണ്ടീല താനും ഹരേ രാമ രാമ. ൬

"പോരിനി വേണ്ടാ നമുക്കെന്നു" ചൊല്ലി-
പ്പോർവില്ലുമമ്പും കൊടുത്തും കളഞ്ഞു
പോവാൻ തുനിഞ്ഞങ്ങയോദ്ധ്യയ്ക്കു മദ്ധ്യേ
കാരുണ്യധാമാവു ശ്രീരാമ രാമ. ൭

അന്നേരമക്കാഴ്ച കണ്ടിട്ടശോകം
പിന്നാക്കുരോദാവി ലങ്കേശ്വരൻ താൻ
മന്നോർമണിപ്പൂൺപു തന്നോടിയെന്നും
ചൊന്നാൻ വണങ്ങീട്ടു ശ്രീരാമ രാമ. ൮

*മന്ന്യൻ ദശാസ്യനിതോർത്തിന്നു നിന്മാൻ
മുന്നേ നടന്നീടിനവൻ പോററി ചൊല്ലാം
ഇന്നും മുടിഞ്ഞീടുകില്ലിപ്പാരിടം കേ-
ളൊന്നിങ്ങു നോക്കീടു ശ്രീരാമ രാമ. ൯

പത്താനനൻതന്റെ പത്താനനത്തെ
പ്രത്യേകമോരോന്നു നോക്കീടവേണം
ചിന്താ തെളിഞ്ഞീടുമായോധനത്തെ
കാന്താസി നീതാനും ശ്രീരാമ രാമ. ൧൦

ഉദ്യോഗമുൾക്കൊണ്ടു വിദ്യോതമാനം
ഹൃദ്യോതുന്ന പ്രൗഢി കണ്ണുമിഴിച്ചു
മദ്യം കുടിച്ചിട്ടു സദ്യോ മദിക്കും
ആദ്യം മുഖം കാൺക ശ്രീരാമ രാമ. ൧൧

കണ്ടാൽത്തൊഴുന്ന കഞ്ചിൽ ഛവിജന്തും
മണ്ടിപ്പിടിച്ചിട്ടടിച്ചിട്ടു വേഗം
കൊണ്ടന്നു പച്ചേ കടിച്ചിട്ടു തിന്നും
രണ്ടാം മുഖം കാൺക ശ്രീരാമ രാമ. ൧൨

പൊന്നിൻ മണിത്തോട തന്നോടുമൂലം
കന്നിച്ചു കോപേന കണ്ണും ചുമത്തി
ഉന്നമ്രവിണ്ണോർവരന്നെപ്പഴിക്കും
മൂന്നാം മുഖം കാൺക ശ്രീരാമ രാമ. ൧൩

ബാലരം തിരിഞ്ഞെത്തുന്നു മണ്ടുന്ന തിരപ്പാറം
ആറം പോര വാളിന്നു നിമയന്ന നൂനം
പോരെ തിരിഞ്ഞിന്നു നില്ലുന്നു ചൊല്ലും
നാലാം മുഖം കാൺക ശ്രീരാമ രാമ. ൧൪

ചെമട്ടന്നിളകുന്ന വാൾകൊണ്ടു പാരം
ഞെട്ടിത്തെറിക്കുന്ന വിണ്ണോർവരന്മാർ
കിട്ടററ പച്ചത്തഴപ്രൗഢിതന്മേൽ
മുട്ടുന്ന മേഘങ്ങളും ശ്രീരാമ രാമ. ൧൭

കൺകൊണ്ടു നോക്കുന്ന കണ്ണിട്ടുതന്നെ
മണ്ടിക്കലങ്ങുന്നു കപിപ്രൗഢമെല്ലാം
എൻപോററി പോരാകായ്ക, പോർവില്ലെടുക്ക-
ങ്ങൻപോടു യുദ്ധായ ശ്രീരാമ രാമ" ൧൮

(രാമായണം ഇരുപത്തിനാലുവൃത്തം)

പാഠം ൩൧

ചീനരാജ്യം

ചീനരാജ്യം ഏഷ്യാഖണ്ഡത്തിന്റെ കിഴക്കുഭാഗത്തുള്ള ഒരു മഹാരാജ്യമാകുന്നു. അതിന്നു ഇൻഡ്യയുടെ രണ്ടിരട്ടി വലിപ്പമുണ്ടു്. അതു് അതിപ്രാചീനകാലത്തു തന്നെ പരിഷ്കൃതമായ ഒരു രാജ്യമായിരുന്നു. അവിടെ ഉണ്ടാക്കിവന്ന ചരക്കുകൾക്കു് ഒരു കാലത്തു നമ്മുടെ നാട്ടിൽ വളരെ ആവശ്യമുണ്ടായിരുന്നു. ചീനബ്ഭരണി വില്ക്കാൻ കിട്ടുമെങ്കിൽ ഇപ്പോഴും പണമുള്ളവർ നല്ല വിലകൊടുത്തു വാങ്ങിക്കാറുണ്ടു്. ചീനരാജ്യത്തു് ഉണ്ടാക്കിയ പട്ടിനെക്കുറിച്ചു പഴയ സംസ്കൃതഗ്രന്ഥങ്ങളിലും പ്രസ്താവിച്ചുകാണുന്നു. ഇരുമ്പ്, ഈയം മുതലായ ലോഹങ്ങൾകൊണ്ടും ചീനക്കാർ വിശേഷപ്പെട്ട പണികൾ ചെയ്തിരുന്നു.

ചീനക്കാരും ഇപ്പോൾ പരിഷ്കൃതജനങ്ങളുടെ മുന്നണിയിൽ നില്ക്കുന്ന ജപ്പാൻകാരും ഒരേ വർഗ്ഗത്തിൽപ്പെട്ടവരാണ്. ഇവരുടെ വർണ്ണം ഒരുതരം മഞ്ഞയാണ്. മൂക്കു പരന്നും പതിഞ്ഞും, കവിളിന്റെ മുകളിലുള്ള എല്ലു പൊന്തിയും, കണ്ണുകൾ കുഴിഞ്ഞു ചെറുതായും ഇരിക്കും. പുരുഷന്മാർ, ഉച്ചിയുടെ അല്പം പിൻഭാഗത്തായി ഏതാനും രോമങ്ങൾ നീട്ടി അവയെ താല്പര്യത്തോടെ രക്ഷിക്കുന്നു. ആകൃതിസാമ്യംകൊണ്ട് ഈ രോമക്കൂട്ടത്തെ പന്നിവാൽ എന്നു പറയാറുണ്ട്. ഈ ശിഖ അല്പമെങ്കിലും മുറിച്ചുകളയുന്നത് അവർക്ക് വലിയ സങ്കടമാണ്. ഉറങ്ങിക്കിടക്കുന്ന രണ്ടാളുകളുടെ 'പന്നിവാൽ' കൂട്ടിക്കെട്ടി വികൃതികളായ കുട്ടികൾ വിനോദിക്കാറുണ്ട്.

സ്ത്രീകൾ തലമുടി ചുരുട്ടി ഭംഗിയായി കെട്ടിവയ്ക്കുന്നു. സ്ത്രീകളുടെ പാദങ്ങൾ എത്രയും ചെറുതായിരിക്കുന്നത് അവർ സൗന്ദര്യലക്ഷണമായി ഗണിക്കുന്നു. അതിനാൽ പെൺകുട്ടികൾക്ക് അഞ്ചോ ആറോ വയസ്സാകുമ്പോൾത്തുടങ്ങി അവരുടെ പാദങ്ങളെ ചെറുതുണികൾക്ക് ഉള്ളിലാക്കി ബന്ധിച്ചുവയ്ക്കുന്നു. 'കാലുകൾ കുറുകിച്ചുരുങ്ങാമുമ്പേ കണ്ണീർക്കൊണ്ടൊരു കുളമുണ്ടാകും' എന്ന അർത്ഥത്തിൽ ചീനക്കാരുടെ ഇടയിൽ ഒരു പഴഞ്ചൊല്ല് ഉണ്ട്. മറുനാട്ടുകളുമായി സമ്പർക്കം ലഭിച്ചതിന്റെ ശേഷം ഈ സമ്പ്രദായത്തെ ചീനക്കാർ ക്രമേണ ഉപേക്ഷിച്ചുവരുന്നു. ആഭിജാത്യമുള്ള ചീനസ്ത്രീകൾ വെള്ളച്ചുണ്ണാമ്പോ ചുമപ്പുചായമോ ഉപയോഗിച്ചു മുഖം മിനുക്കാറുണ്ട്. ധനികന്മാർ ഉഷ്ണകാലത്തു നേർത്ത പട്ടുടുപ്പു

കളും, ശീതകാലത്തു രോമംകൊണ്ടുണ്ടാക്കിയ പരുത്ത വസ്ത്രങ്ങളും ധരിക്കുന്നു. സാധാരണ ജനങ്ങൾ പ്രായേണ എല്ലാകാലത്തും പരുത്തിവസ്ത്രങ്ങൾ തന്നെയാണു് ഉപയോഗിക്കുന്നതു്.

ചീനരാജ്യത്തിന്റെ ദക്ഷിണഭാഗങ്ങളിൽ നെല്ലരിയാകുന്നു മുഖ്യമായ ആഹാരസാധനം. ഉത്തരദേശങ്ങളിൽ നെല്ലു സുലഭമല്ലാത്തതിനാൽ ധനവാന്മാർ മാത്രം അതു് ഉപയോഗിക്കുന്നു. മററുള്ളവർ കോതമ്പു്, ഉഴുന്നു് മുതലായ ധാന്യങ്ങൾ ഭക്ഷിക്കുന്നു. മത്സ്യം അവിടെ എല്ലാവർക്കും പ്രിയമായ ആഹാരമാണു്. നാട്ടുപന്നിയുടെയും മററും മാംസവും അവർ ഭക്ഷിക്കാറുണ്ടു്. ചീനക്കാർ നമ്മെപ്പോലെയോ യൂറോപ്യന്മാരെപ്പോലെയോ അല്ല ആഹാരം കഴിക്കുന്നതു്. ചോറു പകർന്നു് പാത്രത്തോടെ ഇടത്തുകൈകൊണ്ടു് വായുടെ സമീപം പിടിച്ചു വലത്തുകൈയുടെ വിരലുകൾക്കിടയിൽ പിടിച്ചിട്ടുള്ള രണ്ടു കോലുകൾകൊണ്ടു വായ്ക്കകത്തേക്കു തട്ടിത്തെറിപ്പിച്ചു് അവർ ആഹാരം കഴിക്കുന്നതു് ഒരു അസാധാരണപ്രവൃത്തിയായി നമുക്കു തോന്നും. നാം ചോറു് ഉരുട്ടി ഉണ്ണുന്നതുപോലെ ചീനക്കാർക്കു് ഈ രീതിയും സുകരമാണു്.

ചീനക്കാരുടെ പ്രധാനമായ പാനീയം തേയിലയാണു്. തേയിലയിൽ പാലോ പഞ്ചസാരയോ ചേർക്കാറില്ല. ഇവയെല്ലാം ചേർത്താൽ തേയിലയുടെ ഗുണം നശിക്കും എന്നാണു് അവരുടെ പക്ഷം. തെരുവുകൾതോറും ചായക്കടകൾ ധാരാളം ഉണ്ടു്. നമ്മുടെ നാട്ടിൽ സംഭാരമൊഴിക്കാറുള്ളതുപോലെ ചീനരാജ്യത്തു്

ഉടമസ്ഥന്മാരായ ധനികന്മാർ വേനല്ക്കാലത്തു വഴിപോക്കർക്കു കുടിക്കാൻ ചായ തയ്യാറാക്കി വലിയ പാത്രങ്ങളിൽ ഒഴിച്ചു പടിക്കൽ വയ്ക്കാറുണ്ടു്. നെല്ലു്, ഗോതമ്പു് മുതലായ ധാന്യങ്ങളിൽനിന്നു വാററിയെടുക്കുന്ന ഒരു പാനീയമാണു സദ്യയ്ക്കു ഉപയോഗിക്കുന്നതു്. മദ്യപാനം ചീനത്തു് വളരെ ചുരുക്കമാണു്. എന്നാൽ ആരോഗ്യക്ഷയത്തിനുള്ള വേറൊരു മാർഗ്ഗം അവർ കണ്ടുപിടിക്കാതിരുന്നിട്ടില്ല. അതു് കറുപ്പുതീററിയാണു്. കറുപ്പു തിന്നുന്നതു കൂടാതെ, കറുപ്പു അരച്ചു പുകയില കൂട്ടിച്ചേർത്തോ പുകവലിച്ചും അവർ ആനന്ദിക്കാറുണ്ടു്. കാര്യബോധമുള്ള യുവാക്കന്മാർ ഈ ദുരാചാരത്തെ നാട്ടിൽനിന്നു് ഉച്ചാടനം ചെയ്യാൻ ഇപ്പോൾ പല വിധത്തിൽ പ്രയത്നിച്ചുവരുന്നു.

ചീനക്കാർ സൽക്കാരപ്രിയന്മാരാണു്. ഒരു ചീനക്കാരൻ തന്റെ സ്നേഹിതന്മാരെക്കണ്ടാൽ കൈകൾ കൂപ്പിപ്പിടിച്ചു് പൊക്കുകയും താഴ്ത്തുകയും ചെയ്യുന്നു. വാഹനത്തിൽ കയറിപ്പോകുന്ന ആരും അതിൽനിന്നിറങ്ങാതെ താഴെ നില്ക്കുന്ന ഒരു സ്നേഹിതനോടു സംസാരിക്കയില്ല. കണ്ണട വച്ചിരുന്നാൽ അതെടുത്തു മാററാതെ ചീനക്കാരന്റെ മുഖത്തു നോക്കുന്നതു് അയാൾക്കു് അവമാനമാണു്. തിടുക്കത്തിൽ പോകുമ്പോൾ പരിചയക്കാരെ കണ്ടാൽ വിശറികൊണ്ടോ മററോ മുഖം മറച്ചു പൊയ്ക്കൊള്ളണം. ജോലിത്തിരക്കുകൊണ്ടു് അവിടെനിന്നു സംസാരിക്കാൻ നേരമില്ലെന്നാണു് അതിന്റെ അർത്ഥം. ഒരു ഗൃഹത്തിൽ ചെന്നാൽ അകത്തു പ്രവേശിക്കുന്നതും

വെളിയിൽ ഇറങ്ങുന്നതും ഗൃഹനാഥനെ മുന്നിലാക്കി വേണ്ടതാണു്. ഗൃഹനാഥന്റെ സമീപത്തുതന്നെ ഇരിക്കയും വേണം. മററുള്ളവർ നില്ക്കുമ്പോൾ ഒരാൾ മാത്രം ഇരിക്കുന്നതും മര്യാദയല്ല. ഗൃഹനാഥൻ രണ്ടുകൈകൊണ്ടും ഒരു കിണ്ണം തേയില തരുന്നതു് അതുപോലെ രണ്ടു കൈയും നീട്ടി സ്വീകരിക്കണം. എന്നാൽ പോകാൻനേരത്തല്ലാതെ അതു കുടിക്കരുതു്. തേയില കുടിച്ചുകഴിഞ്ഞാൽ അതിഥി യാത്രയാകുന്നു എന്നാണു് അർത്ഥം.

എല്ലാ ഗൃഹങ്ങളുടെയും പ്രധാനഭാഗം അതിഥികളെ സൽക്കരിക്കാനുള്ള മുറിയാണു്. ഏററവും വിശാലമായ മുറിയും അതുതന്നെ. ചിത്രക്കടലാസുകൾ ഒട്ടിച്ചും, റാന്തലുകൾ തൂക്കിയും മററും ഈ മുറി ഭംഗിയായി അലങ്കരിച്ചിരിക്കും. അതിഥികൾക്കു ഇരിക്കാനുള്ള പീഠങ്ങളും തേയില കുടിക്കാനുള്ള ഉപകരണങ്ങളും വൃത്തിയാക്കി നിരത്തിവച്ചിരിക്കും. ധർമ്മോപദേശങ്ങൾ അടങ്ങിയ പദ്യശകലങ്ങൾ എഴുതിയിട്ടുള്ള കടലാസ്സുകൾ ഭിത്തിയിൽ തൂക്കിയിരിക്കും. ഈ സൽക്കാരശാലയിൽ ആർക്കും എപ്പോഴും കടന്നുചെല്ലാൻ അവകാശമുണ്ടെന്നാണു വച്ചിരിക്കുന്നതു്. ഗൃഹനാഥൻ വീട്ടിൽ ഇല്ലാതിരിക്കുമ്പോൾ അതിഥിയെ സൽക്കരിക്കേണ്ടതു് ഗൃഹിണിയുടെ ചുമതലയാകുന്നു.

അഞ്ചോ ആറോ വയസ്സാകുമ്പോൾ കുട്ടികളെ പാഠശാലയിൽ അയയ്ക്കുന്നു. സാമാന്യം വലുതായ ഒരു ഗൃഹസ്ഥന്റെ അതിഥിമണ്ഡപമാണു പാഠശാലയായി ഉപയോഗിക്കുന്നതു്. കുട്ടികൾക്കു് ഏതാനും ചെറിയ ബെഞ്ചുകളും മേശകളും, വാദ്ധ്യാന്മാർക്കു് ഒരു വലിയ മേശയും

കഠോരമയും ഉണ്ടായിരിക്കും. ചിത്രമെഴുത്തിനു ഉപയോഗിക്കുന്നതുപോലെയുള്ള കൂർത്ത കുഞ്ചമാണു് പേന. ഈ കുഞ്ചം നനച്ചു മഷിക്കട്ടയിൽ തേച്ചു കടലാസ്സിൽ എഴുതുന്നു. ചീനഭാഷയിലെ അക്ഷരങ്ങൾ വൃത്തിയായി എഴുതാൻ വളരെ നാളത്തെ പരിചയംകൂടാതെ സാധിക്കുന്നതല്ല. എങ്കിലും ഭംഗിയായി എഴുതാൻ കുട്ടികളെ ശീലിപ്പിക്കുന്നതിൽ ചീനക്കാർ വളരെ നിഷ്കർഷിക്കുന്നു. കടലാസിന്റെ വലത്തുവശത്തു മുകളിൽനിന്നു തുടങ്ങി കീഴോട്ടാണു് ഓരോ വരിയും എഴുതുന്നതു്. പുസ്തകങ്ങളിലെ അച്ചടിയും അതുപോലെതന്നെ. ബാലപാഠത്തിലെ ആദ്യപാഠങ്ങൾ സാധാരണയായി ഇപ്രകാരമായിരിക്കും. "കുട്ടികളെ പഠിപ്പിക്കാതെ അവർക്കു ആഹാരം മാത്രം കൊടുക്കുന്ന പിതാവു തെറ്റുകാരൻ. കഠിനശിക്ഷ കൊടുക്കാതെ അവരെ പഠിപ്പിക്കുന്ന ഉപാദ്ധ്യായൻ മടിയൻ." ഇപ്പോൾ ഈ രീതികളെല്ലാം ഭേദപ്പെട്ടിട്ടുണ്ടു്. പരിഷ്കൃതസമ്പ്രദായം അനുസരിച്ചുള്ള വിദ്യാഭ്യാസം ചീനക്കാരുടെ ഇടയിൽ പ്രചരിച്ചുവരുന്നു.

അക്ഷരവിദ്യ കഴിഞ്ഞാൽ കാർഷികവിദ്യയ്ക്കാണു ചീനക്കാർ പ്രാധാന്യം കല്പിക്കുന്നതു്. അതിനാൽ ചീനദേശത്തു് കൃഷി എത്രയും മാന്യമായ തൊഴിലായി വിചാരിച്ചുവരുന്നു. കൃഷിയുടെ മാഹാത്മ്യം കാണിക്കുന്നതിനായി അവിടെ ഒരു ആചാരം അടുത്തകാലംവരെ നിലനിന്നിരുന്നു. ആണ്ടുതോറും കൃഷി തുടങ്ങുന്ന കാലത്തു ചക്രവർത്തി തന്നെ ആദ്യം വയലിൽ ഇറങ്ങി കലപ്പ പിടിച്ചു മൂന്നു ചാൽ ഉഴുക പതിവായിരുന്നു. വലിയ

നഗരങ്ങളിലെ പ്രധാന ഉദ്യോഗസ്ഥന്മാരും ചക്രവർത്തിയുടെ പ്രതിനിധികളായി അവിടവിടെ ഈ ക്രിയ നടത്തിവരുന്നു. കൃഷിക്കുള്ള ഉപകരണങ്ങളും കൃഷി ചെയ്യുന്ന രീതിയും വിളവെടുപ്പും എല്ലാം ഏകദേശം നമ്മുടെ നാട്ടിലേപ്പോലെ തന്നെയാണു്. ചീനരുടെ കരകൃഷി

കളിൽ മുഖ്യമായതു തേയിലയാകുന്നു. ചീനത്തുനിന്നാണ് ആദ്യമായി ഇംഗ്ലണ്ടിലേക്കു തേയില കൊണ്ടുപോയതു് അവിടെ കുറേക്കാലത്തേക്കു തേയിലയുടെ റാത്തലിന് അഞ്ചു പവൻ വിലയുണ്ടായിരുന്നു.

പട്ടുനൂൽപ്പുഴുക്കളെ വളർത്തി പട്ടുവസ്ത്രങ്ങൾ ഉണ്ടാക്കുന്നതു ചീനക്കാരുടെ ഇടയിൽ പുരാതനകാലത്തുതന്നെ പ്രചരിച്ചിരുന്ന വ്യവസായമാണു്. ചീനരാജ്യത്തിലെ ഒരു രാജ്ഞിയായിരുന്നു ഇതിന്റെ രഹസ്യം ആദ്യമായി കണ്ടുപിടിച്ചതു്. അവരെ ചീനക്കാർ ദേവീരൂപത്തിൽ ആരാധിച്ചുവരുന്നു. ചീനത്തുനിന്നാണു് പട്ടും പട്ടുനൂൽപ്പുഴുവും ഇതരദേശങ്ങളിലേക്കു സംക്രമിച്ചതു്.

മത്സ്യം ചീനക്കാർക്കു വളരെ പ്രിയപ്പെട്ട ആഹാരസാധനമാകയാൽ അവിടെ മീൻപിടിത്തം ഒരു പ്രധാനതൊഴിലാണു്. മീൻപിടിക്കുന്ന മുറകൾ മിക്കതും നമുക്കുള്ളതുപോലെതന്നെയാണെങ്കിലും ഒരു വിശേഷമുണ്ടു്. ചീനരാജ്യത്തെ മുക്കുവന്മാർ കുളക്കോഴികളെ ഇണക്കി അവയെക്കൊണ്ടു മീൻ പിടിക്കാറുണ്ടു്. മീൻപിടിക്കാൻ അയക്കുന്നതിനു മുമ്പായി ആ പക്ഷിയുടെ കഴുത്തിൽ അല്പം മുറുക്കമുള്ള ഒരു വളയം ഇടുന്നു. അതിട്ടിരിക്കുമ്പോൾ അതിനു യാതൊന്നും വിഴുങ്ങുവാൻ സാധിക്കയില്ല. കുളക്കോഴികളെ ഇപ്രകാരം കണ്ഠാഭരണം അണിയിച്ചു ജലാശയങ്ങളിലേക്കു് അയച്ചാൽ അവ കൊത്തിയെടുക്കുന്ന മത്സ്യങ്ങളെ യജമാനന്റെ വള്ളത്തിൽ ഇട്ടുകൊടുക്കും. മീൻപിടിത്തം കഴിയുമ്പോൾ കണ്ഠാഭരണം മാറ്റി അവയ്ക്കു തിന്നാൻ വേണ്ടിടത്തോളം ചെറുമത്സ്യങ്ങൾ ഉടമസ്ഥന്മാർ നൽകുകയും ചെയ്യും.

ചീനരാജ്യത്തിൽ സ്ഥലസഞ്ചാരത്തിനുള്ള സൗകൎയ്യം വളരെ കുറവാണു്. ധനികന്മാരും ഉദ്യോഗസ്ഥന്മാരും മഞ്ചലും ശിബികയിൽ കയറിയാണു് യാത്രചെയ്യുന്നതു്. നിരപ്പുള്ള റോഡുകളിൽ റിക്ഷാവണ്ടിയിലും സഞ്ചരിക്കാറുണ്ടു്. എന്നാൽ അങ്ങനെയുള്ള റോഡുകൾ വളരെ കുറവും. സാധാരണജനങ്ങളുടെ വാഹനം ചക്കടാവണ്ടിയാണു്. നദികളും തോടുകളും ധാരാളമുള്ളതിനാൽ ജലമാർഗ്ഗസഞ്ചാരം സുഗമമാണു്.

വത്സരാരംഭം ചീനക്കാൎക്കു് ഉത്സവകാലമാണു്. ആണ്ടുപിറപ്പുദിവസം പ്രഭാതമാകുമ്പോൾ നവവത്സരത്തെ സ്വാഗതം ചെയ്യുന്നതിന്റെ അടയാളമായി അവർ ധാരാളം പടക്കം പൊട്ടിക്കുന്നു. ഏതാനും ദിവസത്തേക്കു കമ്പോളങ്ങളിൽ കച്ചവടം കാണുകയില്ല. കച്ചേരികളും ഒഴിവായിരിക്കും. എല്ലാവരും ഉടുത്തൊരുങ്ങി സ്നേഹിതന്മാരെ സന്ദർശിച്ചും, വിരുന്നുകൾ കഴിച്ചും, കളികളിൽ ഏർപ്പെട്ടും ഉത്സവം കൊണ്ടാടുന്നു. അന്യദേശങ്ങളിൽ പാർക്കുന്നവർ നിവൃത്തിയുണ്ടെങ്കിൽ ഇക്കാലത്തു സ്വഗൃഹങ്ങളിൽ എത്താതിരിക്കയില്ല.

ചീനക്കാർ പിതൃക്കളെ ഈശ്വരന്മാരെയെന്നപോലെ ഭക്തിപൂർവമായി ആരാധിച്ചുവരുന്നു. പിതൃപൂജ നടത്തുന്നതിലും അവൎക്കു നല്ല നിഷ്ഠയുണ്ടു്. നമ്മുടെ നാട്ടിൽ കുട്ടികൾക്കു പൂർവന്മാരുടെ പേരുകൾ ഇടാറുണ്ടല്ലോ. ചീനക്കാർ അങ്ങനെ ചെയ്യുന്നില്ല. അതു പൂർവ്വന്മാരോടുള്ള ആദരവിനു ലോപം വരുത്തിയേക്കുമെന്നാണു അവരുടെ പക്ഷം. അതിനാൽ കുടുംബപ്പേരിനോടു ചേർത്തു മറ്റു്

ഏതെങ്കിലും ഒരു പ്രമാണം ഉണ്ടായിരിക്കും. ഈ പേരു് എത്ര പ്രാബല്യം ഉണ്ടെങ്കിലും മാററാം. സാധാരണമായി ദരിദ്രന്മാൎക്കു് ഒരു പേരേ ഉള്ളൂ. ധനവും ആഭിജാത്യവും ഉള്ളവർക്കു രണ്ടു പേരുകൾ ഉണ്ടായിരിക്കും. ഒന്നു സംഭാഷണത്തിലും മററും ഉപയോഗിക്കുന്നതിന്നു മററൊന്നു ഗൗരവമുള്ള എഴുത്തുകുത്തുകളിൽ പ്രയോഗിക്കേണ്ടതിന്നു വേണ്ടിയാണു്. ഈ സമ്പ്രദായം നമ്മുടെ ഇടയിലും ഇല്ലാതില്ലല്ലോ.

പാഠം ൩൨.

അഭിജ്ഞാനശാകുന്തളം

ഭാരതവർഷത്തിന്റെ വടക്കെ അതിർത്തിയിൽ കിഴക്കുപടിഞ്ഞാറായി ഹിമവാൻ എന്ന പർവ്വതം സ്ഥിതിചെയ്യുന്നു. ഹിമവാന്റെ വടക്കുഭാഗത്തുള്ള ദേശത്തിന്നു 'കിംപുരുഷവർഷം' എന്നാണു പുരാണപ്രസിദ്ധമായ പേർ. മരീചി എന്ന പ്രജാപതിയുടെ പുത്രനായ കാശ്യപമഹർഷി പത്നിയായ അദിതിയോടുകൂടി കിംപുരുഷവർഷത്തിൽ വസിച്ചിരുന്നു. ഹിമവാന്റെ തെക്കുവശത്തു മാലിനീനദിയുടെ തീരത്തിൽ കാശ്യപന്റെ ഗോത്രത്തിൽ ജനിച്ച കണ്വമഹർഷിയുടെ ആശ്രമം ഉണ്ടായിരുന്നു. വിശ്വാമിത്രമഹർഷിക്കു മേനക എന്ന അപ്സരസ്ത്രീയിൽ ജനിച്ച ശകുന്തളയെന്ന ഒരു ക്ഷത്രിയകന്യകയെ അദ്ദേഹം എടുത്തു വളർത്തുവാൻ ഇടയായി. ഈ വളർത്തുമകളിൽ കണ്വമഹർഷിക്കു

സ്വന്തം പുത്രിയോട് ഉള്ള വാത്സല്യം ഉണ്ടായിരുന്നു. അനുരൂപനായ ഒരു ഭൎത്താവിനു അവളെ വിവാഹം ചെയ്തുകൊടുക്കേണമെന്നു അദ്ദേഹം ആഗ്രഹിച്ചു. പക്ഷെ തപോവൃത്തിയിൽ കാലക്ഷേപം ചെയ്തിരുന്ന അദ്ദേഹത്തിനു തക്കതായ ജാമാതാവിനെ അന്വേഷിക്കാനുള്ള സൗകൎയ്യം ഉണ്ടായിരുന്നില്ല. എങ്കിലും മകൾക്കു ദൈവാനുഗ്രഹം ഉണ്ടാകുന്നതിനും തന്റെ അഭീഷ്ടം സാധിക്കുന്നതിനും അദ്ദേഹം സോമതീൎത്ഥത്തിൽ പോയി പുണ്യകൎമ്മങ്ങൾ അനുഷ്ഠിച്ചുകൊണ്ടിരുന്നു. ഇപ്രകാരം അദ്ദേഹം ആശ്രമത്തിൽ ഇല്ലാതിരുന്ന ഒരു ഘട്ടത്തിൽ ഭാരതചക്രവൎത്തിയായ ദുഷ്ഷന്തൻ നായാട്ടിനായി ഹസ്തിനപുരത്തിൽനിന്നു പുറപ്പെട്ടു കണ്വാശ്രമത്തിന്നടുത്തുള്ള വനത്തിൽ വന്നുചേൎന്നു. വേട്ടയാടി ക്ഷീണിച്ചു അദ്ദേഹം വിശ്രമത്തിനായി പൎണ്ണശാലയിൽ എത്തി. കണ്വൻ അവിടെ ഇല്ലാതിരിക്കുന്നതിനാൽ തപോവനത്തിലെ മൎയ്യാദ അനുസരിച്ചു ശകുന്തളയും സഖിമാരും അതിഥിയെ സല്ക്കരിച്ചു; ശകുന്തള ഉത്തമലക്ഷണങ്ങൾ ഉള്ള ഒരു കന്യകയാണെന്നു കണ്ടപ്പോൾ രാജാവിനു അവളെ വിവാഹം ചെയ്യേണമെന്നു താൽപൎയ്യം തോന്നി. ആ കന്യക രാജൎഷിയായ വിശ്വാമിത്രന്റെ മകളാണെന്നും ഒരു ക്ഷത്രിയനായ തനിക്കു പാണിഗ്രഹണം ചെയ്യുവാൻ യോഗ്യയാണെന്നും സഖിമാരിൽനിന്നു അദ്ദേഹം മനസ്സിലാക്കി. ഗാന്ധൎവ്വവിധി അനുസരിച്ചു അദ്ദേഹം ശകുന്തളയെ പരിഗ്രഹിച്ചു. കുറേദിവസം ആശ്രമത്തിൽ താമസിച്ചതിന്റെശേഷം അദ്ദേഹം രാജധാനിയിലേക്കു മടങ്ങി. ശകുന്തളയെ ഹസ്തിനപുരത്തേക്കു കൊണ്ടു

പോകുന്നതിന്നു മൂന്നുദിവസത്തിനകം പരിജനങ്ങളെ അയയ്ക്കാമെന്നു പറഞ്ഞിട്ടാണു് അദ്ദേഹം പോയതു്.

എന്നാൽ ആ മൂന്നു ദിവസത്തിനകം അവിചാരിതമായ ഒരു ഗ്രഹപ്പിഴ സംഭവിച്ചു. ഭർത്താവിന്റെ വേർപാടുകൊണ്ടു ദുഃഖിതയായ ശകുന്തളയ്ക്കു മററു കാര്യങ്ങളിൽ ഉന്മേഷമില്ലാതെയായി. ആ അവസരത്തിൽ ദുർവ്വാസാവുമഹർഷി ആശ്രമത്തിൽ ചെല്ലുവാനിടയായി. താപസനാണെങ്കിലും കോപശീലനായ മഹർഷി വന്ന കഥതന്നെ ശകുന്തള അറിഞ്ഞില്ല. അദ്ദേഹത്തെ സൽക്കരിക്കുന്നതിന്നു് ആരെയും കാണാഞ്ഞതുകൊണ്ടു് ദുർവ്വാസാവു കോപാന്ധനായി. ധ്യാനനിഷ്ഠകൊണ്ടു് അതിന്റെ കാരണം ഗ്രഹിച്ചു എങ്കിലും കോപം അടക്കുവാൻ ശക്തിയില്ലാത്ത അദ്ദേഹം ഇപ്രകാരം ശപിച്ചു. "അതിഥിസൽക്കാരംപോലും വിസ്മരിക്കുമാറു നീ ആരെ വിചാരിച്ചുകൊണ്ടിരിക്കുന്നുവോ ആ പുരുഷൻ നിന്നെ ഒരിക്കലും ഓർമ്മിക്കാതെപോകട്ടെ."

ഇങ്ങനെ ശപിച്ചിട്ടു് മഹർഷി ആശ്രമത്തിൽ നിന്നു് ഇറങ്ങിപ്പോയി. ഈ വൃത്താന്തം യാതൊന്നും തന്നെ ശകുന്തള അറിഞ്ഞതുമില്ല. എന്നാൽ അവളുടെ സഖിയായ പ്രിയംവദ മഹർഷിയുടെ ശാപവാക്കുകൾ കേട്ടുകൊണ്ടു് ആശ്രമത്തിനു വെളിയിൽ നിന്നിരുന്നു. അവൾ ഓടിച്ചെന്നു് അദ്ദേഹത്തിന്റെ പാദങ്ങളിൽ നമസ്കരിച്ചു ശാപമോക്ഷം യാചിച്ചു. ക്ഷിപ്രകോപിയായ ദുർവ്വാസാവു ക്ഷിപ്രപ്രസാദിയുമായിരുന്നു. "എന്തെങ്കിലും അഭിജ്ഞാനം (അടയാളം) കാണുമ്പോൾ

ഭർത്താവു വീണ്ടും അവളെ ഓർമ്മിക്കും" എന്നരുളിച്ചെയ്തു. ദുഷ്ഷന്തന്റെ പേരു കൊത്തീട്ടുള്ള ഒരു മോതിരം അദ്ദേഹം ശകുന്തളയുടെ വിരലിൽ ഇട്ടിട്ടുള്ള വിവരം പ്രിയംവദയ്ക്കു അറിയാമായിരുന്നു. ആ മോതിരം ഒരിക്കലും ശകുന്തള വിരലിൽനിന്നു വേർപ്പെടുകയില്ല എന്നു നിശ്ചയമുണ്ടായിരുന്നതിനാൽ ശാപവാർത്ത അറിയിച്ചു ശകുന്തളയെ വ്യസനിപ്പിക്കേണ്ടെന്നു പ്രിയംവദ തീർച്ചപ്പെടുത്തി.

കണ്വൻ സോമതീർത്ഥത്തിൽ നിന്നു തിരിച്ചു വന്നപ്പോൾ ദുഷ്ഷന്തൻ ശകുന്തളയെ വിവാഹം ചെയ്ത വസ്തുത ജ്ഞാനദൃഷ്ടിയാൽ അറിഞ്ഞു. തന്റെ അഭിലാഷം സഫലമായതുകൊണ്ടു അദ്ദേഹം സന്തോഷിച്ചതേ ഉള്ളൂ. മാസങ്ങൾ കുറെ കഴിഞ്ഞിട്ടും ശകുന്തളയെ കൂട്ടിക്കൊണ്ടുചെല്ലുവാൻ രാജാവു ആളയയ്ക്കാത്തതുകൊണ്ടു ഭർത്തൃഗൃഹത്തിൽ അവളെ കൊണ്ടുചെന്നാക്കുന്നതിനു ചില ശിഷ്യന്മാരെ അദ്ദേഹം നിയോഗിച്ചു.

"രാജാവു നിന്നെ ഓർമ്മിക്കുന്നില്ലെങ്കിൽ മുദ്രമോതിരം കാണിക്കണേ" എന്നുമാത്രം പ്രിയംവദ യാത്ര പുറപ്പെട്ട ശകുന്തളയോടു പറഞ്ഞയച്ചു. അപ്പോഴെങ്കിലും ശാപവൃത്താന്തം മുഴുവനും ശകുന്തളയെ അറിയിച്ചിരുന്നു എങ്കിൽ അവൾ മോതിരം ശ്രദ്ധയായി സൂക്ഷിക്കുമായിരുന്നു.

മുനിശിഷ്യന്മാർ ശകുന്തളയെ കൂട്ടിക്കൊണ്ടു ദുഷ്ഷന്തന്റെ സന്നിധിയിൽ എത്തി, ശകുന്തളയെ യഥാവിധി അംഗീകരിക്കണമെന്നുള്ള ഗുരുസന്ദേശം അവർ

രാജാവിനെ ഗ്രഹിപ്പിച്ചു. ശാപത്തിന്റെ ശക്തികൊണ്ടു മതിമറന്ന രാജാവു് ആ യുവതിയെക്കുറിച്ചു തനിക്കു യാതൊന്നുമറിവുമില്ലെന്നു പറഞ്ഞു. മുനിശിഷ്യന്മാർ പല യുക്തിവാദങ്ങളും ചെയ്തു. "എനിക്കു യാതൊരു പരിചയവും ഇല്ലാത്ത ഈ സ്ത്രീയെ പരിഗ്രഹിക്കാൻ ധർമ്മജ്ഞന്മാരായ നിങ്ങൾ എന്നെ നിർബന്ധിക്കയാണോ?" എന്നു രാജാവു് ചോദിച്ചു.

രാജാവിന്റെ സ്മരണയെ ഉണർത്തുന്നതിനായി ശകുന്തള പല പൂർവ്വവൃത്താന്തങ്ങളും ഉപന്യസിച്ചു. അതുകൊണ്ടും ഫലമുണ്ടായില്ല. എന്നാൽ മോതിരം കാണിച്ചു ബോദ്ധ്യപ്പെടുത്താം എന്നു പറഞ്ഞു ശകുന്തള കൈവിരലിൽ നോക്കി. മോതിരം കണ്ടില്ല. "പോരുന്ന വഴിക്കു ശക്രാവതാരമെന്ന തീർത്ഥത്തിൽ സ്നാനത്തിനായി ഇറങ്ങിയപ്പോൾ വിരലിൽനിന്നു മോതിരം ഊരിപ്പോയിരിക്കണം" എന്നു് അവർ സമാധാനം പറഞ്ഞു. ആ സമാധാനം രാജാവിനു സ്വീകാരയോഗ്യമായി തോന്നിയില്ല. ശാർങ്ഗരവൻ അദ്ദേഹത്തിനു് ആ സാധ്വിയെ അംഗീകരിക്കുവാൻ നിവൃത്തിയില്ലാതെ തീർന്നഘട്ടത്തിൽ പുരോഹിതൻ ഒരു ഉപായം പറഞ്ഞു. അതിൻപ്രകാരം പുത്രഗർഭിണിയായ ശകുന്തള പ്രസവം കഴിയുന്നവരെ പുരോഹിതന്റെ ഗൃഹത്തിൽ പാർക്കട്ടെ എന്നു രാജാവു തീരുമാനിച്ചു. ശകുന്തളയെ ഏല്പിച്ചുകൊണ്ടു പുരോഹിതൻ സ്വഗൃഹത്തിലേക്കു പോകുമ്പോൾ ഒരപ്സരസ്ത്രീ പ്രത്യക്ഷപ്പെട്ടു ശകുന്തളയെയുംകൊണ്ടു് അന്തർദ്ധാനം ചെയ്തു.

ശക്രാവതാരത്തിൽ വീണ മോതിരം ഉള്ളതോ
ഭക്ഷ്യവസ്തുവാണെന്നു ഭ്രമിച്ചു ഒരു മത്സ്യം വിഴുങ്ങി.

മത്സ്യം പിന്നീട് ഒരു മുക്കുവന്റെ വലയിൽ പെടുകയും, അതിന്റെ ഉള്ളിൽനിന്നു മോതിരം അയാളുടെ കൈയിൽ കിട്ടുകയും ചെയ്തു. മോതിരം വില്ക്കുന്നതിനായി മുക്കുവൻ ഹസ്തിനപുരത്തെ ചില തെരുവുകളിൽ നടക്കുമ്പോൾ രാജഭടന്മാർ അയാളെ പിടികൂടി. രാജാവിന്റെ പേരു കൊത്തിയിരുന്ന തിരുവാഴി ഉൾക്കൊണ്ടു അവർ രാജസന്നിധിയിൽ എത്തിച്ചു. ഈ മോതിരം കണ്ട മാത്രയിൽ ശകുന്തളയെ സംബന്ധിച്ചുള്ള എല്ലാ വിവരങ്ങളും ദുഷ്യന്തനിന്റെ ഓർമ്മയിൽ വന്നു. താൻ നിരസിച്ച ആ ധർമ്മപത്നി തനിക്കു തിരിച്ചു കിട്ടാത്ത വിധത്തിൽ എവിടെയോ മറഞ്ഞുപോയതിനെപ്പറ്റി അദ്ദേഹം ഏറ്റവും ഖേദിച്ചു.

ഏതാനും വർഷങ്ങൾക്കുശേഷം ദുർജ്ജയന്മാർ എന്ന പേരായ ഒരു കൂട്ടം അസുരന്മാരെ നിഗ്രഹിക്കുവാൻ ഇന്ദ്രൻ ദുഷ്യന്തന്റെ സഹായം അപേക്ഷിച്ചു. ആ അപേക്ഷ അനുസരിച്ചു് അദ്ദേഹം യുദ്ധത്തിൽ ചെന്നു് അസുരന്മാരെ സംഹരിച്ചു. മടങ്ങുംവഴിക്ക് കശ്യപമഹർഷിയെ കണ്ടു വന്ദിക്കുവാൻ അദ്ദേഹത്തിന്റെ ആശ്രമത്തിൽ ഇറങ്ങി. അവിടെ വച്ചു അത്യന്തം ഓജസ്സോടുകൂടിയ ഒരു കുട്ടിയെ അദ്ദേഹം കണ്ടു. ആ ബാലൻ മുലകുടിച്ചുകൊണ്ടിരുന്ന ഒരു സിംഹക്കുട്ടിയെ പിടിച്ചു് അതിന്റെ പല്ലുകൾ എണ്ണിനോക്കാൻ ഒരുമ്പെടുകയായിരുന്നു. ആശ്രമത്തിലെ താപസന്മാർ തടഞ്ഞിട്ടും ബാലൻ വകവച്ചില്ല. ആ കുഞ്ഞു രാജാവിനു കുട്ടിയുടെ മേൽ വാത്സല്യം തോന്നി. താപസിമാരോടു ചോദിച്ചതിൽ ആ ബാലൻ പൂരുവംശത്തിലെ ഒരു രാജാവിന്റെ മകനാണെന്നുമാത്രം മനസ്സിലായി.

സിംഹക്കുട്ടിയുമായുള്ള കളിയ്ക്കിടയിൽ കുട്ടിയുടെ കൈയിൽ കെട്ടിയിരുന്ന രക്ഷ താഴെ വീഴുന്നതുകണ്ടു രാജാവു അതുകയ്യിൽ എടുത്തു. "അയ്യോ, അരുതു" എന്നു താപസിമാർ തടഞ്ഞു. കാരണം ചോദിച്ചപ്പോൾ "ഈ രക്ഷ താഴെവീണാൽ കുട്ടിയോ, അച്ഛനമ്മമാരോ അല്ലാതെ മററാരെങ്കിലും എടുത്താൽ അതു സർപ്പമായിത്തീർന്നു എടുത്തവരെ കടിക്കും" എന്നു അവർ പറഞ്ഞു. തനിക്കു

ഈ അനർത്ഥം ഉണ്ടാകാത്തതു് എന്തുകൊണ്ടാണു് എന്നതു ജിജ്ഞാസ രാജാവിനു് ഉണ്ടായി. പുത്രന്റെ രക്ഷ സംബന്ധിച്ചിടത്തോളം സംഭവം കേട്ടു ശകുന്തളയും അവിടെ വന്നുചേർന്നു. പന്ത്രണ്ടു വർഷം വേർപെട്ടിരുന്ന ദമ്പതിമാർ അപ്രകാരം തമ്മിൽ കാണുന്നതിനിടയായി.

ശകുന്തളയേയും പുത്രനേയും കൂട്ടിക്കൊണ്ടു ദുഷ്ഷന്തൻ കാശ്യപസന്നിധിയിൽ ചെന്നു. ശാപവൃത്താന്തവും താൻ ഉപേക്ഷിച്ച ശകുന്തളയെ മാതാവായ മേനക ആശ്രമത്തിൽ കൊണ്ടുചെന്നാക്കിയ വിവരവും കാശ്യപൻ രാജാവിനെ ധരിപ്പിച്ചു. രാജാവു നിരപരാധനാണെന്നു കണ്ടപ്പോൾ അദ്ദേഹവും ശകുന്തളയും സന്തുഷ്ടരായി. പുത്രനോടുകൂടി കാശ്യപനേയും അദ്ദേഹത്തിന്റെ പത്നിയായ അദിതിയേയും നമസ്കരിച്ചു് അവരോടു വിടവാങ്ങി അവർ ഇന്ദ്രരഥത്തിൽകയറി രാജധാനിയിൽ തിരിച്ചെത്തി വളരെക്കാലം സുഖമായി ജീവിച്ചു.